സീയോൻ സഞ്ചാരി കയറിയിറങ്ങേണ്ട

# മലകളും താഴ്വരകളും

പാസ്റ്റർ വീയപുരം ജോർജ്ജുകുട്ടി, ഡാളസ്

Sion Sanchari Kayarieranganda

**MALAKALUM THAZHVARAKALUM**

(Malayalam)

Author

©

**Rev. Veeyapuram Georgekutty**

(Rev. Daniel Samuel)

First Impression :
December 2010

Second Impression :
June 2011

Cover & Printing
Global Computers, Thiruvalla

Published by
**Hallelujah Books**
Post Box No. 1
Tiruvalla - 689 101
Phone: 0469 3290355
www.hallelujah.in



# മുഖക്കുറിപ്പ്

പാസ്റ്റർ വീയപുരം ജോർജ്കുട്ടി അനുഗ്രഹീതനായ വചനപ്രഭാഷകനാണ്. വേദപുസ്തകത്തിന്റെ ആഴങ്ങളിൽനിന്ന് മുത്തുകൾ പെറുക്കിയെടുത്ത് അതിന് രൂപഭാവങ്ങൾ നൽകി വേദിയിൽ അവതരിപ്പിക്കുന്നതിൽ അസ്സാധാരണമായ തഴക്കം അദ്ദേഹം സ്വായത്തമാക്കിയിട്ടുണ്ട്.

പാസ്റ്റർ വീയപുരം ജോർജ്കുട്ടിയുടെ പ്രഥമഗ്രന്ഥം 'വിജയകരമായ കുടുംബ ജീവിതം' 2008-ൽ ഹാലേലൂയ്യാ ബുക്സ് തന്നെയാണ് പ്രസിദ്ധീകരിച്ചത്. വായനക്കാരിൽ നിന്ന് ആ കൃതിക്കുലഭിച്ച പ്രോത്സാഹനം അദ്ദേഹത്തിന്റെ മറ്റൊരു പുസ്തകം കൂടെ അഭിമാനപൂർവ്വം പ്രസിദ്ധീകരിക്കാൻ ഞങ്ങൾക്ക് സന്തോഷം പകരുന്നു.

ലളിതമായ ഉദാഹരണങ്ങളിലൂടെയും കഥകളിലൂടെയും ആശയം വ്യക്തമാക്കുന്ന രസകരമായ പ്രസംഗശൈലിയാണ് വീയപുരത്തെ വ്യത്യസ്തനാക്കുന്നത്. പുസ്തക രചനയിലും അതേ ശൈലി തന്നെയാണ് അദ്ദേഹം ഉപയോഗിച്ചിരിക്കുന്നത്. കഥകളും ഉപമകളുമെല്ലാം യഥേഷ്ടം ഉപയോഗിച്ചിരിക്കുന്നതിനാൽ പുസ്തകത്തിന്റെ വായനീയത വർദ്ധിക്കുന്നു.

ഈ പുസ്തകത്തിന്റെ ആദ്യപതിപ്പ് 2010 ഡിസംബർ മാസത്തിലാണ് പുറത്തിറക്കിയത്. ആറുമാസത്തിനകം രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കേണ്ടിവന്നത് ഈ ഗ്രന്ഥത്തിന് ലഭിച്ച അംഗീകാരത്തിന്റെ തെളിവാണ്. മറ്റൊരു സന്തോഷകരമായ കാര്യം നോർത്ത് അമേരിക്കൻ കേരളാ റൈറ്റേഴ്സ് ഫോറം നൽകിയ 2010 ലെ മികച്ച ഗ്രന്ഥത്തിനുള്ള അവാർഡ് ഈ കൃതിക്ക് ലഭിച്ചു എന്നതുമാണ്.

*'സീയോൻ സഞ്ചാരി കയറി ഇറങ്ങേണ്ട മലകളും താഴ്വരകളും'* എന്ന ഈ ഗ്രന്ഥം മലയാളി വായനക്കാർക്ക് ആത്മീയവളർച്ചക്ക് ഉതകട്ടെ എന്ന പ്രാർത്ഥനയോടെ.

**സാംകുട്ടി ചാക്കോ നിലമ്പൂർ**

*എഡിറ്റർ*



# അവതാരിക

**പാ**സ്റ്റർ ഡാനിയേൽ സാമുവേൽ (വീയപുരം ജോർജുകുട്ടി) എഴുതിയ മലകളും താഴ്‌വരകളും എന്ന പുസ്തകത്തിന്റെ കൈയെഴുത്തുപ്രതി വായിക്കുവാൻ സാധിച്ചതിൽ സന്തോഷിക്കുന്നു. വേദപുസ്തകത്തിലെ മലകളെയും താഴ്‌വരകളെയും അതിന്റെ ചരിത്രപശ്ചാത്തലത്തിൽ നിന്നും വ്യതിചലിക്കാതെ ആത്മീയവ്യാഖ്യാനങ്ങൾ നൽകി എഴുതിയിരിക്കുന്ന ഗ്രന്ഥം മലയാളത്തിൽ ഈ വിഷ്യത്തിൽ എഴുതിയിട്ടുള്ള ഏറ്റവും മഹത്തായ രചനയാണ്. ഓരോ മലയെയും താഴ്‌വരയെയുംകുറിച്ച് മാസങ്ങളായി പെന്തക്കോസ്തുവാരികയിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം.

പാസ്റ്റർ വീയപുരം ജോർജുകുട്ടി അനുഗ്രഹീതനായ ഒരു ഇടയനും വേദാദ്ധ്യാപകനുമാണ്. അദ്ദേഹം ശുശ്രൂഷിച്ചിട്ടുള്ള സഭകളിൽ പലപ്രാവശ്യം അതിഥിയായി ശുശ്രൂഷിക്കുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സഭയിൽ അദ്ദേഹം പഠിപ്പിക്കുന്ന സൺഡേസ്കൂൾ ക്ലാസ്സിൽ സംബന്ധിച്ച് അദ്ദേഹത്തിന്റെ പഠിപ്പിക്കൽ ശ്രദ്ധിക്കുവാനും സാധിച്ചിട്ടുണ്ട്. വേദവാക്യങ്ങളെ അടിമുടി വളച്ചൊടിച്ച് ദുരുപദേശം പ്രചരിപ്പിക്കുന്ന “ന്യൂജനറേഷൻ പ്രസംഗകരും” അവരെ പിൻതുണക്കുന്ന മുഖ്യധാരാ പ്രസംഗകരും ദൈവസഭയ്ക്ക് ദോഷം പ്രവർത്തിക്കുന്ന ഈ കാലഘട്ടത്തിൽ, പാസ്റ്റർ വീയപുരം ജോർജുകുട്ടി സഭക്ക് ആശ്വാസവും അഭിമാനവും ആണ്. സത്യവചനം യഥാർത്ഥമായി പ്രസംഗിക്കുന്ന ലജ്ജിക്കാൻ ഇടവരുത്താത്ത പാസ്റ്ററുടെ ലേഖനങ്ങളും വേദപുസ്തക ഉപദേശങ്ങളെ ഉറപ്പിക്കുന്നതാണ്. വായനക്കാരെ രസിപ്പിക്കുവാനും, അവരുടെ കൈയടി നേടുവാനുമായി വചനത്തെ കോട്ടിക്കളയാതെ എഴുതിയിരിക്കുന്ന ഈ പുസ്തകം വേദപഠിതാക്കൾക്ക് സഹായകരമാണ്.

ക്രിസ്തുവിനെ സ്വീകരിച്ചു കഴിഞ്ഞാൽ അനുഗ്രഹത്തിന്റെ കവി

ഞ്ഞൊഴുക്കുമാത്രമാണെന്ന് തെറ്റായി പഠിപ്പിക്കുന്നവരുടെ കണ്ണു തുറപ്പിക്കുന്നതാണ് മലകളും താഴ്വരകളും. ക്രിസ്തീയ ജീവിതം സുഖദുഃഖങ്ങളും മാനാപമാനങ്ങളും നിറഞ്ഞതാണ്. ക്രൂശെടുത്ത് അരുമനാഥനെ അനുഗമിക്കുന്ന ശിഷ്യന് ജീവിതത്തിൽ കഷ്ടവും ദുഃഖവും പ്രതിസന്ധികളും ഒക്കെ ഉണ്ടാകും. ജീവിതം കുന്നിൻ മുകളിലെ അനുഗ്രഹങ്ങൾ നിറഞ്ഞതുപോലെ താഴ്വരയിലെ ദുഃഖങ്ങളും നിറഞ്ഞതാണ്. എന്നും മറുരൂപമലയിലെ തേജസ്സിന്റെ പ്രഭാവലയത്തിലല്ല, ചിലപ്പോൾ മരണനിഴലിൽ കൂരിരുളിന്റെ താഴ്വരയിലാണ് നാം വസിക്കുന്നത്. എന്നാൽ ദൈവം കൂരിരുളിലും കൈവിടാത്തവനാണ്. ബാഖാതാഴ്വരയിലെ കണ്ണുനീരിലും ഭക്തന് സമാധാനവും ധൈര്യവും പ്രത്യാശയും പകരുന്ന ദൈവത്തിന്റെ സാന്ത്വനത്തിന്റെ കരസ്പർശനം അനുഭവിക്കുവാൻ കഴിയും.

ഭൂമിയുടെ പ്രകൃതി തന്നെ മനോഹരമാക്കുന്നത് കുന്നുകളും താഴ്വരകളും ആണല്ലോ. താഴ്വരയില്ലെങ്കിൽ മലകളുടെ ഉയരം മനസ്സിലാകുകയില്ലല്ലോ. മാറായിലെ കയ്പിനുശേഷം മധുരമുള്ള വെള്ളം ദൈവം യിസ്രായേൽ മക്കൾക്ക് നൽകിയതുപോലെ നമ്മുടെ ജീവിതത്തിലും താഴ്വരകളിലും ആശ്വസിപ്പിക്കുന്ന ദൈവത്തിനായി സ്തോത്രം ചെയ്യുന്നു. ഓരോ മലയുടെയും താഴ്വരയുടെയും അക്ഷരിക അർത്ഥവും ആത്മീയ അർത്ഥവും സാധാരണക്കാർക്കു മനസ്സിലാകുന്ന ഭാഷയിലും ശൈലിയിലും മനോഹരമായി ചിത്രീകരിച്ചിരിക്കുന്ന ഗ്രന്ഥകാരനെ അഭിനന്ദിക്കുന്നു. അനവധി പ്രായോഗിക ചിന്തകളും ജീവിതത്തിന് ആശ്വാസവും സന്തോഷവും പകരുന്നതും പ്രത്യാശ വർദ്ധിപ്പിക്കുകയും ചെയ്യുന്നതായ ഈ ഗ്രന്ഥം മലങ്കരയിലെ ക്രിസ്തുവിശ്വാസികൾക്ക് ഒരു അനുഗ്രഹമാണ്.

എത്രയും വേഗം ഈ മഹത്തായ ഗ്രന്ഥം മറ്റ് ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട് ലോകമെമ്പാടുമുള്ള ഭക്തർക്ക് ഇത് ഒരു അനുഗ്രഹമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പാസ്റ്റർ വീയപുരം ജോർജുകുട്ടിയുടെ തൂലികയിൽ നിന്നും ഇനിയും അനേകം പുസ്തകങ്ങൾ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. എല്ലാ ക്രിസ്ത്യാനികളും ഈ പുസ്തകം വാങ്ങി പഠിക്കുവാൻ ശുപാർശചെയ്യുന്നു.

ക്രിസ്തുവിൽ എളിയ സഹോദരൻ

**പാസ്റ്റർ ഫിലിപ്പ് പി. തോമസ്**

*സെക്രട്ടറി, ഐ.പി.സി. കേരളാ സ്റ്റേറ്റ്*

കരുവാറ്റ
13-12-2010



# നിരൂപണം

എന്റെ സ്നേഹിതനും കർത്താവിൽ പ്രസിദ്ധനുമായ പാസ്റ്റർ വീയപുരം ജോർജ്ജുകുട്ടി ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ തുടർച്ചയായി എഴുതികൊണ്ടിരുന്ന 'മലകളും താഴ്വരകളും' എന്ന ലേഖനപരമ്പരയിലെ വിഷയങ്ങൾ ഒരു പുസ്തകമാക്കി പ്രസിദ്ധീ കരിക്കാൻ താല്പര്യപ്പെടുന്നുയെന്ന് അറിഞ്ഞതിൽ സന്തോഷം ഉണ്ട്. ബൈബിൾ കോളജിലെ പഠനത്തിനുശേഷം കർത്തൃദാസൻ ബോം ബെയിൽ വന്നപ്പോൾ ഞാൻ ദാദർ ഐ.പി.സി. സഭയുടെ ശുശ്രൂഷ കനായിരുന്നു. ആദ്യനാളുകളിൽ അദ്ദേഹം ദാദർ സഭയിൽ ഞങ്ങ ളോടൊപ്പം ആരാധനകളിൽ പങ്കെടുക്കുകയും സഭായോഗങ്ങളിൽ പ്രസംഗിക്കുകയും ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്യുമായിരുന്നു. ആ കാലം മുതലുള്ള സ്നേഹബന്ധമാണ് ഞങ്ങൾ തമ്മിൽ ഉള്ള ത്. പിന്നീട് ഷാർജയിലും, അമേരിയ്ക്കയിലും അദ്ദേഹത്തോടൊപ്പം താമസിച്ച് ഒരുമിച്ച് ശുശ്രൂഷിയ്ക്കുവാൻ അവസരം ഉണ്ടായിട്ടുണ്ട്. ബോംബെയിൽ വച്ചുതന്നെ അദ്ദേഹം ലളിതമായ ഉദാഹരണങ്ങൾ സഹിതം ദൈവവചനത്തിലെ ഉപദേശസത്യങ്ങൾ തെളിയിച്ച് പ്രസം ഗിക്കുന്നതിൽ വിദഗ്ദ്ധൻ ആയിരുന്നു.

സീയോൻ സഞ്ചാരി കയറി ഇറങ്ങേണ്ട 'മലകളും താഴ്വരകളും' എന്ന പുസ്തകത്തിന്റെ ഡി.റ്റി.പി. കോപ്പി ഞാൻ വായിച്ചു. ബൈബി ളിൽ കാണുന്ന മലകളെയും താഴ്വരകളെയും അതിന്റെ പ്രത്യേക തകളും അതിൽകൂടെ ലഭിക്കുന്ന ആത്മീയ സന്ദേശങ്ങളും ലളിത മായ ഭാഷയിൽ ഉദാഹരണങ്ങൾ സഹിതം സരസമായ നിലയിൽ വായനക്കാർക്ക് വിരസത ഉളവാകാതെ വായിയ്ക്കതക്കനിലയിൽ എഴുതുവാൻ കഴിഞ്ഞതിൽ അദ്ദേഹം വിജയിച്ചിട്ടുണ്ട്. ഫിലിപ്പോസ് ഷണ്ഡനോട് നീവായിക്കുന്നത് ഗ്രഹിക്കുന്നുണ്ടോയെന്നു ചോദി ച്ചപ്പോൾ ആരെങ്കിലും പൊരുൾ തിരിച്ചുതരാതെ എങ്ങനെ ഗ്രഹി

ക്കുമെന്ന് മറുപടി പറഞ്ഞതുപോലെ വേദപുസ്തകത്തിലെ മലകളെയും താഴ്‌വരകളെയും കുറിച്ച് ഗ്രഹിക്കാൻ അത്ര എളുപ്പം അല്ല. പൊരുൾ തിരിച്ചുകിട്ടിയാലേ ഗ്രഹിക്കാൻ കഴിയുകയുള്ളൂ. പഴയനിയമം നിഴലും പുതിയനിയമം പൊരുളുമാണ്. പഴയനിയമത്തിലെ വ്യക്തികൾക്കും, സ്ഥലങ്ങൾക്കും, സ്ഥാപനങ്ങൾക്കും, നദികൾക്കും, മലകൾക്കും, താഴ്‌വരകൾക്കും എല്ലാം പുതിയനിയമ വിശ്വാസികൾക്ക് നല്കാനുള്ള ആത്മീയ സന്ദേശങ്ങൾ ഉണ്ട്. വളരെ പ്രാർത്ഥനയോടും പരിശുദ്ധാത്മസഹായത്തോടും സൂക്ഷ്മമായ പഠനം നടത്തിയതിനാലാണ് പാസ്റ്റർ ജോർജ്ജ്കുട്ടിയ്ക്ക് ഇത്രയും ആത്മീയ സന്ദേശങ്ങളും ദൂതുകളും അനുവാചകർക്ക് നല്കുവാൻ കഴിഞ്ഞിട്ടുള്ളത്. സീയോൻ സഞ്ചാരി കയറി ഇറങ്ങേണ്ട താഴ്‌വരകളും മലകളും അതിന്റെ ക്രമത്തിലാണ് എഴുതിയിരിക്കുന്നത്. പ്രത്യേകിച്ച് മലകളുടെ കാതലായ ആത്മീയ സന്ദേശങ്ങളുടെ ക്രമത്തിലാണ് വിഷയം ക്രമീകരിച്ചിരിക്കുന്നത്.

മൂന്ന് പതിറ്റാണ്ടുകളിൽ പരമുള്ള അദ്ദേഹത്തിന്റെ വചനപഠനത്തിൽ നിന്നും അദ്ദേഹത്തിന് ലഭിച്ചിട്ടുള്ള വേദപാണ്ഡിത്യം വെളിപ്പെടുത്തുന്ന ഒരു ഗ്രന്ഥമാണിത്. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ഈടുറ്റലേഖനങ്ങൾ എഴുതാൻ കഴിഞ്ഞതും വളരെ ആത്മാർത്ഥമായ ദൈവവചനപഠനവും അനുഭവസമ്പത്തും കൊണ്ടാണ്. ഈ ഗ്രന്ഥത്തിൽ ഉടനീളം അത് വെളിപ്പെട്ടിട്ടുണ്ട്.

താഴ്‌വരകളിൽ കൂടെ കടന്ന് പർവ്വത മുകളിൽ എത്താറുള്ളതുപോലെ ഈ ഗ്രന്ഥത്തിലും സീയോൻ സഞ്ചാരിയുടെ യാത്ര ആരംഭിക്കുന്നത് താഴ്‌വരകളിൽകൂടെയും അവസാനിക്കുന്നത് പർവ്വതത്തിലുമാണ്.

മഹാരാജാവിന്റെ നഗരമായി ഉത്തരഗിരിയായ സീയോൻ പർവ്വതം ഉയരം കൊണ്ട് മനോഹരവും സർവ്വഭൂമിയുടെയും ആനന്ദവും ആകുന്നു. അവിടെ എത്തിച്ചേരുക അത്ര എളുപ്പമല്ല. ദൈവഭക്തന്മാരുടെ എല്ലാവരുടെയും മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉണ്ട്. സീയോനിൽ ദൈവസന്നിധിയിൽ ചെന്നെത്തുകയാണ് എല്ലാവരുടെയും ലക്ഷ്യം. ആ ലക്ഷ്യപ്രാപ്തിയിൽ എത്തണമെങ്കിൽ താഴ്‌വരകളുടെ ആത്മീയ അനുഭവങ്ങളിലൂടെയും മലകളുടെ ആത്മീയ അനുഭവങ്ങളിലൂടെയും വിശ്വാസികടന്നുപോയെങ്കിലേ കഴിയുകയുള്ളുയെന്ന് തെളിയിച്ചിരിക്കുന്നത് ഈ പുസ്തകത്തിന്റെ ഒരു പ്രത്യേകതയാണ്.

അതുപോലെ ബൈബിളിലെ മലകളുടെ ക്രമീകരണം പുസ്തകത്തിൽ ചെയ്തിരിക്കുന്നതു തന്നെ അടിസ്ഥാനവേദ ഉപദേശങ്ങൾ വ്യക്തമായി വരച്ചു കാട്ടുന്ന ലക്ഷ്യത്തിലും നിലയിലുമാണ്. കാര്യകാരണസഹിതം ഉപദേശങ്ങൾ സ്ഥാപിക്കുന്നതിൽ ഗ്രന്ഥകർത്താവ് വിജയിച്ചിട്ടുണ്ട്. ഓരോ വിഷയത്തിന്റെയും കേന്ദ്രസന്ദേശത്തോട്

ബന്ധപ്പെട്ടുനില്ക്കുന്ന പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള പ്രധാനപ്പെട്ട സകലവിഷയങ്ങളും ഉദ്ധരണികൾ സഹിതം രേഖപ്പെടുത്തിയിരിയ്ക്കുന്നതിനാൽ ആ വിഷയങ്ങളുടെ റഫറൻസ് അന്വഷിച്ച് നടക്കേണ്ട ആവശ്യം വായനക്കാർക്ക് ഉണ്ടാകയില്ല.

സുവിശേഷ പ്രവർത്തകർക്കും സഭാ ശുശ്രൂഷകന്മാർക്കും വളരെ പ്രയോജനപ്പെടുന്ന പുസ്തകമാണ്. വേദവിദ്യാർത്ഥികൾക്ക് ഒരു റഫറസ്സ് ഗ്രന്ഥമായി ഇത് ഉപയോഗിക്കാൻ കഴിയും. സീയോൻ യാത്രക്കാരൻ കടന്നുപോകുന്ന പ്രധാന സാഹചര്യങ്ങൾ എല്ലാം ഇതിൽ കാണുന്നതിനോടൊപ്പം സീയോൻ യാത്രയിൽ തളരാതെ പതറാതെ മുന്നേറുവാൻ ധൈര്യവും പ്രചോദനവും നല്കുന്ന ദൂതുകളും ബുദ്ധി ഉപദേശങ്ങളും ഇതിൽ ധാരാളമായി ഉണ്ട്. വേദപുസ്തകത്തിലെ ഓരോ പദത്തിനും നാമങ്ങൾക്കും നമ്മോട് സംസാരിക്കാനുണ്ടെന്ന് ഈ പുസ്തകവും നമുക്ക് ശക്തമായ സന്ദേശം നല്കുന്നു. മിസ്രയീമിൽ നിന്നും ഇറങ്ങിതിരിച്ച സീയോൻ യാത്രക്കാരിൽ ലക്ഷക്കണക്കിന് ജനങ്ങൾക്ക് സീയോനിൽ എത്തിചേരാൻ കഴിയാതെ മരുഭൂമിയിൽ പട്ടുപോകേണ്ടിവന്നു. ദൈവസന്ദേശങ്ങൾക്ക് ചെവി കൊടുക്കാതെ മുമ്പോട്ടുപോയതാണ് അവരുടെ പരാജയത്തിന്റെ പ്രധാന കാരണം. പുതിയനിയമകാലത്തെ സീയോൻ സഞ്ചാരികൾക്ക് പഴയനിയമസഞ്ചാരികൾക്ക് സംഭവിച്ച് കാര്യങ്ങൾ ബുദ്ധി ഉപദേശത്തിനായി എഴുതപ്പെട്ടിരിക്കുന്നതിനാൽ സീയോനിൽ ദൈവസന്നിധിയിൽ ചെന്നെത്തുവാൻ കഴിയണമെങ്കിൽ ഇതിൽ കൂടെ ലഭിക്കുന്ന ആത്മീയ സന്ദേശങ്ങൾക്ക് ചെവികൊടുത്ത് മുമ്പോട്ട് പോകേണ്ടത് അത്യാവശ്യമായിരിക്കുന്നു.

കണ്ണുനീർ താഴ്‌വര മുതൽ ദർശന താഴ്‌വരവരെയുള്ള പത്ത് പ്രധാന താഴ്‌വരകളുടെ പഠനവും, അരാറാത്ത്പർവ്വതം മുതൽ സീനായ് പർവ്വതം വരെയുള്ള എട്ട് മലകളെക്കുറിച്ചുള്ള പഠനവും വളരെ ശ്രേഷ്ഠമായിട്ടുണ്ട്. രക്ഷയുടെ പർവ്വതമായ അരാറാത്തിൽ നിന്നും യാത്രതിരിക്കുന്ന സീയോൻ യാത്രികൻ തുടർന്ന് അനുസരണത്തിന്റെ മലയായ മോറിയായിലും നിയമത്തിന്റെയും ഉപദേശത്തിന്റെയും മലയായ സീനായിയിലും അതിനെ തുടർന്ന് അഗ്നിഇറങ്ങിയ ആരാധനയുടെ സ്ഥലമായ കർമ്മേലിലും, പ്രാർത്ഥനയുടെ സ്ഥലമായ ഒലിവ്മലയിലും, കഷ്ടതയുടെ മലയാകുന്ന ഗോൽഗോഥായിലും അതിനെ തുടർന്ന് രൂപാന്തരത്തിന്റെ മലയായ താബോർ കയറി ഒടുവിൽ വന്നുചേരേണ്ട സ്ഥലമായ സീയോൻപർവ്വതമെന്ന് ഇതിൽ സമർത്ഥിച്ചിരിക്കുന്നതു കാണാം. ഈ പർവ്വതങ്ങളെക്കുറിച്ച് വളരെ ആധികാരീകമായി രേഖപ്പെടുത്തിയിരിക്കുന്ന ഉപദേശങ്ങൾ പാലിച്ചാൽ എല്ലാവരും സീയോനിൽ ദൈവസന്നിധിയിൽ എത്തിച്ചേരും. മനോഹരമായ അനേക ആത്മീയ ദൂതുകൾ അടങ്ങിയ ഈടുറ്റ ഇങ്ങനെ ഒരു ഗ്രന്ഥം എഴുതുവാൻ പാസ്റ്റർ വീയപുരം ജോർ

ജ്ജ്കുട്ടിക്ക് ദൈവം കൃപനല്കിയതോർത്ത് ദൈവത്തിന് സ്തോത്രം ചെയ്തുകൊള്ളുന്നു. അമേരിക്കയിലെ തിരക്കേറിയ ജീവിതത്തിൽ അനേകദിനരാത്രങ്ങൾ കണ്ടെത്തി ഉറക്കമിളച്ച് വളരെ അദ്ധ്വാനം ചെയ്ത് ഇത്രമനോഹരമായ ഒരു ഗ്രന്ഥം ചമച്ച ഗ്രന്ഥകർത്താവിനെ പ്രത്യേകം അഭിനന്ദിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു.

ഇനി അനേക ഈടുറ്റ ഗ്രന്ഥങ്ങൾ കർത്തൃദാസനിൽ കൂടെ മലങ്കര ക്രൈസ്തവ സമൂഹത്തിന് ലഭിക്കട്ടെയെന്ന് ആശംസിക്കുന്നു. ഈ ഗ്രന്ഥം ആയിരക്കണക്കിന് സീയോൻ യാത്രികർക്ക് മാർഗ്ഗദർശിയായി തീരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിച്ചുകൊള്ളുന്നു.

എന്ന്,

ക്രിസ്തുയേശുവിൽ എളിയസഹോദരൻ

**പാസ്റ്റർ കെ.സി. തോമസ്**

*ഐ.പി.സി. കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡന്റ്*

തിരുവനന്തപുരം

14-12-2010



# ആശംസ

ക്രിസ്തുവിൽ എന്റെ സഹഭടനും കർത്താവിൽ പ്രസിദ്ധനുമായ പാസ്റ്റർ വീയപുരം ജോർജ്ജുകുട്ടിയുടെ “സീയോൻ സഞ്ചാരി കയറി ഇറങ്ങേണ്ട മലകളും താഴ്‌വരകളും” എന്ന പുസ്തകത്തിന് ആശംസ കുറിക്കുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുകയും, അത് ഒരു പദവിയായി കണക്കാക്കുകയും ചെയ്യുന്നു.

ഇന്നേക്ക് മൂന്ന് പതിറ്റാണ്ടുകൾക്ക് മുൻപ് ആരംഭിച്ച ക്രിസ്തുവിലുള്ള ഞങ്ങളുടെ സുഹൃത്ബന്ധം അഭംഗുരം ഇന്നും തുടരുകയാണ്. സഭാശുശ്രൂഷകൻ, പ്രഭാഷകൻ, വേദാദ്ധ്യാപകൻ എന്നീ നിലകളിൽ ക്രൈസ്തവ നഭോമണ്ഡലത്തിൽ അദ്ദേഹം പ്രസിദ്ധനാണ്. അനുകാലിക ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ ഹ്രസ്വകാലം കൊണ്ട്. ഈടുറ്റ ലേഖനങ്ങൾ എഴുതി ജനശ്രദ്ധ പിടിച്ചുപറ്റിയ ഒരു എഴുത്തുകാരൻ കൂടിയാണ് അദ്ദേഹം.

ഇന്ത്യയിലും, ഗൾഫ് നാടുകളിലും അമേരിക്കയിലും, കർത്തൃസാക്ഷ്യം വഹിപ്പാൻ ദൈവം തനിക്ക് സാവകാശം നല്കി. ഓഡിയോ, വീഡിയോ കസറ്റുകളിലൂടെയും സുവിശേഷത്തിന്റെ ദീപശിഖ ഉയർത്തി കാണിക്കുവാൻ ദൈവം തനിക്ക് കൃപ നല്കി. ‘അനുഗ്രഹീത കുടുംബജീവിതം’, ‘മദ്യപാനം നരകത്തിലേക്കുള്ള എളുപ്പവഴി’ എന്നീ കൃതികൾ സുവിശേഷത്തിന്റെ വ്യാപ്തിക്ക് മുതൽ കൂട്ടായി ഭവിച്ചിട്ടുണ്ട് എന്നുള്ളതും പ്രത്യേകാൽ പ്രസ്താവ്യം അത്രേ.

സ്വർഗ്ഗസീയോനിലേക്കുള്ള യാത്രയിൽ സീയോൻ സഞ്ചാരി കയറി ഇറങ്ങേണ്ട മലകളും താഴ്‌വരകളും വളരെ ഭംഗിയായി, അടുക്കിനും, ചിട്ടയിലും ഉപദേശത്തിന്റെ ക്രമം തെറ്റിക്കാതെ അവതരിപ്പിക്കുന്നതിൽ ലേഖകൻ വളരെ അധികം വിജയിച്ചിട്ടുണ്ട്.

സരളമായ ഉദാഹരണങ്ങൾ കൊണ്ടും സരസഗംഭീരമായ അവ

തരണ ശൈലികൾ കൊണ്ടും അനുവാചകരെ പഥ്യോപദേശം ഗ്രഹിപ്പിക്കുന്നതിൽ ഉള്ള തന്റെ വൈദഗ്ദ്ധ്യം ഇതിന്റെ താളുകളിൽ തെളിഞ്ഞ് നില്ക്കുന്നുണ്ട്.

ഒരു വിശ്വാസി രക്ഷയുടെ പർവ്വതമായ അരാറാത്ത് തുടങ്ങി നമ്മുടെ ഭാഗ്യകരമായ പ്രത്യാശയുടെ പർവ്വതമാകുന്ന സ്വർഗ്ഗസീയോനിൽ എത്തുവോളം കയറി ഇറങ്ങേണ്ട, മോറിയ, സീനായ്, കർമ്മേൽ, ഒലിവ്, ഗോൽഗോഥാ, താബോർ തുടങ്ങിയ മലകളിലൂടെ അടിസ്ഥാന വേദോപദേശങ്ങൾ സ്ഥാപിച്ച് അനുവാചകരെ സീയോനിൽ എത്തിക്കുവാനുള്ള തന്റെ രചനാപാടവം മുക്തകണ്ഠം പ്രശംസനീയം തന്നെ.

അടിവാരങ്ങളിലെ താഴ്‌വരകൾ കടക്കാതെ മലകൾ കയറി ഇറങ്ങുക സാദ്ധ്യമല്ല. കണ്ണുനീർ താഴ്‌വര, കൂരിരുൾ താഴ്‌വര, മരണനിഴലിൽ താഴ്‌വര, എന്നിവയിൽ കൂടെ കടക്കുമ്പോൾ ഉള്ള തിരുസാന്നിദ്ധ്യവും പില്ക്കാല നന്മകളും വർണ്ണിച്ചിരിക്കുന്നത് മനോഹരം തന്നേ.

ശാപത്തിൻ താഴ്‌വരയായ ആഖോർ താഴ്‌വരയെ പ്രത്യാശയുടെ വാതിലാക്കി മാറ്റിയ ദൈവകൃപ എത്ര മനോജ്ഞം, സമൃദ്ധിയുടെ താഴ്‌വരയായ എസ്കോൽ ഉള്ളപ്പോൾ തന്നെ ദൈവ പൈതലിന്റെ ആത്മീകശക്തി ചോർത്തിക്കളയുന്ന സോരക് താഴ്‌വരയുടെ മുന്നറിയിപ്പും ലേഖകൻ നല്കാതിരുന്നിട്ടില്ല.

താഴ്‌വരകൾ താണ്ടി ഉപദേശത്തിന്റെ മലകൾ പടിപടിയായി കയറി ലക്ഷ്യസ്ഥാനത്ത് (സ്വർഗ്ഗസീയോനിൽ) എത്തിച്ചേരുവാൻ ഈ പുസ്തക പരായണം നമ്മെ സഹായിക്കട്ടെ. "യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ മടങ്ങി ഉല്ലാസഘോഷത്തോടെ സീയോനിലേക്ക് വരും, നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും, അവർ ആനന്ദവും സന്തോഷവും പ്രാപിക്കും ദുഃഖവും നെടുവീർപ്പും ഓടിപ്പോകും."

ഗ്രന്ഥകാരന്റെ തൂലികയിൽ നിന്നും ഈടുറ്റ നിരവധി ഗ്രന്ഥങ്ങൾ താമസം വിനാ ഇനിയും ക്രൈസ്തവ സഭയ്ക്ക് വെളിച്ചം പകരട്ടെ എന്ന് പ്രാർത്ഥിച്ചും ആശംസിച്ചും കൊണ്ട് ഈ വരികൾക്ക് വിരാമം കുറിക്കുന്നു.

എന്ന്

കത്തൃശുശ്രൂഷയിൽ

**പാസ്റ്റർ തോമസ് വി.കോശി**



# മുഖവുര

കർത്താവിന്റെ കൃപയിൽ ആശ്രയിച്ച് ഞാൻ എഴുതുന്ന മൂന്നാമത്തെ പുസ്തകമാണ് 'സീയോൻ സഞ്ചാരി കയറി ഇറങ്ങേണ്ട മലകളും താഴ്‌വരകളും' എന്ന ഈ ഗ്രന്ഥം. ഇതിന് മുമ്പ് ഞാൻ രചിച്ച 'വിജയകരമായ കുടുംബജീവിതം' 'മദ്യപാനം: നരകത്തിലേക്കുള്ള എളുപ്പവഴി' എന്നീ പുസ്തകങ്ങൾക്ക് ദൈവജനങ്ങളിൽ നിന്നും ലഭിച്ച നിർലോഭമായ പ്രോത്സാഹനങ്ങൾക്കും സഹകരണത്തിനും ഞാൻ അതീവ കൃതാർത്ഥനാണ്.

ഒരു സീയോൻ സഞ്ചാരി കയറി ഇറങ്ങേണ്ട മലകളും താഴ്‌വരകളും എന്ന ലേഖനങ്ങൾ തുടർമാനമായി ഇവ.സാംകുട്ടി ചാക്കോ നിലമ്പൂർ പ്രസിദ്ധീകരിക്കുന്ന ഹാലേലൂയ്യാ പത്രത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അത് വായിച്ച പലരും ഈ ലേഖനങ്ങൾ അനേകർക്ക് പൊതു പ്രയോജനം ആയിത്തീരത്തക്ക നിലയിൽ ഒരു പുസ്തകമാക്കിയിരുന്നു എങ്കിൽ നന്നായിരുന്നു എന്ന് അഭിപ്രായപ്പെട്ടു. ആകയാൽ പലരിൽ നിന്ന് ലഭിച്ച പ്രോത്സാഹനം ഉൾക്കൊണ്ട് ഇത് ഒരു പുസ്തകമാക്കുവാൻ തീരുമാനിക്കുകയും ഹാലേലുയ്യാ പത്രത്തിന്റെ പബ്ലീഷിംഗ് വിഭാഗമായ ഹാലേലൂയ്യാ ബുക്സ് ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തതിൽ സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

കർത്താവിൽ പ്രീയ ഇവാ.സാംകുട്ടി ചാക്കോയോടും ഭാര്യ പ്ലൻസിയോടും കൂടാതെ ഈ പ്രവർത്തനത്തിൽ സഹായിച്ച എല്ലാവരോടുമുള്ള ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഈ പുസ്തകത്തിന്റെ കയ്യെഴുത്ത് പ്രതി വായിച്ച് നല്ല ഒരു അവതാരിക എഴുതി നൽകിയ ഐ.പി.സി.കേരളാ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി. തോമസിനോടും, നിരൂപണം എഴുതി ഈ പുസ്തകത്തെ അലങ്കരിച്ച ഐ.പി.സി.കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസിനോടും, ഐ.പി.സിയുടെ സീനിയർ ശുശ്രൂഷകന്മാരിൽ

ഒരാളും എന്റെ ആത്മാർത്ഥ സ്നേഹിതനുമായ പാസ്റ്റർ തോമസ് വി.കോശിയോടുമുള്ള എന്റെ അകമഴിഞ്ഞ നന്ദിയും പ്രകാശിപ്പിക്കുന്നു.

ഈ പുസ്തക രചനക്ക് അനുകൂല സാഹചര്യങ്ങൾ ഒരുക്കിത്തന്ന് എന്നെ സഹായിച്ച എന്റെ സഹധർമ്മിണി കുഞ്ഞുമോൾക്കും, മൂത്തമകൾ ബ്ലസി, ഭർത്താവ് ജയിംസ്, കൊച്ചുമകൻ യോശുവ, രണ്ടാമത്തെ മകൾ പ്രയ്സി ഭർത്താവ് സുമോദ്, ഇളയ മകൻ സ്റ്റാൻലി എന്നിവരോടുമുള്ള ഹൃദയം നിറഞ്ഞ നന്ദിയും രേഖപ്പെടുത്തുന്നു.

ഈ പുസ്തകവായന അനേകരെ, പ്രത്യാശയുടെ പർവ്വതമായ സീയോനിലേക്ക് നയിക്കുവാൻ ഇടയാകട്ടെ എന്ന് ആശിച്ചും, പ്രാർത്ഥിച്ചും കൊണ്ട് ഇത്രത്തോളം സഹായിച്ച സർവ്വശക്തനായ ദൈവത്തിന് സകല മാനവും, മഹത്വവും, പുകഴ്ചയും, സ്തുതിയും അർപ്പിച്ചു കൊണ്ട് ഈ പുസ്തകം ദൈവനാമ മഹത്വത്തിനായി പൊതുജന സമക്ഷം സമർപ്പിച്ചു കൊള്ളുന്നു.

എന്ന് ക്രിസ്തുവിൽ

**പാസ്റ്റർ വീയപുരം ജോർജ്ജുകുട്ടി**
(ഡാനിയേൽ സാമുവേൽ)

ഡാളസ്
1.12.2010

# ഉള്ളടക്കം

## ഭാഗം 1


| | | |
|---|---|---|
| 1 | കണ്ണുനീർ താഴ്വര | 21 |
| 2 | കൂരിരുൾ താഴ്വര | 37 |
| 3 | മരണനിഴലിൻ താഴ്വര | 41 |
| 4 | ആഖോർ താഴ്വര | 45 |
| 5 | സോരേക് താഴ്വര | 49 |
| 6 | യുദ്ധങ്ങളുടെ താഴ്വരകൾ | 53 |
| 7 | അയ്യാലോൻ താഴ്വര | 57 |
| 8 | എസ്ക്കോൽ താഴ്വര | 61 |
| 9 | നിർജ്ജീവ താഴ്വര | 65 |
| 10 | ദർശനത്താഴ്വര | 69 |


## ഭാഗം 2


| | | |
|---|---|---|
| 1 | അരാരാത്ത് പർവ്വതം | 73 |
| 2 | മോറിയാ മല | 79 |
| 3 | സീനായ് പർവ്വതം | 93 |
| 4 | കർമ്മേൽ പർവ്വതം | 100 |
| 5 | ഒലിവു മല | 120 |
| 6 | ഗോൽഗോഥാ | 149 |
| 7 | താബോർ (മറുരൂപമല) | 165 |
| 8 | സീയോൻ പർവ്വതം | 176 |

# മലകളും താഴ്‌വരകളും

ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പർവ്വതം, ഹിമാലയൻ പർവ്വത നിരയിലുള്ള എവറസ്റ്റ് കൊടുമുടിയാണ്, സാഹസികരായ പലരും ഇതിനോടകം അതിനെ കീഴടക്കുകയും, വിജയത്തിന്റെ അടയാളമായി അതിന്റെ മുകളിൽ കൊടി നാട്ടുകയും ചെയ്തു. ഇതിന്റെ മുകളിൽ ആർക്കും പെട്ടന്ന് കയറിപ്പറ്റുവാൻ സാധിക്കുകയില്ല. അനേക നാളുകളിലെ കഠിനാദ്ധ്വാനം കൊണ്ടും സഹിഷ്ണത കൊണ്ടും, ത്യാഗം കൊണ്ടും കഷ്ടനഷ്ടങ്ങൾ സഹിച്ചുമാണ് അവർ ഈ വിജയം നേടിയത്. പർവ്വതാരോഹണത്തിന് ഇറങ്ങിപ്പുറപ്പെട്ട പലരും ലക്ഷ്യത്തിലെത്താതെ വഴിയിൽ പട്ടു പോകുകയും ചെയ്തു. ഈ കൊടുമുടിയുടെ മുകളിൽ എത്തണമെങ്കിൽ അതിന് സമീപമുള്ള പല പർവ്വതങ്ങളും, താഴ്‌വരകളും കയറിയും ഇറങ്ങിയും വേണം സഞ്ചരിക്കുവാൻ. ഇതുപോലെ തന്നെ നമ്മുടെ ദൈവം വസിക്കുന്ന ദൈവത്തിന്റെ നഗരത്തിൽ, അവന്റെ വിശുദ്ധ നഗരത്തിൽ നാമും എത്തിച്ചേരുവാൻ നിരവധി മലകളും താഴ്‌വരകളും താണ്ടി വേണം യാത്ര ചെയ്യുവാൻ.

“നമ്മുടെ ദൈവത്തിന്റെ നഗരത്തിൽ അവന്റെ വിശുദ്ധ പർവ്വതത്തിൽ യഹോവ വലിയവനും അത്യന്തം സ്തുത്യനും ആകുന്നു. മഹാരാജാവിന്റെ നഗരമായി ഉത്തരഗിരിയായ സീയോൻ പർവ്വതം ഉയരം കൊണ്ട് മനോഹരവും സർവ്വഭൂമിയുടേയും ആനന്ദവും ആകുന്നു” (സങ്കീ.48:1,2.) ഈ പർവ്വതത്തിൽ ദൈവം എഴുന്നെള്ളി വസിക്കുന്നതു കൊണ്ടാണ് “ഞാൻ എന്റെ

കണ്ണു പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു. എനിക്ക് സഹായം എവിടെ നിന്നു വരും" എന്ന് (സങ്കീ.121:1)-ൽ സങ്കീർത്തനക്കാരൻ പാടിയിരിക്കുന്നത്.

ദൈവം തന്റെ ജനമായ യിസ്രായേലിന് അവകാശമായികൊടുത്ത ദേശം മലകളും, താഴ്‌വരകളും ഉള്ള ദേശമാണ് (ആവ.11:11).

യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പായി തന്റെ ശിഷ്യന്മാരോടു പറഞ്ഞു: "ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു, ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും" (യോഹ.14:3). ആകയാൽ നാം നമ്മുടെ കർത്താവും ദൈവവുമായവൻ വസിക്കുന്ന പർവ്വതത്തിലേക്കുള്ള യാത്രയിലാണ്. യാത്രയുടെ തുടക്കം താഴ്‌വരയിൽ നിന്നാണ്. ഒരു ദൈവപൈതൽ ഈ ഭൂമിയിൽ വെച്ചു തന്നെ കയറി ഇറങ്ങേണ്ട പല പർവ്വതങ്ങളും താഴ്‌വരകളും ഉണ്ട്. നിഴലായി നില്ക്കുന്ന ഈ പർവ്വതങ്ങളുടെയും താഴ്‌വരയുടെയും പൊരുളുകൾ മനസ്സിലാക്കി നമ്മുടെ സീയോൻ യാത്ര തുടരുവാൻ ഈ പഠനം വായനക്കാരെ സഹായിക്കട്ടെ.

ഭാഗം 1

# താഴ്വരകൾ

# 1

# കണ്ണുനീർ താഴ്‌വര

"കണ്ണുനീർ താഴ്‌വരയിൽ കൂടി കടക്കുമ്പോൾ അവർ അതിനെ ജലാശയമാക്കിത്തീർക്കുന്നു. മുന്മഴയാൽ അത് അനുഗ്രഹപൂർണ്ണ മായിത്തീരുന്നു" (സങ്കീ.84:6). ഒരു ഭക്തന്റെ ജീവിതത്തിൽ എപ്പോ ഴും സന്തോഷം മാത്രമല്ല, ദുഃഖത്തിന്റെയും, കഷ്ടത്തിന്റെയും, ഞെരു ക്കത്തിന്റെയും, നിന്ദയുടെയും, പരിഹാസത്തിന്റെയും, നിരാശയു ടെയും അനുഭവങ്ങൾ ഉണ്ടാകും. വെളുത്ത വാവും കറുത്ത വാവും, കയറ്റവും ഇറക്കവും, ഉയർച്ചയും താഴ്ചയും ഒക്കെ ഇടകലർന്നു വരും. നമ്മുടെ കഷ്ടവും കണ്ണുനീരും ഉള്ള അവസ്ഥകൾ തിരിച്ചറി യുവാൻ മാതാപിതാക്കൾക്കോ, ഭാര്യയ്ക്കോ, ഭർത്താവിനോ, മക്ക ൾക്കോ, സഭാ നടത്തിപ്പുകാർക്കോ കൂട്ടുവിശ്വാസികൾക്കോ, സ്നേഹി തന്മാർക്കോ കഴിഞ്ഞു എന്നു വരികയില്ല. എന്നാൽ നമ്മെ നാം അറിയുന്നതിനേക്കാൾ നല്ലവണ്ണം അറിയുന്ന ജീവിക്കുന്ന ദൈവം നമുക്കുള്ളത് എന്തൊരു ആശ്വാസമാണ്. സങ്കീർത്തനക്കാരൻ ദൈവ ത്തോട് പറയുന്നു "എന്റെ കണ്ണുനീർ നിന്റെ തുരുത്തിയിൽ ആക്കി വെക്കേണമേ: അത് നിന്റെ പുസ്തകത്തിൽ ഇല്ലയോ?" (സങ്കീ.56:8).

നമ്മുടെ ദുഃഖവേളയിൽ നമ്മെ സഹായിക്കുമെന്ന് നാം പ്രതീ ക്ഷിച്ച പലരും നമ്മുടെ കണ്ണുനീർ കണ്ടിട്ട്, അവഗണിച്ചു പോകു മ്പോൾ നമ്മുടെ കണ്ണുനീർ നിലത്തു വീണ് ആവിയായിപ്പോയി എന്ന് ഒരു പക്ഷേ നാം കരുതുമ്പോൾ, ഭാരപ്പെടേണ്ട, നമ്മുടെ കണ്ണുനീർ അവന്റെ തുരുത്തിയിൽ ഉണ്ട്. അത് അവന്റെ സന്നിധിയിൽ ഉള്ള പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നുള്ളത് എത്ര ആശ്വാ സമാണ്.

അബ്രഹാം വിശ്വാസികളുടെ പിതാവായിരിക്കുമ്പോൾത്തന്നെ തന്റെ മകൻ (ദാസിയിൽ നിന്ന് ജനിച്ച മകൻ) യിശ്മായേലിനോട് കാണിച്ചത് നീതിയായില്ല (ഉല്പ.21:14-20). ഹാഗാറിനെയും മക

നേയും ഇറക്കി വിടുമ്പോൾ, അപ്പവും ഒരു തുരുത്തി വെള്ളവും മാത്രമായി കൊടുത്തു വിടാതെ ഒരു ദൂരെ സ്ഥലത്ത് അവന് ഒരു കൂടാരം പണിതു കൊടുത്ത്, ചില ദാസീദാസന്മാരേയും കൊടുത്തയച്ച്, ഒരു കിണറും കുഴിപ്പിച്ചു കൊടുത്ത് തന്റെ സമ്പത്തിൽ നിന്ന് ഒരോഹരിയും അവന് നൽകി മാന്യമായി പറഞ്ഞു വിടാമായിരുന്നു. എന്നാൽ മാനുഷിക പിതാവിൽ നിന്ന് നീതി ലഭിക്കാതെ വന്നപ്പോൾ ഹാഗാറും ബാലനും നിലവിളിച്ചു കരഞ്ഞു. ദൈവം ബാലന്റെ നിലവിളി കേട്ടു ദൈവത്തിന്റെ ദൂതൻ ആകാശത്തു നിന്ന് ഹാഗാറിനെ വിളിച്ചു. ബാലനെ ഒരു വലിയ ഒരു ജാതിയാക്കാമെന്നുള്ള അനുഗ്രഹം കൊടുക്കുകയും അവന്നു വേണ്ടി മരുഭൂമിയിൽ തുറന്നിരുന്ന ഉറവ കാണേണ്ടതിനായി തങ്ങളുടെ കണ്ണ് തുറക്കുകയും ചെയ്തു; തന്നെയുമല്ല ദൈവം ബാലനോടു കൂടെഉണ്ടായിരുന്നു എന്നു നാം വായിക്കുന്നു. നമുക്ക് നമ്മുടെ പ്രീയപ്പെട്ടവരിൽ നിന്ന് പലപ്പോഴും നീതി നിഷേധിക്കപ്പെടുമ്പോൾ നിന്റെ ഹൃദയം ഭാരപ്പെടരുത്. ഒരു നല്ല പിതാവ് സ്വർഗ്ഗത്തിൽ നമുക്കുണ്ട്. നീ കരഞ്ഞു പ്രാർത്ഥിച്ചാൽ മതി. നിന്റെ കണ്ണനീർ കണ്ട് നിനക്കു വേണ്ടി അവൻ അത്ഭുതം പ്രവർത്തിക്കും.

ദൈവഭക്തനായി ജീവിച്ച്, ദൈവത്താലും, സ്വന്ത ഭാര്യയാലും ദേശക്കാരാലും സാക്ഷ്യം പ്രാപിച്ച ഇയ്യോബ് കണ്ണുനീരിന്റെ താഴ്‌വരയിൽ കൂടി കടന്നു പോയി. തിരമാലകൾ പോലെ ഇയ്യോബിന്റെ ജീവിതത്തിൽ ഒന്നിന് പുറകേ ഒന്നൊന്നായി വന്ന കൊടുങ്കാറ്റിനാൽ ഇയ്യോബ് ആടിയുലഞ്ഞു. എങ്കിലും തന്റെ ദൈവത്തിലുള്ള വിശ്വാസവും ആശ്രയവും വേരോടെ പിഴുത് എറിയുവാൻ സാത്താന് കഴിഞ്ഞില്ല. ഇയ്യോബ് അദ്ധ്വാനിച്ചുണ്ടാക്കിയ സമ്പത്ത് എല്ലാം നഷ്ടമായി. പത്ത് മക്കളുടെ ശവശരീരം പത്ത് ശവപ്പെട്ടിയിൽ തന്റെ മുമ്പാകെയിരിക്കുന്ന കാഴ്ച എന്ത് ഭയങ്കരം! ആ അവസരത്തിലും "യഹോവ തന്നു. യഹോവ എടുത്തു. യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ" എന്ന് പറഞ്ഞ് അവൻ ആശ്വാസം പ്രാപിച്ചു.

ഒടുവിൽ ഉള്ളങ്കാൽ മുതൽ നെറുക വരെ വല്ലാത്ത പരുക്കളാൽ ബാധിക്കപ്പെട്ടവനായി, ഓട്ടുകഷണം കൊണ്ട് തന്നെത്താൻ ചുരണ്ടി ചാരത്തിൽ ഇരുന്നു കൊണ്ട് താൻ ദൈവത്തോട് കരഞ്ഞ് തന്റെ സങ്കടം ബോധിപ്പിച്ചു.

അതിനെക്കുറിച്ച് താൻ തന്നെ പറയുന്നത് ഇപ്രകാരമാണ്. "കരഞ്ഞു കരഞ്ഞ് എന്റെ മുഖം ചുവന്നിരിക്കുന്നു" (ഇയ്യോ.16:16). "എന്റെ കിന്നരനാദം വിലാപമായും എന്റെ കുഴലൂത്ത് കരച്ചിലായും തീർന്നിരിക്കുന്നു" (ഇയ്യേ.30:31).

തന്റെ കഷ്ടകാലത്ത് തന്നെ ആശ്വസിപ്പിക്കേണ്ട സ്നേഹിതന്മാർ തനിക്കെതിരായി സംസാരിച്ച് തന്നിൽ കുറ്റം ആരോപിച്ച് തന്നെ വേദനിപ്പിച്ച് കൊണ്ടിരുന്നു. അവരെല്ലാവരും വ്യസനിപ്പിക്കുന്ന

ആശ്വാസകന്മാർ ആയി മാറി. എന്നാൽ ഹൃദയത്തിന്റെ പരമാർത്ഥത അറിയുന്ന ദൈവം തന്റെ കണ്ണുനീർ കണ്ട് മനസ്സലിഞ്ഞ്, തനിക്കായി പ്രവർത്തിച്ചു. ഇയ്യോബ് പോലും വിചാരിച്ചിരുന്നത്, ഇങ്ങനെ എന്റെ ത്വക്ക് മുഴുവൻ നശിച്ച്, ഒടുവിൽ ഞാൻ മണ്ണിൽ ലയിച്ച് ചേരും. എങ്കിലും എന്റെ വീണ്ടെടുപ്പുകാരൻ മടങ്ങി വരുമ്പോൾ ഞാൻ ശരീരത്തോടു കൂടെ അവനെ കാണും എന്നുള്ളതായിരുന്നു.

എന്നാൽ ഇയ്യോബേ അങ്ങനെയല്ല. നിന്നെ തകർക്കുവാൻ നോക്കിയ സാത്താന്റെ മുമ്പിൽ ദൈവത്തിന് ഇയ്യോബിനെ ഉയർത്തേണ്ടതായുണ്ട്. നിന്നെ നിന്ദിച്ചവരുടെ മുമ്പിൽ എനിക്ക് നിന്നെ മാനിക്കേണ്ടതായുണ്ട്. നിന്റെ നഷ്ടങ്ങളെല്ലാം ഇരട്ടിയായി നിനക്ക് മടക്കിത്തരേണ്ടതുണ്ട്. എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും എന്ന് എനിക്ക് ലോകത്തിന്റെ മുമ്പാകെ വെളിപ്പെടുത്തേണ്ടതുണ്ട്. നിന്നെ താഴ്ത്തിയവരുടെ മുമ്പിൽ  എനിക്ക് നിന്നെ ഉയർത്തേണ്ടതുണ്ട്. നിന്നെ പരിഹസിച്ചവരെക്കൊണ്ട്, എനിക്ക് പുകഴ്ച ഒരുക്കേണ്ടതുണ്ട്. മക്കൾ ഒഴികെ നഷ്ടപ്പെട്ടതെല്ലാം ഇരട്ടിയായി കൊടുത്തും മരിച്ച മക്കൾക്ക് പകരം വേറെ സൗന്ദര്യമുള്ള പത്ത് മക്കളെ നൽകിയും ദൈവം ആദരിച്ചു. മക്കളേയും മക്കളുടെ മക്കളേയും നാലു തലമുറയോളം കാണുവാൻ ദൈവം ഭാഗ്യം നൽകി. ആകയാൽ കണ്ണുനീർ താഴ്‌വരയിൽ കൂടി പോകേണ്ടി വന്നാലും നിരാശപ്പെടരുത്. നമ്മുടെ ദൈവം കണ്ണുനീരിനെ മാനിക്കുന്നവനാണ്.

യിസ്രായേലിന്റെ ഗോത്രപിതാവായ യാക്കോബും കണ്ണുനീർ താഴ്‌വരയിൽ കൂടി കടന്നു പോകേണ്ടി വന്നു. കഷ്ടങ്ങളും, നഷ്ടങ്ങളും, പ്രതിസന്ധികളും, ഒക്കെ ധാരാളം അനുഭവിച്ച വ്യക്തിയായിരുന്നു യാക്കോബ്. എന്നാൽ തന്നെ അശക്തനാക്കി നിരാശയുടെ പടുകുഴിയിൽ എത്തിച്ച സംഭവം ആയിരുന്നു താൻ വളരെയധികം സ്നേഹിച്ചിരുന്ന യോസഫിനെ ഒരു ദുഷ്ടമൃഗം തിന്നു കളഞ്ഞു എന്നുള്ള വാർത്ത. ഈ വിവരം അറിഞ്ഞപ്പോൾ യാക്കോബ് വസ്ത്രം കീറി അരയിൽ രട്ടുശീല ചുറ്റി ഏറിയനാൾ തന്റെ മകനെ ചൊല്ലി ദുഃഖിച്ചു കൊണ്ടിരുന്നു. “അവന്റെ പുത്രന്മാരും പുത്രിമാരുമെല്ലാം അവനെ ആശ്വസിപ്പിപ്പാൻ വന്നു. അവനോ ആശ്വാസം കൈക്കൊള്ളാൻ മനസ്സില്ലാതെ, ഞാൻ ദുഃഖത്തോടെ എന്റെ മകന്റെയടുക്കൽ പാതാളത്തിൽ ഇറങ്ങുമെന്ന് പറഞ്ഞു. ഇങ്ങനെ അവന്റെ അപ്പൻ അവനെക്കുറിച്ച് കരഞ്ഞു കൊണ്ടിരുന്നു” (ഉല്പ്പ.37:34,35). യാക്കോബ് അനുഭവിച്ച പല കാര്യങ്ങളും നേരത്തെ താൻ ചെയ്തു കൂട്ടിയതിന്റെയൊക്കെ തിരിച്ചടികൾ ആയിരുന്നു. കണ്ണു കാണുവാൻ വയ്യാത്ത പിതാവിനെ വസ്ത്രം കാണിച്ച് കബളിപ്പിച്ചതിനാൽ കണ്ണു കാണാൻ കഴിയുന്ന തന്നെ തന്റെ മക്കൾ യോസേഫിന്റെ വസ്ത്രം കാണിച്ച് ഇപ്പോൾ കബളിപ്പിച്ചിരിക്കുകയാണ്.

തന്നെയുമല്ല അപ്പന്റെ അനുഗ്രഹം പ്രാപിക്കേണ്ടതിന് ഇളയവനായ യാക്കോബ് കണ്ണ് കാണ്മാൻ വയ്യാത്ത പിതാവിനോട് "ഞാൻ നിന്റെ ആദ്യജാതൻ ഏശാവ് ആണ്" എന്ന് പറഞ്ഞ് തെറ്റിദ്ധരിപ്പിച്ച് അനുഗ്രഹം പ്രാപിച്ച് കടന്നു കളഞ്ഞപ്പോൾ തന്റെ അമ്മായിയപ്പൻ തന്റെ മൂത്ത മകൾ കണ്ണ് മങ്ങിയ ലേയയെ തന്റെ രണ്ടാമത്തെ മകൾ സൗന്ദര്യവതിയായ റാഹേലിന് പകരം നൽകി കണ്ണ് നല്ലതു പോലെ കാണുന്ന യാക്കോബിനെ ചതിച്ചു കളഞ്ഞു. ആകയാൽ നാം ചെയ്യുന്നതിനെല്ലാം ഒരു തിരിച്ചടി ഉണ്ടാകുമെന്നുള്ള ഒരു ഓർമ്മ എപ്പോഴും നമുക്കുള്ളത് നല്ലതാണ്. യാക്കോബ് ഏറിയ വർഷങ്ങൾ തന്റെ മകനെക്കുറിച്ച് വിലപിച്ച് കൊണ്ടിരുന്നു. ദൈവം പലപ്പോഴും യാക്കോബിനോട് സംസാരിച്ചിട്ടുണ്ട്; എന്നാൽ എന്തു കൊണ്ട് ഈ അവസരത്തിൽ ദൈവം യാക്കോബിനോട് നിന്റെ മകൻ ജീവനോടെ ഉണ്ടെന്നും, അവൻ മിസ്രയീമിൽ ആണെന്നും, നിന്റെ മക്കൾ നിന്നെ കബളിപ്പിച്ചതാണെന്നും പറഞ്ഞില്ല? യാക്കോബിന്റെ ദുഃഖം ദൈവം അറിയുന്നില്ലയോ? നാം ഒരു കാര്യം അറിഞ്ഞിരിക്കണം. ദൈവം പെട്ടന്ന് ചിലപ്പോൾ പ്രതികരിച്ചു എന്ന് വരില്ല.

യാക്കോബിന് ദൈവം ഈ കാര്യം വെളിപ്പെടുത്തിയാൽ താൻ എന്തു വില കൊടുത്തും, വേണ്ടി വന്നാൽ യുദ്ധം വരെ ചെയ്ത് മിസ്രയീമിൽ നിന്ന് തന്റെ മകനെ മടക്കിക്കൊണ്ടു വരും. അങ്ങനെ ചെയ്താൽ യോസേഫ് കണ്ട ദർശനങ്ങൾ ഒരിക്കലും നിവൃത്തിക്കപ്പെടുകയില്ല. നമ്മുടെ പ്ലാനുകൾക്ക് മീതെയാണ് ദൈവത്തിന്റെ പ്ലാനുകൾ. യാക്കോബേ നിന്റെ കണ്ണുനീർ ഞാൻ കണ്ടിട്ടുണ്ട്. ഉത്തരം നൽകുവാൻ അല്പം താമസിച്ചു പോയി എങ്കിലും, നഷ്ടപ്പെട്ടു എന്ന് നീ വിധിയെഴുതിയ നിന്റെ മകൻ യോസേഫ് തന്റെ സ്വന്ത കൈ കൊണ്ട് നിന്റെ കണ്ണ് തിരുമ്മിയടക്കും. യോസേഫ് ജീവനോടെയിരിക്കുന്നു എന്ന വസ്തുത താൻ അറിഞ്ഞപ്പോൾ തന്നെ യാക്കോബിന് പഴയ ചൈതന്യം തിരിച്ചു കിട്ടി. നമുക്ക് നഷ്ടപ്പെട്ടു എന്ന് നാം വിധിയെഴുതിയ പല കാര്യങ്ങളും കരഞ്ഞുള്ള പ്രാർത്ഥനയാൽ നമുക്ക് തിരികെ പ്രാപിപ്പാൻ കഴിയും. നിരാശപ്പെടരുത്. ധൈര്യമായിരിക്കുക, നമ്മുടെ ദൈവത്തോട് കരഞ്ഞു പ്രാർത്ഥിക്കുക, താമസിച്ചാലും അവൻ നമുക്ക് ഉത്തരം തരും. നമ്മുടെ ദൈവം ജീവിക്കുന്നു. അവന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ.

### കണ്ണുനീർ താഴ്‌വരയിൽ കൂടി യാത്രചെയ്ത യോസേഫും, ഹന്നയും

യാക്കോബ് ഏറ്റവും കൂടുതൽ സ്നേഹിച്ച ഭാര്യ റാഹേലിൽ നിന്ന് ആദ്യമായി ദൈവം നൽകിയ മകനായിരുന്നു യോസേഫ്. തന്റെ സ്നേഹത്തിന്റെ അടയാളമായി അവന് ഒരു മനോഹരമായ നിലയങ്കിയും താൻ ഉണ്ടാക്കിക്കൊടുത്തു. യോസേഫിന്റെ ബാല്യകാലം സന്തോഷപ്രദമായിരുന്നു എങ്കിലും താൻ സ്വപ്നം കണ്ടതു

മുതൽ സ്വന്ത സഹോദരന്മാരാൽ എതിർപ്പ് നേരിടേണ്ടി വന്നു. പെട്ട ന്നാണ് തനിക്കെതിരായി പ്രതികൂലത്തിന്റെ കാറ്റുകൾ ആഞ്ഞു വീശി യത്. സഹോദരന്മാരുടെ ക്ഷേമം അന്വേഷിച്ചിറങ്ങിയ തന്നെ അവർ ആദ്യം പൊട്ടക്കിണറ്റിൽ ഇട്ടു. തുടർന്ന് അവർ ഭക്ഷണം കഴിക്കുവാ നായി ഇരുന്നു എന്ന് നാം തിരുവെഴുത്തിൽ നിന്ന് വായിക്കുന്നു. ഒരു പക്ഷേ തന്റെ മാതാവും പിതാവും യോസേഫിന്റെ കൈവശം കൊടുത്തയച്ച ഭക്ഷണം ആയിരിക്കും അതെന്ന് ഞാൻ വിചാരിക്കു ന്നു; നമ്മുടെ കയ്യിൽ നിന്ന് ഭക്ഷണം മേടിച്ച് കഴിച്ചിട്ട് നമുക്ക് എതി രായി പ്രവർത്തിക്കുകയോ? യോസേഫ് വിശന്ന് പൊട്ടക്കിണറ്റിൽ കിടന്ന് കരയുന്നു. ഇവന്റെ സ്വപ്നം നിവർത്തിക്കരുത് എന്നാണ് സഹോദരന്മാരുടെ പ്ലാൻ. എന്നാൽ നിവർത്തിക്കുവാനായി നിർണ്ണ യിച്ചിരിക്കുന്ന ദൈവത്തിന്റെ വഴികൾ ഒരു പക്ഷേ നമുക്ക് മനസ്സി ലായില്ല എന്നു വരും. തുടർന്ന് അവർ അവനെ യിശ്മായേല്യർക്ക് 20 വെള്ളിക്കാശിന് വിറ്റു കളഞ്ഞു.

അന്നത്തെ കാലത്ത് അടിമ ഓടിപ്പോകാതിരിക്കേണ്ടതിന് കൈ കാലുകൾ ബന്ധിച്ചാണ് കൊണ്ടു പോയിരുന്നത്. സഹോദരന്മാരുടെ മുമ്പിൽ വെച്ച് സ്വന്തസഹോദരന്റെ കൈകാലുകൾ ബന്ധിക്കുമ്പോ ഴും അവർക്ക് ഒരു കുറ്റബോധവും തോന്നിയില്ല. യോസേഫ് അവ രോട് കെഞ്ചിയപേക്ഷിച്ചു. അവന്റെ പ്രാണസങ്കടം കണ്ടിട്ടും അവന്റെ കരച്ചിൽ ഉയർന്നിട്ടും അവർക്ക് അവനോട് മനസ്സലിവ് തോന്നിയി ല്ല. (ഉല്പ. 42:21). തുടർന്ന് പൊത്തിഫേറിന്റെ ഭവനത്തിലും ചെയ്യാത്ത തെറ്റിന് വലിയ ശിക്ഷ പ്രാപിച്ച് ദീർഘവർഷങ്ങൾ ജയിലിലും കിട ക്കേണ്ടി വന്നു. ജയിലിൽ അവന്റെ കാലുകൾ വിലങ്ങു കൊണ്ട് ബ ന്ധിക്കയും, അവൻ ഇരുമ്പ് ചങ്ങലയിൽ കുടുങ്ങുകയും ചെയ്തു. (സങ്കീ.105:19). തന്റെ ശരീരമെല്ലാം പൊട്ടി കഠിന വേദനയിൽ കൂടി താൻ കടന്നു പോയി. സാത്താൻ അവന്റെ ചെവിയിൽ മന്ത്രിച്ചു കാണും, യോസേഫേ നിന്റെ സ്വപ്നങ്ങൾ നിവർത്തിക്കുവാൻ പോ കുന്നില്ല. എന്നാൽ ദൈവാത്മാവുള്ള യോസേഫിന് ഒരു കാര്യം അറിയാം. “ദർശനത്തിന് ഒരു അവധി വെച്ചിരിക്കുന്നു. അത് സമാ പ്തിയിലേക്ക് ബദ്ധപ്പെടുന്നു. സമയം തെറ്റുകയില്ല. അത് വൈകി യാലും അതിനായി കാത്തിരിക്ക. അത് വരും നിശ്ചയം. താമസിക്ക യില്ല” (ഹബ.2:3,4). യോസേഫ് ദീർഘവർഷങ്ങൾ കണ്ണുനീരിന്റെ താഴ്വരയിൽ കൂടെ കടന്നു പോയി. എന്നാൽ നാം ഒരു കാര്യം അറിഞ്ഞിരിക്കണം. യോസേഫ് എന്നും കാരാഗ്രഹത്തിലല്ല. നിനക്ക് ഒരു കൊട്ടാരവാസവും ദൈവം ഒരുക്കിയിട്ടുണ്ട്. നീ അനുഭവിച്ച ക ഷ്ടതക്കും, കണ്ണുനീരിനും തക്കവണ്ണം ദൈവം നിന്നെ മാനിച്ച് ഉയ ർത്തും. എന്നും കറുത്ത വാവ് മാത്രമല്ല ദൈവം വെളുത്ത വാവും ഒരുക്കിയിട്ടുണ്ട്. യോസേഫിനെ ദൈവം ഉയർത്തിയപ്പോഴും അവ ന്റെ കണ്ണുനീർ നിന്നു പോയില്ല. മിസ്രയീമിൽ തന്നെ കാണുവാൻ വന്ന ബന്യാമീനെ കണ്ടപ്പോൾ അവൻ കരയേണ്ടതിന് സ്ഥലം അന്വേ

ഷിച്ച് അറയിൽ കടന്ന് അവിടെ വെച്ച് കരഞ്ഞു എന്ന് നാം വായിക്കുന്നു. (ഉല്പ്പ. 43:30). കൂടാതെ തന്റെ സഹോദരന്മാരുടെ മുമ്പിൽ വച്ച് സ്വയം വെളിപ്പെടുത്തിയപ്പോൾ യോസേഫ് ഉച്ചത്തിൽ കരഞ്ഞു. മിസ്രയീമ്യരും ഫറവോന്റെ ഗൃഹവും അത് കേട്ടു. (ഉല്പ.45:1-2). ദൈവം നിന്റെ കണ്ണുനീർ കണ്ട് നിന്റെ കഷ്ടതയിൽ നിന്ന് ഉയർച്ച തരുമ്പോഴും നിന്റെ കണ്ണുനീർ കുറഞ്ഞു പോകരുത്. പ്രാവിന്റെ കണ്ണു പോലെ ദൈവസന്നിധിയിൽ തുളുമ്പുന്ന ഒരു കണ്ണ് നിനക്ക് ഉണ്ടായിരിക്കേണം. അത് അനുഗ്രഹകരമായിരിക്കും.

എല്ക്കാനയുടെ ഭാര്യമാരിൽ മക്കളില്ലാതെ ഭാരപ്പെട്ട ഹന്ന കണ്ണുനീരിന്റെ താഴ്വരയിൽ കൂടി കടന്നു പോയ ഒരു സഹോദരി ആയിരുന്നു. പെനിന്നായുടെ കുത്തുവാക്കുകൾ കൂടി കേൾക്കുമ്പോൾ സഹിക്കുവാൻ വയ്യാത്ത നിന്ദാഭാരത്താൽ അവൾ കരഞ്ഞ് കരഞ്ഞ് പട്ടിണി കിടക്കുക പതിവായിരുന്നു (1ശമു.1:7). എന്നാൽ അവൾ ഒന്ന് ഉറച്ചു തീരുമാനിച്ചു. എന്റെ പ്രശ്നത്തിന് പരിഹാരം വരുത്തുവാൻ എന്റെ ഭർത്താവിനെക്കൊണ്ട് കഴിയുകയില്ല; യഹോവയാണ് എന്റെ ഗർഭം അടച്ചിരിക്കുന്നത്. അടയപ്പെട്ട ഏതു കാര്യവും തുറക്കുവാൻ കഴിയുന്ന ദാവീദിന്റെ താക്കോൽ കയ്യിൽ ഉള്ളവന്റെ സന്നിധിയിൽ ചെന്ന് കരഞ്ഞാൽ ഫലമുണ്ടാകും എന്ന് അവൾ വിശ്വസിച്ചു. തുടർന്ന് അവൾ യഹോവയുടെ മന്ദിരത്തിൽ ചെന്ന് മനോവ്യസനത്തോടെ യഹോവയോട് പ്രാർത്ഥിച്ച് വളരെ കരഞ്ഞു (1ശമു.1:10). ഏലി പുരോഹിതൻ പോലും തന്റെ കണ്ണ് മങ്ങിയതു കൊണ്ട് ആത്മീയ കാര്യങ്ങളെ വിവേചിച്ചറിയാൻ സാധിക്കാതെ "നീ എത്രത്തോളം ലഹരി പിടിച്ചിരിക്കും. നിന്റെ വീഞ്ഞ് ഇറങ്ങട്ടെ" എന്നു പറഞ്ഞ് നിന്ദിച്ച് സംസാരിച്ചു. എന്നാൽ അവളുടെ ഹൃദയവേദന അറിയുന്ന ദൈവത്തിന്റെ മുമ്പാകെ അവൾ കണ്ണുനീരോടെ ഹൃദയം പകർന്നു.

മക്കൾ ഇല്ലാത്തവർക്ക് ഏതു കുഞ്ഞ് ജനിച്ചാലും സന്തോഷകരമാണ്. എന്നാൽ അവൾ തന്റെ ദർശനത്തിന് മാറ്റം വരുത്തി. എനിക്ക് മകളെ അല്ല വേണ്ടിയത്. മകനെ തന്നെ വേണം. കാരണം അടുത്ത മഹാപുരോഹിതൻ ആകേണ്ട ഏലിയുടെ മക്കൾ ഹൊഫ്നിയും, ഫിനെഹാസും ദൈവാലയത്തിൽ ചെയ്തു കൊണ്ടിരിക്കുന്ന നീചമായ കാര്യങ്ങൾ ഏതൊരു ഭക്തന്റെയും ഹൃദയത്തെ വേദനിപ്പിക്കുന്നതായിരുന്നു. അത് അറിയാവുന്ന ഹന്ന എനിക്ക് വിശുദ്ധമന്ദിരത്തിൽ ഒരു വിശുദ്ധപുരോഹിതനെ കാഴ്ച വെക്കുവാനായി ഒരു മകനെ തരേണമെന്ന് ദൈവത്തോട് അപേക്ഷിച്ച് തന്റെ ആഗ്രഹം ഉണർത്തിച്ചു. കണ്ണുനീരിന്റെ മുമ്പിൽ ഉത്തരം തരുന്ന ദൈവം അവളുടെ പ്രാർത്ഥന കേട്ടു: അവളുടെ മുഖം പിന്നെ വാടിയതുമില്ല. ദൈവം അവളുടെ ഗർഭം തുറന്ന് ശമുവേൽ ബാലനെ അവൾക്ക് നൽകി. വഴി പിഴച്ച മാർഗ്ഗത്തിൽ കൂടി പോയ പുരോഹിതന്റെ മക്കളെ നീക്കിയിട്ട് പ്രാർത്ഥനയുടെ സന്തതിയായ ശമുവേലിനെ ദൈവം

തിരഞ്ഞെടുത്ത് മാനിച്ചു. ദൈവം കൊടുത്ത ബാലകനെ ദൈവത്തിനായി സമർപ്പിച്ചപ്പോൾ ദൈവം അവൾക്ക് മൂന്നു പുത്രന്മാരെയും രണ്ടു പുത്രിമാരെയും വീണ്ടും നൽകി അനുഗ്രഹിച്ചു. കണ്ണുനീർ താഴ്വര ദൈവം നമുക്ക് പിന്നെത്തേതിൽ അനുഗ്രഹകരമാക്കി മാറ്റും എന്നുള്ളതിന് രണ്ട് പക്ഷമില്ല.

**കണ്ണുനീർ താഴ്വരയിൽ കൂടി കടന്നു പോയ ദാവീദും, ഹിസ്ക്കിയാവും**

ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദ്, തന്റെ ജീവിത യാത്രയിൽ പെട്ടകത്തിന്റെ മുമ്പിൽ നൃത്തം ചെയ്ത് തന്നെത്താൻ മറന്ന് സന്തോഷിച്ച നാളുകൾ ഉണ്ടായിരുന്നു. എങ്കിലും തന്റെ ആയുസ്സിന്റെ നല്ലൊരു ഭാഗം തന്റെ തലയിൽ അഭിഷേക തൈലം ഉണ്ടായിരുന്നിട്ടുപോലും താൻ വലിയ കഷ്ടതയിൽ കൂടിയും മനക്ലേശങ്ങളിൽ കൂടിയും കടന്നു പോയ സന്ദർഭങ്ങൾ ധാരാളം ആയിരുന്നു. തന്നെ യിസ്രായേലിന്റെ പ്രഭുവാക്കി ദൈവം തിരഞ്ഞെടുത്തെങ്കിലും ശൗലിനെ കാലു വാരി ആ സ്ഥാനം എടുക്കാതെ ദൈവീക സമയത്തിനായി കാത്തിരിക്കുകയും, ദൈവീക ആലോചനയ്ക്ക് കീഴടങ്ങുകയും ചെയ്യുന്ന ഒരു ദൈവീക മനുഷ്യൻ ആയിരുന്നു ദാവീദ്.

ദാവീദിന്റെ എട്ടു ഗുണങ്ങൾ തിരുവചനത്തിൽ കാണുന്നുണ്ട്.

1) എപ്പോഴും ദൈവത്തോടു നന്ദിയുള്ളവനായിരുന്നു.
2) ദൈവത്തെ ഹൃദയംഗമായി ഏകാഗ്രതയോടെ ആരാധിക്കുന്നവൻ ആയിരുന്നു.
3) ദൈവവചനം ധ്യാനിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്തിരുന്നു.
4) ദൈവത്തോട് എല്ലായ്പ്പോഴും പ്രാർത്ഥിക്കുന്നവൻ ആയിരുന്നു.
5) ഏതു കാര്യത്തിനും ദൈവത്തോട് ആലോചന ചോദിക്കുമായിരുന്നു.
6) തന്റെ ആശ്രയം പൂർണ്ണമായി ദൈവത്തിൽ വെയ്ക്കുമായിരുന്നു.
7) തെറ്റിക്കുറിച്ച് അനുതപിക്കുന്നവനും അത് ഏറ്റു പറയുന്നവനും ആയിരുന്നു.
8) ദൈവത്തെ ബഹുമാനിച്ച് അർഹമായ മഹത്വം കൊടുക്കുമായിരുന്നു.

ഇത്രയും ഗുണവിശേഷങ്ങളോടു കൂടിയ ദാവീദും കണ്ണുനീർ താഴ്വരയിൽ കൂടി കടന്നു പോയി. ഒരിക്കൽ താനും തന്റെ കൂടെയുള്ള ആളുകളും അവർ പാർത്തിരുന്ന സിക്ലാഗിൽ എത്തിയപ്പോൾ അമാലേക്യർ വന്ന് സിക്ലാഗ് തീ വെച്ച് ചുട്ടു കളയുകയും ഭാര്യമാരേയും, പുത്രീപുത്രന്മാരെയും അടിമകളാക്കി കൊണ്ടു പോകയും

ചെയ്ത കാഴ്ച അവരെ നടുക്കിക്കളഞ്ഞു. അപ്പോൾ ദാവീദും കൂടെയുള്ള ജനവും കരയുവാൻ ബലമില്ലാതാകുവോളം ഉറക്കെ കരഞ്ഞു എന്ന് 1ശമുവേൽ 30:1–6 വരെയുള്ള വേദഭാഗങ്ങളിൽ നിന്ന് നാം മനസ്സിലാക്കുന്നു. ദാവീദിന്റെ രണ്ടു ഭാര്യമാരെയും അമാലേക്യർ കൊണ്ടു പോയിരുന്നു. ദാവീദും വലിയ കഷ്ടത്തിലായി. ഈ പ്രതിസന്ധിയുടെ നടുവിൽ കരഞ്ഞു കൊണ്ടു മാത്രമിരുന്നാൽ ഒന്നും നേടുവാൻ കഴിയുകയില്ല എന്ന് ദാവീദിന് നന്നായറിയാം. ഉള്ളിന്റെ ഉള്ളിൽ ദുഃഖമുണ്ടെങ്കിലും കണ്ണുനീർ കാണുന്ന ദൈവത്തിൽ ധൈര്യപ്പെട്ടു. തുടർന്ന് താൻ അബ്യാഥാർ പുരോഹിതനോട് ഏഫോദ് കൊണ്ടു വരുവാൻ പറയുകയും ദൈവത്തോടു ആലോചന ചോദിക്കുകയും ചെയ്തു. ദൈവീക ആലോചനപ്രകാരം ശത്രുവിനെ പിന്തുടർന്ന് നഷ്ടപ്പെട്ടതെല്ലാം മടക്കിക്കൊണ്ടു വന്നു. നമ്മുടെ പ്രയാസങ്ങളിൽ കരയുന്നത് നല്ലതാണ്. എന്നാൽ എല്ലായ്പ്പോഴും കരഞ്ഞു കൊണ്ടിരിക്കണം എന്നില്ല. ദാവീദിനേപ്പോലെ ദൈവത്തിൽ നാം ധൈര്യം പ്രാപിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

പിന്നീട് ഒരവസരത്തിൽ തന്റെ മകൻ അബ്ശാലോം ചതിവിൽ കൂടെ രാജഭരണം കയ്യടക്കുകയും, തന്നെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്ത ഒരു സന്ദർഭം ഉണ്ടായി. യിസ്രായേല്യരുടെ ഹൃദയം അബ്ശാലേമിനോടു യോജിച്ചുപോയി എന്ന് മനസ്സിലാക്കിയ ദാവീദ്, കൊട്ടാരവും, സിംഹാസനവും, അധികാരങ്ങളും സ്ഥാനമാനങ്ങളും, തനിക്കുള്ളതൊക്കെയും ഉപേക്ഷിച്ച് ഓടിപ്പോകേണ്ടി വന്നു. ഈ അവസരത്തിൽ ദാവീദ് തല മൂടിയും, ചെരിപ്പിടാതെയും നടന്ന് കരഞ്ഞു കൊണ്ട് ഒലിവു മലയുടെ കയറ്റം കയറി (2ശമു.15:30). കൂടെയുള്ള ജനം ഒക്കെയും, തല മൂടി കരഞ്ഞു കൊണ്ട് കയറിച്ചെന്നു. നോക്കുക, സ്വന്ത ഭവനത്തിൽ നിന്ന് വിശേഷാൽ തന്റെ മകനിൽ നിന്ന് ഉണ്ടായ ഈ ശോചനീയമായ അവസ്ഥ അവനെ വളരെ വേദനിപ്പിച്ചു. എങ്കിലും നല്ല ഒരു പിതാവിന്റെ ഹൃദയം നാം ദാവീദിൽ കാണുന്നത് ഇവിടെയാണ്. താൻ യോവാബിനും സൈന്യത്തിന്റെ അധിപതിമാർക്കും നിർദ്ദേശം കൊടുക്കുമ്പോൾ യുദ്ധം ഉണ്ടായാലും എന്റെ മകനോട് നിങ്ങൾ കനിവോടെ പെരുമാറണം എന്നുള്ള തന്റെ നിർദ്ദേശം എത്ര കനിവുള്ളതാണ്. തന്റെ കണ്ണുനീർ കണ്ട ദൈവം തന്നെ തിരിച്ച് കൊട്ടാരത്തിൽ വരുത്തുവാൻ ക്രമീകരണങ്ങൾ ചെയ്തു. തന്റെ കഷ്ടതയിൽ തന്നെ ശപിച്ച ശിമയി, തന്നെ വന്ദിക്കുവാൻ ദൈവം വഴിയൊരുക്കി. നമ്മുടെ ദൈവം ജീവിക്കുന്നു. നമ്മുടെ കണ്ണുനീർ അവന്റെ തുരുത്തിയിൽ ഉണ്ട്. അവൻ നമുക്കു വേണ്ടി പ്രവർത്തിക്കും നിശ്ചയം. ദാവീദിന്റെ ജീവിതത്തിൽ സിംഹാസനത്തിൽ ഇരിക്കുമ്പോഴും കണ്ണുനീരും കരച്ചിലും നിന്നു പോയിട്ടില്ല. അബ്നേരിന്റെ ശവക്കുഴിക്കരികിൽ ദാവീദ് ഉറക്കെക്കരഞ്ഞു എന്നും നാം വായിക്കുന്നു.

പിതാക്കന്മാർ ദൈവവഴി വിട്ട് ദൈവീക പ്രവർത്തനങ്ങൾക്ക് ദോഷം ചെയ്തെങ്കിലും പിതാക്കന്മാരുടെ പാത പിൻപറ്റാതെ പിതാക്കന്മാർ ദൈവാലയത്തിൽ നശിപ്പിച്ചത് തിരികെ കൊണ്ടുവന്ന് യഥാസ്ഥാനത്താക്കിയ രാജാവായിരുന്നു ഹിസ്ക്കിയാവ്.

തന്റെ പിതാവിന്റെ വലിയപ്പനായ ഉസ്സിയാവ് ദൈവാലയത്തിൽ ധിക്കാരത്തോടെ ധൂപം കാട്ടിയപ്പോൾ തന്റെ നെറ്റിക്ക് കുഷ്ഠം പൊങ്ങിയതിനാൽ പുരോഹിതന്മാർ പിടിച്ചിറക്കി വിട്ടു. ഉസ്സിയാവിന്റെ മകൻ യോഥാം ദൈവാലയത്തിൽ കയറിയില്ല. കൊച്ചുമകൻ ആഹാസ് ദൈവാലയത്തിലെ ഉപകരണങ്ങൾ ഉടച്ചു കളയുകയും, ദൈവാലയം പൂട്ടിക്കളകയും ചെയ്തു. ഈ ആഹാസിന്റെ മകനാണ് ഹിസ്ക്കിയാവ്. എന്നാൽ രാജഭരണം ഏറ്റെടുത്തതിന്റെ ഒന്നാം ആണ്ടിൽ ഒന്നാം മാസത്തിന്റെ ഒന്നാം തീയതി ദൈവാലയം തുറന്ന് ശുദ്ധീകരണം ആരംഭിക്കുകയും തന്റെ വീട്ടുകാര്യങ്ങൾ പോലും മറന്ന് ദൈവത്തിനായി പ്രവർത്തിക്കുകയും ചെയ്തു. അശ്ശൂർ രാജാവായ സൻഹേരീബ് വലിയ സൈന്യവുമായി ആക്രമിക്കുവാൻ ക്രമീകരണങ്ങൾ ചെയ്തപ്പോൾ, ഹിസ്ക്കിയാവും ആമോസിന്റെ മകനായ യെശയ്യാവും പ്രാർത്ഥിച്ച് സ്വർഗ്ഗത്തിലെ ദൈവത്തോട് നിലവിളിച്ചു. തന്നെയുമല്ല, ജീവനുള്ള ദൈവത്തെ നിന്ദിച്ചു കൊണ്ടുള്ള സൻഹേരീബിന്റെ കത്ത് യഹോവയുടെ ആലയത്തിൽ കൊണ്ടു ചെന്ന് യഹോവയുടെ മുമ്പാകെ വിടർത്തി ദൈവത്തോട് പ്രാർത്ഥന കഴിച്ചപ്പോൾ ദൈവം ഒരു ദൂതനെ അശ്ശൂർ അയച്ച് പാളയത്തിലേക്ക് ഒരു ലക്ഷത്തി എൺപത്തയ്യായിരം പേരെ കൊന്നു. നോക്കുക ശത്രു എത്ര വലിയവരായിരുന്നാലും നിനക്ക് എതിർക്കുവാൻ ശക്തിയില്ലങ്കിലും കരഞ്ഞ് നിലവിളിച്ചാൽ; നിലവിളിയുടെ മുമ്പിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ കരം തന്റെ ദാസന്മാർക്ക് ദൈവം വെളിപ്പെടുത്തും (2രാജ.19:35, 2ദിന.32:20).

തന്നെയുമല്ല, ദൈവം യെശയ്യാവിനെ ഹിസ്ക്കിയാവിന്റെ അടുക്കൽ അയച്ചു പറയിച്ചു: ഹിസ്ക്കിയാവേ, നീ മരിച്ചു പോകും. നിനക്ക് ഉണ്ടായ രോഗത്തിൽ നിന്ന് നിനക്ക് സൗഖ്യം വരികയില്ല. ആകയാൽ നിന്റെ വീട്ടുകാര്യം ക്രമത്തിലാക്കുവാൻ അവനെ ഉപദേശിച്ചു. ഇതു കേട്ട മാത്രയിൽ ഹിസ്ക്കിയാവ് ഏറ്റവും കരഞ്ഞു. ദൈവത്തോട് പ്രാർത്ഥിച്ചു. തന്റെ കരച്ചിൽ കാണുകയും തന്റെ പ്രാർത്ഥന ശ്രവിക്കയും ചെയ്ത ദൈവം ഞാൻ അവന്റെ ആയുസ്സിനോട് പതിനഞ്ച് സംവത്സരം കൂട്ടിക്കൊടുക്കുമെന്ന് യെശയ്യാവിനോടു പറഞ്ഞു. അതിനായി ഒരു അടയാളം നൽകുകയും ചെയ്തു. നോക്കുക, മരണദൂതൻ ഹിസ്ക്കിയാവിനെ കൊണ്ടു പോകുവാൻ വാതില്ക്കൽ വന്നു നില്ക്കുമ്പോഴും കണ്ണുനീർ കണ്ട് മനസ്സലിയുന്ന ദൈവം തനിക്കു വേണ്ടി പ്രവർത്തിക്കുകയും, തന്റെ രോഗത്തെ സൗഖ്യമാക്കി തന്റെ ആയുസ്സ് നീട്ടിക്കൊടുക്കുകയും ചെയ്തു (യെശ.38:1-8).

ദൈവം മിസ്രയീമിലായിരുന്ന യിസ്രായേൽ മക്കളെക്കുറിച്ച് മോശയോടു പറയുമ്പോൾ: "ഞാൻ എന്റെ ജനത്തിന്റെ കഷ്ടത കണ്ടു, കണ്ടു. അവരുടെ നിലവിളി കേട്ടു". സങ്കടങ്ങൾ അറിയുന്ന ദൈവം അബ്രഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടുമുള്ള നിയമം ഓർത്ത് വാഗ്ദത്ത ദേശത്തേക്ക് അവരെ കൊണ്ടു പോകാൻ ഇറങ്ങി വന്നിരിക്കുന്നു. ഭൂമിയിൽ നമ്മുടെ കണ്ണുനീർ കണ്ടിട്ടും പലർക്കും മനസ്സലിവ് തോന്നാതെയിരിക്കുമ്പോൾ നമ്മുടെ കണ്ണുനീർ കണ്ടു മനസ്സലിയുന്ന ദൈവം നമുക്ക് സ്വർഗ്ഗ സ്ഥലങ്ങളിലുണ്ട് എന്നുള്ളത് എന്തൊരു ആശ്വാസമാണ്.

**കൈപ്പോടെ കരയുന്ന മൊർദ്ദേഖായിയും
നിലവിളിക്കുന്ന യിരമ്യാവും**

കണ്ണുനീർ താഴ്‌വരയിൽ കൂടി കടന്നു പോയ മോർദ്ദെഖായിയുടെ വിജയത്തെ വിളമ്പരം ചെയ്യുന്ന പുസ്തകമാണ് എസ്ഥേറിന്റെ പുസ്തകം. ഇന്ത്യ മുതൽ എത്യോപ്യ വരെ നൂറ്റി ഇരുപത്തിയേഴ് (127) രാജ്യങ്ങളെ അടക്കി വാണുകൊണ്ടിരുന്ന അഹശ്വരേശ് രാജാവിന്റെ കാലത്ത് രാജാവിന്റെ വാതിൽ കാവല്കാരിൽ ഒരുത്തനായി പ്രവാസിയായി കൊണ്ടുവരപ്പെട്ട ബെന്യാമീൻ ഗോത്രത്തിൽപെട്ട മൊർദ്ദെഖായിയും ഉണ്ടായിരുന്നു.

സാധാരണക്കാരനായ ഈ മനുഷ്യൻ ദൈവവചനം വിശ്വസിക്കുന്നവനും, അത് പ്രമാണിക്കുന്നതിൽ വിട്ടുവീഴ്ചക്ക് ഇടം കൊടുക്കാതെ കൃത്യമായി ആചരിക്കുന്നവനും ആയിരുന്നു. ദൈവത്തെ മാത്രമേ വണങ്ങി കുമ്പിടുകയുള്ളു എന്ന തന്റെ തീരുമാനത്തിന് യാതൊരു മാറ്റവും ഇല്ലായിരുന്നു. അഹശ്വരേശ് രാജാവ് ഉന്നതപദവി നല്കി തന്റെ സകല പ്രഭുക്കന്മാരുടേയും മേലായി ഇരിപ്പിടം നല്കി ആദരിച്ച വ്യക്തിയായിരുന്നു ഹാമാൻ. രാജാവിന്റെ വാതില്ക്കലെ രാജഭൃത്യന്മാർ ഒക്കെയും ഹാമാനെ കുമ്പിട്ട് നമസ്കരിക്കണം എന്ന് രാജകല്പന ഉണ്ടായിരിക്കെ രാജകല്പനയെപ്പോലും ഭയപ്പെടാതെ ഹാമാന്റെ മുമ്പിൽ കുമ്പിടാതെ ദൈവത്തെ ബഹുമാനിച്ച ദൈവഭക്തനായിരുന്നു മൊർദ്ദെഖായി. അതിനാൽ ജീവൻ വരെ നഷ്ടപ്പെടും വിധമുള്ള പ്രതിസന്ധിയിലൂടെ മൊർദ്ദേഖായി യാത്ര ചെയ്യേണ്ടതായി വന്നു. "ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവം ഉണ്ടാകും" (2 തിമോ 3:12) എന്ന് തിരുവചനം പറയുന്നു.

യെഹൂദൻ ആയ മൊർദ്ദേഖായി തന്നെ കുമ്പിട്ട് നമസ്കരിക്കുന്നില്ല എന്ന വസ്തുത മനസ്സിലാക്കിയ ഹാമാൻ കോപാകുലനായി മൊർദ്ദെഖായിയെ മാത്രമല്ല അവന്റെ ജാതിയെ മുഴുവൻ നശിപ്പിക്കുവാൻ ആഗ്രഹിക്കുകയും അതിനുള്ള അണിയറ നീക്കങ്ങൾ ആരംഭിക്കുകയും ചെയ്തു. താൻ രാജാവിന്റെ അടുക്കൽ പോയി ഇപ്രകാരം ബോധിപ്പിച്ചു. നിന്റെ രാജ്യത്തിലെ സകല സംസ്ഥാനങ്ങളി

ലുമുള്ള ജാതികളുടെ ഇടയിൽ യെഹൂദ ജാതി ചിന്നിചിതറിക്കിടക്കുന്നു. എന്നും അവരുടെ ന്യായപ്രമാണങ്ങൾ സകലജാതികളുടേതിനേക്കാൾ വ്യത്യസ്തപ്പെട്ടതാണെന്നും അവർ രാജാവിന്റെ പ്രമാണങ്ങൾ പാലിക്കുന്നവരല്ലെന്നും ആകയാൽ അവരെ നശിപ്പിച്ച് നിർമ്മൂലമാക്കുവാൻ തനിക്ക് അനുവാദം തരേണമെന്നും അപേക്ഷിച്ചു. രാജാവ് ഹാമാന് അനുവാദം കൊടുത്തതനുസരിച്ച്, ആദാർ മാസം 13-ാം തീയതി സകല യെഹൂദന്മാരേയും, ആബാലവൃദ്ധം കൊന്നുമുടിച്ച് അവരുടെ വസ്തുവകകൾ കൊള്ളയടിക്കേണ്ടതിന് രാജകല്പന അഞ്ചൽകാർ വശം സകല സംസ്ഥാനങ്ങളിലേക്കും കൊടുത്തയക്കപ്പെട്ടു.

ഈ വിവരം അറിഞ്ഞ സകല യെഹൂദന്മാരുടെയും ഇടയിൽ മഹാദുഃഖവും, ഉപവാസവും, കരച്ചിലും, വിലാപവും ഉണ്ടായി. പലരും രട്ട് ഉടുത്ത് വെണ്ണീറിൽ കിടന്നു. ദൈവഭക്തനായ മൊർദ്ദെഖായി വസ്ത്രം കീറി രട്ടുടുത്ത് വെണ്ണീർ വാരി ഇട്ടുംകൊണ്ട് പട്ടണത്തിന്റെ നടുവിൽ ചെന്ന് കൈപ്പോടെ അത്യുച്ചത്തിൽ നിലവിളിച്ചു. അഹശ്വരേശ് രാജാവിന്റെ പത്നിയും മൊർദ്ദെഖായിയുടെ ചിറ്റപ്പന്റെ മകളുമായി തന്റെ വളർത്തു മകളായ എസ്ഥേർ ഉൾപ്പെടെ യെഹൂദന്മാർ എല്ലാവരും മൂന്ന് ദിവസം രാവും പകലും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ ദൈവം തങ്ങളെ വിടുവിക്കുവാനായി ആത്മാർത്ഥമായി പ്രാർത്ഥിച്ചു.

അവരുടെ പ്രാർത്ഥനയും, കരച്ചിലും, നിലവിളിയുടെ ശബ്ദവും മേഘമണ്ഡലങ്ങളെ താണ്ടി നക്ഷത്ര ഗോളങ്ങൾക്ക് അപ്പുറത്ത് സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ ചെന്നു. നിലവിളിയുടെ ശബ്ദം തള്ളിക്കളയാത്ത ദൈവം പ്രവർത്തനങ്ങൾ ആരംഭിച്ചു. ഹാമാൻ മൊർദ്ദെഖായിയെ തൂക്കിക്കളയേണ്ടതിന് കഴുമരം ഉണ്ടാക്കി. രാജാവിന്റെ അനുവാദത്തിനായി കാത്തുനിന്നതിന്റെ തലേ രാത്രി രാജാവിന് ഉറക്കം കൊടുക്കാതെ മൊർദ്ദെഖായിയെ മാനിച്ച് ഉയർത്തുവാനുള്ള എല്ലാ ക്രമീകരണങ്ങളും ദൈവം ചെയ്തു. രാജാവിന്റെ കുതിരപ്പുറത്ത് മൊർദ്ദെഖായിയെ കയറ്റി രാജവസ്ത്രവും രാജകിരീടവും ധരിപ്പിച്ച്, പട്ടണത്തിൽ കൂടെ രാജാവ് ബഹുമാനിപ്പാൻ ഇച്ഛിക്കുന്ന പുരുഷന് ഇങ്ങനെ ചെയ്യും എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞ് കൊണ്ട് നടക്കുവാനും ദൈവം ഇടയാക്കി. തന്നെയുമല്ല ഹാമാൻ ഉണ്ടാക്കിയ കഴുമരത്തിന്മേൽ അവനെത്തന്നെ തൂക്കിക്കളഞ്ഞു. അതിനേക്കാളുപരി ആദാർ മാസം പതിമൂന്നാം തീയതി യെഹൂദന്മാർക്കെതിരെ തിരിയുന്ന ജാതികളുടേയും സംസ്ഥാനത്തിന്റേയും സകല സൈന്യത്തേയും, കുഞ്ഞുങ്ങളേയും സ്ത്രീകളെയും നശിപ്പിച്ച് കൊന്ന് മുടിപ്പാനും അവരുടെ സമ്പത്ത് കൊള്ളയിടുവാനും യഹൂദന്മാർക്ക് അനുവാദം കൊടുത്തു കൊണ്ട് കല്പന പുറപ്പെടുവിക്കുകയും ചെയ്തു (എസ്ഥേർ 8:7-14).

“രാജാവിന്റെ ഹൃദയം യഹോവയുടെ കയ്യിൽ നീർത്തോടു കണക്കെ ഇരിക്കുന്നു. തനിക്ക് ഇഷ്ടമുള്ളടത്തൊക്കെയും അവൻ അതിനെ തിരിക്കുന്നു”(സദൃ 21:1). രാജകല്പനപ്രകാരം യെഹൂദന്മാർ തങ്ങളുടെ വൈരികളിൽ എഴുപത്തയ്യായിരം (75000) പേരെ കൊന്നുകളഞ്ഞു. ഹാമാന്റെ പത്ത് പുത്രന്മാരെ കഴുമരത്തിന്മേൽ തൂക്കിക്കൊന്നു. ഹാമാന്റ വീട് എസ്ഥേറിന് ലഭിച്ചു. മൊർദ്ദെഖായി രാജധാനിയിൽ മഹാൻ ആയിത്തീർന്നു. അവന് ഉന്നത പദവി നല്കി ആദരിച്ചു. യെഹൂദന്മാർക്ക് പ്രകാശവും, സന്തോഷവും ആനന്ദവും, ബഹുമാനവും ഉണ്ടായി. യെഹൂദന്മാരെ കുറിച്ചുള്ള പേടി ജാതികളിന്മേൽ വീണിരുന്നതുകൊണ്ട് അവർ പലരും യെഹൂദന്മാർ ആയിത്തീർന്നു. നോക്കുക ഇതിന്റെയെല്ലാം പിറകിൽ വിജയത്തിന് കാരണമായി തീർന്നത് യെഹൂദന്മാരുടേയും വിശിഷ്യ മൊർദ്ദെഖായിയുടേയും കയ്പ്പോടെയുള്ള കരച്ചിലും നിലവിളിയുമാണ്. രാജനിയമങ്ങളെപ്പോലും തിരുത്തി എഴുതിക്കുവാൻ കണ്ണുനീർ താഴ്‌വരയിൽ കൂടെ കടന്നു പോകുന്ന ദൈവപൈതലിന് കഴിയും എന്ന വസ്തുത നാം അറിഞ്ഞിരിക്കേണം.

തിരുവചനം പഠിക്കുമ്പോൾ കരച്ചിലിന്റെ പ്രവാചകനായി നമ്മുടെ മുമ്പിൽ വെളപ്പെടുന്ന പ്രവാചകൻ യിരമ്യാവാണ്. തന്റെ കരച്ചിലോടുകൂടിയ ‘വിലാപങ്ങൾ’ എന്ന ഒരു പുസ്തകവും തിരുവചനത്തിൽ നമുക്ക് ലഭിച്ചിട്ടുണ്ട്. അത് ആരംഭിക്കുന്നത് തന്നെ “അയ്യോ” എന്ന് നിലവിളിച്ചുകൊണ്ടാണ്. ദൈവ ജനത്തോടുള്ള തന്റെ ആത്മാർത്ഥതയും വാഗ്ദത്തദേശത്തോടുള്ള തന്റെ പ്രീതിയും നിമിത്തം താൻ വിലപിക്കുന്ന വിലാപങ്ങൾ ഏതൊരു മനസ്സിനെയും തൊട്ടുണർത്തുന്നതാണ്. “അയ്യോ, എന്റെ ജനത്തിന്റെ പുത്രിയുടെ നഹിതന്മാർ നിമിത്തം രാവും പകലും കരയേണ്ടതിന് എന്റെ തല വെള്ളവും എന്റെ കണ്ണ് കണ്ണുനീരുറവും ആയിരുന്നെങ്കിൽ കൊള്ളാമായിരുന്നു” (യിര.9:1.). തന്നെയുമല്ല കരയുവാനായി തന്റെ ജനത്തെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. “നമ്മുടെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകത്തക്കവണ്ണം നമ്മുടെ കൺപോളയിൽ നിന്ന് വെള്ളം ചാടത്തക്കവണ്ണവും അവർ ബദ്ധപ്പെട്ട് വിലാപം കഴിക്കട്ടെ” (യിര.9:18). “സീയോൻ പുത്രിയുടെ മതിലേ രാവും പകലും ഓലോല കണ്ണുനീരൊഴുക്കുക, നിനക്ക് തന്നെ സ്വസ്ഥത നല്കരുത്, നിന്റെ കണ്മണി വിശ്രമിക്കരുത്” (വിലാ 2:18).

“യിസ്രയേൽ പ്രഭുക്കന്മാർ ഹിമത്തിലും നിർമ്മലന്മാരും, പാലിലും വെളുത്തവരുമായിരുന്നു അവരുടെ ദേഹം പവിഴത്തിലും ചുവപ്പുള്ളതും അവരുടെ ശോഭ നീലക്കല്ലു പോലെയും ആയിരുന്നു. എന്നാൽ ഇപ്പോൾ അവരുടെ മുഖം കരിക്കട്ടയേക്കാൾ കറുത്തിരിക്കുന്നു വീഥികളിൽ അവരെ കണ്ടിട്ട് ആരും അറിയുന്നില്ല” (വിലാ 4:7,8). ഈ കാഴ്ച യിരമ്യാവിനെ വേദനിപ്പിച്ചു. ജനപൂർണ്ണയായ

നഗരം ഏകാന്തമായിതീർന്നതും ജാതികളിൽ മഹതിയായിരുന്നവൾ വിധവയെപ്പോലെ ആയിത്തീർന്നതും പെരുന്നാളുകളും ഉത്സവങ്ങളും എല്ലാം ഇല്ലാതെപോയതും, സ്തീകൾ ഗർഭഫലത്തെ, കയ്യിൽ താലോലിച്ച് പോരുന്ന കുഞ്ഞുങ്ങളെ ഭക്ഷിച്ചതും (വിലാ 2:20) എല്ലാം ഓർക്കുമ്പോൾ തനിക്ക് കരയാതിരിക്കുവാൻ കഴിയുന്നില്ല. ഇത് നിമിത്തം ഞാൻ കരയുന്നു എന്റെ കണ്ണ് കണ്ണുനീരൊഴുക്കുന്നു (വിലാ.1:16). യിരമ്യാവിന് ഒരു കാര്യം അറിയാം പണ്ടത്തെപ്പോലെ ഒരു നല്ല കാലം വരണമെങ്കിൽ ഏറ്റവും പറ്റിയ കാര്യം കരയുക, നിലവിളിക്കുക എന്നുള്ളതാണ്. യിരമ്യാവ് മാത്രമല്ല, യെശയ്യാവ് പറയുന്നു ഞാൻ കൈപ്പോടെ കരയട്ടെ (യെശ 22:4). യെഹെസ്കേൽ, ദാനിയേൽ, നെഹെമ്യാവ് ആദിയായവർ എല്ലാം ബാബേൽ പ്രവാസത്തിൽ നിന്ന് ഒരു മടങ്ങി വരവിന് വേണ്ടി കരഞ്ഞ് പ്രാർത്ഥിച്ചവർ ആണ്. നാം ഇന്ന് ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് ഒരു മടങ്ങി വരവ് ദൈവസഭക്ക് ആവശ്യമായിരിക്കുന്നു. അതിന് പറ്റിയ മാർഗ്ഗം കണ്ണുനീർ താഴ്വരയാണ് ആകയാൽ മൊർദ്ദെഖായിയെപ്പോലെയും, യിരമ്യാവിനെപ്പോലെയും നമുക്കും കരഞ്ഞ് നിലവിളിക്കാം. ദൈവം അതിനായി നമ്മെ സഹായിക്കട്ടെ.

**കരയുന്നവരോട് കൂടെ കരയുന്ന കർത്താവ്**

ദൈവത്തിന്റെ ജനമായ യിസ്രായേലിനെ കൊണ്ടു ചെന്ന് പാർപ്പിച്ചത് താഴ്വരയിൽ നിന്നും മലയിൽ നിന്നും പുറപ്പെടുന്ന നീരൊഴുക്കുകളും, ഉറവകളും തടാകങ്ങളും ഉള്ള ദേശമായി കോതമ്പും, യവവും, മുന്തിരിവള്ളിയും, അത്തിവൃക്ഷവും ഉള്ള സമ്പൽസമൃദ്ധമായ ദേശമായി (ആവ.8:7,8), പാലും തേനും ഒഴുകുന്നതും, സുഭിക്ഷമായി ഉപജീവനം കഴിയാകുന്നതുമായ കനാനിൽ ആയിരുന്നു. എന്നാൽ പില്ക്കാലത്ത് അവർ ദൈവവഴി വിട്ട് പോയതിനാൽ ദൈവം കൊടുത്ത അനുഗ്രഹത്തിന്മേൽ ദൈവം ന്യായവിധി നടത്തി. "തുള്ളൻ ശേഷിപ്പിച്ചത് വെട്ടുക്കിളി തിന്നു. വെട്ടുക്കിളി ശേഷിപ്പിച്ചത് വിട്ടിൽ തിന്നു. വിട്ടിൽ ശേഷിപ്പിച്ചത് പച്ചപ്പുഴു തിന്നു. മഴ പെയ്യാത്തതിനാൽ ധാന്യങ്ങൾ കരിഞ്ഞു പോയിരിക്കുന്നു" (യോവേൽ 1:2-4).

ഇത് യിസ്രായേലിന്റെ കാര്യമാണെങ്കിലും നമ്മിൽ പലരുടെയും കാര്യവും ഇങ്ങനെ തന്നെയാണ്. നമ്മുടെ അനുഗ്രഹങ്ങൾ ശത്രുകാർന്നു തിന്നുന്നു. എവിടെയും നശീകരണങ്ങൾ മാത്രം, നമ്മുടെ തലമുറകളെ ശത്രു അടിമയാക്കുന്നു. നമ്മിൽ ഉണ്ടായിരുന്ന ആത്മീക അനുഗ്രഹങ്ങൾ ശത്രു ഇല്ലായ്മ ചെയ്തു കൊണ്ടിരിക്കുന്നു.

ഇതിന്നുള്ള പരിഹാരം യോവേൽ 2:12,13-ൽ പറയുന്നു. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെത്തന്നേ കീറി പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും, കരച്ചിലോടും, വിലാപത്തോടും കൂടെ ദൈവത്തോടെ നിലവിളിച്ച് അപേക്ഷിക്കുക. കണ്ണുനീരിനെ മറി കടക്കാത്ത ദൈവം മുമ്പിലത്തെപ്പോലെ മുൻമഴയും പിൻമഴയും പെയ്യിച്ച് തുള്ള

നും, വെട്ടുക്കിളിയും, വിട്ടിലും, പച്ചപ്പുഴുവും തിന്നു കളഞ്ഞതെല്ലാം മടക്കിത്തരികയും ചെയ്യും (യോവേൽ 2:22-27). സഭാപ്രസംഗി പറയുന്നതു പോലെ കരയുവാനും വിലപിപ്പാനും ഒരു കാലം ചിലപ്പോൾ ഉണ്ടെങ്കിലും, ചിരിപ്പാനും നൃത്തം ചെയ്യുവാനും ഒരു കാലവും ദൈവം നമുക്ക് ഒരുക്കുമെന്നുള്ളത് നിശ്ചയമാണ് (സഭാ.3:4). സന്ധ്യയിങ്കൽ കരച്ചിൽ വന്ന് രാപാർക്കുമെങ്കിലും ഉഷസ്സിൽ ആനന്ദഘോഷം ദൈവം നൽകിത്തരും. (സങ്കീ.30:5).

വിത്തു ചുമന്ന് കരഞ്ഞു വിതച്ചും കൊണ്ട് നടക്കുന്ന ഒരു ദൈവപൈതലിന് കറ്റ ചുമന്നും ആർത്തും കൊണ്ട് വരുന്ന ഒരു അനുഭവവും ദൈവം ഒരുക്കും (സങ്കീ.126:6).

കർത്താവ് പറഞ്ഞു "ഇപ്പോൾ കരയുന്നവരായ നിങ്ങൾ ഭാഗ്യവാന്മാർ നിങ്ങൾ ചിരിക്കും" (ലൂക്കോ.6:21).

യേശുവിന്റെ ക്രൂശികരണത്തോടുള്ള ബന്ധത്തിൽ കരഞ്ഞു കൊണ്ട് തന്നെ അനുഗമിച്ച യരുശലേം പുത്രിമാരോട് യേശു പറഞ്ഞു: "നിങ്ങൾ എന്നെ ചൊല്ലി കരയേണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവീൻ" (ലൂക്കോ.23:28). "നിന്റെ കുഞ്ഞുങ്ങളുടെ ജീവരക്ഷക്കായി, രാത്രിയിൽ യാമാരംഭത്തിൽ എഴുന്നേറ്റ് നിലവിളിക്കുവാനും, ഹൃദയത്തെ വെള്ളം പോലെ കർതൃസന്നിധിയിൽ പകരുവാനും, ദൈവത്തിങ്കലേക്ക് കൈ മലർത്തി പ്രാർത്ഥിക്കുവാനും" യിരമ്യാവ് നമ്മെ ഉദ്ബോധിപ്പിക്കുന്നു (വിലാ. 2:19)

ദാവീദ് സങ്കീർത്തനം 6:8-ൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ദൈവം എന്റെ കരച്ചിലിന്റെ ശബ്ദം കേട്ടിരിക്കുന്നു." ദൈവം ഹിസ്ക്കിയാ രാജാവിനോട് പറഞ്ഞു: "ഞാൻ നിന്റെ കണ്ണുനീർ കണ്ടിരിക്കുന്നു" (2 രാജ.20:5).

യേശു കരച്ചിലിന്റെ ശബ്ദം കേൾക്കയും കണ്ണുനീർ കാണുകയും ചെയ്താൽ മറുപടി ഉടൻ ലഭിക്കുമെന്നുള്ളത് നാം മറന്നു പോകരുത്. യേശു നയീൻ എന്ന പട്ടണത്തിലേക്ക് പോകുമ്പോൾ ഒരു വിധവ തന്റെ ഏകജാതനായ മകന്റെ വേർപാടിൽ ദുഃഖിച്ച് കരഞ്ഞ് നിലവിളിച്ച് ശവം അടക്കാനായി കൊണ്ടു പോകുന്ന വിലാപയാത്രയിൽ യേശു അവളുടെ കണ്ണുനീർ കണ്ട് മനസ്സലിഞ്ഞു. മരിച്ചവനെ ജീവനുള്ളവനായി തിരിച്ച് അവൾക്ക് നൽകി(ലൂക്കോ.7:11-15).

യെശയ്യാവ് വിളിച്ചു പറയുന്നു: "യെരുശലേമ്യരായ സീയോൻ നിവാസികളെ ഇനി കരഞ്ഞു കൊണ്ടിരിക്കേണ്ട. നിങ്ങളുടെ നിലവിളിയുടെ ശബ്ദത്തിങ്കൽ അവന് നിശ്ചയമായിട്ട് കരുണ തോന്നും. അത് കേൾക്കുമ്പോൾ തന്നെ അവൻ ഉത്തരം അരുളും. കർത്താവ് നിങ്ങൾക്ക് കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവ് മറഞ്ഞിരിക്കയില്ല. നിന്റെ കണ്ണ് നിന്റെ ഉപദേഷ്ടാവിനെ കണ്ടു കൊണ്ടിരിക്കും"(യെശ.30:19,20).

ബഥാന്യയിലെ മാർത്തയുടെയും മറിയയുടെയും സഹോദരനായ ലാസറിന്റെ വേർപാട് സഹോദരിമാർക്ക് താങ്ങുവാൻ കഴിയുന്ന ദുഃഖം അല്ലായിരുന്നു. അവർ വളരെ കരഞ്ഞു; അസുഖമായി കിടന്നപ്പോൾ യേശു വന്ന് സൗഖ്യമാക്കുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ അവരുടെ പ്രതീക്ഷയെല്ലാം നശിച്ചു. ശവത്തിൽ നിന്ന് നാറ്റവും വമിച്ചു തുടങ്ങി. ഇനിയും ഒടുക്കത്തെ പുനരുത്ഥാനത്തിൽ മാത്രമേ സഹോദരൻ ഉയിർത്തെഴുന്നേൽക്കയുള്ളു എന്ന ചിന്തയും അവരെ ഭരിച്ചു; എന്നാൽ യേശു ലാസറിനെ ഉയിർപ്പിക്കുവാനായി ബഥാന്യയിൽ വന്നു. യേശുവിനറിയാം താൻ ലാസറിനെ ഉയർപ്പിക്കുവാൻ പോകുകയാണെന്ന്. ഈ അറിവ് യേശുവിൽ ഉണ്ടായിരിക്കെ തന്നെ കരയുന്ന സഹോദരിമാരുടെ കരച്ചിലിന്റെ മുമ്പിൽ യേശുവിന്റെ ഹൃദയം തകർന്നു. യേശു അവരോട് കൂടെ കണ്ണുനീർ വാർത്തു (യോഹ.11:35). നോക്കുക നമ്മുടെ കരച്ചിലിന്റെയും കണ്ണുനീരിന്റെയും മുമ്പിൽ അകന്നു പോകുന്ന ഒരു ദൈവമല്ല നമുള്ളത്. “ദൈവം നമ്മുടെ സങ്കേതവും ബലവുമാകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു”(സങ്കീ.46:1).

കർത്താവിന്റെ കല്ലറയുടെ വാതില്ക്കൽ കരഞ്ഞു കൊണ്ടിരിക്കുന്ന മഗ്ദലക്കാരത്തി മറിയക്കു വേണ്ടി; ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അപ്പൊസ്തലന്മാർക്ക് സ്വയം വെളിപ്പെടുത്തുന്നതിന് മുമ്പ് തന്നെത്തന്നെ വെളിപ്പെടുത്തുകയും, താൻ ഉയിർത്തെഴുന്നേറ്റു എന്ന വാർത്ത ശിഷ്യന്മാരെ അറിയിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്ത വസ്തുത തിരുവചനത്തിൽ നിന്ന് നാം മനസ്സിലാക്കുന്നു (യോഹ.20:11–18).

കർത്താവിന്റെ ഈ മാതൃക നാമും പിൻപറ്റേണ്ടതാകുന്നു. പൗലോസ് ഇതിനെക്കുറിച്ച് പറയുമ്പോൾ “സന്തോഷിക്കുന്നവരോട് കൂടെ സന്തോഷിക്കുകയും കരയുന്നവരോട് കൂടെ കരയുകയും ചെയ്യേണം” (റോമ. 12:15)

മനുഷ്യജീവിതം കരച്ചിലിനോട് കൂടെ ആരംഭിച്ച് അനേകരെ കരയിപ്പിച്ചു കൊണ്ട് കടന്നു പോകുന്ന ഒരു ചെറിയ കാലയളവ് മാത്രമാണ്. ആസാഫ് പറഞ്ഞതു പോലെ “കണ്ണുനീരിന്റെ അപ്പം തിന്നുകയും, അനവധി കണ്ണുനീർ കുടിക്കുകയും ചെയ്യേണ്ടി വരും” (സങ്കീ.80:5). ദാവീദ് പറയുന്നതു പോലെ നമ്മുടെ പാനീയത്തിൽ കണ്ണുനീർ കലക്കേണ്ടി വരുന്ന അനുഭവങ്ങളും ധാരാളം ഉണ്ടായി എന്ന് വരാം, എന്നാൽ നമ്മുടെ വിലാപത്തെ നൃത്തമാക്കിത്തീർക്കുന്ന ഒരു ദൈവം നമ്മക്ക് വേണ്ടി ജീവിക്കുന്നു എന്നുള്ളതും എത്രയോ സന്തോഷപ്രദമാണ്. ഉത്തമഗീത പുസ്തകത്തിൽ പ്രീയൻ പ്രീയയോട് പറയുന്നത് “പാറയുടെ പിളർപ്പിലും കടുത്തൂക്കിന്റെ മറവിലും ഇരിക്കുന്ന എന്റെ പ്രാവേ! ഞാൻ നിന്റെ മുഖം ഒന്നു കാണട്ടെ, നിന്റെ സ്വരം ഒന്നു കേൾക്കട്ടെ. നിന്റെ സ്വരം ഇമ്പമുള്ളതും, മുഖം

സൗന്ദര്യമുള്ളതും ആകുന്നു" (ഉത്ത.2:14). പ്രാവിന്റെ കണ്ണിനെ നോക്കിയാൽ എപ്പോഴും കണ്ണുനീർ തുളുമ്പി നില്ക്കുന്ന ഒരു കണ്ണായി നമുക്ക് തോന്നും. ഇത് പ്രീയൻ നമ്മിൽ നിന്ന് കാണുവാൻ ആഗ്രഹിക്കുന്നു; ആകയാൽ കണ്ണുനീർ താഴ്വരയിൽ കൂടെ പോകേണ്ടി വന്നാലും ഭാരപ്പെടരുത്. ഒടുവിൽ അതിനെ ദൈവം അനുഗ്രഹകരമാക്കി മാറ്റും. ബൈബിൾ ആദിയോടന്തം പരിശോധിച്ചാൽ എവിടെയും കണ്ണുനീർ കാണാൻ കഴിയും എന്നാൽ വെളിപ്പാട് പുസ്തകം അവസാനിക്കുമ്പോൾ ഇതാ ഒരു വലിയ സന്തോഷ വാർത്ത നല്കിത്തരുന്നു. "ഇതാ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. മനുഷ്യരോട് കൂടെ ദൈവത്തിന്റെ കൂടാരം അവൻ അവരോട് കൂടെ വസിക്കും. അവൻ അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ എല്ലാം തുടച്ചു കളയും. ഇനി മരണം ഉണ്ടാകയില്ല. ദുഃഖവും മുറവിളിയും, കഷ്ടതയും ഇനി ഉണ്ടാകയില്ല" (വെളി.21:1-5). ഈ കാര്യം യെശയ്യാവും വിളിച്ചു പറയുന്നു: "ഞാൻ യരുശലേമിനെക്കുറിച്ച് സന്തോഷിക്കുകയും എന്റെ ജനത്തെക്കുറിച്ച് ആനന്ദിക്കുകയും ചെയ്യും, കരച്ചിലും നിലവിളിയും ഇനിയും അതിൽ കേൾക്കയില്ല" (യെശ.65:17-19).

നമ്മുടെ ദുഃഖങ്ങളും, കഷ്ടതകളും, പ്രയാസങ്ങളും, കണ്ണുനീരും, വേദനയും എല്ലാം എന്നേക്കുമായി മാറിപ്പോകുവാൻ സമയം അടുത്തു പോയി. എന്റെ യേശു വരുവാൻ കാലമായി. നമുക്ക് നമ്മുടെ തലകളെ ഉയർത്താം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

# 2

# കൂരിരുൾ താഴ്‌വര

ആരും യാത്ര ചെയ്യുവാൻ ആഗ്രഹിക്കാത്ത ഒരു താഴ്‌വരയാണ് കൂരിരുൾ താഴ്‌വര. എന്നാൽ ഏതൊരു മനുഷ്യനും കടന്നു പോകേണ്ട ഒരു താഴ്‌വരയാണിത്. എന്നാൽ ഒരു ലോക മനുഷ്യനും, ഒരു ദൈവ പൈതലും വ്യത്യസ്ത കാഴ്ചപ്പാടിൽ കൂടെയാണ് ഇതിനെ തരണം ചെയ്യുന്നത്. ലോകമനുഷ്യൻ ഈ താഴ്‌വരയിൽ കൂടി യാത്ര ചെയ്യുമ്പോൾ അവൻ നിരാശനായി, തോൽവി അടഞ്ഞവനായി, വെളിച്ചത്തിന്റെ കിരണം ദർശിക്കാതെ, തന്നെത്താൻ നശിപ്പിക്കുവാൻ തയ്യാറെടുക്കുന്നു. ഒരു ഉദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം.

ഒരിക്കൽ കൊച്ചുമോൻ ഉള്ള ഒരു വീട്ടിൽ രാത്രിയിൽ പെട്ടെന്നു കറന്റു പോയി. ഉടനെ അവൻ നിലവിളിച്ചു, എനിക്ക് പേടിയാണേ, ആരുമില്ലേ, ഓടി വായോ എന്ന്. ഉടനെ വീട്ടിലുള്ള ആരോ വിളിച്ചു പറഞ്ഞു, മോനേ, പേടിക്കണ്ട, യേശു അപ്പച്ചൻ അവിടെയുണ്ട് എന്ന്. ഉടനെ അവൻ വീണ്ടും കരഞ്ഞു, അയ്യോ, എനിക്കു പേടിയാണേ യേശു അപ്പച്ചൻ ഇവിടെയുണ്ടേ, എന്നു പറഞ്ഞാണ് ഇപ്പോഴത്തെ കരച്ചിൽ. നേരത്തെ അവന്റെ പേടി ആരും ഇല്ലെന്നു പറഞ്ഞായിരുന്നു, ഇപ്പോൾ അവന്റെ പേടി ആരോ ഉണ്ടെന്നു പറഞ്ഞാണ്.

യേശു കൂടെയുണ്ടെന്ന് വിശ്വസിക്കുന്നവരു പോലും പലപ്പോഴും കൂരിരുൾ താഴ്‌വരയിൽ കൂടെ പോകുമ്പോൾ ഈ ബാലനേപ്പോലെ പിന്നെയും അയ്യം വിളിച്ച് വിലപിക്കുന്നവരാണ്.

പകലിന്റെ ശ്രേഷ്ഠത നാം മനസ്സിലാക്കുന്നത് രാത്രി ഉള്ളതു കൊണ്ടാണ്. കയ്പ് ഇല്ലായിരുന്നുവെങ്കിൽ മധുരത്തിന്റെ മധുരിമ നാം ഒരിക്കലും അറിയുകയില്ലായിരുന്നു. ഒരു കയറ്റം ഉണ്ടെങ്കിൽ അതിന്റെ അപ്പുറത്ത് ഒരു ഇറക്കം നിശ്ചയമായും ഉണ്ട്. ഒരു കറുത്തവാവ് ഉണ്ടെങ്കിൽ അതിന്റെ അപ്പുറത്ത് ഒരു വെളുത്ത വാവും ഉണ്ട്. എന്നാൽ സങ്കീർത്തനക്കാരനായ ആസാഫ് 81-ാം സങ്കീർത്ത

നത്തിൽ പറയുന്നതുപോലെ, അമാവാസിയിലും നമ്മുടെ ഉത്സവ ദിവസമായ പൗർണ്ണമാസിയിലും നാം കാഹളം ഊതുന്ന കാര്യം മറന്നു പോകരുത്.

ഭക്തന്മാരായി ജീവിച്ച ദൈവദാസന്മാർ എല്ലാവരും കൂരിരുൾ താഴ്വരയിൽ കൂടെ കടന്നു പോയവർ ആണ്. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദ് ഇരുപത്തിമൂന്നാം സങ്കീർത്തനത്തിൽ ഇങ്ങനെ പാടി "കൂരിരുൾ താഴ്വരയിൽക്കൂടി നടന്നാലും ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല, നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു". ഈ വാക്യത്തിന്റെ ഇംഗ്ലീഷ് പരിഭാഷയിൽ 'മരണ നിഴലിൻ താഴ്വര' എന്നാണ്.

ഈ വാക്യത്തിൽ നിന്ന് നാം മനസ്സിലാക്കുന്നത് കൂരിരുൾ താഴ്വര ഇല്ലെന്നല്ല, ഉണ്ടായാലും ഞാൻ ഭയപ്പെടുകയില്ല. അതിന്റെ കാരണം ഇരുട്ടിനെ വെളിച്ചമാക്കിത്തീർക്കുവാൻ കഴിയുന്നവൻ എന്റെ കൂടെയുണ്ട് എന്നുള്ളതാണ്.

നമ്മുടെ നാട്ടിൽ പണ്ട് രണ്ടു മൂന്നു ചെറുപ്പക്കാർ പന്തയം വെച്ചു പറഞ്ഞു അർദ്ധരാത്രിയിൽ പള്ളിയുടെ ശവക്കോട്ടയിൽ ചെന്ന് ഉയരമുള്ള കല്ലറയുടെ പുറത്തു മൂന്ന് ആണി അടിച്ചിട്ടു വരുവാൻ ആർക്കാണ് ധൈര്യം ഉള്ളത് എന്ന്. ഇതു കേട്ട ഒരു ചെറുപ്പക്കാരൻ ഇതിനു തയ്യാറായി. അവൻ അർദ്ധരാത്രിയിൽ ചെന്ന് ഇവർ പറഞ്ഞതു പോലെ മൂന്ന് ആണി കല്ലറയുടെ പുറത്തു അടിച്ചിട്ടു വന്നു; പിറ്റേദിവസം രാവിലെ മറ്റുള്ളവർ ഇവന് എങ്ങനെ ഇത്ര ധൈര്യം വന്നു എന്ന് അന്വേഷിച്ചു. അപ്പോൾ അവൻ പറഞ്ഞു, ഞാനിതു ചെയ്യുന്നുണ്ടോ എന്ന് നോക്കുവാൻ ഏതായാലും നിങ്ങൾ മൂന്നാലു പേർ എങ്കിലും അതിന്റെ പരിസരത്തു കാണും എന്ന് എനിക്കുറപ്പുണ്ടായിരുന്നു. നിങ്ങൾ അവിടെ ഉണ്ടെന്നുള്ള ഉറപ്പ് എന്റെ ഭയം മാറ്റി.

അതേ കൂരിരുൾ എപ്പോഴും നമ്മെ ഭയപ്പെടുത്തുമെങ്കിലും അതിന്റെ നടുവിൽ എന്നോടു കൂടെ എന്റെ യേശു ഉണ്ടെന്നുള്ള അറിവും അതിനാൽ ലഭിക്കുന്ന ഉറപ്പും നമ്മുടെ ഭയത്തെ ദുരീകരിപ്പാൻ ഇടയായിത്തീരും.

ഭക്തനായ ഇയ്യോബു പറയുന്നു "എനിക്കു കടന്നു കൂടാതെവണ്ണം എന്റെ വഴി കെട്ടിയടച്ചു. എന്റെ പാതകൾ ഇരുട്ടാക്കിയിരുന്നു"(ഇയ്യോ.19:8). "ഞാൻ നന്മയ്ക്കായി നോക്കിയിരുന്നപ്പോൾ തിന്മവന്നു. വെളിച്ചത്തിനായി കാത്തിരുന്നപ്പോൾ ഇരുട്ടു വന്നു" (ഇയ്യോ.30:26). "നീ എന്നെ ഏറ്റവും താണ കുഴിയിലും, ഇരുട്ടിലും, ആഴങ്ങളിലും ഇട്ടിരിക്കുന്നു" (സങ്കീ.88:6).

യിസ്രായേൽ മിസ്രയീമിൽ നിന്ന് പുറപ്പെട്ട് കനാനിലേക്കുള്ള യാത്രയിൽ കൂരിരുൾ ഉള്ള ദേശമായി മനുഷ്യ സഞ്ചാരമോ, ആൾപ്പാ

ർപ്പോ ഇല്ലാത്ത ദേശത്തു കൂടി അവരെ നടത്തിക്കൊണ്ടു വന്നു. എ ങ്കിലും, പകൽ മേഘസ്തംഭത്തിലും രാത്രി അഗ്നി സ്തംഭത്തിലും ദൈവം അവർക്ക് വഴികാട്ടിയായിരുന്നു (യിരമ്യാ 2:6).

മീഖാ 7:7–8 ലും ഇപ്രകാരം പറയുന്നു "ഞാനോ യഹോവയിങ്ക ലേക്ക് നോക്കും, എന്റെ രക്ഷയുടെ ദൈവത്തിനായി കാത്തിരിക്കും, എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കും, എന്റെ ശത്രുവായവ ളേ, എന്നെച്ചൊല്ലി സന്തോഷിക്കരുത്, വീണു എങ്കിലും, ഞാൻ വീണ്ടും എഴുന്നേല്ക്കും, ഞാൻ ഇരുട്ടത്ത് ഇരുന്നാലും യഹോവ എനിക്ക് വെളിച്ചമായിരിക്കുന്നു." ദാവീദു പാടുന്നു: "യഹോവേ നീ എന്റെ ദീപം ആകുന്നു. യഹോവ എന്റെ അന്ധകാരത്തെ പ്രകാശ മാക്കും" (2ശമു. 22:29).

"നിങ്ങളിൽ യഹോവയെ ഭയപ്പെടുകയും അവന്റെ ദാസന്റെ വാക്ക് കേട്ടനുസരിക്കയും ചെയ്യുന്നവൻ ആർ? തനിക്ക് പ്രകാശമി ല്ലാതെ അന്ധകാരത്തിൽ നടന്നാലും, അവൻ യഹോവയുടെ നാമ ത്തിൽ ആശ്രയിച്ച് തന്റെ ദൈവത്തിന്മേൽ ചാരിക്കൊള്ളട്ടെ" (യെശ.50:10). നേരുള്ളവർക്ക് ഇരുട്ടിൽ വെളിച്ചം ഉദിപ്പിക്കുന്നവനാണ് നമ്മുടെ ദൈവം (സങ്കീ.112:4).

ചെങ്കടലിന്റെ തീരത്തു വെച്ച്, മിസ്രയീമ്യർ, "ഞാൻ പിന്തുടരും, പിടിക്കും, കൊള്ള പങ്കിടും, എന്റെ ആശ അവരാൽ പൂർത്തിയാ കും, ഞാൻ എന്റെ വാൾ ഊരും, എന്റെ കൈ അവരെ നിഗ്രഹിക്കും" എന്നു പറഞ്ഞ് പിന്തുടർന്നപ്പോൾ (പുറപ്പാട് 15:9,14:19,20) യിസ്രാ യേല്യരുടെ സൈന്യത്തിനു മുമ്പായി നടന്ന ദൈവദൂതൻ അവിടെ നിന്ന് മാറി അവരുടെ പിന്നാലെ നടന്നു. മേഘസ്തംഭവും, അവരുടെ മുമ്പിൽ നിന്നു മാറി പിമ്പിൽ പോയി നിന്നു. രാത്രി മുഴുവനും, മി സ്രയീമ്യരുടെ സൈന്യവും, യിസ്രായേല്യരുടെ സൈന്യവും തമ്മിൽ അടുക്കാതെവണ്ണം അത് അവരുടെ മദ്ധ്യേ വന്നു. അവർക്കു മേ ഘവും അന്ധകാരവും ആയിരുന്നു. യിസ്രായേല്യർക്കോ രാത്രിയെ പ്രകാശമാക്കിക്കൊടുത്തു.

പ്രവാചകനായ ആമോസ് വിളിച്ചു പറയുന്നു: "കാർത്തികയെയും മകയിരത്തെയും, സൃഷ്ടിക്കയും അന്ധതമസ്സിനെ പ്രഭാതമാക്കി മാറ്റു കയും ചെയ്യുന്ന ദൈവത്തെ നാം അന്വേഷിക്കുവാൻ" (ആമോ. 5:8). രാത്രിയുടെ മൂന്നു യാമങ്ങളിലും ചിലപ്പോൾ ഉത്തരം ലഭിച്ചില്ലാ യെന്നു കരുതി നിരാശപ്പെടരുത്, രാത്രിയുടെ നാലാം യാമത്തിൽ നിശ്ചയമായും ഇറങ്ങിവന്ന് പ്രവർത്തിക്കുന്നവനാണ് നമ്മുടെ യേശു ക്രിസ്തു.

പതിന്നാലു ദിവസം സൂര്യനെയോ നക്ഷത്രങ്ങളെയോ കാണാ ത്ത കറുത്ത വാവിന്റെ ദിനങ്ങളായിരുന്നു പൗലൂസിന്റെയും കൂടെ യുള്ളവരുടെയും കപ്പൽയാത്ര. രക്ഷ പെടും എന്നുള്ള ആശയെല്ലാം അറ്റു പോയ ദിവസങ്ങൾ. എന്നാൽ ഉടയുന്ന കപ്പലിൽ ഉടയാത്ത

ദൈവസേവ ചെയ്ത പൗലോസിനു വേണ്ടി ദൈവം അത്ഭുതങ്ങൾ പ്രവർത്തിച്ചു (പ്രവൃ.27).

തടവറയിൽ കിടന്ന പത്രോസിനു വേണ്ടിയും, പൗലോസിനും ശീലാസിനും വേണ്ടിയും രാത്രിയാമങ്ങളിൽ വിടുതൽ ഒരുക്കിയ ദൈവം നിന്റെ കൂരിരുൾ താഴ്‌വരയിൽ കൂടിയുള്ള യാത്രയിൽ നിന്നെ കൈവിടുകയില്ല.

രാത്രിയുടെ ഭീകരാന്തരീക്ഷത്തിൽ നടന്ന് വലഞ്ഞ് ക്ഷീണിച്ചു വന്ന യാത്രികൻ കാവല്ക്കാരനോട് ചോദിച്ചു. “കാവല്ക്കാരാ, കാവല്ക്കാരാ, രാത്രി എന്തായി?” (യെശ.21:11,12). ആ ചോദ്യത്തിൽ തന്നെ രാത്രി മാറി പ്രകാശം വരാറായോ എന്ന അവന്റെ ആകാംഷ നാം മനസ്സിലാക്കുന്നു. അതിന് ശരിയായ ഉത്തരം കൊടുക്കുന്നത് പൗലൂസ് ആണ്. “രാത്രി കഴിവാറായി, പകൽ അടുത്തിരിക്കുന്നു”(റോമ.13:12). പൗലൂസ് പറയുന്നതിനേക്കാൾ വലിയ പ്രത്യാശ കർത്താവ് വെളിപ്പാടിൽ കൂടെ നമുക്ക് തരുന്നു. “ഇനി രാത്രി ഉണ്ടാകയില്ല” (വെളി.22:5). നമ്മുടെ കൂരിരുളിന്റെ അനുഭവം എന്നേക്കുമായി മാറുവാൻ പോകയാണ്. നമ്മുടെ വാഗ്ദത്ത നാടിനോട് നാം അടുത്തു കൊണ്ടിരിക്കുന്നു. അതിനാൽ നമുക്ക് തലകളെ ഉയർത്താം ഉണരാം അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

# 3

## മരണനിഴലിൻ താഴ്‌വര

ആദാമ്യപാപം മുതൽ മനുഷ്യനെ പിന്തുടരുന്ന ഒരു നിഴൽ ആ ണ് മരണത്തിന്റെ നിഴൽ, തിരുവചനം പഠിക്കുമ്പോൾ നാലു കാര്യ ങ്ങളാണ് വാതില്ക്കൽ നില്ക്കുന്നതായി കാണുന്നത്. ദൈവം കയീ നോട് പറയുമ്പോൾ "പാപം വാതില്ക്കൽ കിടക്കുന്നു. അതിന്റെ ആഗ്രഹം നിങ്കലേക്കാകുന്നു. നീയോ അതിനെ കീഴടക്കേണം എന്ന് കല്പിച്ചു" (ഉല്പ. 4:7).

രണ്ടാമതായി വാതില്ക്കൽ നില്ക്കുന്നത് മരണമാണ്. ഇതിനേ ക്കുറിച്ച് അപ്പൊസ്തലനായ പത്രോസ് പറയുമ്പോൾ "ഇതാ നിന്റെ ഭർത്താവിനെ കുഴിച്ചിട്ടവരുടെ കാൽ വാതില്ക്കൽ ഉണ്ട്. അവർ നി ന്നെയും പുറത്തു കൊണ്ടു പോകും."(പ്രവ.5:9).

മൂന്നാമത് വാതില്ക്കൽ നില്ക്കുന്നത് ന്യായവിധിയാണ്; യാ ക്കോബ് ഇതിനെക്കുറിച്ച് പറയുമ്പോൾ "സഹോദരന്മാരേ, വിധി ക്കപ്പെടാതിരിപ്പാൻ ഒരുവന്റെ നേരെ ഒരുവൻ ഞരങ്ങിപ്പോകരുത്. ഇതാ ന്യായാധിപതി വാതില്ക്കൽ നില്ക്കുന്നു"(യാക്കോ. 5:9)."

നാലാമത് വാതില്ക്കൽ നില്ക്കുന്നത് കർത്താവാണ്. യേശു ക്രിസ്തു പറഞ്ഞു: "അങ്ങനെ നിങ്ങൾ ഇതൊക്കെയും കാണു മ്പോൾ അവൻ അടുക്കെ വാതില്ക്കൽ തന്നെ ആയിരിക്കുന്നു എന്ന് അറിഞ്ഞു കൊൾവിവീൻ"(മത്താ.24:33).

"ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയ മിച്ചിരിക്കുകയാണ്" (എബ്രാ.9:27). "ഏകമനുഷ്യനാൽ പാപവും പാപ ത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു" (റോ മ.5:12).

"ആത്മാവിനെ തടുപ്പാൻ ആത്മാവിന്മേൽ അധികാരമുള്ള ഒരു

മനുഷ്യനുമില്ല. മരണദിവസത്തിന്മേൽ അധികാരമുള്ളവനും ഇല്ല" (സഭാപ്ര. 8:8).

ആദാമ്യവർഗ്ഗം ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നു. എന്നാൽ യേശുക്രിസ്തു അതിൽ നിന്ന് നമ്മെ വിടുവിക്കേണ്ടതിന് അവനും നമ്മേപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്ന നമ്മെ വിടുവിക്കുകയും (എബ്രാ. 2:14,15) അതിനാൽ ഒരു ദൈവപൈതലിന്റെ മരണത്തെ നിദ്രയാക്കി മാറ്റുകയും ചെയ്തു. "നീതിമാനോ മരണത്തിലും പ്രത്യാശയുണ്ട്" (സദൃശ്യ. 14:32).

സങ്കീർത്തനത്തിൽ ദാവീദ് പാടുന്നു "കൂരിരുൾ താഴ്വരയിൽ (മരണനിഴലിൻ താഴ്വര) കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല."

ദാവീദ് പലപ്പോഴും മരണത്തെ മുഖാമുഖം കണ്ട സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരിക്കൽ ദാവീദ് യോനാഥാനോടു പറഞ്ഞു "എനിക്കും മരണത്തിനും മദ്ധ്യേ ഒരടി അകലം മാത്രമേ ഉള്ളു" (1ശമു.20:3). ശൗലും തന്റെ പടജ്ജനവും ദാവീദിനേയും അവന്റെ ആളുകളേയും വളഞ്ഞു പിടിപ്പാനടുത്ത സന്ദർഭം ഉണ്ടായപ്പോഴും, ദൈവം അതിൽ നിന്ന് തന്നെ വിടുവിച്ചിട്ടുണ്ട്. (1ശമു. 23:26,27).

ദാവീദു പാടുമ്പോൾ ഇങ്ങനെ പാടുന്നു "എന്റെ ഹൃദയം എന്റെ ഉള്ളിൽ വേദനപ്പെട്ടിരിക്കുന്നു. മരണ ഭീതിയും എന്റെ മേൽ വീണിരിക്കുന്നു, ഭയവും വിറയലും എന്നെ പിടിച്ചിരിക്കുന്നു. പരിഭ്രമം എന്നെ മൂടിയിരിക്കുന്നു. പ്രാവിനുള്ളതു പോലെ എനിക്കു ചിറകുണ്ടായിരുന്നുവെങ്കിൽ, എന്നാൽ ഞാൻ പറന്നു പോയി വിശ്രമിക്കുമായിരുന്നു എന്നു ഞാൻ പറഞ്ഞു" (സങ്കീ.55:5,6)

സങ്കീ.116:3,4-ലും സങ്കീർത്തനക്കാരൻ പറയുന്നു: "മരണപാശങ്ങൾ എന്നെ ചുറ്റി, പാതാളവേദനകൾ എന്നെ പിടിച്ചു. ഞാൻ കഷ്ടവും സങ്കടവും അനുഭവിച്ചു. അയ്യോ, യഹോവേ, എന്റെ പ്രാണനെ രക്ഷിക്കണമേ എന്നു ഞാൻ യഹോവയുടെ നാമം വിളിച്ചപേക്ഷിച്ചു" (116:8). നീ എന്റെ പ്രാണനെ മരണത്തിൽ നിന്നും എന്റെ കണ്ണിനെ കണ്ണുനീരിൽ നിന്നും എന്റെ കാലിനെ വീഴ്ചയിൽ നിന്നും രക്ഷിച്ചിരിക്കുന്നു.

പ്രവാചകനായ യോന അനുസരണക്കേട് കാണിച്ച് നിനവേയിലേക്ക് പോകാതെ തർശീശിലേക്ക് പോയപ്പോൾ ദൈവം തന്റെ യാത്രയെ തടസ്സപ്പെടുത്തുകയും, സമുദ്രത്തിൽ വലിയ പെരുങ്കാറ്റ് അടിപ്പിച്ച് തന്നെ അതു മനസ്സിലാക്കുകയും ചെയ്തു. ദൈവീക പ്ലാൻ മനസ്സിലാക്കിയ യോന; കരയും കടലും ഉണ്ടാക്കിയ ദൈവത്തിലുള്ള വലിയ വിശ്വാസത്തിൽ ധൈര്യപ്പെട്ട് തന്നെ സമുദ്രത്തിൽ ഇടുവാൻ

നിർദേശിക്കുകയും കപ്പലിൽ ഉണ്ടായിരുന്നവർ അങ്ങനെ ചെയ്യുകയും ചെയ്തു.

സമുദ്രത്തിൽ വീണ യോനയെ ദൈവം കല്പ്പിച്ചാക്കിയ മഹാമത്സ്യം വിഴുങ്ങി. ഇപ്പോൾ യോന മരണത്തിന്റെ താഴ്വരയിൽ കൂടിയുള്ള യാത്രയാണ് ചെയ്യുന്നത്. അതിനെക്കുറിച്ച് താൻ പറയുന്നത് "വെള്ളം പ്രാണനോളം എന്നെ വളഞ്ഞു; ആഴി എന്നെ ചുറ്റി. കടൽപ്പുല്ല് എന്റെ തലപ്പാവായിരുന്നു, ഞാൻ പർവ്വതങ്ങളുടെ അടിവാരങ്ങളോളം ഇറങ്ങി, ഭൂമി തന്റെ ഓടാമ്പലുകളാൽ എന്നെ സദാകാലത്തേക്കും അടച്ചിരുന്നു. നീയോ എന്റെ ദൈവമായ യഹോവേ, എന്റെ പ്രാണനെ കുഴിയിൽ നിന്ന് കരേറ്റിയിരിക്കുന്നു" (യോന.2:5,6). മരണവേദനയാൽ യോന മത്സ്യത്തിന്റെ വയററിൽ നിന്ന് അയ്യം വിളിച്ച് ദൈവത്തോടു നിലവിളിച്ചു. തന്റെ പ്രാർത്ഥന ദൈവസന്നിധിയിൽ ചെല്ലുകയും, ദൈവം കല്പിച്ചിട്ട് യോനയെ മത്സ്യം കരെയ്ക്കു ഛർദ്ദിച്ചു കളകയും ചെയ്തു.

ദൈവദാസനായ ഹിസ്ക്കിയാവ് മരിക്കത്തക്ക രോഗം വന്ന് മരണനിഴലിൻ താഴ്വരയിൽ കൂടി കടന്നു പോയി. തനിക്ക് രോഗസൗഖ്യം ലഭിച്ച ശേഷം താൻ അതിനെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു. "എന്റെ ആയുസ്സിന്റെ മദ്ധ്യാഹ്നത്തിൽ ഞാൻ പാതാളവാതിലകം പൂകേണ്ടി വരുന്നു. എന്റെ ആണ്ടുകളുടെ ശേഷിപ്പും എനിക്കില്ലാതെ പോയി എന്ന് ഞാൻ പറഞ്ഞു. ഞാൻ യഹോവയെ കാണുകയില്ല. ഞാൻ ഭൂവാസികളുടെ ഇടയിൽ വെച്ച് ഇനി മനുഷ്യനെ കാണുകയില്ല എന്നു ഞാൻ പറഞ്ഞു. എന്റെ പാർപ്പിടം നീങ്ങി ഒരു ഇടയകൂടാരം പോലെ എന്നെ വിട്ടു പോയിരിക്കുന്നു. നെയ്ത്തുകാരൻ തുണി ചുരുട്ടും പോലെ ഞാൻ എന്റെ ജീവനെ ചുരുട്ടി വെയ്ക്കുന്നു" (യെശ. 38:10,11,12).

ഹിസ്ക്കിയാവിന്റെ പ്രാർത്ഥനയും, കരിച്ചിലും കണ്ട ദൈവം തന്റെ ആയുസ്സിനോട് കൂടെ പതിനഞ്ചു സംവത്സരം നീട്ടി ക്കൊടുത്തു.

അപ്പൊസ്തലനായ പൗലോസും മരണനിഴലിൻ താഴ്വരയിൽക്കൂടി കടന്നു പോയ സന്ദർഭങ്ങൾ പലതും ഉണ്ടായിട്ടുണ്ട്. ആസ്യയിൽ വെച്ചുണ്ടായ കഷ്ടതയെക്കുറിച്ച് താൻ വിവരിക്കുമ്പോൾ "സഹോദരന്മാരെ ആസ്യയിൽ ഞങ്ങൾക്ക് ഉണ്ടായ കഷ്ടം നിങ്ങൾ അറിയാതിരിപ്പാൻ ഞങ്ങൾക്ക് മനസ്സില്ല. ജീവനോടിരിക്കുമോ എന്നു നിരാശ തോന്നുമാറ് ഞങ്ങൾ ശക്തിക്കു മീതെ അത്യന്തം ഭാരപ്പെട്ടു. അതേ, ഞങ്ങളിൽ അല്ല മരിച്ചവരെ ഉയർപ്പിക്കുന്ന ദൈവത്തിൽത്തന്നേ ആശ്രയിപ്പാൻ തക്കവണ്ണം ഞങ്ങൾ മരിക്കും എന്ന് ഉള്ളിൽ നിർണ്ണയിക്കേണ്ടി വന്നു. ഇത്ര ഭയങ്കര മരണത്തിൽ നിന്ന് ദൈവം ഞങ്ങളെ വിടുവിച്ചു, വിടുവിക്കയും ചെയ്യും. അവൻ മേലാലും വിടുവിക്കും എന്ന് ഞങ്ങൾ അവനിൽ ആശ വെച്ചുമിരിക്കുന്നു" (2 കൊരി.1:8-10).

പൗലോസ് മരണത്തെക്കുറിച്ച് പറയുമ്പോൾ “എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു. വിട്ടു പിരിഞ്ഞ് ക്രിസ്തുവിനോടു കൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്. അത് അത്യുത്തമമല്ലോ” (ഫിലി. 1:21-23).

ക്രിസ്തീയസഭയുടെ ആദ്യനൂറ്റാണ്ടുകളിൽ അനേകർ രക്തസാക്ഷികളായി മരിച്ചു. മരണത്തെ അവർ മുഖാമുഖം കണ്ടപ്പോഴും, കർത്താവിനെ തള്ളിപ്പറയാതെ; മരണത്തിന് അപ്പുറത്തുള്ള ജീവിതത്തെ അവർ വിശ്വാസക്കണ്ണുകളാൽ കാണുകയും, അവർക്ക് വേണ്ടി രക്തം ചൊരിഞ്ഞ് മരിച്ച യേശുവിന്റെ സ്നേഹത്താൽ അവരുടെ ഉള്ളം നിറയുകയും സന്തോഷത്തോടു കൂടെ അവർ തങ്ങളുടെ ജീവനെ ഏല്പ്പിച്ചു കൊടുക്കുകയും ചെയ്തു. ലോകം അവർക്ക് യോഗ്യമായിരുന്നില്ല. എന്നാൽ അവർ എല്ലാവരും വിശ്വാസത്തിൽ മരിച്ചു.

മരണനിഴലിൻ താഴ്വരയിൽ കൂടി കടക്കേണ്ടി വന്നാലും നാം ഭയപ്പെടരുത്. സ്തേഫാനോസിന്റെ ആത്മാവിനെ സ്വീകരിച്ച കർത്താവ്, അക്കരെ നാട്ടിൽ (യോർദ്ദാനക്കരെ) നമ്മെ കാത്തിരിക്കുന്നു എന്നുള്ളത് നമുക്ക് പ്രത്യാശയും, ധൈര്യവും സന്തോഷവും നൽകുന്നു. യേശു മരണത്തെ ജയിച്ച് ഉയർത്തെഴുന്നേറ്റതിനാൽ നമുക്കും പ്രത്യാശയിൽ മുന്നേറാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

# 4

# ആഖോർ താഴ്‌വര

യിസ്രായേൽ മക്കൾ ഹായി പട്ടണത്തോട് യുദ്ധം ചെയ്ത് പരാജയപ്പെടുകയും മുപ്പത്താറു പേർ കൊല്ലപ്പെടുകയും ചെയ്തു. ശപഥാർപ്പിതം സംബന്ധിച്ച് ആഖാൻ ലംഘനം ചെയ്തു. കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായൊരു ബാബിലോന്യ മേലങ്കിയും ഇരുന്നൂറു ശേക്കൽ തൂക്കമുള്ള പൊൻകട്ടിയും കണ്ടു മോഹിച്ച് എടുത്തത് നിമിത്തമാണ് ഈ പരാജയം സംഭവിച്ചത്. ഇതിന്റെ പരിഹാരമായി അവനേയും അവന്റെ കുടുംബത്തേയും അവനുള്ള സകലത്തേയും കല്ലെറിഞ്ഞു കൊല്ലുകയും തീയിലിട്ടു ചുട്ടു കളകയും അവിടെ ഒരു വലിയ കൽക്കുന്ന് കൂട്ടുകയും ചെയ്തു. ഈ സ്ഥലത്തിനാണ് ആഖോർ താഴ്‌വര എന്നു പേർ പറയുന്നത്. (യോശു. 7:16 –26).

എന്നാൽ അനേക വർഷങ്ങൾക്ക് ശേഷം ദൈവം ഹോശേയാവിൽ കൂടെ യിസ്രായേൽ ജനത്തോട് “ഞാൻ അവളെ വശീകരിച്ച് മരുഭൂമിയിൽ കൊണ്ടു ചെന്ന് അവളോട് ഹൃദ്യമായി സംസാരിക്കും. അവിടെ നിന്ന് ഞാൻ അവൾക്ക് മുന്തിരിത്തോട്ടങ്ങളേയും പ്രത്യാശയുടെ വാതിലായി ആഖോർ താഴ്‌വരയെയും കൊടുക്കും എന്ന് അരുളിച്ചെയ്തു.(ഹോശേ. 2:14,15)”.

യിസ്രായേൽമക്കൾക്ക് ശാപഗ്രസ്തമായിരുന്ന ആഖോർ താഴ്‌വരയെ ദൈവം പ്രത്യാശയുടെ താഴ്‌വരയാക്കി മാറ്റി നല്കും എന്നാണ് ഓർപ്പിക്കുന്നത്.

ആദാമ്യ വർഗ്ഗമെല്ലാം ശാപത്തിന് അധീനരാണ്. ദൈവവചനം പ്രമാണിക്കാത്തവർ എല്ലാം ശാപത്തിന് കീഴ്പ്പെട്ടവരാണ് (ആവ. 28:15,16, സങ്കീ. 119:21, യിര. 11:3, ആവ. 11:26–28). ന്യായപ്രമാണം അറിയാത്ത പുരുഷാരം ശപിക്കപ്പെട്ടവരാകുന്നു (യോഹ.7:49). ആദാമ്യപാപത്താൽ ഈ ഭൂമിയും ശപിക്കപ്പെട്ടതാകുന്നു (ഉല്പ. 3:17).

ചിലപ്പോൾ മാതാപിതാക്കൾ തങ്ങളുടെ കോപത്തിൽ മക്കളെ ശപിച്ചു എന്നു വരാം. നോഹ തന്റെ നഗ്നത കണ്ട മകൻ ഹാമിന്റെ സന്തതി കനാനെ ശപിച്ചു (ഉല്പ. 9:21–27). യാക്കോബ് ശിമെയോനെയും ലേവിയെയും ശപിച്ചു (ഉല്പ. 49:5–7).

യോഥാമിന്റെ ശാപം ശേഖേം നിവാസികളുടെ മേൽ വന്നു (ന്യായാ.9:57). ശിമെയി ദാവീദിനെ ശപിച്ചു (2ശമു.16:5–9). യെരിഹോ പട്ടണം പണിയുന്നവരെ യോശുവ ശപിച്ചു (യോശുവ 6:26). എലീശ തന്നെ കളിയാക്കിയ ബാലന്മാരെ ശപിച്ചു (2രാജ.2:24.). യേശു ഫലം നല്കാത്ത അത്തിയെ ശപിച്ചു. ഇയ്യോബും യിരമ്യാവും ജനിച്ച ദിവസത്തെ ശപിച്ചു (ഇയ്യോ. 3:1, യിര. 20:14). ഫെലിസ്ത്യർ ദാവീദിനെ ശപിച്ചു (1ശമു.17:43). യഹോവയുടെ ശാപം ദുഷ്ടന്റെ വീട്ടിൽ ഉണ്ട് (സദൃ.3:33). നീതിമാന്മാരുടെവാസസ്ഥലത്തെയോ അവൻ അനുഗ്രഹിക്കുന്നു. ദരിദ്രനു കൊടുക്കുന്നവന് കുറെച്ചൽ ഉണ്ടാകയില്ല. കണ്ണ് അടച്ചു കളയുന്നവനോ ഏറിയൊരു ശാപം ഉണ്ടാകും (സദൃ:28:27). ധാന്യം പൂട്ടിയിട്ടിരിക്കുന്നവനെ ജനങ്ങൾ ശപിക്കും. അതു വില്ക്കുന്നവന്റെ തലമേലോ അനുഗ്രഹം വരും (സദൃ.11:26). മനുഷ്യനിൽ ആശ്രയിച്ച് ജഡത്തെ തന്റെ ഭുജമാക്കി ഹൃദയം കൊണ്ട് യഹോവയെ വിട്ടു മാറുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ (യിര. 17:5). യഹോവക്ക് തുണയായി വരാത്തവനും ശാപഗ്രസ്തനാകുന്നു (ന്യായാ. 5:23)

യഹോവയുടെ പ്രവർത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവനാകുന്നു (യിര. 48:10). മലാഖിയിൽ കൂടി ദൈവം പുരോഹിതന്മാരോടു പറയുന്നത് നിങ്ങൾ കേട്ടനുസരിക്കയും എന്റെ നാമത്തിന് മഹത്വം കൊടുപ്പാൻ തക്കവണ്ണം മനസ്സു വെക്കുകയും ചെയ്യാഞ്ഞാൽ ഞാൻ നിങ്ങളുടെ മേൽ ശാപം അയച്ച് നിങ്ങൾക്കുള്ള അനുഗ്രഹങ്ങളേയും ശപിക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. അതേ നിങ്ങൾ മനസ്സു വെക്കായ്ക കൊണ്ട് ഞാൻ അവയെ ശപിച്ചുമിരിക്കുന്നു (മലാ. 2:1,2).

തന്റെ ആട്ടിൻകൂട്ടത്തിൽ ഒരു ആൺ ഉണ്ടായിരിക്കെ, കർത്താവിന് നേർന്നിട്ട് ഊനമുള്ളോരു തള്ളയെ യാഗം കഴിക്കുന്ന വഞ്ചകൻ ശപിക്കപ്പെട്ടവനാണ് (മലാ. 1:14). വീണ്ടും ദൈവം പറയുമ്പോൾ ദശാംശത്തിലും വഴിപാടിലും നിങ്ങൾ എന്നെ തോല്പ്പിക്കയും ദൈവത്തിന് അർഹമായത് നല്കാതിരിക്കുകയും ചെയ്യുന്നതിനാൽ നിങ്ങൾ ശാപഗ്രസ്ഥരാകുന്നു (മലാ. 3:8–11). ന്യായപ്രമാണത്തിന്റെ പ്രവർത്തിയിൽ ആശ്ര്യയിക്കുന്ന ഏവനും ശാപത്തിൻ കീഴാകുന്നു (ഗലാ. 3:10).

ദൈവവചനത്തിന്റെ ഉപദേശത്തിന് എതിരായി വിപരീത ഉപദേശം അറിയിക്കുന്നവനും ശപിക്കപ്പെട്ടവനാണ് (ഗലാ.1:8,9).

കർത്താവിനെ സ്നേഹിക്കാത്ത ഏവനും ശപിക്കപ്പെട്ടവനാണ് (1കൊരി.16:22). പാപി നൂറു വയസ്സ് ഉള്ളവനായാലും ശപിക്കപ്പെട്ട

വൻ തന്നെയാണ് (യെശ. 65:20).

ശപിക്കപ്പെട്ടവർ ആരെല്ലാമാണന്ന് ദൈവം ന്യായപ്രമാണം കൊടുത്തപ്പോൾ മോശ മുഖാന്തരം യിസ്രായേൽ ജനത്തോട് അരുളി ച്ചെയ്തു (ആവ. 27:12-26).

അപ്പൊസ്തലനായ പത്രോസും നീതി കെട്ടവരെ വിശേഷാൽ മലിന മോഹം കൊണ്ട് ജഡത്തെ അനുസരിച്ച് നടക്കുകയും കർതൃത്വത്തെ നിന്ദിക്കയും ചെയ്യുന്നവരെക്കുറിച്ച് അവർ വ്യഭിചാരിണിയെ കണ്ട് രസിക്കയും പാപം കണ്ട് തൃപ്തിപ്പെടാതിരിക്കയും ചെയ്യുന്ന കണ്ണുള്ളവരും സ്ഥിരമില്ലാത്ത ദേഹികളെ വശീകരിക്കുന്നവരും ദ്രവ്യാഗ്രഹത്തിൽ അഭ്യാസം തികഞ്ഞ ഹൃദയമുള്ളവരുമായ ശാപയോഗ്യർ എന്നും പ്രസ്താവിച്ചിരിക്കുന്നു (2പത്രോ.2:9-14).

ദൈവം അബ്രഹാമിനോടു പറയുമ്പോൾ നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും എന്നും അരുളിച്ചെയ്തു (ഉല്പ. 12:3).

മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നതു പോലെ ക്രിസ്തു നമുക്കു വേണ്ടി ശാപമായി ത്തീർന്നു; ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ വിലയ്ക്കു വാങ്ങി (ഗലാ. 3:13).

കർത്താവായ യേശുക്രിസ്തു സകല ശാപത്തിൽ നിന്നും നമ്മെ വിടുവിക്കേണ്ടതിന് അവൻ നമുക്കു വേണ്ടി ശാപഗ്രസ്ഥമായ മരണം അനുഭവിച്ചു. അതിനാൽ കർത്താവിന്റെ പരമ യാഗത്തിൽ വിശ്വസിച്ച് ദൈവപുത്രനെ സ്വന്തം രക്ഷിതാവായി അംഗീകരിച്ച് യേശുക്രിസ്തുവിന്റെ രക്തത്താൽ ഉള്ള വീണ്ടെടുപ്പും ശുദ്ധീകരണവും പ്രാപിക്കുന്ന ഏതൊരു ദൈവപൈതലിനും പിന്നെ ശാപത്തെക്കുറിച്ച് ഭയപ്പെടുവാനില്ല. ദാവീദു പറയുന്നു, അവർ ശപിക്കട്ടെ നീയോ അനുഗ്രഹിക്കേണമേ (സങ്കീ.109:28). ഒരു ദൈവപൈതൽ ആരേയും ശപിക്കുവാൻ പാടില്ല. കർത്താവു പറഞ്ഞു "നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ, നിങ്ങളെ ദുഷിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ" (ലൂക്കോ.6:28).

പഴയനിയമകാലത്ത് ഒരാൾ തിരുനാമം ദുഷിച്ച് ശപിച്ചപ്പോൾ ദൈവീക അരുളപ്പാടിൻപ്രകാരം അവനെ പാളയത്തിനു പുറത്തു കൊണ്ടു പോയി കല്ലെറിഞ്ഞു കൊന്നു കളഞ്ഞു (ലേവ്യ 24:10-14). തുടർന്ന് ആരെങ്കിലും ദൈവത്തെ ശപിച്ചാൽ അവനെ കല്ലെറിഞ്ഞു കൊന്നു കളവാൻ കല്പിച്ചു (ലേവ്യ 24:15-16).

ശാപം നമ്മുടെ വായിൽ നിന്നു വരരുത്: ഭക്തനായ ഇയ്യോബു പറയുന്നത്: "ഞാൻ ശാപം ചൊല്ലി പാപം ചെയ്‌വാൻ എന്റെ വായെ ഒരിക്കലും സമ്മതിച്ചിട്ടില്ല" (ഇയ്യോ. 31:29,30). അപ്പനേയും അമ്മയേയും ശപിക്കരുത് (പുറ.21:17, ലേവ്യ 20:9). രാജാവിനേയും, ധനവാനേയും ശപിക്കരുത് (സഭാ. 10:20). മനുഷ്യനെ ശപിക്കരുത്. ഉറ

വിന്റെ ഒരേ ദ്വാരത്തിൽ നിന്ന് മധുരവും കയ്പ്പും പുറപ്പെടരുത് (യാക്കോ.3:9-12).

ബിലയാം പറയുന്നു ദൈവം ശപിക്കാത്തവനെ ഞാൻ എങ്ങനെ ശപിക്കും (സംഖ്യ.23:8). ദാവീദു പറയുന്നു ശാപം പ്രീയമായിരിക്കുന്നവർക്ക് അതു ഭവിക്കും (സങ്കി.109:17).

കാരണം കൂടാതെ ശാപം പറ്റുകയില്ല (സദൃശ്യ 26:2). യിസ്രായേൽജനത്തെ ശപിക്കുവാൻ ബിലയാം വന്നു എങ്കിലും ബിലയാമിനു ചെവി കൊടുപ്പാൻ നിന്റെ ദൈവമായ യഹോവയ്ക്ക് മനസ്സില്ലായിരുന്നു. നിന്റെ ദൈവമായ യഹോവ നിന്നെ സ്നേഹിച്ചതുകൊണ്ട് നിന്റെ ദൈവമായ യഹോവ ശാപം നിനക്ക് അനുഗ്രഹമാക്കിത്തീർത്തു.

ചിലപ്പോൾ നാം ദാവീദിനേപ്പോലെ മറ്റു പലരുടെയും ശാപവാചകങ്ങൾ കേൾക്കുമ്പോൾ നിരാശപ്പെടരുത്. അവർ ശപിക്കട്ടെ നീയോ അനുഗ്രഹിക്കേണമേ എന്ന് ദൈവത്തോടു പറയാം. നമ്മുടെ ശാപഗ്രസ്തമായിരിക്കുന്ന ആഖോർ താഴ്‌വരയെ ദൈവം നമുക്ക് പ്രത്യാശയുടെ താഴ്‌വരയാക്കി മാറ്റിത്തരും. ശാപം അഴിക്കൽ വീരന്മാർ അല്ല നമ്മുടെ ശാപം അഴിക്കുന്നത്. നിന്റെ ദൈവത്തോടുള്ള അടുപ്പവും പ്രാർത്ഥനയുമാണ് നിന്റെ വിജയത്തിന്റെ രഹസ്യം. ഇതാ നമുക്കായി ദൈവം പുതിയ ഭൂമിയും പുതിയ ആകാശവും ഒരുക്കുവാൻ പോകയാണ്. യാതൊരു ശാപവും ഇനി ഉണ്ടാകയില്ല (വെളി.21:1, 22:3). നമ്മുടെ ശാപത്തിന്റെ താഴ്‌വരകളെ എല്ലാം അനുഗ്രഹകരമാക്കി മാറ്റുവാൻ കഴിയുന്ന ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കാം. ദൈവം അതിനായി നമ്മെ സഹായിക്കട്ടെ.

# 5

## സോരേക് താഴ്‌വര

### (ശക്തി ക്ഷയിപ്പിക്കുന്ന താഴ്‌വര)

ഒരു ദൈവപൈതൽ വളരെ സൂക്ഷിക്കേണ്ട ഒരു താഴ്‌വരയാണ് സോരെക് താഴ്‌വര (ന്യായാ. 16:4). പഴയനിയമകാലത്ത് ദൈവശക്തി വ്യക്തിപരമായി ഏറ്റവും കൂടുതൽ വെളിപ്പെട്ടത് ശിംശോനിൽ കൂടെയായിരുന്നു. ന്യായാധിപന്മാർ ന്യായപാലനം നടത്തിയ കാലത്ത് ഫെലിസ്ത്യർ യിസ്രായേൽ ജനത്തിന്മേൽ ആധിപത്യം സ്ഥാപിച്ചു. നാല്പത് വർഷത്തോളം അവരുടെ കിരാതഭരണത്തിൻകീഴിൽ വീർപ്പ്മുട്ടിക്കഴിഞ്ഞിരുന്ന ജനത്തിന് ഉദ്ധാരകനായി ദൈവം എഴുന്നേല്പിച്ച വ്യക്തിയായിരുന്നു ശിംശോൻ. അവന്റെ ജനനത്തിന് മുൻപ് തന്നെ ദൈവീക തിരഞ്ഞെടുപ്പ് താൻ പ്രാപിച്ചിരുന്നു. തന്റെ കഠിനമായ നാസീർവ്രതം ശുശ്രൂഷയിൽ തന്നെ ശക്തനാക്കി തീർത്തു.

ശിംശോനെ ഇല്ലായ്മ ചെയ്യുവാൻ ഫെലിസ്ത്യർ തങ്ങളാൽ ആവോളം പ്രവർത്തിച്ചു എങ്കിലും അവിടെ എല്ലാം താൻ വിജയം നേടി. തന്റെ നേരെ അലറി വന്ന ബാലസിംഹത്തെ ആട്ടിൻകുട്ടിയെപ്പോലെ കീറി എറിഞ്ഞു; ദൈവാത്മശക്തിയാൽ തന്നെ ബന്ധിച്ച രണ്ടു പുതിയ കയർ തീകൊണ്ട് കരിഞ്ഞ ചണനൂൽ പോലെ ആയി (ന്യായ 15:13,14,15). കഴുതയുടെ പച്ചതാടിയെല്ലുകൊണ്ട് ആയിരം പേരെ കൊന്നൊടുക്കി. പട്ടണവാതിലിന്റെ കതകും കട്ടിളക്കാൽ രണ്ടും ഓടാമ്പലോടുകൂടെ പറിച്ചെടുത്ത് ഫെലിസ്ത്യരിൽ നിന്ന് രക്ഷപ്രാപിച്ചവൻ. ഇങ്ങനെയുള്ള ശിംശോൻ സോരെക് താഴ്‌വരയിൽ സൂക്ഷ്മത ഇല്ലായ്ക നിമിത്തം പരാജയം ഏറ്റുവാങ്ങി.

ജഡമോഹം ആയിരുന്നു ശിംശോന്റെ പരാജയകാരണം. സോരെക് താഴ്‌വരയിൽ പതിയിരുന്ന ദലീല ആണ് ശിംശോന്റെ ശക്തി ക്ഷയിപ്പിച്ചത്. ദലീലയുടെ ഭവനത്തിൽ നിന്ന് ഉയരുന്ന ചില ചോദ്യങ്ങൾ ഉണ്ട്. "നിന്റെ മഹാശക്തി ഏതിൽ ആകുന്നു? ഏതിനാൽ

നിന്നെ ബന്ധിച്ച് ഒതുക്കാം" (ന്യായ 16:6). അന്ന് ദലീലയുടെ ഭവനത്തിൽ നിന്ന് ഉയർന്ന ശബ്ദം ഇന്നും അനേക ദലീലമാരുടെ ഭവനത്തിൽ നിന്നും ഉയർന്നുകൊണ്ടിരിക്കുകയാണ്. ദലീലയുടെ ഭവനത്തിൽ ശിംശോനെ ഒതുക്കുവാൻ ചിലപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പച്ചയായ ഏഴ് ഞാണ്കൊണ്ട് ബന്ധിക്കുന്നു. ഒരിക്കലും പെരുമാറിയിട്ടില്ലാത്ത പുതിയ കയർകൊണ്ടുവന്ന് അവനെ ബന്ധിക്കുന്നു. ഇതെല്ലാം കണ്ടിട്ടും വേണമെങ്കിൽ ശിംശോന് അപകടത്തിൽനിന്ന് രക്ഷനേടാമായിരുന്നു.

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നതുപോലെ "വേശ്യാവസ്ത്രം ധരിച്ച് ഹൃദയത്തിൽ ഉപായം പൂണ്ടും ഉള്ളോരു സ്ത്രീ അവനെ എതിരേറ്റു വരുന്നു;.... എനിക്ക് സമാധാനയാഗങ്ങൾ ഉണ്ടായിരുന്നു. ഇന്ന് ഞാൻ എന്റെ നേർച്ചകളെ കഴിച്ചിരിക്കുന്നു" (സദൃശ്യ 7:10-23). ഈ ഭാഗം വായിക്കുമ്പോൾ ഇവൾ ശമര്യകാരി സ്ത്രീയെപ്പോലെ ആത്മീയത്തിന്റെ ഉന്നതഭാവം നടിക്കുകയും, അതിനോടൊപ്പം അനേകരെ വീഴിച്ച് പാതാളത്തിലേക്ക് പറഞ്ഞു വിടുകയും ചെയ്യുന്ന കാഴ്ചയാണിവിടെ കാണുന്നത്. പുരുഷൻ വീട്ടിൽ ഇല്ല ദൂരെയാത്ര പോയിരിക്കുന്നു. ആദിയായ ഏറിയോരു ഇമ്പവാക്കുകളാൽ അവനെ വശീകരിക്കുന്നു. അറുക്കുന്നിടത്തേക്ക് കാളയും, ചങ്ങലയിലേക്ക് ഭോഷനും പോകുന്നതുപോലെയും പക്ഷി ജീവഹാനിക്കെന്നറിയാതെ കണിയിലേക്ക് ബദ്ധപ്പെടുന്നതുപോലെയും, കരളിൽ അസ്ത്രം തറക്കുവോളം അവൻ അവളുടെ പിന്നാലെ ചെല്ലുന്നു.

അവൾ വീഴിച്ച ഹതന്മാർ അനേകർ, അവൾ കൊന്നു കളഞ്ഞവർ ആകെ വലിയോരു കൂട്ടം ആകുന്നു. അവളുടെ വീട് പാതാളത്തിലേക്കുള്ള വഴി ആകുന്നു. അത് മരണത്തിന്റെ അറകളിലേക്ക് ചെല്ലുന്നു (സദൃശ്യ 7:26, 27).

സ്ത്രീയോട് വ്യഭിചാരം ചെയ്യുന്നവനോ ബുദ്ധിഹീനൻ അങ്ങനെ ചെയ്യുന്നവൻ സ്വന്തപ്രാണനെ നശിപ്പിക്കുന്നു. പ്രഹരവും അപമാനവും അവന് ലഭിക്കും. അവന്റെ നിന്ദ്ര മാഞ്ഞുപോകയുമില്ല (സദൃശ്യ 6:32,33).

ദലീല ശിംശോനെ ദിവസം പ്രതി വാക്കുകളാൽ ബുദ്ധിമുട്ടിച്ച് അസഹ്യപ്പെടുത്തിയപ്പോൾ അവൻ മരിപ്പാൻ തക്കവണ്ണം വ്യസനപരവശനായി തീർന്നിട്ട് തന്റെ ഉള്ളം മുഴുവനും, അവളെ അറിയിച്ചു. അവൾ മടിയിൽ അവനെ ഉറക്കി, ഒരാളെ വിളിപ്പിച്ച് അവന്റെ തലയിലെ നാസീർവ്രതസ്ഥന്റെ ജട ഏഴും കളയിക്കുകയും അവൾ അവനെ ഒതുക്കിതുടങ്ങുകയും ചെയ്തു (ന്യായാ 16:15-19). ഫെലിസ്ത്യർ അവനെ പിടിച്ച് കണ്ണ് കുത്തിപൊട്ടിച്ച് ഗസ്സയിലേക്ക് കൊണ്ടുപോയി ചെമ്പു ചങ്ങലകൊണ്ട് ബന്ധിച്ച് കാരാഗൃഹത്തിൽ മാവ് പൊടിക്കുന്ന ജോലിക്ക് ആക്കുകയും ചെയ്തു. എന്നാൽ വീണ്ടും ശിംശോന്റെ അനുതാപത്തോടെയുള്ള പ്രാർത്ഥന ദൈവം കേട്ട് ഒരി

ക്കൽ കൂടി പഴയ ശക്തി അവന് തിരികെ നല്കി. തന്റെ രണ്ട് കണ്ണിന് വേണ്ടി ഫെലിസ്ത്യരോട് പ്രതികാരം ചെയ്യേണ്ടതിനായി അവനെ ശക്തീകരിക്കുകയും ചെയ്തു.

ദൈവത്തിന് വേണ്ടി ദൈവാലയം പണിത ജ്ഞാനികളുടെ ജ്ഞാനിയായ ശലോമോൻ തന്റെ ജീവിതസായാഹനത്തിൽ അന്യജാതിക്കാരായ ഭാര്യമാരാൽ വശീകരിക്കപ്പെട്ട് അന്യദൈവങ്ങൾക്ക് പൂജാഗിരികൾ പണിയുകയും, അവയെ ചെന്ന് സേവിക്കുകയും ചെയ്തു (1 രാജാ. 11:1-8).

കാട്ടുപോത്തിന് തുല്യമായ ബലം ഉള്ള യിസ്രായേൽ മക്കൾ മോവാബ്യസ്ത്രീകൾ നിമിത്തം ദൈവീക ബാധയേറ്റ് ഇരുപത്തിനാലായിരം പേർ പട്ടുപോയി (സംഖ്യ. 23:22, 25:1-9).

യാക്കോബിന്റെ ആദ്യജാതനായ രൂബേൻ അപ്പന്റെ വെപ്പാട്ടിയായ ബിൽഹയോടു കൂടെ ശയിച്ചതിനാൽ (ഉല്പ. 35:22) അദ്യജാതന് ലഭിക്കേണ്ട അനുഗ്രഹങ്ങൾ എല്ലാം നഷ്ടമാക്കി. അപ്പന്റെ ശാപത്തിന് പാത്രീഭൂതനായി തീർന്നു. വെള്ളംപോലെ തുളുമ്പുന്നവനെ നീ ശ്രേഷ്ടനാകയില്ല. നീ അപ്പന്റെ കിടക്കമേൽ കയറി അതിനെ അശുദ്ധമാക്കി, എന്റെ ശയ്യമേൽ അവൻ കയറിയല്ലോ എന്ന് പറഞ്ഞ് യാക്കോബ് ശാപമൊഴി ഉച്ചരിച്ചു (ഉല്പ. 49:1-4).

വീഞ്ഞിനാൽ മത്തുപിടിച്ച് മക്കളെ തിരിച്ചറിയാൻ വയ്യാത്ത ലോത്ത് ശാപഗ്രസ്ഥരായ രണ്ട് തലമുറകൾക്ക് ജന്മം നല്കി (ഉല്പ. 19:31-38).

ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദ് ഊരിയാവിനെ പടയുടെ മുമ്പിൽ നിർത്തി ചതിച്ച് കൊല്ലുകയും, അവന്റെ ഭാര്യയെ തന്റെ ഭാര്യയാക്കുകയും ചെയ്തു. നീചമായ പാപം ദാവീദിന്റെ ജീവിതത്തിലെ കറുത്ത അദ്ധ്യായങ്ങൾ ആയിരുന്നു. (1 രാജാ. 15:5). സോരെക് താഴ്വരയിൽ പലരും പരാജയപ്പെട്ടപ്പോൾ സാത്താൻ യോസഫിനെകൊണ്ട് പാപം ചെയ്യിക്കേണ്ടതിനായി പൊത്തീഫറിന്റെ ഭാര്യയിൽ കൂടെ അനുകൂലമായ എല്ലാ പരിതസ്ഥിതികളും തന്റെ മുമ്പാകെ ഒരുക്കി കാത്തിരുന്നു. ഈ മഹാദോഷം പ്രവർത്തിച്ച് ദൈവത്തോട് പാപം ചെയ്യുകയില്ല എന്നുള്ള തീരുമാനത്തിൽ താൻ ഉറച്ചുനിന്നതിനാൽ ദൈവം യോസഫിനെ മാനിച്ച് ഉയർത്തി (ഉല്പ. 39:7-9).

ഞാൻ എന്റെ കണ്ണുമായി ഒരു നിയമം ചെയ്തു പിന്നെ ഞാൻ ഒരു കന്യകയെ നോക്കുന്നതെങ്ങനെ എന്നുള്ള ഇയ്യോബിന്റെ തീരുമാനശക്തി തന്നെ ഒരു ദൈവഭക്തനാക്കി ഉയർത്തുവാൻ ഇടയായി (ഇയ്യോ. 31:1).

യൗവനമോഹങ്ങളെ വിട്ടോടുവാൻ ദൈവവചനം നമ്മെ ഉപദേശിക്കുന്നു (2 തിമോ. 2:22).

അപ്പോസ്തലനായ പൗലൂസ് ഇതിനെക്കുറിച്ച് പറയുമ്പോൾ വേശ്യയോട് പറ്റിച്ചേരുന്നവൻ അവളുമായി ഏകശരീരമാകുന്നു എന്ന്

നിങ്ങൾ അറിയുന്നില്ലയോ? ദുർന്നടപ്പ് വിട്ട് ഓടുവീൻ (1 കൊരി. 6:15-19). പൗലൊസ് തന്റെ അനുഭവം പറയുമ്പോൾ "മറ്റുള്ളവരോട് പ്രസംഗിച്ചശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത്" (1 കൊരി 9:27).

ശിംശോൻ നമുക്ക് ഒരു ബുദ്ധിയുപദേശം നല്കുന്നത്, നമ്മിലുള്ള ദൈവശക്തി (ദൈവകൃപ) നഷ്ടപ്പെട്ടാൽ നാം ശേഷം മനുഷ്യരെപ്പോലെയാകും എന്നത്രെ.

ശക്തമാരായ പലരും സോരെക് താഴ്‌വരയിൽ പരാജയപ്പെട്ട് പോയി. ഇത് ദൃഷ്ടാന്തമായി അവർക്ക് സംഭവിച്ചു. നമുക്ക് ബുദ്ധിയുപദേശത്തിനായി എഴുതിയുമിരിക്കുന്നു. ആകയാൽ സോരെക് താഴ്‌വരയിൽ നിലം പരിചാകാതെ തീരുമാനത്തിലും പ്രതിഷ്ഠയിലും ഉറച്ചു നില്ക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

# 6

# യുദ്ധങ്ങളുടെ താഴ്‌വരകൾ

യിസ്രായേൽമക്കളുടെ ചരിത്രം പഠിക്കുമ്പോൾ അവർക്ക് ശത്രുക്കൾ ധാരാളം അന്നും ഇന്നും ഉള്ളതായി തിരുവചനത്തിൽ നിന്ന് മനസിലാക്കാം. ദൈവം അവർക്കു വേണ്ടി പ്രവർത്തിച്ച കാലങ്ങളിലെല്ലാം വലിയ വിജയം അവർ കരസ്ഥമാക്കി. എന്നാൽ ദൈവീക പ്രമാണങ്ങൾ ലംഘിച്ചു പോയ സ്ഥലങ്ങളിൽ പരാജയവും ഏറ്റു വാങ്ങേണ്ടി വന്നിട്ടുണ്ട്. അവർ മലകളിലും, സമനിലത്തും, താഴ്‌വരകളിലും യുദ്ധം ചെയ്തിട്ടുണ്ട്.

ഒരിക്കൽ അരാംരാജാവായ ബെൻ ഹദദിനോട് ഭൃത്യന്മാർ പറഞ്ഞു: "യിസ്രായേല്യരുടെ ദേവന്മാർ പർവ്വത ദേവന്മാരാകുന്നു. അതുകൊണ്ടത്രേ അവർ നമ്മെ തോല്പ്പിച്ചത്. സമഭൂമിയിൽ വെച്ച് യുദ്ധം ചെയ്താൽ നാം അവരെ തോല്പ്പിക്കും" (1രാജ. 20:23). അരാമ്യരുടെ നിരൂപണം അറിഞ്ഞ ദൈവം തന്റെ ഒരു പ്രവാചകനെ യിസ്രായേൽ രാജാവിന്റെ അടുക്കൽ അയച്ച് പറയിച്ചത് "യഹോവ പർവ്വത ദേവനാകുന്നു താഴ്‌വര ദേവനല്ല എന്നു അരാമ്യർ പറക കൊണ്ട് ഞാൻ ഈ മഹാസംഘത്തെ ഒക്കെയും നിന്റെ കയ്യിൽ ഏല്പ്പിക്കും. ഞാൻ യഹോവ എന്നു നിങ്ങൾ അറിയും എന്നു പറഞ്ഞു" (1 രാജ. 20:23-30).

ദേശം മുഴുവൻ നിറഞ്ഞു വന്ന അരാമ്യസൈന്യത്തെ ആട്ടിൻകുട്ടികളുടെ രണ്ടു ചെറിയ കൂട്ടം പോലെയുള്ള യിസ്രായേല്യരെക്കൊണ്ട് തോൽപ്പിച്ചു. ദൈവം തന്റെ ജനത്തിന് വലിയ ജയം നേടിക്കൊടുത്തു. യിസ്രായേല്യർ അരാമ്യരിൽ ഒരു ലക്ഷം കാലാളിനെ ഒരു ദിവസം തന്നെ കൊന്നു. നമുക്ക് താഴ്‌വരയിൽ യുദ്ധം ഉണ്ടായാലും ഭയപ്പെടേണ്ടതില്ല. താഴ്‌വരയിലും ഇറങ്ങി വന്ന് നമുക്കു വേണ്ടി യുദ്ധം ചെയ്യുന്ന ഒരു നല്ല ദൈവം നമ്മോടു കൂടെയുണ്ട്.

### 1) ഏലാ താഴ്‌വര

ശൗൽ രാജാവിന്റെ ഭരണകാലത്ത് ഫെലിസ്ത്യർ ഒരു വലിയ സൈന്യവുമായി യിസ്രായേലിനു എതിരായി യുദ്ധത്തിന് വന്നു. ശൗലും തന്റെ സൈന്യവും ഏലാ താഴ്‌വരയിൽ പാളയമിറങ്ങി. ഫെലിസ്ത്യ പാളയത്തിൽ നിന്ന് ഗഥ്യനായ ഗോല്യാത്ത് നാല്പതു ദിവസം മുടങ്ങാതെ രാവിലെയും വൈകുന്നേരവും യിസ്രായേൽ നിരകളെ നോക്കി നിന്ദിച്ച് വെല്ലു വിളിച്ചു. ഈ വെല്ലുവിളിയെ ഏറ്റെടുത്ത് മുമ്പോട്ടു വരുവാൻ ശൗലും പടജ്ജനവും ധൈര്യം കാണിക്കാതെയിരുന്നപ്പോൾ സഹോദരന്മാരുടെ ക്ഷേമം അന്വേഷിക്കാൻ വന്ന ദൈവാത്മാവുള്ള ബാലനായ ദാവീദ്, ആ വെല്ലുവിളി സ്വീകരിച്ചു. ആടിനെ തീറ്റി മാത്രം പരിചയമുള്ള ദാവീദ്, വാളും പരിചയും എടുക്കുവാൻ യാതൊരു പരിചയവും ഇല്ലെങ്കിലും, ദൈവാത്മ പ്രേരിതനായി കല്ലും കവിണയും കൊണ്ട്, മല്ലനായ ഗോല്യാത്തിനെ കീഴടക്കുകയും ഗോല്യാത്തിന്റെ വാളു കൊണ്ടു തന്നെ അവന്റെ തല വെട്ടിക്കളയുകയും ചെയ്തു (1ശമു.17:1-51, 21:9).

ദാവീദ് ഇതിനെക്കുറിച്ച് പറയുന്നത് “യഹോവ വാൾ കൊണ്ടും കുന്തം കൊണ്ടുമല്ല രക്ഷിക്കുന്നത് എന്ന് ഈ സംഘമെല്ലാം അറിവാൻ ഇട വരും. യുദ്ധം യഹോവക്കുള്ളത്” (1ശമു.17:47).

### 2) ഉപ്പു താഴ്‌വര

ഉപ്പു താഴ്‌വരയിൽ വെച്ച് നടന്ന യുദ്ധത്തിൽ ദാവീദ് പതിനെണ്ണായിരം അരാമ്യരെ സംഹരിച്ചു (2 ശമു. 8:13).

### 3) രെഫായിം താഴ്‌വര

ഫെലിസ്ത്യർ യിസ്രായേലിന്റെ നേരെ രെഫായിം താഴ്‌വരയിൽ അണി നിരന്ന് യുദ്ധത്തിനു വന്നു എങ്കിലും ദാവീദ് ദൈവീക ആലോചനപ്രകാരം അവരോട് യുദ്ധം ചെയ്യുകയും, വെള്ളച്ചാട്ടം പോലെ ശത്രുക്കളെ തകർത്തു കളയുകയും ചെയ്തു (2ശമു. 5:18-22).

### 4) മോരേ താഴ്‌വര

ഗിദയോന്റെ കാലത്ത് മിദ്യാന്യരും, അമാലേക്യരും കിഴക്കു ദേശക്കാരൊക്കെയും വെട്ടുക്കിളി എന്ന പോലെ അസംഖ്യമായി മോരേ താഴ്‌വരയിൽ അണി നിരന്ന കാലത്ത് (ന്യായ.7:1,12) അവർക്ക് എതിരായി യുദ്ധം ചെയ്യേണ്ടതിന് ഗിദെയോൻ കാഹളം ഊതി. യിസ്രായേല്യ പടജ്ജനത്തിൽ മുപ്പത്തീരായിരം പേർ കൂടി വന്നെങ്കിലും, ഭയവും ഭീരുത്വവുമില്ലാത്ത, പട്ടി നക്കിക്കുടിക്കും പോലെ കുനിയാതെ കൈ വായ്ക്കു വെച്ച് വെള്ളം നക്കിക്കുടിച്ച മുന്നൂറു പേരെ വേർതിരിച്ചു. അവരുടെ കയ്യിൽ ആയുധം കൊടുക്കാതെ, കുടവും, കുടത്തിനകത്ത് ഒരു പന്തവും, ഒരു കയ്യിൽ കാഹളവും കൊടുത്ത്, മൂന്നു കൂട്ടമായി വിഭാഗിച്ച്, ശത്രു സൈന്യത്തിന്റെ നേരെ പറഞ്ഞയച്ചു. കുടം ഉടച്ച് പന്തം കത്തിച്ച് കാഹളം ഊതി യഹോവക്കും ഗിദ

യോനും വേണ്ടി വാൾ എന്ന് ആർത്തപ്പോൾ ദൈവം ആ താഴ്വരയിൽ തന്റെ ജനത്തിന് വലിയ ജയം നൽകി (ന്യായ. 7:16-22).

### 5) മെഗിദ്ദോ താഴ്വര

കേവലം എട്ടു വയസ്സുള്ളപ്പോൾ രാജ്യഭാരം ഏറ്റ യോശിയാവ് മുപ്പത്തിയൊന്ന് സംവത്സരം യെരുശലേമിൽ വാണു. അവൻ തന്റെ പിതാവായ ദാവീദിന്റെ വഴികളിൽ നിന്ന് ഇടത്തോട്ടോ വലത്തോട്ടോ മാറാതെ ദൈവീക വഴിയിൽ നടന്ന് ദൈവത്തിന് ഹിതകരമായി പ്രവർത്തിച്ചു. എങ്കിലും, ഒടുവിൽ ദൈവീക ആലോചനക്ക് കാത്തിരിക്കാതെ നെഖോ പറഞ്ഞ ദൈവവചനങ്ങളെ ധിക്കരിച്ച് മിസ്രയീമ്യ രാജാവിനോട് യുദ്ധം ചെയ്യേണ്ടതിനായി മെഗിദ്ദോ താഴ്വരയിൽ യുദ്ധത്തിനു ചെന്നു. വില്ലാളികൾ യോശിയാവിനെ എയ്തതിനാൽ കഠിനമായി മുറിവേല്ക്കുകയും, ഒടുവിൽ മരിക്കയും ചെയ്തു (2ദിന.35:20-24). ഈ യുദ്ധം ഒരു തികഞ്ഞ പരാജയമായിരുന്നു. ഇതിൽ നിന്നും നാം പഠിക്കേണ്ട ഗുണപാഠം മലയിലായാലും സമനിലത്തായാലും താഴ്വരയിൽ ആയാലും ജയം ദൈവത്തോടു കൂടെ മാത്രമേ ലഭിക്കയുള്ളു. നമ്മുടെ താഴ്വരകളിലും നമ്മെ കൈവിടാതെ നമ്മോട് എതിർക്കുന്ന ശത്രുവിന്മേൽ നമുക്ക് ജയോത്സവം നല്കിത്തരുന്ന ദൈവത്തിൽ നമുക്ക് പൂർണ്ണമായി ആശ്രയിക്കാം.

ദൈവം നമുക്കു വേണ്ടി യുദ്ധം ചെയ്യുന്നത് വിവിധ നിലകളിലാണ്. പുതിയ നിയമ യിസ്രായേലായ നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല; വാഴ്ചകളോടും, അധികാരങ്ങളോടും, ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും, സ്വർല്ലോകത്തിലെ ദുഷ്ടാത്മസേനയോടുമാണ് (എഫെ.6:12).

നമ്മുടെ ദൈവത്തിന്റെ പേർ തന്നെ സൈന്യങ്ങളുടെ യഹോവ എന്നാണ് (2 ശമു. 6:2, യിരെ. 10:16, 50:34, 31:35, യെശ.51:15, ആമോ. 4:13, 5:27). അതേ അവൻ യുദ്ധവീരനാണ് (സങ്കീ.24:8). ആകയാൽ യുദ്ധം കാണുമ്പോൾ പേടിക്കരുത് (ആവർ. 20:1-4). യഹോവ നമ്മോടു കൂടെയുണ്ട് (സംഖ്യാ 14:9). അവൻ മുമ്പിൽ നടന്ന് നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യും (ആവർ. 1:29,30).

ദെബോരെയ്ക്കും ബാരാക്കിനും വേണ്ടി യുദ്ധം ചെയ്യുവാൻ വീരന്മാരുടെ മദ്ധ്യേ യഹോവയും ഇറങ്ങി വന്നിരുന്നു (ന്യായ.5:13).

ദാവീദിനും സൈന്യത്തിനും വേണ്ടി ബാഖാവൃക്ഷങ്ങളുടെ അഗ്രങ്ങളിൽ കൂടി അണി നടക്കുന്ന ഒച്ച കേൾപ്പിച്ച് അവർക്കു മുമ്പായി യഹോവ പുറപ്പെട്ട് ഫെലിസ്ത്യരുടെ മേൽ ജയം നൽകിക്കൊടുത്തു (2ശമു.5:24). ദൈവം ഭീതിയെ മുമ്പായി അയച്ച് പലപ്പോഴും തന്റെ ജനത്തെ വിടുവിച്ച സന്ദർഭങ്ങളുണ്ട്. (പുറ. 23:27, യോശു. 2:9, ഉല്പ. 35:5).

കല്മഴ പെയ്യിച്ചും (യോശു. 10:11-14) കടന്നലിനെ അയച്ചും (പുറ.23:28-, യോശു. 24:12,13) ഇടിമുഴക്കിയും (1ശമു. 7:10) ദഹിപ്പിക്കുന്ന അഗ്നി അയച്ചും (ആവർ. 9:3, ഉല്പ. 19:24, സംഖ്യ 16:35, സങ്കീ.106:18, സംഖ്യ. 11:1-3, 2രാജ.1:2-15) ദൈവം യുദ്ധവും ന്യായവിധിയും നടത്തിയിട്ടുണ്ട്. വെറും കുടവും പന്തവും കൊണ്ട് ഗിദയോന്റെ കാലത്ത് ജയം നൽകിക്കൊടുത്തു (ന്യായ. 7:20,21).

കുതിരയെ യുദ്ധദിവസത്തേക്ക് ചമയിക്കുന്നു. ജയമോ യഹോവയുടെ കൈവശത്തിലിരിക്കുന്നു (സദൃ.21:31). സൈന്യബഹുത്വത്താൽ രാജാവ് ജയം പ്രാപിക്കുന്നില്ല. ബലാധിക്യം കൊണ്ട് വീരൻ രക്ഷപെടുന്നതുമില്ല. ജയത്തിനു കുതിര വ്യർത്ഥമാകുന്നു (സങ്കീ.33:16,17).

യഹോവ അവരെ ഏല്പ്പിച്ചു കൊടുക്കയും ചെയ്തിട്ടല്ലാതെ ഒരുവൻ ആയിരം പേരെ പിന്തുടരുന്നതും, ഇരുവർ പതിനായിരം പേരെ ഓടിക്കുന്നതും എങ്ങനെ? (ആവ.32:30). ശത്രു ഒരു വഴിയായി വരും എന്നാൽ അവർ ഏഴു വഴിയായി നിന്റെ മുമ്പിൽ നിന്ന് ഓടിപ്പോകും(ആവ.28:7). തങ്ങളുടെ വാളു കൊണ്ടല്ല അവർ ദേശത്തെ കൈവശമാക്കിയത്, സ്വന്തഭുജം കൊണ്ടല്ല അവർ ജയം നേടിയത്. നിന്റെ വലങ്കയ്യും നിന്റെ ഭുജവും നിന്റെ മുഖപ്രകാശവും കൊണ്ടത്രേ (സങ്കീ 44:3). നിനക്കു വിരോധമായി ഉണ്ടാക്കുന്ന യാതൊരു ആയുധവും ഫലിക്കയില്ല (യെശ.54:15-17). യുദ്ധം നിങ്ങളുടേതല്ല ദൈവത്തിന്റേതത്രേയെന്ന് ദൈവം യഹോശാഫാത്തിനോട് അരുളിച്ചെയ്തു (2ദിന.20:15). ചിലർ രഥങ്ങളിലും കുതിരകളിലും ആശ്രയിക്കുന്നു. ഞങ്ങളോ ഞങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ കീർത്തിക്കും (സങ്കീ.20:7).

ആകയാൽ യുദ്ധങ്ങളുടെ താഴ്വരയിൽ നാം നിന്നാലും ഭയപ്പെടേണ്ട കാര്യമില്ല. സൈന്യങ്ങളുടെ യഹോവ എന്ന നമ്മുടെ നായകൻ നമ്മോടു കൂടെയുള്ളതു കൊണ്ട് ജയം നിശ്ചയമാണ്.

# 7

# അയ്യാലോൻ താഴ്‌വര

**അ**ഞ്ച് അമോര്യ രാജാക്കന്മാർ ഒന്നിച്ചു കൂടി വലിയൊരു സൈന്യവുമായി ഗിബെയോന്യരുടെ നേരെ പാളയം ഇറങ്ങുകയും, തുടർന്ന് ഗിബെയോന്യരുടെ ആവശ്യപ്രകാരം യോശുവയുടെ നേതൃത്വത്തിൽ യിസ്രായേല്യ പടജ്ജനം അവർക്ക് എതിരായി അണിനിരക്കുകയും യിസ്രായേലിന്റെ രക്ഷക്കായി യഹോവയായ ദൈവം തന്നെ യുദ്ധം ചെയ്യുകയും ചെയ്തു (യോശു. 10:1–14).

യഹോവ അമോര്യരെ യിസ്രായേലിന്റെ കയ്യിൽ ഏല്പ്പിച്ചു കൊടുത്തു. അന്നത്തെ യുദ്ധങ്ങൾ പകൽ വേളയിൽ മാത്രമായിരുന്നു. അന്നത്തെ യുദ്ധത്തിൽ പകൽ ഒരു ദിവസത്തേക്കു കൂടി നീട്ടിക്കിട്ടിയിരുന്നെങ്കിൽ വലിയ വിജയം അമോര്യരുടെ മേൽ നടത്താം എന്ന് മനസ്സിലാക്കിയ യോശുവ, യഹോവയോട് സംസാരിക്കുകയും തുടർന്ന് യിസ്രായേൽ മക്കൾ കേൾക്കെ “സൂര്യാ, നീ ഗിബെയോനിലും, ചന്ദ്രാ നീ അയ്യാലോൻ താഴ്‌വരയിലും നില്ക്ക” എന്ന് പറഞ്ഞു. ജനം തങ്ങളുടെ ശത്രുക്കളോട് പ്രതികാരം ചെയ്യുവോളം സൂര്യൻ നിന്നു. ചന്ദ്രനും നിശ്ചലമായി. ഇങ്ങനെ സൂര്യൻ ആകാശമദ്ധ്യേ ഒരു ദിവസം മുഴുവൻ അസ്തമിക്കാതെ നിന്നു. യഹോവ ഒരു മനുഷ്യന്റെ വാക്ക് കേട്ടനുസരിച്ച ആ ദിവസത്തേപ്പോലെ ഒരു ദിവസം അതിന് മുമ്പും പിമ്പും ഉണ്ടായിട്ടില്ല.

സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നില്ല എന്നും ഭൂമിയുടെ കറക്കം കൊണ്ട് രാത്രിയും പകലും ഉണ്ടാകുന്നതാണെന്നും നമുക്കറിയാം. എന്നാൽ ദൈവാത്മാവിൽ ആ ഭാഗം എഴുതിയപ്പോൾ നമുക്ക് മനസ്സിലാകുന്ന രീതിയിൽ എഴുതിയെന്ന് മാത്രമേ ഉള്ളൂ. ഇത്രയും ശാസ്ത്രം പുരോഗമിച്ചിട്ടും ഇന്നും നാം സൂര്യൻ ഉദിച്ചു എന്നും അസ്തമിച്ചു എന്നും ആണല്ലോ പറയുന്നത്. ശാസ്ത്രീയ കാര്യം തെളിയിക്കുവാനല്ല ഞാൻ ആഗ്രഹിക്കുന്നത്.

പിന്നെയോ, തന്റെ ജനത്തിനു വേണ്ടി, പ്രകൃതിയുടെ പ്രതിഭാസങ്ങളെപ്പോലും, മാറ്റി മറിച്ച്, നമ്മുടെ ദൃഷ്ടികൾക്ക് കാണത്തക്ക വണ്ണം പ്രവൃത്തിക്കുന്ന ദൈവീക പ്രവർത്തനങ്ങളുടെ ശ്രേഷ്ടത എത്ര വലുതാണ്. യോശുവയും യിസ്രായേൽ മക്കളും നോക്കുമ്പോൾ സൂര്യൻ അസ്തമിക്കാതെ ഗിബയോന്റെ മുകൾഭാഗത്ത് നില്ക്കുന്നതായും, ചന്ദ്രൻ അയ്യാലോൻ താഴ്വരയുടെ മുകളിൽ നില്ക്കുന്നതായും തോന്നി.

താഴ്വരകൾ പലപ്പോഴും, നമ്മിൽ നിരാശ ഉളവാക്കും. കണ്ണുനീർ താഴ്വര, കൂരിരുൾ താഴ്വര, മരണനിഴലിൻ താഴ്വര, കഷ്ടതയുടെ താഴ്വര, ആദിയായ പദപ്രയോഗങ്ങൾ തന്നെ അതിന്റെ ആഴത്തെ നമ്മെ ബോദ്ധ്യമാക്കുന്നു. എന്നാൽ അയ്യാലോൻ താഴ്വരയിലും നീ നിരാശപ്പെടരുത്. ശത്രുസൈന്യം നമുക്കെതിരായി ആർത്തട്ടഹസിക്കുമ്പോൾ എങ്ങനെ ഇതിൽ നിന്ന് നീ രക്ഷപെടും എന്ന് പിശാച് നമ്മുടെ ചെവിയിൽ മന്ത്രിക്കുമ്പോൾ, നിന്റെ വീഴ്ച കാത്ത് ചിലർ കാത്തിരിക്കുമ്പോൾ, യിസ്രായേൽ ജനത്തിനു വേണ്ടി അയ്യാലോൻ താഴ്വരയിൽ ചന്ദ്രനെ നിർത്തി ദൈവീകപ്രവൃത്തി വെളിപ്പെടുത്തിയ ദൈവം നിന്റെ നിരാശയുടെ താഴ്വരയിലും, രോഗത്തിന്റെ കഠിനശോധനയിലും, കഷ്ടതയുടെ താഴ്വരയിലും, മരണനിഴലിൻ താഴ്വരയിലും കൂരിരുൾ താഴ്വരയിലും, കണ്ണുനീരിന്റെ താഴ്വരയിലും ഇറങ്ങി വന്ന് പ്രവർത്തിക്കും.

സ്വർഗ്ഗസ്ഥലങ്ങളിൽ സിംഹാസനം വെച്ചിരിക്കുന്ന ദൈവം അവിടെയിരുന്ന് കൊണ്ട് തന്നെ പുത്രന്റെ മദ്ധ്യസ്ഥതയിൽ നിനക്കു വേണ്ടി പ്രവർത്തിച്ച അനേക സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ നാം അത് പലപ്പോഴും വേണ്ടവണ്ണം അറിഞ്ഞിട്ടില്ല. എന്നാൽ ചില സന്ദർഭങ്ങളിൽ ദൈവീകപ്രവൃത്തി നമ്മുടെ കൺമുമ്പിൽ നാം കാണത്തക്കവണ്ണവും, നമ്മെ ബോദ്ധ്യമാക്കത്തക്കവണ്ണവും ഇറങ്ങി വന്ന് പ്രവൃത്തിച്ച സന്ദർഭങ്ങൾ പലതാണ്.

ഒരിക്കൽ യേശു ശിഷ്യന്മാരെ തനിച്ച് പടകിൽ അക്കരെ ബേത്ത് സയിദക്ക് നേരെ പോകുവാൻ നിർബ്ബന്ധിച്ച് പറഞ്ഞയച്ചിട്ട് താൻ പ്രാർത്ഥിക്കുവാൻ മലയിലേക്ക് പോയി (മർക്കോ. 6:45–51). വൈകുന്നേരം ആയപ്പോൾ പടക് കടലിന്റെ നടുവിലും താൻ ഏകനായി കരയിലും ആയിരുന്നു. കാറ്റ് പ്രതികൂല ആകകൊണ്ട് അവർ തണ്ട് വലച്ച് വലയുന്നത് യേശു മലയിൽ ഇരുന്നു കൊണ്ട് കണ്ടു.

യേശു മലയിൽ ഇരുന്നു കൊണ്ട് തന്നെ ഒരു വാക്ക് കല്പിച്ചാൽ കാറ്റ് അടങ്ങും. ശിഷ്യന്മാർക്ക് ശാന്തമായ കടലിൽ കൂടി അക്കരക്ക് പോകുകയും ചെയ്യാം. ഈ കാറ്റ് എങ്ങനെയാണ് നിന്നത് എന്ന് ശിഷ്യന്മാർ ഒരിക്കലും അറിയുകയുമില്ല. ചിലപ്പോൾ അനേക സന്ദർഭങ്ങളിൽ അങ്ങനെ സംഭവിച്ചു കാണും. എന്നാൽ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ദൈവകരം നമ്മളെ ചിലപ്പോൾ ബോദ്ധ്യമാക്കേ

ണ്ടതിനായി, ഇറങ്ങി വന്ന് പ്രവർത്തിച്ച് നമ്മുടെ കൺമുൻപിൽ നമുക്ക് ദൈവ പ്രവർത്തി കാണിച്ചു തരും.

ദൈവം തന്റെ മഹത്വം മറ്റാർക്കും വിട്ടു കൊടുക്കുന്ന ദൈവമല്ല. മാനുഷിക പ്രവർത്തനങ്ങൾ അസ്തമിക്കുന്നിടത്താണ് ദൈവം തന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്.

നാറ്റം വെച്ചു തുടങ്ങി എന്ന് സ്വന്തം സഹോദരിമാർ പറഞ്ഞ സ്ഥലത്താണ് ലാസറിനെ ഉയിർപ്പിച്ച് ദൈവപ്രവൃത്തി വെളിപ്പെടുത്തിയത് (യോഹ.11:39-44).

ദാനിയേലിന്റെ കഥ ഇതോടു കൂടെ കഴിഞ്ഞു എന്ന് വിധിയെഴുതി അസൂയാലുക്കളായ തന്റെ സഹ പ്രവർത്തകർ നോക്കി നില്ക്കുമ്പോൾ, സിംഹങ്ങൾ കിടക്കുന്ന ഗുഹയുടെ താഴ്‌വരയിൽ ദാനിയേലിന് മുമ്പായി ദൈവം തന്റെ ദൂതനെ അയച്ച് സിംഹങ്ങളുടെ വായ് അടയ്ക്കുകയും രാജാവും, ജനങ്ങളും കണ്ട് അത്ഭുതം കൂറത്തക്കവണ്ണം ദൈവത്തിന്റെ കരം വെളിപ്പെടുകയും ചെയ്തു (ദാനി.6:16-24).

തീയുടെ ചൂട് ഏഴ് മടങ്ങ് വർദ്ധിപ്പിച്ച് ഹനന്യാവ് മീശായേൽ, അസര്യാവ് എന്നീ യഹുദാ ബാലന്മാരെ ഭസ്മമാക്കിക്കളവാൻ തക്കവണ്ണം തീയിൽ ഇട്ടെങ്കിലും, അഗ്നി പരിശോധനയുടെ താഴ്‌വരയിൽ വിശ്വാസത്തിനും പ്രമാണങ്ങൾക്കും വേണ്ടി ഉറച്ചു നിന്ന തന്റെ ദാസന്മാരെ രക്ഷിക്കേണ്ടതിനായി, നെബൂഖദ്നേസർ രാജാവും ജനങ്ങളും കാണത്തക്കവണ്ണം തീയുടെ നടുവിൽ ദൈവം ഇറങ്ങി വന്ന് പ്രവർത്തിച്ച അത്ഭുതം വിസ്മരിക്കാവുന്നതല്ല. (ദാനി.3:1-29).

ദൈവീകപ്രവൃത്തിയെക്കുറിച്ച് വളരെ അറിവുള്ള യെശയ്യാവ് ഇപ്രകാരമാണ് പറയുന്നത്, “അയ്യോ ജാതികൾ തിരുമുമ്പിൽ വിറയ്ക്കത്തക്കവണ്ണവും നിന്റെ നാമത്തെ വൈരികൾക്ക് വെളിപ്പെടുത്തുവാൻ തീയിൽ ചുള്ളി കത്തുന്നതു പോലെയും, തീ കൊണ്ട് വെള്ളം തിളക്കുന്നതു പോലെയും, മലകൾ നിന്റെ മുമ്പിൽ ഉരുകിപ്പോകത്തക്കവണ്ണം നീ ആകാശം കീറി ഇറങ്ങി വന്നെങ്കിൽ കൊള്ളായിരുന്നു. ഞങ്ങൾ വിചാരിച്ചിട്ടില്ലാത്ത ഭയങ്കര കാര്യങ്ങളെ നീ പ്രവൃത്തിച്ചപ്പോൾ നീ ഇറങ്ങി വരികയും മലകൾ തിരുമുമ്പിൽ ഉരുകിപ്പോകുകയും ചെയ്തുവല്ലോ”.

“നീയല്ലാതെ ഒരു ദൈവം തന്നെ കാത്തിരിക്കുന്നവർക്ക് വേണ്ടി പ്രവർത്തിക്കുന്നത് പണ്ടു മുതൽ കേട്ടിട്ടില്ല, ഗ്രഹിച്ചിട്ടില്ല, കണ്ണു കൊണ്ട് കണ്ടിട്ടുമില്ല” (യെശ.64:1-4).

ആകയാൽ താഴ്‌വരകളുടെ നെല്ലിപ്പടിയോളം നാം ആയിരുന്നാലും നാം നമ്മുടെ മനസ്സിനോട് പറയണം എൻമനമേ നീ വീണ്ടും സ്വസ്ഥമായിരിക്ക, യഹോവ നിനക്ക് ഉപകാരം ചെയ്തിരിക്കുന്നു. മലകളിലും, സമനിലത്തും, താഴ്‌വരയിലും, തന്റെ ജനത്തിന് വിജ

യവും, സമാധാനവും, സന്തോഷവും, പ്രത്യാശയും നൽകുന്നവനാണ് നമ്മുടെ ദൈവം. അയ്യാലോൻ താഴ്‌വരയിൽ ദൈവീക പ്രവർത്തി വെളിപ്പെടുത്തി ജയം നൽകിയ ദൈവം വരും ദിവസങ്ങളിൽ നമ്മുടെ താഴ്‌വരകളിലും ദൈവീക പ്രവർത്തി വെളിപ്പെടുത്തി നമ്മെ അനുഗ്രഹിക്കേണ്ടതിനായി നമ്മെ ദൈവകരത്തിൽ സമർപ്പിക്കാം. വിശ്വാസത്തിന്റെ വാക്കുകൾ നമുക്ക് ഉച്ചത്തിൽ പറയാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

# 8

# എസ്ക്കോൽ താഴ്വര

യിസ്രായേൽ മക്കൾക്ക് ദൈവം അവകാശം നല്കുവാനുള്ള ദേശം ഒറ്റു നോക്കേണ്ടതിനായി മോശ പന്ത്രണ്ട് ഗോത്രങ്ങളിൽ നിന്ന് പന്ത്രണ്ട് പ്രഭുക്കന്മാരെ അയച്ചു. അവരിൽ യെഫുന്നയുടെ മകൻ കാലേബും, നൂന്റെ മകൻ യോശുവയും ഉണ്ടായിരുന്നു. അവർ നാല്പതു ദിവസം കൊണ്ട് ദേശം എല്ലാം ഒറ്റു നോക്കി. ഒടുവിൽ എസ്ക്കോൽ താഴ്വരയോളം ചെന്ന്, ഒരു മുന്തിരിവള്ളി കുലയോടെ പറിച്ചെടുത്ത് ഒരു തണ്ടിന്മേൽ കെട്ടി രണ്ടു പേർ ചുമന്നു കൊണ്ടു വന്നു, കൂടാതെ മാതളപ്പഴവും അത്തിപ്പഴവും കൂടെ കൊണ്ടുവന്നു (സംഖ്യ 13:20-25). യിസ്രായേൽമക്കൾ മുറിച്ചെടുത്ത മുന്തിരിക്കുല നിമിത്തം ആ സ്ഥലത്തിന് എസ്ക്കോൽ താഴ്വര എന്നു പേരായി.

തിരുവചനം പഠിക്കുമ്പോൾ മുന്തിരി യിസ്രായേലിന്റെ ആത്മീക നിലവാരത്തേയും, ഒലിവ് മാർഗ്ഗീയ നിലവാരത്തേയും, അത്തി - രാഷ്ട്രീയ നിലവാരത്തേയുമാണ് സൂചിപ്പിക്കുന്നത്.

നമ്മുടെ സീയോൻ പ്രയാണത്തിൽ നാം വരണ്ട അനുഭവത്തിൽ കൂടി മാത്രം പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. ആത്മീകമായ സമൃദ്ധിയുടെ അനുഭവത്തിൽക്കൂടെയും അവൻ നമ്മെ നടത്തുന്ന ദൈവമാണ്. എന്നാൽ ഈ അനുഗ്രഹങ്ങൾ നമുക്ക് നല്കാതെ ഈ പ്രദേശം കയ്യടക്കി വെച്ചിരിക്കുന്ന അനാക്യമല്ലന്മാർ അവിടെയുണ്ട്. അവരെ കണ്ട് ഭയപ്പെടുന്നവർക്ക് ഈ അനുഗ്രഹം പ്രാപിക്കുവാൻ കഴിയുകയില്ല. അവരെക്കണ്ട് ഭയപ്പെടാത്ത യോശുവയേയും കാലേബിനേയും പോലുള്ളവർക്ക് ദൈവം ഈ അനുഗ്രഹങ്ങൾ നല്കി ത്തരും (സംഖ്യ 14:7,8).

നമ്മുടെ മുന്തിരിത്തോട്ടം പറിച്ചു കളഞ്ഞ് (ആത്മീയം നശിപ്പിച്ച്) ചീരത്തോട്ടം ആക്കേണ്ടതിന്(ഭൗതീക നിലവാരത്തിൽ ആക്കേണ്ട തിന്)മുന്തിരിത്തോട്ടത്തിന്മേൽ ദൃഷ്ടി വെച്ചിരിക്കുന്ന ആഹാബു

മാർ നമ്മുടെ മുമ്പിലുണ്ടെന്നുള്ള കാര്യം മറന്നു പോകരുത്. അത് കൈവശപ്പെടുത്തുവാൻ ഉപവാസപ്രാർത്ഥന പോലും വെച്ച് ആത്മീയത്തിന്റെ മറവിൽ ഏത് നീചകാര്യവും ചെയ്യുവാൻ ഒരുങ്ങിയിരിക്കുന്ന ഇസബേലുമാരും  നമ്മുടെ ചുറ്റിലുമുണ്ട്. എന്നാൽ എന്റെ പിതാക്കന്മാരുടെ അവകാശം ഞാൻ കൈമാറുകയില്ല എന്നുള്ള ഉറച്ച തീരുമാനം കൈക്കൊണ്ട നാബോത്തിനേപ്പോലെ നാം നില്ക്കേണ്ടിയിരിക്കുന്നു (1രാജ.21:1-29).

കൂടാതെ മുന്തിരിയെ ആത്മീയത്തിൽ നിന്ന് അടർത്തിയെടുത്ത് ഉന്നതസ്ഥാനമാനങ്ങൾ നല്കി ആദരിച്ച് ഉയർത്തി വൃക്ഷങ്ങളുടെ രാജാവാക്കാം എന്നുള്ള വാഗ്ദാനങ്ങൾ നല്കി മറ്റൊരു കൂട്ടർ നിത്യം പരിശ്രമിച്ചു കൊണ്ടിരിക്കുന്നതിന്റെ മദ്ധ്യത്തിൽ മുന്തിരിവള്ളി പറഞ്ഞതു പോലെ എന്റെ ആത്മീയം ഞാൻ കളഞ്ഞു കുളിച്ച് രാഷ്ട്രീയത്തിലേക്ക് ഇറങ്ങുന്നില്ല. ദൈവത്തേയും മനുഷ്യനേയും ആനന്ദിപ്പിക്കുന്ന എന്റെ രസം ഞാൻ ഉപേക്ഷിച്ച് വൃക്ഷങ്ങളുടെ മേൽ ആടുവാൻ വരില്ല എന്നുള്ള ഒരു ഉറച്ച തീരുമാനവും നമുക്ക് ഉണ്ടായിരിക്കണം (ന്യായാ.9:8-15).

തിരുവചനം പറയുന്നു മുന്തിരിത്തോട്ടത്തിൽ വേറൊരു വക വിത്തും ഇടരുത് (ആവ.22:9). എന്നാൽ കർത്താവു പറഞ്ഞ ഉപമയിൽ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്ന അത്തിയെക്കുറിച്ച് പറയുന്നു (ലൂക്കോ.13:6-9). ഇന്ന് പല സഭകളിലും ആത്മീയത്തിൽ രാഷ്ട്രീയം നട്ടിരിക്കയാണ്. എന്നിട്ട് ഫലത്തിന് കാത്തിരിക്കുന്നു; വ്യവസ്ഥ തെറ്റിച്ച് നീ ഫലത്തിന് കാത്തിരിക്കുന്നതിനാൽ പ്രയോജനം ഉണ്ടാകില്ല. എന്നാൽ എന്റെ കർത്താവിന്റെ മദ്ധ്യസ്ഥത ഒന്നു കൊണ്ടു മാത്രം വെട്ടിക്കളയാതിരിക്കുന്നു എന്നോർത്ത് മാനസാന്തരപ്പെട്ട് മടങ്ങി വരിക.

ആത്മീയതയിൽ ദൈവജനത്തിന് ഒരു ഉന്നതമായ സ്ഥാനം ഉണ്ടായിരുന്നു. ദൈവജനത്തെ മറ്റുള്ളവർക്ക് എന്നും ഭയമായിരുന്നു. എന്നാൽ നാം ഇന്ന് ശക്തി ക്ഷയിച്ച് ശേഷം മനുഷ്യരേപ്പോലെ ആയിത്തീർന്നിരിക്കുന്നു. യിസ്രായേൽരാജാവ് തന്റെ ഭൃത്യന്മാരോട് ഇപ്രകാരം പറഞ്ഞു; "ഗിലെയാദിലെ രാമോത്ത് നമുക്കുള്ളത്. നാം അതിനെ അരാം രാജാവിന്റെ കയ്യിൽ നിന്നും പിടിക്കാതെ അടങ്ങിയിരിക്കുന്നു" (1രാജ.22:2,3). രാമോത്ത് എന്ന വാക്കിന്റെ അർത്ഥം ഉന്നത സ്ഥാനം എന്നാണ്. അതേ നമ്മുടെ ഉന്നത സ്ഥാനം ശത്രു അപഹരിച്ചിരിക്കുന്നു. നമുക്ക് പ്രാർത്ഥിക്കാം. ഉപവസിക്കാം. സർവ്വായുധവർഗ്ഗം ധരിച്ചു കൊണ്ട് ശത്രുവിന്റെ പാളയത്തിൽ കയറിച്ചെന്ന് നമ്മുടെ അവകാശങ്ങൾ നമുക്ക് തിരിച്ചു പിടിക്കാം.

മുന്തിരിയിൽ സമൃദ്ധിയായി ഫലം ഉണ്ടാകണമെങ്കിൽ യഥാസമയം ചെത്തി വെടിപ്പാക്കേണം(യോഹ.15:2). അതേ ദൈവജനത്തിന് ഒരു ശുദ്ധീകരണം അത്യാവശ്യമായിരിക്കുന്നു. ദൈവം തന്റെ ജനത്തെ ചെത്തി വെടിപ്പാക്കും എന്നുള്ളതിന് രണ്ടു പക്ഷമില്ല.

എസ്കോൽ താഴ്‌വരയിൽ നിന്ന് എടുത്ത മുന്തിരിവള്ളിയിലായിരുന്നു രണ്ടു പേർ ചുമക്കത്തക്കവണ്ണം ഉള്ള മുന്തിരിക്കുല ഉണ്ടായിരുന്നത്.

താഴ്‌വര നമ്മുടെ താഴ്ചയേയും, വിനയത്തേയും, സൗമ്യതയേയും, മനസ്സലിവിനേയും, കണ്ണുനീരിനേയും ഒക്കെയാണ് പ്രതിനിദാനം ചെയ്യുന്നത്.

എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളേത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ചാൽ (2ദിന.7:14). ദൈവം നിഗളികളോട് എതിർത്തു നില്ക്കയും താഴ്ചയുള്ളവർക്ക് കൃപ നല്കുകയും ചെയ്യുന്നു (യാക്കോ.4:6).

ഏദൻതോട്ടം നനെക്കുന്നതിന് പുറപ്പെട്ട നദി നാലു ശാഖയായി പിരിഞ്ഞതിൽ ഒരു നദിയുടെ പേര് പീശോൻ എന്നാണ് (ഉല്പ. 2:10,11). പീശോൻ എന്ന വാക്കിന്റെ അർത്ഥം വെള്ളച്ചാട്ടം എന്നാണ്. ഇത് സമൃദ്ധിയെയാണ് കാണിക്കുന്നത്. സങ്കീ.65:9-ൽ ദൈവത്തിന്റെ നദിയിൽ വെള്ളം നിറഞ്ഞിരിക്കുന്നു" എന്ന് നാം വായിക്കുന്നു.

ഭൂതലത്തിലൊക്കെയും ക്ഷാമം കൊണ്ട് ജനം ഭാരപ്പെട്ടപ്പോൾ യോസഫ് പാണ്ടികശാലകൾ ഒക്കെയും തുറന്ന് ധാന്യം വിറ്റു (ഉല്പ. 41:56). "സ്വർഗ്ഗത്തിലെ സകല ആത്മീയാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ" എന്നും നാം കാണുന്നു (എഫെ.1:3).

ആകയാൽ താഴ്‌വരയിൽ നില്ക്കുന്ന മുന്തിരിവള്ളി ഉണങ്ങി വരണ്ട നിലയിൽ നില്ക്കേണ്ട കാര്യം ഇല്ല. പരിശുദ്ധാത്മാവാകുന്ന നദിയിൽ നിന്ന് വേണ്ടുവോളം പാനം ചെയ്ത്, ദൈവവചനം വേണ്ടുവോളം ഭക്ഷിച്ച്, ക്രിസ്തുവാകുന്ന മുന്തിരിവള്ളിയിൽ വസിച്ചുകൊണ്ട് നാം നില നിന്നാൽ നമ്മിൽ നിന്ന് സമൃദ്ധിയായ ഫലം നമ്മുടെ യജമാനന് ലഭിക്കുവാൻ ഇടയാകും.

തഴച്ചു നില്ക്കുന്ന ഒരു മുന്തിരിവള്ളിയല്ല ദൈവം ആഗ്രഹിക്കുന്നത്. പിന്നെയോ ഫലം പുറപ്പെടുവിക്കുന്ന മുന്തിരവള്ളിയെയാണ്. എന്നാൽ കാട്ടുമുന്തിരി കായ്ക്കുന്ന തോട്ടത്തിന്റെ വേലി അവൻ പൊളിച്ചു കളഞ്ഞ്, കാട്ടുപന്നി അതിനെ മാന്തിക്കളയുവാൻ ഇടയാകുകയും ചെയ്യും (സങ്കീ.80:12,13, യെശ.5:5,6).

എന്നാൽ മുന്തിരി പടർന്നു പൂത്ത് സുഗന്ധം വീശുമ്പോൾ നാം ഉണർന്ന് ജാഗരൂകരായിരിക്കേണ്ടതാണ്. കാരണം മുന്തിരിത്തോട്ടങ്ങൾ പൂത്തിരിക്കയാൽ മുന്തിരിത്തോട്ടം നശിപ്പിക്കുന്ന കുറുക്കന്മാർ, അതേ ചെറുകുറുക്കന്മാർ ധാരാളം ഉണ്ട്(ഉത്തമ.2:13,15). അവരെ തിരിച്ചറിഞ്ഞ് പിടിക്കേണ്ടിയിരിക്കുന്നു. ആത്മീക അനുഗ്രഹങ്ങൾ മാത്ര

മല്ല, ഭൗതിക നന്മകളും ദൈവം നമുക്ക് നല്കിത്തരും. വ്യത്യസ്ത മായ നിലകളിൽ ആയിരിക്കും.

സാരെഫാത്തിലെ വിധവയുടെ കലത്തിൽ എപ്പോൾ നോക്കി യാലും ഒരു പിടി മാവും ഭരണിയിൽ അല്പം എണ്ണയും കാണും (1 രാജ.17:12-16). എന്നാൽ പ്രവാചകശിഷ്യന്റെ വിധവയായ ഭാര്യയുടെ ഭരണിയിലെ എണ്ണ പെട്ടെന്നു വർദ്ധിച്ച് പെരുകുകയുണ്ടായി. എന്നാൽ പിന്നീട് അങ്ങനെ ഉണ്ടായതുമില്ല (2രാജ.4:1-7).

എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും (ഫിലി.4:19). നമുക്ക് ലഭിക്കേണമെങ്കിൽ നാം കൊടു ക്കുവാൻ തയ്യാറാകണം. കർത്താവു പറഞ്ഞു, "കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും, അമർത്തിക്കുലുക്കി കവിയുന്നൊരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും" (ലൂക്കോ.6:38). യഹോവയെ നിന്റെ ധനം കൊണ്ടും എല്ലാ വിളവിന്റെയും ആദ്യഫലം കൊണ്ടും ബഹു മാനിക്ക. അങ്ങനെ നിന്റെ കളപ്പുരകൾ സമൃദ്ധിയായി നിറയും. നിന്റെ ചക്കുകളിൽ വീഞ്ഞ് കവിഞ്ഞൊഴുകും (സദൃ.3:9,10).

"നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്ക് കൊണ്ടു വരു വിൻ, ഞാൻ നിങ്ങൾക്ക് ആകാശത്തിന്റെ കിളിവാതിലുകളെ തുറന്ന് സ്ഥലം പോരാതെ വരുവോളം നിങ്ങളുടെ മേൽ അനുഗ്രഹം പക രുകയില്ലയോ? എന്നിങ്ങനെ നിങ്ങൾ ഇതിനാൽ എന്നെ പരീക്ഷി പ്പിൻ എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു"(മലാ. 3:10).

"ഞാൻ ജീവനുള്ളവരുടെ ദേശത്ത് യഹോവയുടെ നന്മ കാണു മെന്ന് വിശ്വസിച്ചില്ലെങ്കിൽ കഷ്ടം" (സങ്കീ.27:13). എന്റെ ജനം എന്റെ നന്മ കൊണ്ട് തൃപ്തി പ്രാപിക്കുമെന്ന് യഹോവയുടെ അരുളപ്പാട് (യിര. 31:14).

നാം തൃപ്തരായിരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഏഴു കാര്യങ്ങൾ ആവർത്തനം 8:10-18 വരെ വായിക്കുമ്പോൾ കാണാം.

1. ദൈവത്തെ മറക്കാതിരിപ്പാൻ സൂക്ഷിക്കണം. 2) കല്പനകൾ അലക്ഷ്യമാക്കാതിരിപ്പാൻ കരുതണം. 3) ഹൃദയം നിഗളിക്കാതിരി പ്പാൻ ശ്രദ്ധിക്കണം. 4) സ്വന്ത ശക്തിയിൽ പുകഴാതിരിക്കുവാൻ നോക്കണം. 5) അന്യദൈവത്തെ സേവിക്കാതിരിപ്പാൻ അതീവ ജാഗ്രതയുള്ളവനായിരിക്കണം. 6) ദൈവത്തിനു നന്ദി കരേറ്റുന്ന കാര്യം ഒരിക്കലും മറക്കാതിരിക്കണം. 7) ദൈവം നിന്നെ നടത്തി ക്കൊണ്ടു വന്ന പഴയ കാര്യങ്ങൾ അയവിറക്കണം (യെശ.51:1,2).

എസ്ക്കോൽ താഴ്വരയിലും ദൈവഭയത്തോടു കൂടി താഴ്മയോടു നമുക്ക് ജീവിക്കാം

# 9

# നിർജ്ജീവ താഴ്‌വര

## (പ്രവർത്തനരഹിതമായ താഴ്‌വര)

യഹോവയുടെ കൈ യെഹെസ്ക്കേലിന്മേൽ വന്ന് യഹോവയുടെ ആത്മാവ് യെഹെസ്ക്കേലിനെ ഒരു താഴ്‌വരയുടെ നടുവിൽ നിർത്തി. അത് അസ്ഥികൾ കൊണ്ട് നിറഞ്ഞിരുന്നു (യെഹെ.37:1).

തുടർന്ന് അസ്ഥികളുടെ ഇടയിൽക്കൂടി അവനെ ചുറ്റിച്ചുറ്റി നടക്കുമാറാക്കി. അവ താഴ്‌വരയുടെ പരപ്പിൽ എത്രയും അധികമായിരുന്നു. അവ ഏറ്റവും ഉണങ്ങിയുമിരുന്നു. (യെഹെ. 37:2).

ഇവിടെക്കാണുന്ന ഏറ്റവും ഉണങ്ങിയ അസ്ഥികൾ ഇങ്ങനെ തന്നെ ഉണ്ടായവയല്ല. പിന്നെയോ ഈ അസ്ഥികൾ എല്ലാം ജീവനുള്ള ശരീരത്തിന്റെ ജീവനുള്ള ഭാഗങ്ങൾ ആയിരുന്നു. അസ്ഥികൾ ഇല്ലാത്ത ശരീരത്തിന് രൂപം ഉണ്ടാകയില്ല. തന്നെയുമല്ല, ശരീരത്തെ നിവർന്നു നില്ക്കുമാറാക്കുന്നതും, ചലിപ്പിക്കുന്നതും, പ്രവർത്തിപ്പിക്കുന്നതും അസ്ഥികളാണ്. എന്നാൽ ഇപ്പോൾ ജീവൻ നഷ്ടപ്പെട്ട് ഈ അസ്ഥികളെല്ലാം തമ്മിൽ വേർപെട്ട്, രൂപം നഷ്ടപ്പെട്ട് പ്രവർത്തനരഹിതമായി ഏറ്റവും ഉണങ്ങിയിരിക്കുകയാണ്. ഇവിടെയാണ് യെഹെസ്ക്കേൽ നില്ക്കുന്നത്.

വലിയ പ്രവാചകന്മാരിലൊരുവനായ യെഹെസ്ക്കേൽ കെബാർ നദീതീരത്ത് ഇരുന്നു കൊണ്ട് സ്വർഗ്ഗം തുറന്ന് ദിവ്യദർശനങ്ങളെ കണ്ടവനും, ദൈവീക മഹത്വം ദർശിച്ചവനും, യിസ്രായേലിന്റെ കഴിഞ്ഞ കാല അനുഭവങ്ങളും ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നതും ഇനിയും നടക്കുവാനിരിക്കുന്നതുമായ കാര്യങ്ങൾ മുഖം നോക്കാതെ ശക്തമായി വിളിച്ചു പറഞ്ഞവനുമാണ്. എന്നാൽ ഇപ്പോൾ പ്രവർത്തനരഹിതമായ ഒരു താഴ്‌വരയിലാണ് നില്ക്കുന്നത്.

നമ്മുടെ എല്ലാവരുടെയും ജീവിതത്തിൽ പ്രവർത്തനരഹിതമായ ചില താഴ്‌വരകളിൽ കൂടെയും നാം യാത്രചെയ്യേണ്ടി വരും. ശലോമോൻ പറയുന്നു: “ഇടിച്ചു കളവാൻ ഒരു കാലം, പണിയുവാൻ ഒരു

കാലം, കരവാൻ ഒരു കാലം, ചിരിപ്പാൻ ഒരു കാലം, വിലപിപ്പാൻ ഒരു കാലം. നൃത്തം ചെയ്‌വാൻ ഒരു കാലം, സമ്പാദിപ്പാൻ ഒരു കാലം, നഷ്ടമാവാൻ ഒരു കാലം, സംസാരിപ്പാൻ ഒരു കാലം, മിണ്ടാതിരിപ്പാൻ ഒരു കാലം, സ്നേഹിപ്പാൻ ഒരു കാലം, ദ്വേഷിപ്പാൻ ഒരു കാലം" (സഭാ.3:1-9).

അഭിഷേകത്തിന്റെ ശക്തിയാൽ വൻ കാര്യങ്ങൾ ചെയ്തിട്ടുള്ള ദൈവത്തിന്റെ അഭിഷിക്തനായ ദാവീദ് ഒരിക്കൽ പറഞ്ഞു; "ഞാൻ രാജാഭിഷേകം പ്രാപിച്ചവൻ എങ്കിലും ഇന്നു ബലഹീനനാകുന്നു" (2ശമു.3:39).

പ്രവർത്തനത്തിൽ ശക്തരായി വെന്നിക്കൊടി പാറിപ്പറപ്പിച്ച പലരുടെയും ജീവിതത്തിൽ ചില സമയങ്ങൾ പ്രവർത്തിപ്പാൻ കഴിയാതെ അശക്തരായി തീർന്നിട്ടുള്ള അനുഭവങ്ങൾ നമുക്ക് ദർശിക്കുവാൻ സാധിക്കും.

ഞാൻ പറഞ്ഞല്ലാതെ ഇനിയും മഞ്ഞും മഴയും ഉണ്ടാകുകയില്ല എന്ന് യിസ്രായേൽ രാജാവായ ആഹാബിന്റെ മുഖത്തു നോക്കി ധൈര്യമായി പറഞ്ഞവൻ, ആകാശം അടച്ചു പൂട്ടി താക്കോലുമായി നടന്ന യിസ്രായേലിന്റെ വലിയ പ്രവാചകനായ ഏലിയാവ്. ഇപ്പോൾ പ്രവർത്തനമൊന്നുമില്ലാതെ ഏറിയ നാൾ ദൈവശബ്ദം പോലും കേൾക്കാതെ; കെരീത്തു തോട്ടിനരികിലും വിധവയുടെ വീട്ടിലുമായി കഴിച്ചു കൂട്ടുന്ന കാഴ്ച നാം കാണുന്നുണ്ട്. എന്നാൽ ഈ അവസ്ഥകളിലും തന്റെ ദൈവസേവ താൻ മുടക്കിയില്ല. ഒരു രാജ്യത്ത് പൊതു ശുശ്രൂഷ ചെയ്തവൻ ഒരു വീട്ടിൽ ഒളിച്ചു പാർക്കേണ്ടി വന്നപ്പോഴും നിരാശനായില്ല. ആ ഭവനത്തിലും തന്നെക്കൊണ്ട് ദൈവം അത്ഭുതം പ്രവർത്തിപ്പിച്ചു.

അബ്രഹാമിന്റെ മകനായ യിസ്ഹാക്കിന്റെ യാഗത്തോടുള്ള ബന്ധത്തിൽ ദൈവം തനിക്കായി പ്രവർത്തിച്ചതും തനിക്കു പകരമായി ആട്ടിൻകുട്ടിയെ കരുതിയതും, അതിന്റെ പൊരുളായ കർത്താവിന്റെ പരമ യാഗവും വേദപുസ്തകം നിറഞ്ഞു നില്ക്കുന്ന വിഷയമാണല്ലോ. കൂടാതെ തനിക്കു വേണ്ടി എലെയാസർ ഒരുക്കിക്കൊണ്ടു വന്ന റിബേക്കാ ക്രിസ്തുവിന്റെ മണവാട്ടിക്ക് നിഴലായ് നാം അംഗീകരിക്കുന്നു.

ദൈവം തന്നത്തന്നെ പരിചയപ്പെടുത്തുമ്പോൾ ഞാൻ അബ്രഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവും, യാക്കോബിന്റെ ദൈവവും എന്നാണല്ലോ പറയുന്നതും. ദൈവം ഇത്ര അടുത്തിടപെടുന്ന യിസ്ഹാക്ക് അനേക വർഷങ്ങൾ കണ്ണു കാണാൻ വയ്യാതെ പ്രവർത്തനരഹിതനായി കഴിച്ചു കൂട്ടിയ വസ്തുത നാം മനസ്സിലാക്കുന്നു. എന്നാൽ മോശ മരിക്കുമ്പോൾ അവന് 120 വയസ്സായിരുന്നു. അവന്റെ കണ്ണു മങ്ങാതെയും അവന്റെ ദേഹബലം ക്ഷയിക്കാതെയുമിരുന്നു എന്ന് തിരുവചനം പറയുന്നു (ആവ.34:7).

എന്തു കൊണ്ടാണ് ദൈവം ഇത്രയും അടുത്ത് ഇടപെട്ട യിസ്ഹാക്ക് ദീർഘ വർഷങ്ങൾ കണ്ണു കാണാൻവയ്യാതെ കഷ്ടപ്പെട്ടത്? എല്ലാറ്റിനും ദൈവത്തിന് ഒരു പ്ലാൻ ഉണ്ട്. ദൈവം തിരഞ്ഞെടുത്ത യാക്കോബിന് ദൈവത്തിന്റെ അനുഗ്രഹത്തോടൊപ്പം തന്റെ പിതാവിന്റെ അനുഗ്രഹവും ആവശ്യമാണ്. യിസ്ഹാക്കിന്റെ കണ്ണ് കാണാമായിരുന്നെങ്കിൽ അനുഗ്രഹങ്ങളെല്ലാം ഏശാവിന് കൊടുക്കുമായിരുന്നു. അതു മുൻ കണ്ട ദൈവമാണ് കുറേ നാളത്തേക്ക് യിസ്ഹാക്കിനെ അന്ധനാക്കിയത്. ആകയാൽ നമ്മെ പ്രവർത്തനരഹിതമായ താഴ്വരയിലാക്കിയാലും നാം ഭയപ്പെടരുത്. എന്നാൽ ആ അവസരത്തിലും ദൈവത്തിൽ നിന്നും നീ അകന്നുപോകരുത്. പതിന്നാലു രാവും പകലും സൂര്യനെയോ ചന്ദ്രനെയോ കാണുവാൻ സാധിക്കാതെ കപ്പലിന് ഉടവു തട്ടുമ്പോഴും ഉടയാത്ത ദൈവസേവ ചെയ്യുന്ന അപ്പൊസ്തലനായ പൗലോസിനേപ്പോലെ കർത്താവിനോട് ചേർന്നിരുന്നു കൊള്ളണം.

ദൈവം ജോസഫിന് ഒരു വരമായി നല്കിയതാണ് സ്വപ്നവും സ്വപ്ന വ്യാഖ്യാനവും. ജോസഫിനോടു കൂടെ യഹോവ ഉണ്ടായിരുന്നതു കൊണ്ട് അവൻ കൃതാർത്ഥനായിരുന്നു. എന്നാൽ ചില വർഷങ്ങൾ മിസ്രയീമിലെ കാരാഗൃഹത്തിനകത്ത് അവന്റെ കാലുകളെ വിലങ്ങു കൊണ്ട് ബന്ധിക്കുകയും, അവൻ ഇരുമ്പുചങ്ങലയിൽ കുടുങ്ങുകയും (സങ്കി.105:19) ചെയ്ത് കാരാഗൃഹത്തിനകത്ത് കിടക്കേണ്ടി വന്നെങ്കിലും പില്ക്കാലത്ത് അവനെ മിസ്രയിമിന്റെ അധിപതിയായും, ഫറവോന് പിതാവായും ദൈവം ഉയർത്തി.

അപ്പൊസ്തലനായ പൗലോസിന്റെ കാരാഗൃഹവാസം മൂലം ചിലരെ ദൈവസന്നിധിയിലേക്ക് നേടുവാനും, ദൈവസഭക്കുള്ള ചില ലേഖനങ്ങൾ പുറത്തു വരുവാനും കഷ്ടതയിൽ ഭാരപ്പെടുന്നവർക്ക് ആശ്വാസവും, സന്തോഷവും, പ്രത്യാശയും ലഭിക്കുവാനും ഇടയാക്കി.

ജോൺ ബനിയന്റെ കാരാഗൃഹവാസം പരദേശിമോക്ഷയാത്ര എന്ന പുസ്തകം നമുക്ക് ലഭിപ്പാൻ ഇടയാക്കി. മറ്റ് അനേക ദൈവമക്കൾ സഹിക്കേണ്ടിവന്ന കഷ്ടതകളും, നിന്ദകളും, ആക്ഷേപങ്ങളും, പരിഹാസങ്ങളും, അനേകം മനോഹര ഗാനങ്ങൾ പുറത്തു വരുവാനിടയാക്കി. അതേ ചിലപ്പോൾ വളരെ പ്രയോജനപ്പെട്ടു കൊണ്ടിരിക്കുന്ന ചിലരെ ദൈവം പെട്ടെന്ന് നിർജ്ജീവ താഴ്വരയിലേക്ക് നയിച്ചു എന്നു വരാം.

അവിടെയും നീ ദൈവശബ്ദം കേൾക്കയും അനുസരിക്കയും ചെയ്യണം. അവിടെ യെഹസ്കേൽ ദൈവശബ്ദം കേട്ട് ചോദ്യം ചെയ്യാതെ ഏറ്റവും ഉണങ്ങിയ (പ്രതീക്ഷ മങ്ങിയ) അസ്ഥികളോട് പ്രവചിച്ചു. ഉടനെ ഒരു ഭൂകമ്പം ഉണ്ടായി. അസ്ഥി അസ്ഥിയോടു വന്നു ചേർന്നു, തുടർന്ന് അവയുടെ മേൽ ഞരമ്പും മാംസവും വരികയും ത്വക്ക് പൊതിയുകയും ചെയ്തു (യെഹെ.37:7,8). തുടർന്ന്

കാറ്റിനോടു പ്രവചിച്ചു. കാറ്റ് അവയുടെ മേൽ ഊതിയപ്പോൾ അവ ജീവൻ പ്രാപിച്ച് വലിയ സൈന്യമായി നിവർന്നു നിന്നു. ഇപ്പോൾ നിർജ്ജീവ താഴ്‌വരയെ ദൈവം ജീവനുള്ള താഴ്‌വരയാക്കി മാറ്റി. ഇപ്പോൾ വലിയ പ്രവർത്തനങ്ങൾ അവിടെ നടക്കുകയാണ്.

മരുഭൂമിയിൽ നിർജ്ജന സ്ഥലത്ത് നമുക്ക് വിശ്വാസത്തിന്റെ കുഴികൾ വെട്ടാം. തരിശായിരിക്കുന്ന നിലങ്ങളെ ദൈവവചനം കൊണ്ട് ഉഴുതു മറിക്കാം. തടസ്സമായി നില്ക്കുന്ന കട്ടകളെ ഉടച്ചു നിരത്താം. അപ്പോൾ ദൈവം അതിന്റെ ഉഴവു ചാലുകളെ വെള്ളം കൊണ്ട് നനക്കുകയും, മഴയാൽ അതിനെ കുതിർക്കുകയും ചെയ്യും. നമ്മുടെ നിർജ്ജന സ്ഥലമായിരിക്കുന്ന മരുഭൂമികളെല്ലാം പുല്പ്പുറങ്ങളായി മാറട്ടെ. പുല്പ്പുറങ്ങളെല്ലാം ആട്ടിൻകൂട്ടങ്ങൾ കൊണ്ട് നിറയട്ടെ. താഴ്‌വരകൾ ധാന്യം കൊണ്ട് നിറയട്ടെ. അവ ആർക്കുകയും പാടുകയും ചെയ്യുന്ന അവസ്ഥയിലേക്ക് ദൈവം നമ്മെ നയിക്കട്ടെ (സങ്കീ. 65:9-13). പ്രവർത്തനരഹിതമായ നിർജ്ജീവതാഴ്‌വരയിലായാലും നീ തളർന്നു പോകരുത്. ഒന്നുമില്ലായ്മയിൽ നിന്ന് ഉള്ളതിനേപ്പോലെ വിളിച്ചു വരുത്തുവാൻ ശക്തനായവൻ നമ്മോടുകൂടെയുണ്ട്. ബലപ്പെടുക, ശക്തി പ്രാപിക്കുക, ദൈവത്തെ കാത്തിരിക്കുക, ദൈവം നമ്മെ സഹായിക്കും.

# 10

# ദർശനത്താഴ്‌വര

യെശയ്യാവ് ഇരുപത്തിരണ്ടാം അദ്ധ്യായം ആരംഭിക്കുന്നത് 'ദർശനത്താഴ്‌വരയെക്കുറിച്ചുള്ള പ്രവാചകം' എന്ന തലക്കെട്ടോടു കൂടിയാണ് (യെശ 22:1,5).

ഒരു ദൈവപൈതൽ ഇറങ്ങിച്ചെല്ലേണ്ട മറ്റൊരു താഴ്‌വരയാണ് ദർശനത്താഴ്‌വര. ദർശനം (വെളിപ്പാട്) ഇല്ലാത്തേടത്ത് ജനം മര്യാദ വിട്ട് നടക്കുന്നു എന്ന് തിരുവചനം പറയുന്നു (സദൃ.29:18). ഏലി പുരോഹിതന്റെ കാലത്ത് യഹോവയുടെ വചനം ദുർല്ലഭവും ദർശനം ഏറ്റവും ഇല്ലാതിരുന്ന അനുഭവവും ആയിരുന്നു (1ശമു.3:1).

യെശയ്യാവ് വിളിച്ചു പറഞ്ഞു "ദർശനത്തിൽ പിഴച്ച പുരോഹിതനും പ്രവാചകനും മദ്യപാനം ചെയ്ത് ചാഞ്ചാടുകയും വീഞ്ഞു കുടിച്ച് മത്തരാകയും മദ്യപിച്ച് ആടി നടക്കയും ചെയ്യുന്നു" (യെശ. 28:7).

യോസേഫ് തന്റെ ചെറുപ്പത്തിൽ കണ്ട സ്വപ്നം (ദർശനം) നഷ്ടപ്പെടുത്തിക്കളയാതെ അത് കാത്തു സൂക്ഷിച്ചിരുന്നു. തന്റെ കറ്റ ഒരിക്കൽ എഴുന്നേറ്റ് നിവിർന്നു നില്ക്കുമെന്നും തന്റെ സഹോദരന്മാരുടെ കറ്റകൾ ഒരിക്കൽ ചുറ്റും നിന്ന് തന്റെ കറ്റയെ നമസ്ക്കരിക്കുമെന്നും, സൂര്യനും ചന്ദ്രനും പതിനൊന്ന് നക്ഷത്രങ്ങളും തന്നെ നമസ്ക്കരിക്കുന്ന കാഴ്ചയും താൻ ദൈവത്തിൽ നിന്ന് പ്രാപിച്ചവയായിരുന്നു. എന്നാൽ അത് പ്രവർത്തി പഥത്തിൽ എത്താതിരിക്കുവാൻ ശത്രു തന്റെ മുഴുശക്തിയോടെ പ്രവർത്തിച്ചു (ഉല്പ. 37:5-10).

ദർശനത്തിൽ നിന്ന് താൻ പിഴച്ചു പോയിരുന്നെങ്കിൽ പൊത്തിഫേറിന്റെ ഭാര്യയുമായി അവിഹിതബന്ധം പുലർത്തി തന്റെ ജീവിതം എന്നേക്കുമായി നശിപ്പിച്ചു കളയുമായിരുന്നു. എന്നാൽ ദർശനത്താഴ്‌വരയിൽത്തന്നെ താൻ ഉറച്ചു നിന്നതിനാൽ, വശീകരണത്തിന്റെ

ശക്തി വലുതായിരുന്നിട്ടും ദൈവഭയത്തിൽ വിശുദ്ധിയെ തികച്ച് തന്നെത്താൻ കാത്തു സൂക്ഷിച്ച് താൻ കണ്ട ദർശനം പൂർത്തീകരണത്തിലെത്തിക്കുവാൻ സാധിച്ചു. യോസഫിന്റെ നേരെ ശത്രു കൊടുങ്കാറ്റു പോലെ ആഞ്ഞടിച്ചു എങ്കിലും ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ ദൈവം സകലവും നന്മക്കായി കൂടി വ്യാപരിപ്പിച്ച് വിജയത്തിൽ എത്തിച്ചു.

മോശയുടെ ദർശനമാണ് പാപത്തിന്റെ തല്ക്കാല ഭോഗത്തെ ഉപേക്ഷിച്ച് ദൈവജനത്തോടു കൂടെ കഷ്ടമനുഭവിക്കുന്നത് തിരഞ്ഞെടുക്കാനും ഫറവോന്റെ പുത്രിയുടെ മകൻ എന്ന് വിളിക്കപ്പെടുന്നത് നിരസിച്ച് ക്രിസ്തുവിന്റെ നിന്ദ വലിയ ധനമായി എണ്ണുന്നതിനും പ്രേരിപ്പിച്ചത് (എബ്രാ. 11:24-27).

മക്കളില്ലാത്ത ദമ്പതിമാരോട് നിങ്ങൾക്ക് ഏതു കുഞ്ഞിനെ വേണമെന്നു ചോദിച്ചാൽ ആണോ പെണ്ണോ ഏതായാലും മതി എന്ന് പറയും. എന്നാൽ മക്കളില്ലാത്ത ഹന്ന ഒരു ദർശനത്തോടെ കൂടി ഒരു ആൺ കുഞ്ഞിനുവേണ്ടി തന്റെ പ്രാർത്ഥന ആരംഭിച്ചു. ആ കാലങ്ങളിൽ ദൈവാലയത്തിൽ ചെല്ലുന്ന എല്ലാവരും ദുഃഖത്തോടു കൂടെയാണ് മടങ്ങുന്നത്. ഏലിയുടെ പുത്രന്മാരുടെ നീചമായ പെരുമാറ്റങ്ങളിൽ ജനം അസംതൃപ്തരായിരുന്നു. ഹന്നായ്ക്ക് ഒരു ദർശനം ഉണ്ടായിരുന്നു. ഏലിയുടെ പുത്രന്മാരുടെ സ്ഥാനത്ത്, വിശുദ്ധനായ ഒരു പുരോഹിതനെ വേണ്ടിയിരുന്നു. അതു കൊണ്ട് എനിക്ക് ഒരു പെൺകുഞ്ഞിനെ അല്ല വേണ്ടിയത്; ആൺകുഞ്ഞിനെ തന്നെ വേണം, അവൻ ഭാവിയിൽ ഈ ദൈവാലയത്തിൽ ശുശ്രൂഷിക്കണം. ഹന്നയുടെ ഈ ദർശനവും ദർശനത്തോടു കൂടെയുള്ള പ്രാർത്ഥനയുമാണ് ശമുവേൽ ബാലനെ ലഭിപ്പാനും, പില്ക്കാലങ്ങളിൽ ശമുവേൽ ശുശ്രൂഷയിൽ പ്രസിദ്ധനായിത്തീരുവാനും ഇടയാക്കിയത്.

അപ്പൊസ്തലനായ പൗലോസിന്റെ ദർശനമാണ് ഇതര അപ്പൊസ്തലന്മാരിൽ വെച്ച് തന്നെ വലിയവനാക്കിയത്. താൻ ഒരിക്കൽ അഗ്രിപ്പാ രാജാവിനോടു വിളിച്ചു പറഞ്ഞു "ഞാൻ സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേട് കാണിക്കാതെയാണ് സുവിശേഷം അറിയിക്കുന്നത്"എന്ന് (പ്രവൃ:26:19).

ദൈവം ഹബക്കൂക്കിനോടു പറഞ്ഞു "നീ ദർശനം എഴുതുക. ഓടിച്ച് വായിപ്പാൻ തക്കവണ്ണം അത് പലകയിൽ തെളിവായി വരയ്ക്കുക. ദർശനത്തിന് ഒരു അവധി വെച്ചിരിക്കുന്നു. അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു. സമയം തെറ്റുകയുമില്ല, അതു വൈകിയാലും അതിനായി കാത്തിരിക്ക. അതു വരും നിശ്ചയം, താമസിക്കയുമില്ല." (ഹബ. 2:2,3).

നമ്മുടെ ദർശനങ്ങൾ യാഥാർത്ഥ്യത്തിലേക്ക് എത്തുവാൻ കാലതാമസം നേരിടുമ്പോൾ നാം ക്ഷീണിച്ചു പോകാറുണ്ട്. പഴയനി

യമ യിസ്രയേലിന്റെ അനുഭവത്തിലും അങ്ങനെ തന്നേ സംഭവിച്ചു. "കാലം നീണ്ടുപോകും. ദർശനമൊക്കെയും ഓർക്കാതെ പോകും" എന്ന് ഒരു പഴഞ്ചൊല്ല് യിസ്രായേൽ ദേശത്ത് ഉണ്ടായിരുന്നു. എന്നാൽ ദൈവം യെഹസ്ക്കേൽ മുഖാന്തിരം തന്റെ ജനത്തോടു സംസാരിച്ച് ഇപ്രകാരംപറഞ്ഞു; "ഈ പഴഞ്ചൊല്ല് ഞാൻ നിർത്തലാക്കും. കാലവും, സകല ദർശനത്തിന്റേയും നിവൃത്തിയും അടുത്തിരിക്കുന്നു അടുത്തിരിക്കുന്നു എന്നരുളിച്ചെയ്തു" (യെഹ.12:21-23).

അപ്പൊസ്തലനായ പത്രോസ് പെന്തെക്കോസ്തു നാളിൽ ചെയ്ത പ്രസംഗത്തിൽ "അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും. നിങ്ങളുടെ പുത്രന്മാരും, പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ യൗവ്വനക്കാർ ദർശനങ്ങൾ ദർശിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും" (പ്രവൃ.2:17) എന്ന് വ്യക്തമാക്കുന്നു.

അതേ നാം ഒരു അന്ത്യകാലഘട്ടത്തിലെത്തിയിരിക്കുന്നു. വാഗ്ദത്തങ്ങൾ നിറവേറിക്കൊണ്ടിരിക്കയാണ്. നമുക്ക് ദർശനത്താഴ്‌വരയിലിറങ്ങിച്ചെല്ലുകയും, ദർശനങ്ങൾ ദർശിക്കുകയും പൂർത്തീകരണത്തിനായി പ്രാർത്ഥിക്കയും പ്രവർത്തിക്കുകയും ചെയ്യാം.

നമ്മുടെ ദർശനത്തിന്റെ വ്യാപ്തി അനുസരിച്ചായിരിക്കും ദൈവീകപ്രവർത്തനവും നമ്മിൽ വെളിപ്പെടുന്നത്. പാസ്റ്റർ യോംഗീച്ചോയുടെ വലിയ ദർശനമാണ് ആ സഭയുടെ വളർച്ചക്ക് കാരണമായിത്തീർന്നത്. കിണറ്റിൽ കിടന്ന് വലിയവ പറയുന്ന തവളയുടെ കാഴ്ചപ്പാടല്ല, പിന്നെയോ മഹാസമുദ്രത്തിൽ നിന്ന് വന്ന് കഥ പറയുന്ന വലിയ കാഴ്ചപ്പാട് നമുക്ക് ഉണ്ടാകണം.

പരേതനായ പാസ്റ്റർ വി.റ്റി.ജോസഫ് പറയുന്നതു കേട്ടിട്ടുണ്ട്, "നീ ഒരു തുള്ളി വെള്ളം ദൈവത്തോടു ചോദിച്ചാൽ, ദൈവം പ്രസാദിച്ചാൽ ഒരു മഹാസമുദ്രം തരുവാൻ കഴിയുന്നവനാണ് നമ്മൾ സേവിക്കുന്ന ദൈവം" ആകയാൽ നമ്മുടെ ദൈവത്തെ പരിമിതപ്പെടുത്താതെ വലിയ ദർശനമുള്ളവരായി നമുക്ക് പ്രവർത്തിക്കാം. ദർശനത്താഴ്‌വരയിൽ ദൈവത്തോടു കൂടെയായിരിക്കാം.

ഇതുവരെയും വിവിധ താഴ്‌വരകളെക്കുറിച്ച് പഠിക്കുവാനും ധ്യാനിക്കുവാനും ദൈവം കൃപ ചെയ്തു. വിവിധ താഴ്‌വരകളിൽ കൂടി നാം കടന്നു പോകേണ്ടി വരുമ്പോൾ ഭാരപ്പെടരുത്. ദൈവം നമ്മുടെ ഉറവുകളെ താഴ്‌വരകളിലേക്ക് ഒഴുക്കി നമ്മെ പോഷിപ്പിച്ച് തണുപ്പിക്കും (സങ്കീ.104:10). ദൈവം നമുക്കായി വഴി നിരപ്പാക്കുമ്പോൾ താഴ്‌വരകൾ നികന്നും, മലയും കുന്നും താണു വരികയും, വളഞ്ഞത് ചൊവ്വായും, ദുർഘടങ്ങൾ സമമായും തീരും. യഹോവയുടെ മഹത്വം വെളിപ്പെടുകയും ചെയ്യും (യെശ.40:3,4).

അടുത്ത അദ്ധ്യായം മുതൽ താഴ്‌വരയിൽ നിന്ന് നാം മലകളിലേക്ക് കയറുകയും മലകളെക്കുറിച്ചുള്ള ആത്മീക പാഠങ്ങൾ പഠിക്കുകയും ചെയ്യാം.

ഭാഗം 2

# മലകൾ

# 1

# അരാരാത്ത് പർവ്വതം

## (രക്ഷയുടെ പർവ്വതം)

ആദാമ്യ തലമുറ ദൈവത്തിൽനിന്നകന്ന് ദുഷ്ടന്മാരായി ബോധിച്ചതുപോലെ ജീവിതം നയിച്ചു. ദൈവീക പ്രമാണം തെറ്റിച്ച് ബോധിച്ച ഏവരേയും ഭാര്യമാരായി എടുത്ത് ജീവിതം നയിച്ച ജനത്തെ നോക്കി ദൈവം ഇപ്രകാരം പറഞ്ഞു. ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരുപണമൊക്കേയും എല്ലായ്പ്പോഴും ദോഷമുള്ളതാണ്. ആകയാൽ താൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽ നിന്ന് നശിപ്പിച്ച് കളയും എന്ന് അരുളിച്ചെയ്തു (ഉല്പ 6:1–6). ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ട് യഹോവ അനുതപിച്ചു.

എന്നാൽ ഇതിന്റെ മദ്ധ്യത്തിൽ ജീവിത വിശുദ്ധി കാത്ത് കാലത്തിനൊത്ത് നീങ്ങാതെ ആ തലമുറയിൽ നീതിമാനായി, നിഷ്കളങ്കനായി ദൈവത്തോടു കൂടെ നടന്ന നോഹക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു.

ദൈവം തന്നോട് കല്പിച്ചതനുസരിച്ച് വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തി പൂണ്ട് തന്റെ കുടുംബത്തിന്റെ രക്ഷക്കായിട്ട് (എബ്രാ 11:7) ഗോഫർമരം കൊണ്ട് ദൈവം പറഞ്ഞു കൊടുത്ത പ്ലാൻ പ്രകാരം ഒരു പെട്ടകം തീർത്തു. കൂടാതെ വരുവാനിരിക്കുന്ന ന്യായവിധിയെക്കുറിച്ച് താൻ ജനത്തോട് പ്രസംഗിക്കുകയും ചെയ്തു. അതിനെക്കുറിച്ച് പത്രോസ് എഴുതിയിരിക്കുന്നത് പുരാതനലോകത്തെയും ആദരിക്കാതെ ഭക്തികെട്ടവരുടെ ലോകത്തിൽ ജലപ്രളയം വരുത്തിയപ്പോൾ നീതിപ്രസംഗിയായ നോഹയെ ഏഴുപേരോടു കൂടെ പാലിച്ചു (2പത്രോ 2:5).

എന്നാൽ തന്റെ പ്രസംഗത്താൽ തന്റെ ഭവനത്തിലുള്ളവർ അല്ലാതെ വെളിയിൽ നിന്ന് മറ്റാരും മാനസാന്തരപ്പെട്ട് പെട്ടകത്തിൽ കടന്നില്ല. എന്നിട്ടും ദൈവം തന്നെ വിളിച്ചത് നീതിപ്രസംഗി എന്നാണ്. ദൈവം യെഹെസ്കേലിനോട് പറയുമ്പോൾ അവർ കേട്ടാലും കേൾക്കാഞ്ഞാലും നീ എന്റെ വചനങ്ങളെ അവരോട് പ്രസ്താവിക്കേണം (യെഹെ 2:7). അറി

യിക്കുക എന്ന ദൗത്യമാണ് നമ്മെ ഏല്പിച്ചിരിക്കുന്നത്. ആകയാൽ ദൈവത്തിന്റെ അരുളപ്പാടുകൾ പ്രയോജനം ഉള്ളത് ഒന്നും മറച്ചുവെയ്ക്കാതെ നാം അറിയിക്കേണ്ടിയിരിക്കുന്നു.

ദൈവം പക്ഷി മൃഗജാതികളിൽ ഒരു ഉണർവ്വ് അയച്ചു. അതതുതരം പക്ഷികളിൽ നിന്നും, അതതുതരം മൃഗങ്ങളിൽ നിന്നും, അതതുതരം ഇഴജാതികളിൽ നിന്നും ഈരണ്ടീരണ്ടായി പെട്ടകത്തിൽ കടന്നു. എന്നാൽ ശുദ്ധിയുള്ള മൃഗങ്ങളിൽ നിന്നും പറവകളിൽ നിന്നും ആണും പെണ്ണുമായി ഏഴേഴും പെട്ടകത്തിൽ കടന്നു. ഭൂമിയിൽ മഴ പെയ്യുന്നതിന് ഏഴുദിവസം മുമ്പേ നോഹയേയും കുടുംബത്തേയും ദൈവം പെട്ടകത്തിൽ കയറ്റി വാതിലടച്ചു (ഉല്പ 7:4,10). നോഹ എന്നവാക്കിന്റെ അർത്ഥം ആശ്വാസം എന്നാണ്. ജലപ്രളയത്തിൽ ജനത്തിന്റെ നിലവിളി കേൾക്കുമ്പോൾ, നോഹ പെട്ടകത്തിന്റെ വാതിൽ തുറന്നു കൊടുക്കാൻ സാധ്യതയുള്ളതുകൊണ്ടാണ് ദൈവം തന്നെ വാതിൽ അടച്ചത്.

എന്റെ വീട് കുട്ടനാട്ടിൽ ആണ്. അവിടെയുള്ളവർ വലിയ വെള്ളപ്പൊക്കം വരുമ്പോൾ വീട്ടിലും വെള്ളം കയറുന്ന അവസരത്തിലാണ് വള്ളത്തിൽ കയറുന്നത്. അതാണ് അതിന്റെ ബുദ്ധി. എന്നാൽ ദൈവത്തിനറിയാം ഒരു തുള്ളി മഴവെള്ളം മഴയായി പെയ്തു തുടങ്ങുമ്പോൾ നോഹയെപ്പോലും പെട്ടകത്തിൽ കയറ്റാതെ ഈ ജനമെല്ലാം ഇടിച്ച് പെട്ടകത്തിൽ കയറും. ഇത് മനസിലാക്കിയ ദൈവം അവിശ്വാസികളെ പെട്ടകത്തിൽ കയറ്റാതിരിക്കേണ്ടതിനായി നോഹയേയും കുടുംബത്തേയും ഏഴ് ദിവസം മുമ്പേ പെട്ടകത്തിൽ കയറ്റി വാതിൽ അടച്ചു. ഈ ഏഴ് ദിവസം പരിഹാസത്തിന്റേയും, നിന്ദയുടേയും, സംശയത്തിന്റേയും ദിനങ്ങളാണ്. പുറത്ത് കൂടി നിൽക്കുന്ന ജനം തീർച്ചയായും പെട്ടകത്തിന്റെ വാതിലിൽ അടിച്ച് ശബ്ദം ഉണ്ടാക്കി പറയും നോഹവല്യപ്പോ അകത്തിരുന്നോ? മഴ എന്തിയേ? ഇയാൾക്ക് ഭ്രാന്ത് തന്നെയാണ്. ദിവസം ഒന്നായി, രണ്ടായി, മൂന്നായി മഴയില്ല. ഒരു പക്ഷേ നോഹയും ഭാര്യയും, മക്കളും, മരുമക്കളും നോഹയോട് സംശയത്തിന്റെ വാക്കുകൾ പറഞ്ഞു കാണും. അപ്പച്ചൻ പറഞ്ഞത് ശരിയാണോ? ദൈവം തന്നെയാണോ പറഞ്ഞത്? ദിവസം നാലായി, അഞ്ചായി, ആറായി മഴയില്ല. ഇവർ കരക്ക് ഉണ്ടാക്കി വെച്ചിരിക്കുന്ന പെട്ടകത്തിൽ ഇരിക്കുകയാണ്. എന്നാൽ നോഹക്ക് അറിയാം എന്നോട് പറഞ്ഞവൻ ദൈവം തന്നെയാണ്. അല്പം താമസിച്ചാലും അവൻ അരുളിച്ചെയ്തത് നിവർത്തിക്കുന്ന ദൈവമാണ്. ഇതാ! ഹബക്കുക് ദൈവാത്മാവിനാൽ വിളിച്ചു പറയുന്നു. ദർശനത്തിന് ഒരു അവധി വച്ചിരിക്കുന്നു. അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു സമയം തെറ്റുകയുമില്ല. അത് വൈകിയാലും അതിനായി കാത്തിരിക്കുക അത് വരും നിശ്ചയം (ഹബക്കുക് 2:2,3)

നോഹക്ക് പകരം നമ്മൾ ആരെങ്കിലും ആയിരുന്നെങ്കിൽ ഈ ഏഴ് ദിവസം നിന്ദയുടേയും, പരിഹാസത്തിന്റേയും ദിനങ്ങളിൽ പിടിച്ചു നിൽക്കുവാൻ കഴിയാതെ എങ്ങനെയെങ്കിലും വാതിൽ ചവിട്ടിപ്പൊളിച്ച് വെളിയിൽ

വരുവാൻ ആഗ്രഹിക്കുമായിരുന്നു.

ഇത് വായിക്കുന്ന ആരെങ്കിലും കൃപയുടെ പെട്ടകത്തിൽ വിശ്വാസത്താൽ കാലെടുത്തുവെച്ചിട്ട് സംശയിച്ചു നിൽക്കുന്നു എങ്കിൽ സാത്താൻ കൊണ്ടുവരുന്ന സംശയങ്ങളെ അതിജീവിക്കുക. നിന്ദയുടേയും പരിഹാസത്തിന്റേയും മുമ്പിൽ പതറിപ്പോകാതെ നിന്ദകളും പരിഹാസങ്ങളും സഹിച്ച് നമുക്ക് വേണ്ടി മരിച്ച കർത്താവിനെ ധ്യാനിച്ചു കൊണ്ട് നമ്മുടെ പ്രവാസകാലം ധൈര്യത്തോടെ മുമ്പോട്ട് നയിക്കുക എന്നരുളിച്ചെയ്ത ദൈവം തന്റെ വാഗ്ദത്തങ്ങൾ നമ്മിൽ നിവർത്തിക്കുമെന്നുള്ളതിന് രണ്ട് പക്ഷമില്ല.

നോഹയോടുകൂടെ തന്റെ ഭാര്യയും, മൂന്ന് മക്കളും അവരുടെ ഭാര്യമാരും ഉണ്ടായിരുന്നു. കൃപയുടെ പെട്ടകത്തിൽ നമ്മോടുകൂടെ നമ്മുടെ കുടുംബം ഉണ്ടോ? ഏലി പുരോഹിതന്റെ മക്കൾ വഴിപിഴച്ച മാർഗ്ഗത്തിൽ കൂടി മുന്നേറി അവരുടെ ജീവിതം ഒരു പരാജയമായി അവസാനിച്ചു. യിസ്രയേൽ മൂപ്പന്മാർ ശമുവേലിനോട് പറഞ്ഞു. നീ വൃദ്ധനായിരിക്കുന്നു. നിന്റെ പുത്രന്മാർ നിന്റെ വഴിയിൽ നടക്കുന്നില്ല (1ശമു 8:4,5). അപ്പോസ്തലനായ പൗലോസ് അദ്ധ്യക്ഷസ്ഥാനത്തുള്ളവരെ പ്രബോധിപ്പിക്കുമ്പോൾ അവൻ സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവരും, മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവരും ആയിരിക്കേണം എന്ന് പ്രബോധിപ്പിക്കുന്നു (1തിമോ 3:4). ദൈവം സഭ സ്ഥാപിക്കുന്നതിന് മുമ്പേ കുടുംബമാണ് സ്ഥാപിച്ചത് ആകയാൽ നമ്മുടെ ഭവനത്തെക്കുറിച്ചുള്ള ഉത്തരവാദിത്വം വലിയതാണ്.

ദൈവം ലോകത്തെ ജലപ്രളയത്താൽ ന്യായം വിധിച്ചപ്പോൾ ദൈവകൃപ ലഭിച്ച നോഹയേയും, കുടുംബത്തേയും പെട്ടകത്തിൽ കയറ്റി രക്ഷിച്ചു. ന്യായവിധിയുടെ ജലപ്രളയം ഉയരുമ്പോൾ നോഹയും കുടുംബവും ജലപ്രളയത്തിന് മീതെ ആയിരുന്നു. സോദോമിനെ ദൈവം ന്യായം വിധിച്ചപ്പോൾ നീതിമാനായ ലോത്തിനേയും ദൈവം അതിൽ നിന്ന് വിടുവിച്ചു (2 പത്രോ 2:7,8). ഇനിയും ഭൂമിയിൽ നടക്കുവാനിരിക്കുന്ന അന്തിക്രിസ്തുവിന്റെ കാലത്തെ മഹാപീഢനകാലത്തിന് മുമ്പേ കർത്താവ് തന്റെ സഭയേയും സുരക്ഷിത സ്ഥാനത്ത് മാറ്റും എന്നതിന് രണ്ടുപക്ഷമില്ല.

ദൈവിക ന്യായവിധിയിൽ പിടിച്ചു നിൽപ്പാൻ കഴിയാതെ ജനങ്ങൾ വെള്ളം കുടിച്ച് നിലവിളിച്ച്, ജീവിതം അവസാനിപ്പിക്കുമ്പോൾ പെട്ടകത്തിനകത്ത് പ്രവേശിച്ച നോഹക്കും, കുടുംബത്തിനും ജയത്തിന്റേയും ഉല്ലാസത്തിന്റേയും ദിനങ്ങളായിരുന്നു. നാല്പത് ദിവസം ജലപ്രളയം ഉണ്ടായി. വെള്ളം ഭൂമിയിൽ നൂറ്റമ്പത് ദിവസം പൊങ്ങിക്കൊണ്ടിരുന്നു. എന്നാൽ അതിന്റെ മദ്ധ്യേ ദൈവം നോഹയേയും അവനോടുകൂടെ പെട്ടകത്തിൽ ഉള്ള സകല ജീവികളേയും, സകല മൃഗങ്ങളേയും ഓർത്തു. ദൈവം ഭൂമിയിൽ ഒരു കാറ്റ് അടിപ്പിച്ച് വെള്ളം നിലച്ചു. ആഴിയുടെ ഉറവുകളും, ആകാശത്തിന്റെ കിളിവാതിലുകളും അടഞ്ഞു. ആകാശത്തു നിന്നുള്ള മഴയും നിന്നു. നൂറ്റമ്പത് ദിവസം കഴിഞ്ഞശേഷം വെള്ളം

കുറഞ്ഞു തുടങ്ങി. ഏഴാം മാസം പതിനേഴാം തീയതി പെട്ടകം അരാരാത്ത് പർവ്വതത്തിൽ ഉറച്ചു (ഉല്പ 8:1-4).

ന്യായവിധിയിൽ നിന്ന് വിടുതൽ പ്രാപിച്ച് പെട്ടകം പർവ്വതത്തിൽ ഉറച്ചപ്പോൾ അവർ ന്യായവിധിയിൽ നിന്ന് വിടുവിക്കപ്പെട്ടു എന്നുള്ള രക്ഷയുടെ ഉറപ്പ് അവർക്ക് ലഭിച്ചു. ആകയാൽ അരാരാത്ത് പർവ്വതം രക്ഷയുടെ ഒരു പർവ്വതമാണ്. സീയോൻ പർവ്വതത്തിലേക്ക് യാത്ര ചെയ്യുന്ന ഒരു വ്യക്തി ആദ്യമേ കയറേണ്ട പർവ്വതം രക്ഷയുടെ പർവ്വതമായ അരാരാത്ത് ആയിരിക്കേണം.

നോഹയും കുടുംബവും കയറിയ പെട്ടകം അരാരാത്തു പർവ്വതത്തിൽ ഉറച്ചപ്പോൾ വലിയ ന്യായവിധിയിൽ നിന്ന് അവർ വിടുവിക്കപ്പെട്ടതിന്റെ സന്തോഷം തീർച്ചയായും അവർക്കുണ്ടായിക്കാണും. തുടർന്ന് ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ താൻ പെട്ടകത്തിന് ഉണ്ടാക്കിയിരുന്ന കിളിവാതിൽ വഴി ഒരു മലങ്കാക്കയെ പുറത്തു വിട്ടു. അതു പുറപ്പെട്ടു ഭൂമിയിൽ വെള്ളം വറ്റിപ്പോകുന്നതു വരെ പോയും വന്നു കൊണ്ടുമിരുന്നു. ഇതിനെക്കുറിച്ച് ചിലരുടെ അഭിപ്രായം കാക്ക പെട്ടകത്തിനകത്തു കടന്നിട്ടും പഴയ സ്വഭാവ രീതിക്ക് മാറ്റം വന്നില്ല. ഇപ്പോൾ വെള്ളത്തിനു മുകളിൽ ശവശരീരങ്ങൾ ധാരാളം ഒഴുകി നടക്കുന്നുണ്ട്. ശവശരീരത്തിന്റെ പുറത്തു പോയിരിക്കുന്നതിനോ, അത് കൊത്തി ഭക്ഷിക്കുന്നതിനോ കാക്കക്ക് മടിയില്ല. അതു കൊണ്ടാണ് വന്നും പോയും കൊണ്ടിരുന്നത്.

എന്നാൽ നോഹ കുറേക്കഴിഞ്ഞ് ഒരു പ്രാവിനെ പുറത്തു വിട്ടിട്ട് അതു കാൽ വെപ്പാൻ സ്ഥലം കാണാതെ പെട്ടകത്തിലേക്ക് മടങ്ങി വന്നു. പ്രാവ് ഒരിക്കലും അശുദ്ധസാധനങ്ങൾ ഭക്ഷിക്കുകയോ, അശുദ്ധസ്ഥലത്ത് ഇരിക്കയോ ചെയ്യാറില്ല.

പഴയനിയമത്തിലെ നോഹയുടെ പെട്ടകം പുതിയനിയമത്തിൽ കൃപയുടെ പെട്ടകത്തിന്റെ നിഴലാണ്.

കൃപയുടെ പെട്ടകത്തിൽ വിശ്വസിച്ച് കയറുന്നവർക്കു മാത്രമേ സ്ഥാനമുള്ളു. കൃപയുടെ പെട്ടകത്തിലാണ് എന്നു പറയുന്നവരിൽ ഒരന്വേഷണം നടത്തിയാൽ പെട്ടകത്തിലുള്ള കാക്കകൾക്കും പ്രാവുകൾക്കും തുല്യരായി അനേകരെ കാണുവാൻ കഴിയും. കാക്ക പെട്ടകത്തിൽ നിന്നു പുറത്തു പോയി ശവത്തിന്റെ പുറത്ത് ഇരിക്കുകയും, അവസരങ്ങൾ കിട്ടിയാൽ ശവശരീരം തിന്നുകയും ചെയ്യുന്നതു പോലെ രക്ഷിക്കപ്പെട്ടു എന്നു പറയുന്ന പല വിശ്വാസികളും അവസരങ്ങൾ ലഭിക്കുമ്പോൾ പഴയ പാപസ്വഭാവത്തിലേക്ക് ഇറങ്ങിപ്പോകുന്നവരും, പാപം ചെയ്യുന്നവരുമാണ്. എന്നാൽ മറുഭാഗത്ത് പ്രാവിനേപ്പോലെ നിഷ്ക്കളങ്കരും, പാപത്തോട് വെറുപ്പുള്ളവരും, സാത്താൻ പാപം ചെയ്യുവാൻ അവസരങ്ങൾ ഒരുക്കിക്കൊണ്ട് മുമ്പിൽ വന്നാലും അതിൽനിന്ന് ഓടിപ്പോകുന്നവരുമുണ്ട്.

പണ്ടൊരിക്കൽ ചിക്കാഗോയിൽ നടന്ന ഒരുണർവ്വു യോഗത്തിൽ പലരും തങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് ദൈവത്തിനു സമർപ്പിച്ചു. ആ കൂട്ടത്തിൽ ഒരാൾ എഴുന്നേറ്റു പറഞ്ഞു, “ഞാൻ ഈ പട്ടണത്തിലെ ഒരു

വലിയ കള്ളനാണ്. ഇന്നലെയും ഈ യോഗത്തിൽ ഞാൻ സംബന്ധിച്ചിരുന്നു. തിരിച്ചു പോകുമ്പോൾ ഈ അടുത്തുള്ള സ്റ്റോറിൽ നിന്ന് ഒരു ചാക്ക് ഗോതമ്പു കൂടി മോഷ്ടിച്ചു കൊണ്ടാണ് പോയത്. ഇന്നു മുതൽ കർത്താവിനെ എന്റെ രക്ഷകനായി സ്വീകരിക്കുന്നു" ആ സ്റ്റോറിന്റെ ഉടമ അവിടെയുണ്ടായിരുന്നു. അയാൾ എഴുന്നേറ്റു പറഞ്ഞു" "എന്റെ കടയിൽ നിന്നാണ് മോഷണം പോയത്, രാവിലെ ഞാൻ കടയിൽ ചെന്നപ്പോൾ മോഷണം നടന്നതായി അറിഞ്ഞു. ഒരു ചാക്കു ഗോതമ്പു കൊണ്ടു പോയിട്ടില്ല. അരച്ചാക്കേ കൊണ്ടു പോയിട്ടുള്ളു" ഉടനെ കള്ളൻ ചാടി എഴുന്നേറ്റു പറഞ്ഞു, "ഇന്നു പോകുമ്പോൾ എനിക്ക് ബാക്കിയുള്ള അരച്ചാക്കു ഗോതമ്പു കൂടി എടുത്തോണ്ടു പോകണം എന്ന് ആഗ്രഹിക്കുന്നു. അതു കൊണ്ടാണ് ഒരു ചാക്കെന്ന് നേരത്തെ പറഞ്ഞത്. അല്ലാതെ കള്ളം പറഞ്ഞതല്ല". നോക്കുക, രക്ഷിക്കപ്പെട്ട കള്ളൻ. ഇതു പോലെ കൃപയുടെ പെട്ടകത്തിൽ കയറിപ്പറ്റിയ കള്ളന്മാർ അനേകരുണ്ട്. അവർ നിമിത്തം ദൈവനാമം ദുഷിച്ചു കൊണ്ടിരിക്കയാണ്. കർത്താവ് കൂടെയുണ്ടായിരുന്നിട്ടും പന്ത്രണ്ടിൽ ഒന്ന് കള്ളനായിരുന്നു. എങ്കിൽ ഇപ്പോൾ കർത്താവു കൂടെയില്ലാത്തതു കൊണ്ട് കള്ളന്മാരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കയാണ്.

ശവത്തിന്റെ പുറത്തിരിക്കുന്ന കാക്കയെ കണ്ടു കൊണ്ട് ലോകം പറയും, കണ്ടോ? പെട്ടകത്തിലുള്ളവരെല്ലാം കള്ളന്മാരാണ്. എന്നാൽ ലോകമേ! നിനക്കു തെറ്റി. പെട്ടകത്തിൽ കാക്കകൾ രണ്ടെണ്ണമേ ഉള്ളു. എന്നാൽ പെട്ടകത്തിൽ പ്രാവുകൾ ഏഴെണ്ണമുണ്ട്. ഇതു പോലെ തന്നെ തെറ്റു ചെയ്യുന്ന ചിലരെ കണ്ടു കൊണ്ട് ഈ സമൂഹത്തിലുള്ളവരെല്ലാവരും മോശമാണന്ന് മുദ്ര കുത്തുമ്പോൾ ജീവിക്കുന്ന ദൈവമക്കളുടെ ഒരു വലിയ സമൂഹം ഇതിനകത്തുണ്ട് എന്നുള്ളത് ഞാൻ അഭിമാനത്തോടെ പ്രസ്താവിക്കട്ടെ.

തിരുവചനം പഠിക്കുമ്പോൾ വീണു പോയ ചിലരുടെ ചരിത്രങ്ങൾ തിരുവചനത്തിലുണ്ട്. ദൂതന്മാരുടെ വീഴ്ച, കയീന്റെ പതനം, കോരഹിന്റെ മത്സരം, ബിലെയാമിന്റെ വഞ്ചന, ശിംശോന്റെ ജഡമോഹം, ശലോമോന്റെ പരാജയം, യൂദായുടെ ദ്രവ്യാഗ്രഹം, ആഖാന്റെ മോഹം, ദേമാസിന്റെ ലോകസ്നേഹം, നെബുഖദ്നേസറിന്റെ നിഗളം, അബ്ശാലോമിന്റെ തന്നിഷ്ടം. ശൗൽ രാജാവിന്റെ അനുസരണക്കേട്, ആദിയായതെല്ലാം നാം പഠിക്കുന്നുണ്ടെങ്കിലും തെറ്റുകൾ മനസ്സിലാക്കി, ജീവിതം തിരുത്തിക്കുറിച്ച് വലിയവനായിത്തീർന്ന ദാവീദിന്റെ ചരിത്രം നമുക്ക് ഒരു പുത്തനുന്മേഷം നൽകിത്തരുന്നു. യൗവ്വനത്തിന്റെ ശക്തിയിൽ ആയിരുന്നിട്ടും യൗവ്വനമോഹത്തിൽ അടിമപ്പെടാതെ ദൈവത്തെ ഭയപ്പെട്ട്, പോത്തിഫേറിന്റെ ഭവനത്തിൽ നിന്ന് ഓടിപ്പോയ യോസഫ് എന്നും നമ്മുടെ വീരപുരുഷനാണ്. ബാബിലോണിലെ ഭക്ഷണപാനീയങ്ങൾ ഭക്ഷിച്ച് തങ്ങളെ അശുദ്ധരാക്കില്ല എന്ന തീരുമാനത്തിൽ ഉറച്ചു നിന്ന ദാനിയേലും, ഹനന്യാവ്, മീശായേൽ, അസര്യാവ് എന്നിവർ എന്നും നമുക്ക് ആവേശമാണ്.

സമാഗമന കൂടാരത്തിന്റെ വാതില്ക്കൽ സേവ ചെയ്യുന്ന സ്ത്രീകളുമായി ഹൊഫ്നിയും, ഫിനഹാസും അവിഹിതബന്ധങ്ങൾ പുലർത്തുമ്പോൾ ആ കൂട്ടുകെട്ടിൽ നിന്ന് ഒഴിഞ്ഞ് പെട്ടകത്തിന്റെ സാന്നിദ്ധ്യത്തിൽ വിശ്രമിച്ച്, ജീവിതവിശുദ്ധി പാലിച്ച ശമുവേൽ എന്നും നമുക്ക് അഭിമാനമാണ്. ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതു പോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ എന്ന് ഉറക്കെ വിളിച്ചു പറഞ്ഞ പൗലോസ് നമുക്ക് ഒരു മാതൃകാ പുരുഷനാണ്. ഒരാൾ ആത്മീകനാണോ എന്ന് അളക്കുന്നത് അവന്റെ പ്രാർത്ഥനയോ പ്രസംഗമോ, പാട്ടോ, അന്യഭാഷയോ, പ്രവചനമോ കേട്ടിട്ടല്ല. പിന്നെയോ! പാപത്തോടുള്ള അവന്റെ അകൽച്ചയും, വെറുപ്പുമാണ് അവനെ ആത്മീകനാക്കുന്നത്.

ന്യായവിധിയുടെ ജലപ്രളയം പൂർണ്ണമായി മാറിയപ്പോൾ നോഹയും കുടുംബവും പെട്ടകത്തിൽ നിന്ന് കരക്കിറങ്ങി. യാഗപീഠം പണിതു. ദൈവത്തിന് യാഗം അർപ്പിച്ചു. ഇപ്പോൾ അവർ രക്ഷിക്കപ്പെട്ടു എന്നുള്ള പൂർണ്ണമായ ഉറപ്പ് അവർക്ക് ലഭിച്ചു.

ഇതു പോലെ സീയോൻ മലയിലേക്ക് യാത്ര ചെയ്യുന്ന ഒരു സീയോൻ സഞ്ചാരി ആദ്യമേ കയറേണ്ട പർവ്വതം രക്ഷയുടെ പർവ്വതമാണ്.

“യേശുവിനെ കർത്താവ് എന്ന് വായ് കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പ്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും” (റോമർ 10:9). “കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല. ദൈവത്തിന്റെ ദാനമത്രേയാകുന്നു” (എഫെ.2:8).

“അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു” (യോഹ.1:12). “ക്രിസ്തുയേശുവിങ്കലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവമക്കളാകുന്നു” (ഗലാ.3:26).

നാം പെട്ടകത്തിൽ കയറിയതു കൊണ്ടു മാത്രം ആയില്ല; പൗലോസ് പറയുന്നു, “പ്രീയമുള്ളവരെ നിങ്ങൾ എല്ലായ്പ്പോഴും അനുസരിച്ചതു പോലെ ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല, ഇങ്ങ് ദൂരത്തിരിക്കുമ്പോൾ ഏറ്റവും അധികമായി ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷക്കായി പ്രവർത്തിപ്പിൻ.” (ഫിലി.2:12).

ഇനി തനിക്കായി കാത്തു നില്ക്കുന്നവരുടെ രക്ഷക്കായി യേശു പാപം കൂടാതെ രണ്ടാമതും പ്രത്യക്ഷനാകും (എബ്രാ.9:28).

ആകയാൽ നാം ഭൂമിയിലായിരിക്കുമ്പോൾ തന്നെ രക്ഷിക്കപ്പെട്ടു എന്നുള്ള ഒരു ഉറപ്പ് ഒരു ദൈവപൈതൽ പ്രാപിച്ചിരിക്കേണ്ടതാകുന്നു. നോഹയും കുടുംബവും അരാരാത്ത് പർവ്വതത്തിൽ കാലു കുത്തിയതുപോലെ നാമും രക്ഷയുടെ പർവ്വതത്തിൽ കയറി യാത്ര തുടർന്ന് സീയോൻ പർവ്വതത്തിലേക്ക് ഗമിക്കേണ്ടതാകുന്നു.

# 2

# മോറിയാ മല: അനുസരണത്തിന്റെ മല

സീയോൻ മലയിലേക്കുള്ള യാത്രയിൽ അരാരാത്ത് (രക്ഷയുടെ) പർവ്വതത്തിൽ നിന്ന് തുടക്കം കുറിച്ച ഒരു ദൈവപൈതൽ അടുത്തു കയറേണ്ട മല മോറിയാ (അനുസരണത്തിന്റെ) മലയാണ്. രക്ഷയുടെ ഉറപ്പ് പ്രാപിച്ച വിശ്വാസി സകലത്തിലും കർത്താവിനെ അനുസരിക്കാൻ തയ്യാറാകണം.

നോഹൈക തലമുറ വിഗ്രഹാരാധികളായി ദൈവസന്നിധിയിൽ നിന്ന് അകന്നു പോയപ്പോൾ, ദൈവം തന്റെ പുത്രനെ ലോകത്തിന് നല്കേണ്ടതിനും ദൈവത്തെ സേവിക്കുന്ന ഒരു ജനവർഗ്ഗം ഉണ്ടാകേണ്ടതിനുമായി തിരഞ്ഞെടുത്ത ഒരു വ്യക്തിയാണ് അബ്രഹാം.

അബ്രഹാമിനും അവന്റെ പിതാവായ തേരഹിനും വിഗ്രഹങ്ങളെ വാർത്തുണ്ടാക്കി വില്ക്കുന്ന ജോലിയായിരുന്നു എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അബ്രഹാമിന്റെ ഉള്ളിൽ ജീവനുള്ള ദൈവത്തെക്കുറിച്ചുള്ള വാഞ്ചയുണ്ടായിരുന്നു.

ആഗ്രഹിക്കുന്ന ആത്മാക്കളെയാണ് ദൈവം തൃപ്തിപ്പെടുത്തുന്നത്. കർത്താവിനെ കാണണം എന്നുള്ള സക്കായിയുടെ ആഗ്രഹമാണ് അവന്റെ ഭവനത്തിൽ കർത്താവിനെ കൊണ്ടു ചെന്നെത്തിച്ചത്. പണ്ടൊരിക്കൽ ഒരു കൃഷിക്കാരൻ തന്റെ തോട്ടത്തിൽ നില്ക്കുന്ന തെങ്ങിന് വളമിടുവാനായി ഒരു വേലക്കാരനെ നിയോഗിച്ച് ഏല്പിച്ചു. കൃഷിക്കാരൻ വൈകിട്ട് വന്നു നോക്കിയപ്പോൾ ആ തോട്ടത്തിൽ നിന്നിരുന്ന എല്ലാ തെങ്ങിനും അവൻ കിളച്ച് വളമിട്ടിട്ടുണ്ടായിരുന്നു; ആ കൂട്ടത്തിൽ മണ്ട ഒടിഞ്ഞു പോയ, ഉണങ്ങി നിന്ന നാലഞ്ചു തെങ്ങിനും അവൻ വളം ഇട്ടിരുന്നു. ആ കൂലിക്കാരൻ തെങ്ങിന്റെ മണ്ട നോക്കാതെ ചുവടു മാത്രം നോക്കി അങ്ങനെ ചെയ്തതു കൊണ്ടാണ് തെറ്റ് സംഭവിച്ചത്. നാം ചിലരോട് സുവിശേഷം പറയുമ്പോൾ അവർ പറയും ഉപദേശീ നിങ്ങൾ എല്ലാവരും സ്വർഗ്ഗ

ത്തിൽ പോയാൽ നരകത്തിലും ആളു വേണ്ടായോ, ഞങ്ങൾ അവിടുത്തേക്ക് റിസർവ്വു ചെയ്തിട്ടിരിക്കയാണ് എന്ന്. അങ്ങനെയുള്ളവരുടെ ആഗ്രഹത്തിന്റെ നിവൃത്തിക്കായി കർത്താവും ചിലപ്പോൾ സമ്മതം കൊടുക്കുമെന്നു കരുതാം. അങ്ങനെയുള്ളവരെക്കുറിച്ച് പ്രതീക്ഷക്കു വലിയ കാര്യമില്ല. എന്നാൽ ദൈവവിഷയമായി ഉള്ളിന്റെയുള്ളിൽ ആഗ്രഹമുണ്ടെങ്കിൽ ദൈവം അതു പൂർത്തീകരണത്തിലേക്ക് കൊണ്ടുവരും.

തേജസ്സില്ലാത്ത വിഗ്രഹങ്ങളുടെ മുമ്പിൽ ആരാധിച്ചു മടുത്ത അബ്രഹാമിന് തേജോമയനായ ദൈവം പ്രത്യക്ഷനായി. നിന്റെ ചാർച്ചക്കാരേയും, പിതൃഭവനത്തേയും, ദേശത്തേയും വിട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പുറപ്പെടുക എന്ന നിർദ്ദേശം നൽകി. ദൈവശബ്ദം കേട്ട അബ്രഹാം ദൈവത്തോട് മറുത്തുനില്ക്കയോ, മറുചോദ്യം ചോദിക്കുകയോ ചെയ്യാതെ, ദൈവീക അരുളപ്പാടുകൾ ശിരസ്സാ വഹിച്ച് എവിടേക്കു പോകുന്നു എന്നറിയാതെ യാത്ര പുറപ്പെട്ടു (എബ്രാ.11:8, പ്രവ.7:2-4, ഉല്പ.12:1-6). ഒടുവിൽ ദൈവം തനിക്കായി ഒരുക്കി നല്കിയ കനാനിൽ കൊണ്ടു വന്നു പാർപ്പിച്ചു. അബ്രഹാമിന്റെ കൂടാരത്തിന് എല്ലായ്പ്പോഴും ദൈവത്തിന്റെ സഖ്യത ഉണ്ടായിരുന്നു. താൻ പാർത്ത സ്ഥലങ്ങളിലെല്ലാം യാഗപീഠം പണിത് ദൈവത്തെ ആരാധിച്ചു.

അബ്രഹാമിന് 75 വയസ്സായപ്പോൾ ദൈവം തനിക്ക് നല്കുവാനുള്ള സന്തതിയെക്കുറിച്ച് വാഗ്ദത്തം നൽകി. എന്നാൽ തന്റെ വാഗ്ദത്തം പൂർത്തീകരിക്കേണ്ടതിന് നീണ്ട ഇരുപത്തിയഞ്ചു വർഷം കാത്തിരിക്കേണ്ടി വന്നു. അബ്രഹാമിനെ ദൈവം തിരഞ്ഞെടുത്തതു മുതൽ സാത്താന് ഭയം ആരംഭിച്ചു. യിസ്ഹാക്ക് ജനിക്കാതിരിക്കേണ്ടതിനും, അതിനു പകരമായി ഒരു യിശ്മായേലിനെ നൽകി അബ്രഹാമിന്റെ ലക്ഷ്യം തിരിച്ചു വിടുവാനും സാത്താൻ പ്ലാൻ ചെയ്ത് ക്രമീകരണം ചെയ്തു. ഇതിൽ വിജയിച്ച സാത്താൻ മനസ്സിൽ കരുതിക്കാണും, ദൈവത്തിന്റെ പ്രവർത്തനങ്ങൾ പാളിപ്പോയി. ഇനിയും അബ്രഹാമിന് സാറയിൽ കൂടെ മകൻ ജനിക്കത്തില്ല. കാരണം അവരുടെ പുത്രോല്പാദനത്തിനുള്ള ശക്തി നഷ്ടപ്പെട്ടു. ഈ അവസരങ്ങളിൽ മൗനം പാലിച്ച ദൈവം അബ്രഹാമിന് 99 വയസ്സായപ്പോൾ സർവ്വശക്തിയുള്ള ദൈവമായി പ്രത്യക്ഷപ്പെട്ടു. ദൈവജനം ഒരു കാര്യം മനസ്സിലാക്കിയിരിക്കണം, ദൈവീക പ്രവർത്തനത്തിനെതിരായി സാത്താനും അവന്റെ സൈന്യവും അവന്റെ ആവനാഴിയിലെ സർവ്വ ആയുധങ്ങളും പ്രയോഗിച്ചാലും, ദൈവം ഒരു പദ്ധതി പ്ലാൻ ചെയ്താൽ അവൻ അത് നിർവ്വഹിക്കുക തന്നെ ചെയ്യും. യിരെമ്യാവു വിളിച്ചു പറയുന്നു, "അതിനെ അനുഷ്ഠിക്കുന്ന യഹോവ അതിനെ നിവർത്തിപ്പാൻ നിർണ്ണയിക്കുന്ന യഹോവ, യഹോവ എന്ന് നാമമുള്ളവൻ തന്നെ" (യിരെ.33:2).

സാത്താനേ! ദൈവം തന്റെ പുത്രനെ ലോകത്തിന് നൽകുവാൻ പ്ലാൻ ചെയ്ത് ലോകസ്ഥാപനത്തിന് (യുഗങ്ങൾക്ക്) മുന്നമേ ക്രമീകരണം ചെയ്തിരിക്കയാണ്. അതിനെ ദുർബ്ബലപ്പെടുത്തുവാൻ ഒരു ശക്തിക്കും കഴികയില്ല. അബ്രഹാമിനും സാറായിക്കും പുത്രോല്പാദനത്തിനുള്ള ശക്തി നഷ്ടപ്പെട്ടാലും യഹോവ ഏൽ ശദ്ദായി ആയ (സർവ്വ ശക്തനായ) ദൈവമാണ്. അവന് ഒരു കാര്യവും അസാദ്ധ്യമല്ല. ഒന്നുമില്ലായ്മയിൽ നിന്ന് ഉള്ളതിനേപ്പോലെ സകലവും വിളിച്ചു വരുത്തുവാൻ കഴിയുന്നവനാണ്.

ഈ കാര്യങ്ങൾ നാം വിശ്വസിക്കണം. അങ്ങനെ വിശ്വസിക്കുന്നവരിൽ കൂടെയാണ് ദൈവീക പ്രവർത്തനങ്ങൾ വെളിപ്പെട്ടുവരുന്നത്. നിന്റെ സന്തതി ഇവ്വണ്ണമാകുമെന്ന് അരുളിച്ചെയ്തിരിക്കുന്നതുപോലെ താൻ ബഹുജാതികൾക്ക് പിതാവാകും എന്ന് അവൻ ആശയ്ക്കു വിരോധമായി ആശയോടെ വിശ്വസിച്ചു. അവൻ ഏകദേശം 100 വയസ്സുള്ളവനാകയാൽ തന്റെ ശരീരം നിർജ്ജീവമായിപ്പോയതും സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വവും ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിച്ചില്ല. ദൈവത്തിന്റെ വാഗ്ദത്തത്തിൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ട് ദൈവത്തിന് മഹത്വം കൊടുത്തു. അവൻ വാഗ്ദത്തം ചെയ്തത് പ്രവർത്തിപ്പാനും ശക്തൻ എന്ന് പൂർണ്ണമായി ഉറച്ചു (റോമർ 4:18-22).

ദൈവം വാഗ്ദത്തം ചെയ്തതു പോലെ അബ്രഹാമിന്റെ നൂറാമത്തെ വയസ്സിൽ വാഗ്ദത്ത സന്തതിയായി യിസഹാക്കിനെ സാറയിൽ കൂടി ദാനം ചെയ്തു. അബ്രഹാമിന്റെ കൂടാരത്തിൽ വലിയ സന്തോഷമായി. അവിടെ വരുന്നവരെല്ലാം ദൈവീക പ്രവർത്തി കണ്ട് സന്തോഷിച്ച് ചിരിക്കുവാൻ സംഗതിയായി. അതു കൊണ്ട് ചിരി എന്നർത്ഥമുള്ള 'യിസ്ഹാക്ക്' എന്നു തന്നെ അവനു പേരിടുകയും ചെയ്തു.

എന്റെ അഭിപ്രായത്തിൽ യിസ്ഹാക്കിനെ തന്റെ ചെറുപ്രായത്തിൽ നിലം തൊടീക്കാതെ, കരയിപ്പിക്കാതെ ആളുകൾ മാറി മാറി എടുത്തു കൊണ്ട് നടക്കുമായിരുന്നു. കാരണം അബ്രഹാമിന്റെ കൂടാരത്തിൽ ദാസീദാസന്മാരെ കൂടാതെ അവിടെ ജനിച്ചു വളർന്ന അഭ്യാസികൾ തന്നെ മുന്നൂറ്റി പതിനെട്ടു പേർ ഉണ്ടായിരുന്നു. അവരുടെ എല്ലാവരുടെയും കണ്ണിലുണ്ണിയായിരുന്നു യിസ്ഹാക്ക്. ഇങ്ങനെ വളരെ സന്തോഷത്തോടു കൂടെ പോകുന്ന വേളയിലാണ്, ദൈവം അബ്രഹാമിനെ പരീക്ഷിക്കേണ്ടതിനായി, സന്ദർശിക്കുകയും; അതികഠിനമായ ഒരു പരിശോധനയിലേക്ക് അബ്രഹാമിനെ നയിക്കുകയും ചെയ്തത്. ദൈവം അബ്രഹാമിനെ വിളിച്ചു; ഉടനെ തന്നെ ഞാൻ ഇതാ എന്ന് അവൻ പ്രതികരിച്ചു. തുടർന്നു ദൈവം പറഞ്ഞു, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനേത്തന്നെ കൂട്ടിക്കൊണ്ട് മോറിയാദേശത്ത് ചെന്ന് അവിടെ ഞാൻ നിന്നോട് കല്പ്പി

ക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക (ഉല്പ.22:1-14).

ഈ ഭാഗം വായിക്കുമ്പോൾ എനിക്കു തോന്നുന്നത് യിസ്ഹാക്കിനെ യാഗം കഴിക്കുവാൻ പോകുന്നതിന്റെ തലേ രാത്രിയിലായിരിക്കും താൻ ഈ ദൈവശബ്ദം കേട്ടത്; ആ ഭാഗം ശ്രദ്ധിച്ച് പഠിച്ചാൽ ഏതു ദിവസം യാഗം നടത്തണമെന്ന് പറഞ്ഞില്ല. മകനെ ഹോമയാഗം കഴിക്കണമെന്ന് മാത്രമേ പറഞ്ഞുള്ളു. എന്നാൽ ദൈവശബ്ദം കേട്ട മാത്രയിൽ മറ്റാരോടും ആലോചിക്കാതെ, ചില ദിവസങ്ങൾ ഉപവാസമെടുത്ത് വീണ്ടും ആലോചന പ്രാപിച്ചിട്ട് ചെയ്താൽ മതി എന്ന് തീരുമാനിക്കാതെ, ദൈവീക കല്പന നിവൃത്തിക്കുവാൻ താൻ അതിരാവിലെ തന്നെ ഉണർന്ന് വേണ്ട ക്രമീകരണങ്ങളെല്ലാം ചെയ്തു. ദൈവം അബ്രഹാമിനോടു യാഗത്തെക്കുറിച്ച് അരുളിച്ചെയ്തപ്പോൾ വ്യക്തമായി പറഞ്ഞു, "നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നേ കൂട്ടിക്കൊണ്ടു പോയി വേണം യാഗം കഴിക്കേണ്ടത്" എന്ന്. മകനെ കൊണ്ടു പോയി യാഗം കഴിക്കുക എന്നു മാത്രം കല്പ്പിച്ചിരുന്നു എങ്കിൽ യാതൊരു സംശയത്തിനും വകയില്ലാതെ; ദൈവഹിതപ്രകാരം അല്ലാതെ ദാസിയിൽ കൂടെ ജനിച്ച മകൻ യിശ്മായേലിനെ കയ്യോടെ പിടിച്ചു കൊണ്ടു പോയി യാഗം നടത്തുമായിരുന്നു. വാഗ്ദത്ത സന്തതിയായ യിസ്ഹാക്കിനെ ഉപദ്രവിക്കുന്ന ജഡീക സന്തതിയായ യിശ്മായേലിനെ യാഗം കഴിക്കുന്ന കാര്യത്തിൽ സാറയും വേണ്ട ഒത്താശകൾ എല്ലാം ചെയ്തു കൊടുക്കുമായിരുന്നു എന്നുള്ളതിന് രണ്ടു പക്ഷമില്ല. എന്നാൽ അതു സംഭവിക്കും എന്നു മനസ്സിലാക്കിയ ദൈവം വ്യക്തമായിത്തന്നെ അബ്രഹാമിനോട് സംസാരിച്ചു.

ദൈവാത്മാവ് സംസാരിക്കുമ്പോൾ വ്യക്തമായിത്തന്നെ സംസാരിക്കും. ഞാൻ ഗൾഫിൽ ശുശ്രൂഷയിൽ ആയിരുന്നപ്പോൾ അവിടെ വന്നു ശുശ്രൂഷിച്ച ഒരു പ്രവാചകനെ ഓർമ്മ വരുന്നു. സാധാരണ മനുഷ്യർക്ക് വരുന്ന സകല രോഗങ്ങളും പറഞ്ഞിട്ട് ഇങ്ങനെയുള്ള ചിലർ ഇവിടെയിരിക്കുന്നതായി ദൈവാത്മാവ് കാണിക്കുന്നു എന്ന് പറയും. അങ്ങനെയുള്ള പ്രവചനം ഒരിക്കലും ശരിയായുള്ള ദൈവാലോചന അല്ല.

ഞാൻ ചിക്കാഗോയിൽ ശുശ്രൂഷിക്കുമ്പോൾ അവിടെ നടന്ന ഒരു വലിയ കൺവൻഷനിൽ ഒരു ഉണർവ്വു പ്രസംഗകൻ യോഗത്തിന്റെ ഒടുവിൽ ചില രോഗങ്ങളുടെ പേർ പറഞ്ഞിട്ട് ചില വ്യക്തികളുടെ പേർ പരസ്യമായി വിളിക്കുകയുണ്ടായി. പിന്നെയും പിന്നെയും അന്നമ്മയെ ദൈവം കാണിക്കുന്നു, മുമ്പോട്ടു വന്നാൽ പ്രാർത്ഥിക്കാം എന്നു പറഞ്ഞു. ഉടനെ രണ്ട് അന്നമ്മമാർ മുന്നോട്ടു വന്നു. അദ്ദേഹം പറഞ്ഞു, സാരമില്ല, രണ്ടു പേരും മുമ്പോട്ടു വരുവാൻ, അവർ ചെന്നു, അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അന്നമ്മയുടെ പേർ വെളിപ്പെടുത്തിയ ദൈവത്തിന് ഏത് അന്നമ്മയാ

ണെന്ന് അറിഞ്ഞു കൂടെയോ? അന്നമ്മ എന്ന് അറിയാവുന്ന ദൈവത്തിന് അന്നമ്മയുടെ ഒടുവിലത്തെ പേർ അറിഞ്ഞു കൂടെയോ? ഇത് ദൈവാത്മാവിന്റെ ആലോചനയാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. മലയാളികൾ കൂടി വരുന്നിടത്ത്, അന്നമ്മയും, മറിയാമ്മയും, പെണ്ണമ്മയും, മത്തായിച്ചനും, ചാക്കോച്ചനും സർവ്വ സാധാരണമാണ്.

കൊർന്നോല്യോസിന്റെ വീട്ടിൽ ഇറങ്ങി വന്ന ദൈവദൂതൻ പത്രോസിനെ വിളിച്ചു കൊണ്ടു വരേണ്ടതിനായി വഴി പറഞ്ഞു കൊടുക്കുമ്പോൾ കടല്പ്പുറത്തു ചെന്ന്, തോല്ക്കൊല്ലനായ ശിമോൻ എന്നൊരുവനോടു കൂടെ യോപ്പയിൽ പാർക്കുന്ന പത്രോസ് എന്നു മറുപേരുള്ള ശിമോനെ വിളിച്ചു കൊണ്ടു വരുവാൻ കല്പ്പിക്കുന്നു. ഇത്രയും പറഞ്ഞില്ലായിരുന്നു എങ്കിൽ ആ വീടിന്റെ ഉടമയായ ശിമോൻ കൂടെ ഇറങ്ങിച്ചെല്ലുമായിരുന്നു. അയാൾ ചെന്ന് എന്തെങ്കിലും തുകലിന്റെ പണി ഉണ്ടോ എന്ന് ചോദിച്ച് മടങ്ങിപ്പോകുമായിരുന്നു. അങ്ങനെ സംഭവിക്കാതിരിക്കേണ്ടതിന് ദൈവാത്മാവ് പ്രത്യേകം പറഞ്ഞു, പത്രോസ് എന്നു മറു പേരുള്ള ശിമോനെയാണ് വിളിച്ചു കൊണ്ടു വരേണ്ടത്.

ദൈവം ഇറങ്ങിവന്ന് ഇയ്യോബിനോട് ചില ചോദ്യങ്ങൾ ചോദിക്കുന്നത് ഇപ്രകാരമാണ്. “കാട്ടുകഴുതയെ അഴിച്ചു വിട്ടത് ആർ? കാട്ടുപോത്തിനെ നിനക്കു കയറിട്ട് ഉഴവിന് കൊണ്ടു പോകാമോ? കുതിരക്ക് നീയോ ശക്തി കൊടുത്തത്? അതിന്റെ കഴുത്തിന് നീയോ കുഞ്ചിരോമം അണിയിച്ചത്? കാട്ടാടുകളുടെ പ്രസവകാലം നിനക്ക് അറിയാമോ?” ഇയ്യോബിന്റെ വീട്ടിലെ ആടുകളുടെ പ്രസവകാലം പോലും അറിയാത്ത ഇയ്യോബ് എന്ത് ഉത്തരം പറയുവാനാണ്. എന്നാൽ ഇതെല്ലാം എന്റെ ദൈവത്തിന് അറിയാം, നമ്മുടെ തലയിലെ രോമങ്ങൾ പോലും ദൈവം അറിയാതെ താഴെ വീഴുകയില്ല; ആയതിനാൽ ദൈവം നമ്മോട് വ്യക്തമായി സംസാരിക്കും എന്നുള്ളത് നിശ്ചയമായ കാര്യമാണ്.

അബ്രഹാമിനോട് യിസ്ഹാക്കിനെ യാഗം കഴിക്കുന്ന കാര്യം ദൈവം അരുളിച്ചെയ്ത ശേഷം ഈ കാര്യം സാറയുമായി അബ്രഹാം ചർച്ച ചെയ്തുവോ ഇല്ലയോ എന്നുള്ള വിവരം തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഏറിയ പങ്ക് വേദപണ്ഡിതന്മാരുടെയും അഭിപ്രായം സാറയോട് ഈ വിവരം പറഞ്ഞിരിക്കാൻ സാദ്ധ്യത ഇല്ലന്നാണ്. അതിന് കാരണം സ്ത്രീകൾ ബലഹീനപാത്രം ആകയാൽ സാറ ഈ കാര്യത്തിൽ തടസ്സങ്ങൾ ഉന്നയിക്കുകയും ഒരു പക്ഷേ യാഗം തടയുവാൻ വരെ ഇടയാകുകയും ചെയ്യുവാൻ സാദ്ധ്യതയുണ്ടെന്നതിനാലാണ്.

പൗലൂസ് തന്റെ അനുഭവം പറയുമ്പോൾ ഇങ്ങനെ പറയുന്നു “എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ച് തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം തന്റെ പുത്രനെക്കുറിച്ചുള്ള സുവി

ശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിന് അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ ഞാൻ മാംസരക്ത ങ്ങളോട് ആലോചിക്കുകയോ, എനിക്കു മുമ്പേ അപ്പൊസ്തലന്മാ രായവരുടെ അടുക്കൽ യെരുശലേമിലേക്ക് പോകുകയോ ചെയ്യാതെ നേരെ അറബിയിലേക്ക് പോകുകയും ദമസ്ക്കൊസിലേക്ക് മടങ്ങി പ്പോരുകയും ചെയ്തു" (ഗലാ. 1:15-17).

കർത്താവു പറഞ്ഞു, "എന്നേക്കാൾ അധികം അപ്പനെയോ അമ്മ യെയോ പ്രീയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല" (മത്താ. 10:37). "എന്റെ അടുക്കൽ വരികയും അപ്പനേയും അമ്മയേയും, ഭാര്യയേ യും, മക്കളേയും, സഹോദരന്മാരേയും, സഹോദരികളെയും, സ്വന്ത ജീവനെയും കൂടെ പകെക്കാതിരിക്കയും ചെയ്യുന്നവന് എന്റെ ശിഷ്യ നായിരിപ്പാൻ കഴികയില്ല." (ലൂക്കോ.14:26,27).

ദൈവത്തെ അനുസരിക്കുന്ന വിഷയത്തിൽ അബ്രഹാം നല്ല യൊരു മാതൃകയാണ് നമുക്ക് കാഴ്ച വെച്ചിരിക്കുന്നത്. അബ്രഹാ മിന്റെ സ്ഥാനത്ത് നാമാരെങ്കിലും ആയിരുന്നെങ്കിൽ, അതിരാവിലെ എഴുന്നേറ്റ് പോകുവാൻ തുനിയാതെ, അറിയപ്പെടുന്ന പ്രവാചകന്മാ രെ മുഴുവനും കൂട്ടി വരുത്തി കേട്ട ആലോചന ശരിയാണോ എന്ന് ഉറപ്പു വരുത്തിയ ശേഷം, യാഗം കഴിക്കുവാൻ തീരുമാനമെടുത്താ ൽത്തന്നെയും; ദൈവത്തോട് ചില ദിവസങ്ങൾ നീട്ടിത്തരുവാൻ പ്രാർത്ഥിക്കുകയും, കുറഞ്ഞ പക്ഷം, റിബേക്കയുടെ സഹോദരനും അമ്മയും എല്യാസാറിനോട് പറഞ്ഞതു പോലെ ബാല ഒരു പത്തു ദിവസമെങ്കിലും ഞങ്ങളോടു കൂടെ പാർത്തിട്ട് പറഞ്ഞു വിടാം (ഉ ല്പ. 24:55) എന്നു പറഞ്ഞതു പോലെ നാമും പറയുമായിരുന്നു.

അബ്രഹാം യാഗത്തിനു പോകുവാൻ അതിരാവിലെ തയ്യാറെ ടുക്കുമ്പോൾ ഹോമയാഗത്തിനു വേണ്ടി വിറകു കീറിയെടുത്തു എ ന്നു രേഖപ്പെടുത്തിയിരിക്കുന്നു. അബ്രഹാം യാഗം കഴിക്കുവാൻ ദൈവം കല്പ്പിച്ച് നിയമിച്ച സ്ഥലം മോറിയാദേശത്തുള്ള വനനി ബിഡമായ ഒരു മലയിലായിരുന്നു. യിസ്ഹാക്കിനു പകരമായി ദൈ വം ഒരുക്കിക്കൊടുത്ത ആട്ടുകൊറ്റൻ തന്റെ പിമ്പുറത്ത് കൊമ്പ് കാ ട്ടിൽ പിടി പെട്ടു കിടക്കുന്നതു കണ്ടു എന്നെഴുതിയിരിക്കുന്നതിൽ നിന്ന് നമുക്കിത് മനസ്സിലാക്കാം.

അബ്രഹാമിന്റെ മൂന്നു ദിവസത്തെ യാത്രയിൽ ഇത്രയും വിറക് വീട്ടിൽ നിന്ന് കൊണ്ടു പോകേണ്ട കാര്യമില്ല. അതിനു പകരം ഒരു കോടാലി കരുതിയാൽ മതി. അവിടെച്ചെന്ന് ഒരു മരം കീറി എടു ക്കാവുന്നതേയുള്ളു. നമ്മുടെ നാട്ടിൽ ഹിന്ദുക്കൾ മരിക്കുമ്പോൾ അവരുടെ ശവം ദഹിപ്പിക്കുന്നതിന് അന്നേരമാണ് അവർ മാവ് വെട്ടി ക്കീറി തയ്യാറാക്കുന്നത്.

എന്നാൽ അബ്രഹാമിന് ഒരു കാര്യം അറിയാം. പച്ച വിറക് വെട്ടി ക്കീറി അടുക്കി തീ വെച്ചാൽ അതു കത്തുവാൻ വളരെ സമയം

എടുക്കും. ചെറുതായി ചൂട് കൂടിക്കൂടി വരുമ്പോൾ യിസ്ഹാക്ക്, ഏതെങ്കിലും രീതിയിൽ വെളിയിൽ വരുവാൻ ഉത്സാഹിക്കും. അതിന് ഇട കൊടുക്കരുത്, തീ കത്തിച്ചാലുടനെ തീ പെട്ടെന്ന് കത്തിയിരിക്കണം. അതിനാണ് ഒരുക്കിയ വിറക് കരുതിയത്.

യിസ്രായേൽ മക്കൾ പെരുന്നാളിനു പോകുമ്പോൾത്തന്നെ പാട്ടുകൾ പാടും. കയറ്റം കയറി, കയറി ദൈവാലയത്തിലേക്ക് പോകുമ്പോൾ അവർ പാട്ടുകൾ പാടിക്കൊണ്ടാണ് പോകുന്നത്. അതാണ് സങ്കീർത്തനപുസ്തകത്തിൽ കാണുന്ന ആരോഹണ ഗീതങ്ങൾ.

ഇന്ന് നമുക്ക് ആരാധനയുടെ ഒരുക്കം കുറവാണ്. പട്ടണങ്ങളിൽ വസിക്കുന്ന ദൈവമക്കളിൽ ഭൂരിപക്ഷവും ഏറ്റവും കൂടുതൽ ഉറങ്ങുന്നത് ഞായറാഴ്ചയാണ്. യോഗങ്ങൾക്കു വന്ന ശേഷമാണ് സന്തോഷിപ്പിക്കുന്ന പാട്ടുകളും, വാക്യങ്ങളും കണ്ടു പിടിക്കുന്നത്. പരേതനായ പാസ്റ്റർ എം.വി.ചാക്കോസാർ ആരാധനക്ക് പോകുന്നവരെക്കുറിച്ച് ഒരിക്കൽ പറഞ്ഞ കാര്യം ഓർത്തു പോകുന്നു. അദ്ദേഹം തിരുവല്ലായിൽ ഒരു യോഗത്തിൽ സംബന്ധിക്കേണ്ടതിനായി ആലുവായിൽ നിന്ന് ഞായറാഴ്ച രാവിലെ 5.30ന് യാത്ര തിരിച്ചു. അപ്പോൾ കുറച്ചു സ്ത്രീകൾ നേരിയതു പുതച്ച് പ്രാർത്ഥനാപുസ്തകവും കൊന്തയുമായി നടന്നു പോകുന്നതു കണ്ടു. അവരുടെ രീതികളിൽ നിന്ന് അവർ കത്തോലിക്കരാണെന്ന് മനസ്സിലായി. വണ്ടി എറണാകുളത്തു വന്നപ്പോൾ 6½ കഴിഞ്ഞിരുന്നു. അപ്പോൾ പള്ളിയിൽ ആദ്യകുർബ്ബാനക്ക് കടന്നു പോകുന്ന യാക്കോബാക്കാരെ കണ്ടു; വീണ്ടും വണ്ടി ആലപ്പുഴ വന്നപ്പോൾ മർത്തോമ്മക്കാർ കൂട്ടത്തോടെ പള്ളിയിൽ പോകുന്നതു കണ്ടു. 9 മണിക്ക് വണ്ടി മാവേലിക്കരയിൽ വന്നു. അപ്പോൾ ബൈബിൾ കൈകളിലേന്തി ഒരു കൂട്ടം പേർ വളരെ വേഗത്തിൽ നടന്നു പോകുന്നു. അവരെക്കുറിച്ച് തിരക്കിയപ്പോൾ അവർ ബ്രദറൺ വിശ്വാസികളാണെന്ന് മനസ്സിലായി. തുടർന്ന് വണ്ടി തിരുവല്ലയിൽ വന്നപ്പോൾ 10 മണി കഴിഞ്ഞിരുന്നു. അപ്പോൾ വെള്ളവസ്ത്രധാരികളായ കുറച്ചു പേർ ബൈബിൾ പിടിച്ചും കൊണ്ട് സാവധാനം നടന്നു പോകുന്നതു കണ്ടു. അവരുടെ പോക്കു കണ്ടപ്പോൾ തന്നെ പെന്തെക്കോസ്തുകാരാണെന്നു മനസ്സിലായി. നോക്കുക, ആരാധനക്ക് കത്തോലിക്കരും പെന്തെക്കോസ്തുകാരും തമ്മിലുള്ള വ്യത്യാസം; നമ്മുടെ സഭായോഗങ്ങളുടെ അന്തരീക്ഷം മാറണമെങ്കിൽ നാം തലേദിവസം തന്നെ നമ്മേത്തന്നേ അതിനായി ഒരുക്കി പ്രത്യേകം പ്രാർത്ഥിക്കണം. അബ്രഹാം അതിരാവിലെ ഉണർന്ന് ഒരുക്കിയ വിറകുമായി പോയതു പോലെ നമുക്കും ഒരുക്കത്തോടുകൂടെ ആരാധനയ്ക്ക് പോകുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

ദൈവീക കല്പനയുടെ മുമ്പിൽ പതറാതെ, ചോദ്യം ചെയ്യാതെ തന്റെ ഏകജാതനായ യിസ്ഹാക്കിനേയും, ബാല്യക്കാരിൽ രണ്ടു

പേരെയും കൂട്ടിക്കൊണ്ട് അബ്രഹാം മോറിയാ മലയിലേക്ക് യാത്ര തിരിച്ചു. മൂന്നാം ദിവസം അബ്രഹാം ദൂരത്തു നിന്ന് ആ സ്ഥലം നോക്കിക്കണ്ടു. തുടർന്ന് അബ്രഹാം ബാല്യക്കാരോടു പറഞ്ഞു, "നിങ്ങൾ കഴുതയുമായി ഇവിടെ ഇരിപ്പിൻ, ഞാനും ബാലനും അവിടത്തോളം ചെന്ന് ആരാധന കഴിഞ്ഞ് മടങ്ങി വരാം," അബ്രഹാം ബാല്യക്കാരെ കൊണ്ടു പോയിരുന്നു എങ്കിൽ യിസ്ഹാക്കിനെ യാഗം കഴിക്കേണ്ടതിനായി അബ്രഹാം തയ്യാറെടുക്കുമ്പോൾ ഒരു പക്ഷേ അവർ അബ്രഹാമിനെ തടയുകയും യാഗം നടത്താതെ തിരിച്ചു പോകേണ്ടിവരികയും ചെയ്യുമായിരുന്നു. ഇത് മുന്നിൽ കണ്ട അബ്രഹാം നേരത്തെ തന്നെ തനിക്കു മുമ്പിൽ വരാമായിരുന്ന തടസ്സങ്ങളെ നീക്കുകയുണ്ടായി.

അബ്രഹാം എന്തു കൊണ്ടാണ് കഴുതയെ കൊണ്ടു പോകാഞ്ഞത്? വിറക് അബ്രഹാമിന്റെ ചുമലിൽ വെച്ചു കൊടുക്കാതെ കഴുതയെക്കൊണ്ട് യാഗം നടക്കുന്ന സ്ഥലം വരെ ചുമപ്പിക്കാമായിരുന്നു. നമ്മുടെ നാട്ടിൽ ശബരിമലയിലേക്ക് ശർക്കരയും, ഭാരമുള്ള സാധനങ്ങളും ചുമന്നു കൊണ്ടു പോകുന്നത് കഴുതകളാണ്.

എന്നാൽ അബ്രഹാം ഒരു കാര്യം മനസ്സിൽ കണ്ടു കാണും. മലയുടെ മുകളിൽച്ചെന്ന് ആടിനെ കാണാതെ വരുമ്പോൾ, മകന് വ്യവസ്ഥയറിയാമെങ്കിലും ഇല്ലെങ്കിലും, "അപ്പാ ആടിനെ കിട്ടിയില്ലല്ലോ, അതിനു പകരം ഈ കഴുതയെ യാഗം അർപ്പിക്കരുതോ" എന്നു പോലും പറയുവാൻ ഇട കൊടുക്കാതെ അബ്രഹാം എല്ലാ വാതിലുകളും നേരത്തെ അടയ്ക്കുകയായിരുന്നു.

എനിക്ക് രണ്ട് പെൺമക്കളും ഒരു മകനുമാണുള്ളത്. മകന്റെ പേർ സ്റ്റാൻലി എന്നാണ്. അവനെയാണ് ഞാൻ യാഗം കഴിക്കാൻ കൊണ്ടു പോകുന്നതെങ്കിൽ, അവനെക്കൊണ്ട് ഞാൻ ഭാരമൊന്നും ചുമപ്പിക്കയില്ല. വിറക് എടുക്കാവുന്നിടത്തോളം ഞാൻ തന്നെ ചുമക്കും. അധികം വരുന്ന ചില കഷണങ്ങൾ മാത്രമേ അവന്റെ കയ്യിൽ കൊടുക്കുകയുള്ളു. എന്നാൽ അബ്രഹാം യാതൊരു മനസ്സലിവും കാണിക്കാതെ തീയും കത്തിയും താൻ വഹിച്ചിട്ട് വിറകു മുഴുവനും യിസ്ഹാക്കിന്റെ ചുമലിൽ വെച്ചു കൊടുത്തു. കാരണം അബ്രഹാമിന്റെ കാഴ്ചയിൽ യാഗമൃഗത്തിന് പകരമുള്ളത് യിസ്ഹാക്ക് ആണ്. യാഗമൃഗത്തോട് സാധാരണ ആരും ഒരു കനിവും കാണിക്കാറില്ല.

ഞാൻ ബോംബെയിൽ സഭാ ചാർജ്ജിലായിരിക്കുമ്പോൾ അവിടെയുള്ള ഇറച്ചിക്കടകൾക്ക് ആവശ്യമുള്ള ആടിനെ വലിയ ഏഴും എട്ടും തട്ടുകളുള്ള ട്രക്കിൽ കയറ്റിക്കൊണ്ടു വരുന്നത് കണ്ടിട്ടുണ്ട്. ഓരോ ഇറച്ചിക്കടയുടെ വാതില്ക്കലും വണ്ടി നിർത്തിയിട്ട് ഒരാൾ ട്രക്കിന്റെ മുകളിൽ കയറി ആടിനെ വലിച്ച് താഴേക്ക് തള്ളിയിടും. അതിന്റെ വീഴ്ചയും കരച്ചിലും കാണുമ്പോൾ നമ്മുടെ മനസ് അലിഞ്ഞു പോകും. എന്നാൽ ഇറച്ചിക്കടക്കാർക്ക് അതൊരു വിഷയമ

ല്ല. കാരണം, ഇതിനെ വളർത്തുവാനല്ല, പിന്നെയോ അറുക്കുവാനു ള്ളതാണ്.

അബ്രഹാം മോറിയാമലയുടെ മുകളിലല്ല യാഗം തുടങ്ങിയത്. മലയുടെ അടിവാരത്തിൽ വെച്ചു തന്നെ യാഗം തുടങ്ങിക്കഴിഞ്ഞു. യാഗമൃഗമായ യിസ്ഹാക്കിനോട് മനസ്സലിവു കാണിക്കാതെ വിറ കെല്ലാം അവന്റെ ചുമലിൽ വെച്ച് ഭാരം ചുമത്തി യാഗം തുടങ്ങിക്ക ഴിഞ്ഞിരിക്കയാണ്. തുടർന്ന് അവരിരുവരും ഒന്നിച്ചു നടന്നു എന്ന് പരിശുദ്ധാത്മാവ് രണ്ടു പ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നു (ഉ ല്പ.22:6,8). ആരാധനയിലുള്ള അവരുടെ ഐക്യമാണ് ഇത് വെളി പ്പെടുത്തുന്നത്. ഇന്ന് വളരെ വളരെ കുറഞ്ഞു വരുന്ന ഒരു കാര്യമാ ണ് ഐക്യമെന്നുള്ളത്. പാലക്കാ, പാലയിലാണ് നില്ക്കുന്നതെങ്കി ലും പാലക്കാ പിരിഞ്ഞാണ് നില്ക്കുന്നത്. ഇന്ന് നമ്മുടെ ഭവനത്തി ലും, സഭയിലും, സമൂഹത്തിലും ഐക്യം നഷ്ടപ്പെട്ടു കൊണ്ടാണി രിക്കുന്നത്.

വിദേശനാടുകളിൽ വിശേഷാൽ അമേരിക്ക പോലുള്ള രാജ്യ ങ്ങളിൽ, പല മലയാളി സഭകളിലും യുവജനങ്ങൾ മാതാപിതാക്ക ന്മാരോട് കൂടെ ആരാധനയിൽ സംബന്ധിക്കുന്നില്ല. ഇന്ന് ഒരു നല്ല പങ്ക് യുവജനങ്ങളും ഇംഗ്ലീഷ് ചർച്ചുകളിലാണ് ആരാധനക്ക് പോകു ന്നത്. (എല്ലാവരുടെയും കാര്യമല്ല, മാതാപിതാക്കന്മാർക്ക് കീഴ്പ്പെട്ട് അനുസരണയോടെ ഒന്നിച്ച് ദൈവത്തെ ആരാധിക്കുന്ന മക്കൾ ഉള്ള പല ഭവനങ്ങളുമുണ്ട്).

ഞായറാഴ്ച രാവിലെ ആരാധനക്കായി ഒരുങ്ങിയിറങ്ങുമ്പോൾ മാതാപിതാക്കൾ മലയാളി ചർച്ചിലും മക്കൾ ഇംഗ്ലീഷ് ചർച്ചിലും പോകുന്ന കാഴ്ച പല സ്ഥലങ്ങളിലും കാണാം. ഇത് തെറ്റായ ഒരു പ്രവണതയാണ്. ഇതിന് മാതാപിതാക്കൾ പ്രോത്സാഹനം കൊടു ക്കരുത്. ഇതിനു കാരണമായി പറയുന്നത്, അവർക്ക് മലയാളം അറി യത്തില്ല എന്ന കാരണമാണ്. അതിനു കാരണക്കാർ മാതാപിതാ ക്കൾ തന്നെയാണ്. ഒരു യഹൂദ ബാലൻ അമേരിക്കയിൽ ജനിച്ചു വ ളർന്നാലും അവന് എബ്രായ ഭാഷയറിയാം. മുസ്ലീങ്ങൾ ഏതു രാ ജ്യത്ത് ജനിച്ചു വളർന്നാലും അവരുടെ ആരാധന അറബി ഭാഷയി ലാണ്. ഇസ്പാനിക്ക് ജനങ്ങൾ ഏതു രാജ്യത്ത് ജനിച്ചു വളർന്നാലും അവർ സ്പാനിഷ് ഭാഷയിലാണ് അധികവും സംസാരിക്കുന്നത്. എന്തിന്, ഗുജറാത്തിൽ നിന്ന് ധാരാളം ആളുകൾ അമേരിക്കയിലു ണ്ട്. അവരുടെ മക്കൾ ഇവിടെത്തന്നെ ജനിച്ചു വളർന്നവരാണ്. അവ രിൽ പലരും ഉന്നത ബിരുദധാരികളാണ്. പലരും ഡോക്ടർമാ രാണെങ്കിലും എല്ലാവരും ഗുജറാത്തി ഭാഷയിലാണ് വീടുകളിലും അവരുടെ സമൂഹത്തിലും സംസാരിക്കുന്നത്. ഗുജറാത്തി സംസാ രിക്കാത്ത ഏതെങ്കിലും ഗുജറാത്തികളെ കാണിച്ചു തരാമോ?

സായിപ്പിന്റെ നാട്ടിൽ വന്ന മലയാളികൾക്ക് പ്രത്യേകിച്ച് പെ

ന്തെക്കോസ്തുകാർക്കാണ് മലയാളത്തോട് ഇത്രയും അലർജിയുള്ളത്.

യാക്കോബാ, മാർത്തോമ്മ, കത്തോലിക്ക ആദിയായ പള്ളികളിൽ അവരുടെ ആരാധനക്ക് മാറ്റം വരുത്തിയിട്ടില്ല. അവരുടെ മക്കളും അവരോട് കൂടെ ആരാധനയിൽ സംബന്ധിച്ച് പോരുന്നുണ്ട്. നമ്മുടെ മലയാളി ചർച്ചുകളിൽ അമ്പതു ശതമാനവും ഇംഗ്ലീഷിൽ കൂടെയാണ് സർവ്വീസ് നടത്തുന്നത്. പ്രസംഗം പരിഭാഷപ്പെടുത്തിയാലും. യുവജനങ്ങൾക്ക് നമ്മുടെ അക്സന്റ് മനസ്സിലാകുന്നില്ല പോലും. അതുകൊണ്ട് മാതാപിതാക്കൾ വീട്ടിൽ മക്കളോട് മലയാളം പറയുവാൻ ഉത്സാഹിക്കണം. അബ്രഹാമും മകനും ഒന്നിച്ചു നടന്ന് ആരാധനക്ക് പോയതു പോലെ കുടുംബമായി ഒന്നിച്ചു നമുക്ക് ആരാധനക്കു പോകാം. അതൊരനുഗ്രഹമാണ്.

അബ്രഹാമും മകനും ഒന്നിച്ചുനടന്നു പോകുന്ന യാത്രയിൽ യിസ്ഹാക്ക് പിതാവിനോട് ചോദിച്ചു, “അപ്പാ, തീയും വിറകുമുണ്ട്. എന്നാൽ ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടിയെവിടെ?” അബ്രഹാമിന്റെ നെഞ്ചത്ത് ഇടിവാൾ വെട്ടുന്നതു പോലുള്ള ഒരു ചോദ്യമാണ് ഇസ്ഹാക്ക് ചോദിച്ചത്. എന്നാൽ അബ്രഹാമിന്റെ ചെവിയിൽ ദൈവീക വാഗ്ദത്തങ്ങൾ പരിശുദ്ധാത്മാവ് ഓർപ്പിച്ചു കൊണ്ടിരുന്നു. യിസഹാക്കിൽ നിന്ന് ജനിക്കുന്നവർ നിന്റെ സന്തതി എന്ന് വിളിക്കപ്പെടുമെന്നും; നിന്റെ ഉദരത്തിൽ നിന്നു പുറപ്പെടുന്നവൻ തന്നെ നിന്റെ അവകാശിയാകും. നീ ആകാശത്തിലേക്ക് നോക്കുക, നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക, നിന്റെ സന്തതിയിങ്ങനെ ആകും എന്നുള്ള വാഗ്ദത്തങ്ങൾ താൻ ഓർത്തപ്പോൾ തന്റെ മകനായ യിസഹാക്കിനോട് പറഞ്ഞു. മകനെ ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടിയെ ദൈവം നോക്കിക്കൊള്ളും. നോക്കുക, ദൈവീക വാഗ്ദത്തങ്ങളെ കൈക്കൊണ്ടവൻ യിസ്ഹാക്കിനെ യാഗം അർപ്പിച്ചു എന്നാണ് എബ്രായ ലേഖനത്തിൽ എഴുതിയിരിക്കുന്നത് (എബ്രായ.11:17-19).

മോറിയാ മലയുടെ മുകളിൽ ചെന്ന് യാഗപീഠം പണിത് വിറക് അടുക്കി, തന്റെ മകൻ യിസ്ഹാക്കിനെ കെട്ടി യാഗപീഠത്തിൽ വിറകിന്മീതെ കിടത്തി. അബ്രഹാമിലുള്ള അനുസരണം തന്റെ മകനിലും ഉണ്ടായിരുന്നു. യിസ്ഹാക്ക് അനുസരിക്കാതെ എതിർത്തു നിന്നിരുന്നു എങ്കിൽ അവിടെ യാഗം നടക്കുകയോ, ദൈവീക പ്രവർത്തി വെളിപ്പെടുകയോ ചെയ്യുകയില്ലായിരുന്നു.

നാം ദൈവത്തെ സകലത്തിലും അനുസരിക്കുവാൻ തയ്യാറായാൽ നമ്മുടെ മക്കൾ നമ്മെ അനുസരിക്കുവാൻ തയ്യാറാകും. മോറിയാ മല അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും അനുസരണത്തെ വിളംബരം ചെയ്യുന്നതാണ്. രക്ഷയുടെ പർവ്വതമായ അരാരാത്ത് പർവ്വതത്തിൽ കയറിയ ഒരു ദൈവ പൈതൽ അനുസരണത്തിന്റെ

മലയായ മോറിയാ മലയുടെ അനുഭവത്തിലൂടെ പോകേണ്ടതുണ്ട്. നമ്മുടെ ദൈവത്തെ സകലത്തിലും ചോദ്യം ചെയ്യാതെ അനുസരിക്കണം.

അബ്രഹാം തന്റെ മകൻ യിസ്ഹാക്കിനെ യാഗപീഠത്തിന്മീതെ കിടത്തി തുടർന്ന് അറുക്കേണ്ടതിന് കത്തി കയ്യിൽ എടുത്തു. ഉടനെ യഹോവയുടെ ദൂതൻ ആകാശത്തു നിന്ന് അബ്രഹാമേ, അബ്രഹാമേ എന്നു രണ്ടു പ്രാവശ്യം വിളിച്ചു. ഈ ഭാഗം ശ്രദ്ധിച്ചു പഠിച്ചാൽ യാഗം കഴിക്കേണ്ടതിന് അബ്രഹാമിനെ ഒരു പ്രാവശ്യമാണ് വിളിച്ചത്. എന്നാൽ യാഗം കഴിക്കരുത് എന്നു പറയാൻ പെട്ടെന്ന് രണ്ടു പ്രാവശ്യം വിളിച്ചു. അങ്ങനെ വിളിക്കാൻ കാര്യം ദൈവത്തിന് അബ്രഹാമിനെ നല്ലതു പോലെ അറിയാം. ഒരു പ്രാവശ്യം വിളിച്ച് ഏതെങ്കിലും കാരണവശാൽ അത് അബ്രഹാം കേട്ടില്ലെങ്കിൽ തന്റെ മകനെ കത്തി കൊണ്ട് വെട്ടും എന്നുള്ളതും ദൈവത്തിന് അറിയാം. സ്വർഗ്ഗം പോലും അബ്രഹാമിന്റെ പ്രവർത്തിയിൽ നടുങ്ങിപ്പോയി. അതു കൊണ്ടാണ് പെട്ടെന്ന് രണ്ടു പ്രാവശ്യം അബ്രഹാമേ, അബ്രഹാമേ എന്നു വിളിച്ചത്.

തുടർന്ന് അവനോട് പറഞ്ഞു, ബാലന്റെ മേൽ കൈ വെക്കരുത്; അവനോട് ഒന്നും ചെയ്യരുത്, നിന്റെ ഏകജാതനായവനെ തരുവാൻ നീ മടിക്കായ്ക കൊണ്ട് നീ ദൈവത്തെ ഭയപ്പെടുന്നു എന്ന് ഇപ്പോൾ അറിയുന്നു എന്നരുളിച്ചെയ്തു. അബ്രഹാം തല പൊക്കി നോക്കിയപ്പോൾ പിമ്പുറത്ത് ഒരു ആട്ടുകൊറ്റൻ കൊമ്പ് കാട്ടിൽ പിടി പെട്ടു കിടക്കുന്നതു കണ്ടു. അബ്രഹാം ചെന്ന് ആട്ടു കൊറ്റനെ പിടിച്ച് തന്റെ മകനു പകരം യാഗം കഴിച്ചു.

ഈ ആട്ടുകൊറ്റൻ എവിടെ നിന്ന് വന്നതാണ്? ദൈവം സ്വർഗ്ഗത്തിൽ നിന്നിറക്കിക്കൊടുത്തതാണോ? അല്ല, എന്റെ അഭിപ്രായം പറഞ്ഞാൽ ആടുകളെ കൂട്ടത്തോടെ തീറ്റുന്ന ഇടയന്മാർ ആടുകളെ തീറ്റി മടങ്ങിപ്പോയപ്പോൾ കൂട്ടത്തിൽ നിന്ന് ഒരു ആട് കാട്ടു വള്ളികളുടെ ഇടയിൽ കൊമ്പു കാട്ടിൽ കുരുങ്ങിക്കിടന്നത് അവർ അറിഞ്ഞില്ല. എന്നാൽ ദൈവം അതു കണ്ടു. തുടർന്ന് ദൈവം അബ്രഹാമിനോടു പറഞ്ഞു, ഞാൻ നിന്നോടു കല്പ്പിക്കുന്ന മലയിൽ നിന്റെ മകൻ യിസ്ഹാക്കിനെ കൊണ്ടു പോയി യാഗം കഴിക്കുവാൻ. ശരിയായി അതു പഠിച്ചാൽ അതിന്റെ അർത്ഥം ഇങ്ങനെയായിരിക്കും, നിന്റെ മകനായ യിസ്ഹാക്കിനു പകരം മുന്നമേ ഞാൻ ഒരുക്കി ക്രമീകരിച്ചിരിക്കുന്ന മലയിൽ തന്നേ നിന്റെ മകനെ കൊണ്ടു പോയി യാഗം കഴിക്കുക എന്നത്രെ.

നമ്മുടെ ദൈവം പരീക്ഷിക്കുമ്പോൾ പരീക്ഷയോടു കൂടി നീക്കു പോക്കും ഒരുക്കുന്നവനാണ്.

തിരുവചനം പറയുന്നു, മനുഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിനു

മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്ക് സഹിപ്പാൻ കഴിയേണ്ടതിന് പരീക്ഷയോടു കൂടെ അവൻ പോക്കു വഴിയും ഉണ്ടാക്കും. (കൊരി.10:13).

യിസ്ഹാക്കിന്റെ യാഗം കർത്താവിന്റെ കാൽവറി മരണത്തിന് നിഴലായി നില കൊള്ളുന്നതിനാൽ മനുഷ്യന്റെ സൃഷ്ടിക്കു മുമ്പു തന്നെ നിത്യതയിൽ മനുഷ്യന്റെ പാപത്തിന്റെ പരിഹാരത്തിനായി തന്റെ പുത്രനെ വേർതിരിച്ച് ഒരുക്കി നിർത്തിയിരുന്നത് ഓർക്കുമ്പോൾ നമ്മുടെ ഉള്ളം നന്ദി കൊണ്ട് നിറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തേണം.

അബ്രഹാമിന്റെ വിശ്വാസത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, അബ്രഹാം വിശ്വാസത്താൽ യിസ്ഹാക്കിനെ യാഗം അർപ്പിച്ചു എന്നാണ് പരിശുദ്ധാത്മാവ് തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.(എബ്രാ.11;17-19).

അബ്രഹാമിന്റെ വിശ്വാസം ഇങ്ങനെയാണ്. ഞാൻ എന്റെ മകനെ കത്തി കൊണ്ട് അറുത്ത് വിറകിന്മീതെ ദഹിപ്പിക്കും, തീയാൽ അവന്റെ ശരീരം ചാരമായിത്തീരും. ആ ചാരം കണ്ടിട്ട് ഞാൻ തിരികെ പോകയില്ല. ഞാൻ ആ യാഗപീഠത്തിന്റെ മുമ്പിൽ മുട്ടു കുത്തും. ദൈവം കള്ളം പറയുന്നവനല്ല; അവന്റെ വാഗ്ദത്തങ്ങളെല്ലാം ഉവ്വ് എന്നു തന്നെയാണ്. ചില വർഷങ്ങൾക്കു മുമ്പ് എന്റെ ദൈവം എന്നോടു പറഞ്ഞു, യിസഹാക്കിൽ നിന്നു ജനിക്കുന്നവൻ നിന്റെ സന്തതി എന്നു വിളിക്കപ്പെടും എന്ന്; യിസഹാക്ക് ഇതു വരെ വിവാഹം പോലും കഴിച്ചിട്ടില്ല; യിസഹാക്ക് വിവാഹം കഴിക്കും, അവന് സന്തതികൾ ഉണ്ടാകും. അവന്റെ സന്തതികളെ ഞാൻ കാണും. അതു നിവൃത്തിക്കണമെങ്കിൽ എനിക്കു സാറയിൽ കൂടെ വേറെ മകനെ അല്ല, യിസ്ഹാക്കിനേ തന്നെ മടക്കിക്കിട്ടിയെങ്കിലേ കഴിയത്തുള്ളു. എന്റെ ദൈവം സർവ്വശക്തനായ ദൈവമാണ്. ഒന്നുമില്ലായ്മയിൽ നിന്ന് ഉള്ളതിനേപ്പോലെ സകലത്തെയും വിളിച്ചു വരുത്തുവാൻ അവന് കഴിവുണ്ട്. ആകയാൽ ഈ ചാരത്തിൽ നിന്ന് ദൈവം എന്റെ മകനെ എഴുന്നേല്പ്പിച്ച് എനിക്ക് തിരികെ തരും. ഞാൻ ബാല്യക്കാരോടു പറഞ്ഞിട്ടാണ് വന്നിരിക്കുന്നത്. ആരാധന കഴിഞ്ഞ് ഞാനും ബാലനും തിരിച്ചു വരാമെന്ന്. അതു നിവൃത്തിക്കാതെ ഞാൻ വീട്ടിൽ പോകയില്ല. ഈ വിശ്വാസത്തെ ദൈവം ആദരിച്ചു. ദൈവം തുടർന്ന് അബ്രഹാമിനെ ഐശ്വര്യമായി അനുഗ്രഹിക്കാം എന്നുള്ള വാഗ്ദത്തം നൽകി. മോറിയാ മല, അനുസരണത്തിന്റെ മലയാണ്. രക്ഷയുടെ പർവ്വതമായ അരാരാത്തിൽ കയറിയ ഒരു ദൈവപൈതൽ അനുസരണത്തിന്റെ മലയായ മോറിയാ മലയിലും കയറേണ്ടതാകുന്നു.

യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച ഏതൊരു ദൈവപൈതലും കർത്താവിനെ സകലത്തിലും അനുസരിക്കുവാൻ തയ്യാ

റാകേണ്ടതാണ്. രക്ഷിക്കപ്പെട്ട വ്യക്തി അടുത്തു ചെയ്യേണ്ടത് കർത്താവിന്റെ കല്പനയായ വിശ്വാസ സ്നാനം സ്വീകരിക്കുക എന്നതാണ്.

**നാം എന്തു കൊണ്ടാണ് സ്നാനത്തിന് പ്രാധാന്യത കല്പ്പിക്കുന്നത്?**

1. സ്നാനം എന്നുള്ളത് ദൈവത്തിന്റെ ആലോചനയാണ് (ലൂക്കോ.7:29,30).
2. കർത്താവായ യേശുക്രിസ്തുവിന്റെ അന്ത്യ കല്പനയാണ് (മത്താ. 28:18-20).
3. ജഡശരീരം എടുത്തു ഭൂമിയിൽ അവതരിച്ച യേശുക്രിസ്തു കാണിച്ച മാതൃകയാണ് (മത്താ.3:16).
4. അപ്പൊസ്തലന്മാരുടെ ഉപദേശമാണ് (പ്രവ.2:37-42, 2പത്രോ.3:1,2).
5. ആദിമ സഭാ നടപടിയാണ് (പ്രവ.2:41). ആദിമസഭയിൽ രക്ഷിക്കപ്പെട്ടവരെ സ്നാനം എന്ന വാതിൽ വഴിയാണ് സഭയുടെ അംഗമായി അംഗീകരിച്ചിരുന്നത്.
6. തിരുവത്താഴ ശുശ്രൂഷക്ക് (കർത്താവിന്റെ മേശക്ക്) ഓഹരിക്കാരായി തീരണമെങ്കിൽ സ്നാനം ഏല്ക്കേണ്ടിയിരിക്കുന്നു (പ്രവ.2:41, 42).

**ആര് സ്നാനം ഏല്ക്കണം?**

1. മാനസാന്തരപ്പെട്ടവർ സ്നാനമേറ്റതായി തിരുവെഴുത്തിൽ നിന്ന് നാം മനസ്സിലാക്കുന്നു (പ്രവ.2:38).
2. ദൈവവചനം കൈക്കൊണ്ടവർ സ്നാനമേറ്റു (പ്രവ. 2:41).
3. വിശ്വസിച്ചവർ സ്നാനമേറ്റു (പ്രവ.8:12, 8:37).
4. വചനം കേട്ട് വിശ്വസിച്ച് സ്നാനമേറ്റു (പ്രവ.18:18).
5. വചനം കേട്ട് വിശ്വസിച്ച് പരിശുദ്ധാത്മാവിനെ പ്രാപിച്ചവർ സ്നാനമേറ്റു (പ്രവ.10:44-48).
6. എഫെസൊസിൽ വിശ്വസിച്ച് ശിഷ്യരായവർ സ്നാനമേറ്റു (പ്രവ. 19:1-7).

**എന്തിന് സ്നാനം ഏല്ക്കണം?**

1. യേശുക്രിസ്തുവിനോട് ചേരേണ്ടതിനായി (റോമർ 6:1-5, ഗല.3:27).
2. യേശുക്രിസ്തുവിന്റെ മരണ-അടക്ക-പുനരുത്ഥാനത്തിൽ പങ്കാളിയാകുവാൻ (റോമ.6:1-5, കൊലോ.2:12).
3. യേശുക്രിസ്തുവിനെ പരസ്യമായി ധരിക്കുവാൻ (ഗലാ.3:27).
4. ദൈവത്തോടു നല്ല മനസ്സാക്ഷിക്കുള്ള അപേക്ഷക്കുള്ള മറുപ

ടിയ്ക്കു വേണ്ടി (1പത്രോ.3:21).

5. കർത്താവിന്റെ സഭാ കൂട്ടായ്മയോട് ചേരുവാൻ (പ്രവ.2:41–47, 1കൊരി.12:13, ഗലാ.3:27, 28).
6. ആരാധനക്കാരന്റെ യോഗ്യതയിൽ ഒന്നാണ് സ്നാനം.

പെസഹാ കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ മരുഭൂമിയിൽ ആരാധിക്കുന്നതിന് മുമ്പ് ചെങ്കടൽ കടന്നത് സ്നാനപ്പെടുന്നതിന് മുന്നോടിയായിരുന്നു (1കൊരി.10:1,2, പുറ.25:8).

**ആരുടെ നാമത്തിൽ സ്നാനം എല്ക്കണം?**

പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിലായിരിക്കേണം സ്നാനമേല്ക്കേണ്ടത്.

തിരുവചനം പഠിക്കുമ്പോൾ ശിശുക്കളെ സ്നാനപ്പെടുത്താനും മുതിർന്നവരെ സ്നാനപ്പെടുത്തുവാനും തെളിവുകളില്ല. പിന്നെയോ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷാനിർണ്ണയം പ്രാപിച്ചവരെ ആയിരിക്കേണം സ്നാനപ്പെടുത്തേണ്ടത്.

ആകയാൽ അബ്രഹാം മോറിയാമലയിൽ ദൈവത്തെ ചോദ്യം ചെയ്യാതെ അനുസരിച്ചതു പോലെ നമുക്കും കർത്താവിനെ പൂർണ്ണമായി അനുസരിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

# 3

## സീനായ് പർവ്വതം

### (ഉപദേശത്തിന്റെ പർവ്വതം)

സീയോൻ മലയെലക്ഷ്യമാക്കി യാത്രചെയ്യുന്ന ഒരാൾ ആദ്യം കയറേണ്ട പർവ്വതം അരാരാത്ത് പർവ്വതം ആണ്. അത് രക്ഷിക്കപ്പെട്ടു എന്നുള്ള ഉറപ്പിനെയാണ് കാണിക്കുന്നത്. തുടർന്ന് അവർ മോറിയാമലയിൽ കയറേണം. മോറിയാമല വിരൽചൂണ്ടുന്നത് അനുസരണത്തെയാണ്. അബ്രഹാം ചോദ്യം ചെയ്യാതെ പിറുപിറുക്കാതെ ദൈവത്തെ അനുസരിച്ചതുപോലെയും യിസ്സാക്ക് തന്റെ പിതാവായ അബ്രഹാമിനെ അനുസരിച്ച് കീഴടങ്ങിയിരുന്നതുപോലെയും, രക്ഷിക്കപ്പെട്ട ദൈവപൈതൽ കർത്താവിനെ അനുസരിക്കുവാൻ തയ്യാറാകുകയും, രക്ഷിക്കപ്പെട്ടവർ സ്നാനപ്പെടേണം എന്നുള്ള കർത്താവിന്റെ കല്പന ചോദ്യം ചെയ്യാതെ കർത്താവിനെ അനുസരിക്കയും ചെയ്യണ്ടതാണ്. തുടർന്ന് കയറേണ്ട മല സീനായ് മലയാണ്. ഇത് ഉപദേശത്തെയാണ് കാണിക്കുന്നത്. യഹോവ മോശയോട് “നീ എന്റെ അടുക്കൽ പർവ്വതത്തിൽ കയറി വന്ന് അവിടെ ഇരിക്ക; ഞാൻ നിനക്ക് കല്പനകളും, നീ അവരെ ഉപദേശിക്കേണ്ടതിന് ഞാൻ എഴുതിയ ന്യായപ്രമാണവും കല്പനകളും തരും എന്ന് അരുളിചെയ്തു” (പുറ.24:12).

“നീ സീനായ് മലമേൽ ഇറങ്ങി ആകാശത്തുനിന്ന് അവരോട് സംസാരിച്ചു അവർക്ക് ന്യായമായുള്ള വിധികളും സത്യമായുള്ള ന്യായപ്രമാണങ്ങളും നല്ല ചട്ടങ്ങളും കല്പനകളും കൊടുത്തു” (നെഹെ.9:13). “അവൻ സീനായ് പർവ്വതത്തിൽ വെച്ച് മോശയോട് അരുളിച്ചെയ്തുകഴിഞ്ഞശേഷം ദൈവത്തിന്റെ വിരൽകൊണ്ട് എഴുതിയ കല്പനകളായ സാക്ഷ്യപലക രണ്ടും അവന്റെ പക്കൽ കൊടുത്തു” (പുറ. 31:18).

മിസ്രയീമിൽ നിന്ന് പെസഹാകുഞ്ഞാടിന്റെ രക്തത്താൽ വിടുതൽ പ്രാപിച്ച് ചെങ്കടൽ കടന്ന് സ്നാനമേറ്റ് പഴയനിയമത്തിന്റെ

മദ്ധ്യസ്ഥനായ മോശയോട് ചേർന്ന് യാത്രചെയ്യുന്ന യിസ്രായേൽ ജനത്തിന് ഇനിയും അവരുടെ ഇഷ്ടത്തിന് അനുസരിച്ചോ, മറ്റു മനുഷ്യരുടെ ഇഷ്ടത്തിന് അനുസരിച്ചോ, അവരുടെ നടത്തിപ്പുകാരുടെ ഉപദേശത്തിന് അനുസരിച്ചോ യാത്രചെയ്യുവാൻ പാടുള്ളതല്ല. പിന്നെയോ, സീനായ് മലയിൽ ഇറങ്ങിവന്ന്, അവർ അനുഷ്ഠിക്കേണ്ട പ്രമാണങ്ങളും, അവർ പാലിക്കേണ്ട നിയമങ്ങളും, അവർ പിൻപറ്റേണ്ട ഉപദേശങ്ങളും അവർ നടക്കേണ്ടുന്ന വഴികളും അവർ ചെയ്യേണ്ട കടപ്പാടുകളും എല്ലാം ദൈവം മോശയോട് വായ്മൊഴിയായും വരമൊഴിയായും ഭരമേല്പിച്ചു.

മോശയുടെ കാലംവരെ പിതാക്കന്മാരോട് ദൈവം അരുളിചെയ്തുകൊണ്ടിരുന്ന ഉപദേശങ്ങൾ അവർ തലമുറകൾക്ക് കൈമാറി. അത് കാത്ത് സൂക്ഷിക്കുകയും അവരുടെ മനസ്സാക്ഷിക്ക് അനുസരിച്ച് അവർ ജീവിച്ചു പോരുകയും ചെയ്തു. എന്നാൽ മോശയുടെ കാലം മുതൽ എഴുതപ്പെട്ട ന്യായപ്രമാണം ദൈവജനത്തിന് ലഭിച്ചു. ന്യായപ്രമാണം നല്കിയശേഷം ദൈവം അവരോട് കല്പിച്ചു. ഞാൻ നിങ്ങളോട് കല്പിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകളെ നിങ്ങൾ പ്രമാണിക്കേണം. ഞാൻ നിങ്ങളോട് കല്പിക്കുന്ന വചനത്തോട് കൂട്ടുകയോ അതിൽ നിന്ന് കുറെക്കയോ ചെയ്യരുത് (ആവ. 4:2,13:1, സദൃശ.30:6, വെളി 22:18,19).

മോശയുടെ കാലം മുതൽ യോഹന്നാൻ അപ്പോസ്തോലന്റെ കാലം വരെയുള്ള ആയിരത്തറുനൂറിൽ (1600) പരം വർഷങ്ങൾകൊണ്ട് നാൽപ്പതിലധികം വ്യക്തികളെ കൊണ്ട് ദൈവത്തിന്റെ പരിശുദ്ധാത്മാവ് എഴുതിപ്പിച്ച ദൈവത്തിന്റെ മനുഷ്യനോടുള്ള അരുളപ്പാടുകൾ ആണ് വിശുദ്ധ വേദപുസ്തകം. കാലങ്ങൾ മാറിയാലും, ഭരണങ്ങൾ നീങ്ങിപ്പോയാലും തലമുറകൾ മാറി മാറിവന്നാലും, ദൈവവചനത്തിന് മാറ്റമില്ല. ഏത് രാജ്യത്തായിരുന്നാലും എങ്ങനെയുള്ള പരിതസ്ഥിതിയിൽ ആയിരുന്നാലും, ദൈവവചനത്തിന്റെ ഉപദേശസത്യങ്ങൾക്ക് മാറ്റം വരുത്തുവാൻ സാധിക്കുന്നതല്ല; പാശ്ചാത്യർക്കും പൗരസ്ത്യർക്കും, തിരുവചനം ഒന്നുതന്നെയാണ്; വെളുത്തവർക്കും കറുത്തവർക്കും, ധനവാനും, ദരിദ്രനും, പണ്ഡിതനും, പാമരനും കുബേരനും കുചേലനും ഉപദേശം ഒന്നു തന്നെയാണ്. എന്റെ അറിവ് ശരിയാണെങ്കിൽ ലണ്ടൻ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന മുഴക്കോലിന്റെ നീളമാണ് എല്ലാവരും അളവിന് മാനദണ്ഡമായി ഉപയോഗിച്ചിരിക്കുന്നത് അല്ലാതെ ആശാരിക്ക് നീളം കൂടിയതു കൊണ്ട് മുഴക്കോലിനു നീളം കൂട്ടുവാനോ, ആശാരിക്ക് നീളം കുറവായതു കൊണ്ട് മുഴക്കോലിന് നീളം കുറക്കുവാനോ സാധിക്കില്ല.

പണ്ട് നമ്മുടെ നാട്ടിൽ തൊട്ടുകൂടായ്മ (അയിത്തം) നിലനിന്ന കാലത്ത്, ബ്രാഹ്മണ കുട്ടികളെ ബ്രാഹ്മണ ആശാൻ തന്നെ വിദ്യ

പഠിപ്പിച്ചിരുന്നു. ഉച്ചസമയത്ത് ആശാൻ തന്നെ കുട്ടികൾക്ക് ഭക്ഷണം ഉണ്ടാക്കികൊടുത്തിരുന്നു. ഒരു ദിവസം കുട്ടികൾക്ക് ഭക്ഷണം ഇലയിൽ വിളമ്പികൊടുത്തശേഷം ആശാൻ ഏതോ ആവശ്യത്തിന് വെളിയിൽ പോയി. പെട്ടെന്ന് ഒരു പട്ടി ഓടികയറിവന്ന് ഒരു കുട്ടിയുടെ ഇലയിൽ നിന്ന് ചോറ് തിന്നു. ആശാൻ തിരിച്ച് വന്നപ്പോൾ പട്ടിവന്ന് ചോറ് തിന്ന വസ്തുത കുട്ടികൾ ആശാനെ ധരിപ്പിച്ചു. ഏത് കുട്ടിയുടെ ഇലയിൽ നിന്നാണ് ചോറ് തിന്നത് എന്ന് ആശാൻ ചോദിക്കാതെ താൻ കവടിനിരത്തി അതിന്റെ പരിഹാരക്രിയ നിർദേശിച്ചു. ഏതുകുട്ടിയുടെ ഇലയിൽ നിന്നാണോ? പട്ടിചോറ് തിന്നത് ആ കുട്ടിയുടെ വീട്ടുകാർ ഒരു ഉലക്ക കുത്തനേ നിർത്തി ഉലക്ക മൂടത്തക്ക നിലയിൽ നെല്ല് ഇടേണം. അത് ആശാനു ലഭിക്കുന്നതാണ്. ഉടനെ കുട്ടികൾ വിളിച്ചു പറഞ്ഞു ആശാന്റെ മകന്റെ ഇലയിൽനിന്നാണ് പട്ടി തിന്നത്. ആശാൻ ഇത്രയും നെല്ല് എവിടെനിന്ന് ഉണ്ടാക്കുവാനാണ്. ആശാൻ വളരെ വിഷമിച്ചു. തുടർന്ന് വീണ്ടും കവടി നിരത്തി. പട്ടികറുത്തതാണോ, വെളുത്തതാണോ അതോ തവിട്ടുകളറാണോ? ഉടനെകുട്ടികൾ പറഞ്ഞു. കറുത്തപട്ടിയാണ്. തുടർന്ന് ആശാൻ ചോദിച്ചു. പട്ടിവന്ന് 'കമാ' എന്ന് മാത്രമാണോ ഭക്ഷിച്ചത്? അതോ 'കമ,കമാ' എന്ന് ഭക്ഷിച്ചോ? ഉടനെ കുട്ടികൾ പറഞ്ഞു 'കമ, കമ' എന്ന രീതിയിലാണ് ഭക്ഷിച്ചത്. തുടർന്ന് വീണ്ടും ചോദിച്ചു പട്ടി വടക്കുനിന്നോ, തെക്കുനിന്നോ പടിഞ്ഞാറുനിന്നോ അതോ കിഴക്കുനിന്നോ ആണോ വന്നത്? കുട്ടികൾ പറഞ്ഞു വടക്ക്നിന്ന്. ഉടനെ ആശാൻ അടവ് മാറ്റി, പട്ടികറുത്തത് ആയതിനാലും കമ, കമാ എന്ന് ഭക്ഷിച്ചതിനാലും വടക്ക്നിന്ന് വന്നതിനാലും ഉലക്ക താഴെയിട്ട് അതു മൂടത്തക്കനിലയിൽ നെല്ലിട്ടാൽ മതി. അപ്പോൾ ഒരു പറനെല്ലുണ്ടെങ്കിലും കാര്യം നടക്കും, നോക്കുക, ആശാന്റെ മകൻ ആയതുകൊണ്ട് നിയമം മാറ്റി എഴുതി. എന്നാൽ ദൈവവചനം ആർക്കും തിരുത്തി കുറിക്കുവാൻ അനുവാദമില്ല. രാജാവിനും പ്രജകൾക്കും, നിയമം ഒന്നുതന്നെയാണ്.

"യഹോവേ, നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു" (സങ്കീ 119:89). കർത്താവ് പറഞ്ഞു "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല" (മത്താ. 24:35). "ഞാൻ ന്യാപ്രമാണത്തെയോ, പ്രവാചകന്മാരേയോ നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത്, നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്. സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരുവള്ളി എങ്കിലും, പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല." (മത്താ. 5:17,18). "കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു" (1പത്രോ 1:25).

എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും നീതിയിലെ അഭ്യാസനത്തിനും പ്രയോജനമുള്ളത് ആകുന്നു." (2 തിമോ. 3:16,17).

തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല. എന്ന് ആദ്യം തന്നേ അറിഞ്ഞുകൊള്ളേണം, "പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ." (2പത്രോ.1:20,21).

"യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ച് വായിച്ചുനോക്കുവീൻ അവയിൽ ഒന്നും കാണാതിരിക്കുകയില്ല. ഒന്നിനും തുണ ഇല്ലാതിരിക്കുകയും ഇല്ല. അവന്റെ വായല്ലോ കല്പിച്ചത്. അവന്റെ ആത്മാവത്രേ അവയെ കൂട്ടിവരുത്തിയത്." (യെശ. 34:16).

"അവന്റെ പ്രമാണങ്ങൾ എല്ലാം വിശ്വാസ്യം തന്നേ. അവ എന്നന്നേക്കും സ്ഥിരമായിരിക്കുന്നു." (സങ്കീ. 111:8,9).

ദൈവവചനം നമ്മോടുള്ള ദൈവത്തിന്റെ അരുളപ്പാടുകൾ ആകയാൽ സീനായ് മലയാകുന്ന ഉപദേശത്തിന്റെ മലയിൽ ഒരു ദൈവപൈതൽ കയറേണ്ടതും, ദൈവീക ഉപദേശങ്ങൾ പ്രാപിച്ച് അതിൽ നിലനില്ക്കേണ്ടതും ആകുന്നു.

ഉപദേശത്തിന്റെ പർവ്വതമായ സീനായ് മലയിൽ കയറുന്ന ഒരു ദൈവപൈതൽ നാം ചെയ്യേണ്ടതും, അനുവർത്തിക്കേണ്ടതും. ആചരിക്കേണ്ടതും, പാലിക്കേണ്ടതും, കാത്തു സൂക്ഷിക്കേണ്ടതും. അനുഷ്ഠിക്കേണ്ടതും, സൂക്ഷിച്ചു കൊള്ളേണ്ടതുമായ കാര്യങ്ങൾ തിരുവെഴുത്തിൽ നിന്നു മനസ്സിലാക്കുകയും തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന ഉപദേശസത്യങ്ങൾക്ക് മാറ്റം വരുത്താതെ അതിനെ ആചരിക്കയും വേണം.

ഇന്ന് ആത്മീയഗോളത്തിൽ തിരുവെഴുത്തിന് അധികം പ്രാധാന്യം നൽകാതെ, നേതൃത്വം നൽകുന്നവർ ഉപദേശിക്കുന്നത് ദൈവീക ഉപദേശമായി അംഗീകരിച്ച് ദൈവീക പ്രമാണത്തിൽ നിന്നും വ്യതിചലിച്ച് വേർപാടിനും വിശുദ്ധിക്കും പ്രാധാന്യം നൽകാതെ കാര്യസാദ്ധ്യങ്ങൾ മാത്രം ലക്ഷ്യമാക്കി പോകുന്ന ഒരു വലിയ സമൂഹത്തെ എവിടെയും ദർശിക്കുവാൻ കഴിയും.

പണ്ടൊരിക്കൽ ഒരു പഞ്ചായത്തിൽ ആദ്യമായി സമയം അറിയിക്കേണ്ടതിനായി ഒരു സൈറൺ സ്ഥാപിച്ചു. അതാത് സമയങ്ങളിൽ ചെന്ന് സൈറൺ മുഴക്കേണ്ടതിനായി ഒരാളെ നിയമിച്ചു. അയാൾ തന്റെ കയ്യിലുള്ള വാച്ചിന്റെ സമയം പലപ്പോഴും തെറ്റായതു കൊണ്ട് താൻ പഞ്ചായത്താഫീസിലേക്ക് പോകുന്ന വഴിയിൽ ഒരു വാച്ചു

നന്നാക്കുന്ന കടയുണ്ട്, അതിന്റെ മുമ്പിൽ ചെന്ന് അവിടെക്കാണുന്ന ക്ലോക്കിലെ സമയം നോക്കി തന്റെ വാച്ചിൽ കൃത്യത രേഖപ്പെടുത്തിയ ശേഷം സൈറൺ മുഴക്കുമായിരുന്നു. തന്റെ ഉള്ളിലുള്ള ചിന്ത ഈ വാച്ചു നന്നാക്കുന്ന കടയിൽ സൂക്ഷിച്ചിരിക്കുന്ന ക്ലോക്കിന്റെ സമയം കൃത്യസമയമാണെന്നാണ്. എന്നാൽ സൈറന്റെ ശബ്ദം കേൾക്കുമ്പോൾ വാച്ചുകടക്കാരൻ എഴുന്നേറ്റ് തന്റെ കടയിൽ സൂക്ഷിച്ചിരിക്കുന്ന എല്ലാ വാച്ചുമെടുത്ത് സൈറന്റെ സമയത്തിനനുസരിച്ച് തിരിച്ചു വെക്കും. നോക്കുക, ഇവിടെ പറ്റിയ പരാജയം, അവർ തമ്മിൽ തമ്മിൽ നോക്കി സമയം ക്രമപ്പെടുത്തുന്നു. എന്നാൽ അതല്ല ചെയ്യേണ്ടത്. സൂര്യന ഭിമുഖമായി ഭൂമി കറങ്ങുന്നതിനനുസരിച്ച് ഓരോ രാജ്യങ്ങളും ആ രാജ്യത്തിന്റെ സ്റ്റാൻഡേർഡ് സമയം റേഡിയോയിൽക്കൂടെയും മറ്റും പരസ്യപ്പെടുത്താറുണ്ട്. അതാണ് ശരിയായുള്ള സമയം. അതിനനുസരിച്ചാണ് നാം നമ്മുടെ സമയം ക്രമപ്പെടുത്തേണ്ടത്.

ഇതു പോലെ അവരവർ ഉൾക്കൊണ്ടു നില്ക്കുന്ന സഭയുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉപദേശങ്ങളും നമ്മൾ പാലിക്കുകയല്ല വേണ്ടത്. പിന്നെയോ ദൈവം നമുക്ക് തന്റെ ദാസന്മാരിൽക്കൂടെ പരിശുദ്ധാത്മാവിൽ നൽകിത്തന്ന വിശുദ്ധബൈബിളിൽ പറഞ്ഞിരിക്കുന്നതു പോലെ നാം പ്രമാണിക്കുകയാണ് വേണ്ടത്.

അറുപത്തിയാറ് ചെറിയതും വലിയതുമായ മലകളിൽക്കൂടി കയറിയിറങ്ങി ഒരു ആടിന് മേയുവാൻ വേണ്ട സംപുഷ്ടമായ ആഹാരം, തിരുവചനത്തിൽ പരിശുദ്ധാത്മാവ് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പണ്ടൊരിക്കൽ വിശുദ്ധനായ ഒരു ദൈവദാസന്റെ ഭവനത്തിൽ താൻ ഉപയോഗിച്ചതിനു ശേഷം ഷെൽഫിൽ അടുക്കുവെച്ചിരുന്ന പഴയ പുസ്തകങ്ങൾ ചിതൽ തിന്ന് നശിപ്പിച്ചു. ആ കൂട്ടത്തിലൊരു പഴയ ബൈബിളുമുണ്ടായിരുന്നു. ചിതൽ ഈ ബൈബിളിന്റെ ഒരു ഭാഗം തിന്നു തിന്ന് മറുഭാഗത്തു വന്നിറങ്ങി. ഇതു ശ്രദ്ധയിൽപ്പെട്ട ആ ദൈവദാസൻ ഈ പുസ്തകമെടുത്ത് അതിന്റെ മണ്ണെല്ലാം തല്ലിക്കുടഞ്ഞിട്ട് ഇങ്ങനെ പ്രസ്താവിച്ചു, അല്ലേ! ചിതല് വളരെ മിടുക്കനാണല്ലോ, ഉല്പത്തിയിൽക്കൂടി കയറി വെളിപ്പാടിൽ വന്നിറങ്ങിയല്ലോ. ഇതുപോലെ മനുഷ്യരെല്ലാവരും ഉല്പ്പത്തിയിൽക്കൂടി കയറി വെളിപ്പാടിൽ വന്നിറങ്ങിയിരുന്നെങ്കിൽ എത്ര നല്ലതായിരുന്നു.

ഇന്നും തിരുവചനം ക്രമമായി വായിക്കാത്തവരുണ്ട്. വേദപുസ്തകം പെട്ടെന്ന് മറിച്ചിട്ട് ആദ്യമേ കാണുന്ന ഭാഗം വായിക്കും. അതാണ് അവരോടുള്ള ആലോചന എന്ന് ധരിക്കും. ഒരിക്കലൊരാൾ ബൈബിൾ തുറന്നപ്പോൾ തന്റെ ദൃഷ്ടിയിൽ ആദ്യം ലഭിച്ചത് മത്തായി 27:5 ആയിരുന്നു. അതിൽ യൂദാ കെട്ടി ഞാന്നു ചത്തു എന്ന ഭാഗം വായിച്ചു. ഉടനെ തോന്നി ഇതല്ല വേറൊരു ഭാഗം നോക്കാമെന്ന് വിചാരിച്ച് ബൈബിൾ മറിച്ചപ്പോൾ ലൂക്കോസ് 10:37 ആണ്

ലഭിച്ചത്. അവിടെ എഴുതിയിരുന്നത് നീയും പോയി അങ്ങനെ തന്നെ ചെയ്ക എന്നതായിരുന്നു. വീണ്ടു വായിച്ചപ്പോൾ പ്രവൃ.22:16 കിട്ടി, ഇനിയും താമസിക്കുന്നത് എന്ത്? എന്നുള്ള ചോദ്യമാണ്. തുടർന്ന് ബൈബിൾ മടക്കി വെച്ചതായി കേട്ടിട്ടുണ്ട്.

ചില നാളുകൾക്കു മുമ്പ് ഗൾഫിൽ നിന്ന് മാതാവിന്റെ മരണത്തോടുള്ള ബന്ധത്തിൽ ഒരു യുവസഹോദരൻ നാട്ടിൽ വന്നു. തന്റെ മാതാവിന്റെ വേർപാട് തനിക്ക് വലിയ ദുഃഖമായിരുന്നു; സഹോദരന്റെ ദുഃഖം മനസ്സിലാക്കിയ തന്റെ മൂത്ത സഹോദരി ചില ദിവസത്തേക്ക് തന്നെ കൂട്ടിക്കൊണ്ടു പോയി കൂടെ താമസിപ്പിക്കയും ആശ്വസിപ്പിക്കയും ചെയ്തു. വീണ്ടും തിരിച്ച് ഗൾഫിലേക്ക് പോകുവാനായി യാത്ര പുറപ്പെടുന്ന വേളയിൽ മൂത്ത സഹോദരി തന്നെ പ്രാർത്ഥിക്കയും സഹോദരന്റെ ആശ്വാസത്തിനായി പെട്ടെന്ന് ബൈബിൾ തുറന്ന് ഒരു വാക്യം വായിക്കുകയും ചെയ്തു. ആ വാക്യം യിര.22:10 ആയിരുന്നു.

"മരിച്ചവനെക്കുറിച്ച് കരയേണ്ട, അവനെക്കുറിച്ച് വിലപിക്കുകയും വേണ്ട. നാടുവിട്ടു പോകേണ്ടി വരുന്നവനെക്കുറിച്ചു തന്നേ കരവീൻ, അവൻ മടങ്ങി വരികയില്ല; ജന്മദേശം ഇനിയും കാണുകയുമില്ല." ആശ്വസിപ്പിക്കാൻ വായിച്ച വാക്യം ഒരു വിനയായി മാറുകയും ദുഃഖം അണപൊട്ടിയൊഴുകുവാൻ ഇടയാകയും ചെയ്തതായി ഒരു കഥ ഞാൻ കേട്ടിട്ടുണ്ട്.

ബഥാന്യയിലെ ലാസറിന്റെ സഹോദരിയായ മറിയ യേശുക്രിസ്തുവിന്റെ കാല്ക്കലിരുന്ന് വചനം കേൾക്കുകയുണ്ടായി. അതിനെക്കുറിച്ച് യേശു പറഞ്ഞത്, "അല്പമേ വേണ്ടു; അല്ല ഒന്നു മതി, മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു, അത് ആരും അവളോട് അപഹരിക്കുകയും ഇല്ല" (ലൂക്കോ.10:41,42). അപ്പൊസ്തലനായ പൗലോസ് തന്നെക്കുറിച്ചു തന്നെ പറയുമ്പോൾ ഞാൻ ഗമാലിയേലിന്റെ കാല്ക്കലിരുന്നു പിതാക്കന്മാരുടെ ന്യായപ്രമാണം സൂഷ്മതയോടെ അഭ്യസിച്ചവനുമാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (പ്രവ 22:3).

"ദൈവവചനം എന്റെ കാലിന് ദീപവും എന്റെ പാതക്ക് പ്രകാശവും ആകുന്നു" (സങ്കീ.119:105). "കല്പന ഒരു ദീപവും ഉപദേശമൊരു വെളിച്ചവും പ്രബോധനത്തിന്റെ ശാസനകൾ ജീവന്റെ മാർഗ്ഗവും ആകുന്നു" (സദൃ.6:23).

"ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിച്ചിരിക്കുന്നു" (സങ്കീ.119:11).

"ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ" (കൊലൊ.3:16).

"നിന്റെ പ്രമാണങ്ങളെ കൃത്യമായി ആചരിക്കേണ്ടതിന് നീ

അവയെ കല്പ്പിച്ചു തന്നിരിക്കുന്നു" (സങ്കീ.119:4).

"നിന്റെ സകല കല്പനകളേയും സൂക്ഷിക്കുന്നിടത്തോളം ഞാൻ ലജ്ജിച്ചു പോകയില്ല" (സങ്കീ.119:6).

"യഹോവയുടെ ന്യായപ്രമാണം തികവുള്ളത്. അത് പ്രാണനെ തണുപ്പിക്കുന്നു" (സങ്കീ.19:7).

ദൈവവചനം നാം മനസ്സിലാക്കി അതിനെക്കുറിച്ച് രണ്ടു വാചകത്തിൽ ഒരു നിർവ്വചനം പറഞ്ഞാൽ അതിപ്രകാരമായിരിക്കും, 'ദൈവവും, ദൈവപുത്രനായ യേശുക്രിസ്തുവും, യേശുവിൽക്കൂടെയുള്ള മാനവജാതിയുടെ വീണ്ടെടുപ്പുമാണ് ഇതിലെ പ്രതിപാദ്യ വിഷയം.'

പഴയനിയമം യേശുക്രിസ്തുവിന്റെ വരവിനുള്ള ഒരുക്കമാണ്.

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ നൽകപ്പെട്ടിരിക്കുന്നു.

സുവിശേഷം വായിച്ചു മനസ്സിലാക്കുന്ന വ്യക്തി യേശുവിനെ രക്ഷകനായി സ്വീകരിക്കും. ഒരാൾ രക്ഷിക്കപ്പെടുവാൻ കുറഞ്ഞത് രണ്ടു കാര്യം അറിഞ്ഞിരിക്കണം. ഒന്ന് അവൻ പാപിയാണെന്നുള്ള ബോദ്ധ്യം അവനുണ്ടാകണം. രണ്ട് അവന്റെ രക്ഷക്കു വേണ്ടിയാണ് യേശുക്രിസ്തു കാൽവറിയിൽ മരിച്ചത് എന്നുള്ള അറിവുണ്ടാകുകയും അതു വിശ്വസിക്കുകയും ചെയ്യേണം.

രക്ഷിക്കപ്പെട്ടവൻ അപ്പൊസ്തലപ്രവൃത്തി വായിച്ചാൽ അവൻ വിശ്വാസ സ്നാനം സ്വീകരിച്ച്, ദൈവസഭയോടു ചേർന്ന് ആത്മനിറവിൽ ദൈവത്തെ ആരാധിക്കും. തുടർന്ന് അവൻ റോമർ തൊട്ട് യൂദാ വരെയുള്ള ഇരുപത്തിയൊന്ന് (21) ലേഖനങ്ങൾവായിച്ചാൽ, വേർപാടും വിശുദ്ധിയും പാലിച്ച് ആത്മീകമായി വളർച്ച പ്രാപിച്ച് യേശുവിന്റെ വരവിനായി നോക്കിപ്പാർത്തും കൊണ്ട് ജീവിക്കും. വെളിപ്പാട് പുസ്തകം വായിക്കുന്നവന് ഭാവിയിൽ ലഭിക്കുവാനുള്ള അനുഗ്രഹത്തെക്കുറിച്ചുള്ള അറിവു ലഭിക്കയും പ്രത്യാശയിൽ വർദ്ധനവ് പ്രാപിക്കയും ചെയ്യും. ആകയാൽ നമുക്ക് ഉപദേശത്തിന്റെ മലയിൽ കയറി, അവിടെയിരുന്നു കൊണ്ട് ഉപദേശ സത്യങ്ങൾ ഗ്രഹിച്ച് ദൈവത്തിനായി ജീവിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

# 4

# കർമ്മേൽ പർവ്വതം

## (തീ കത്തിയുള്ള ആരാധന)

**സീ**യോൻ പർവ്വതം ലക്ഷ്യമാക്കി യാത്രയാരംഭിച്ച ഒരു ദൈവ പൈതൽ രക്ഷയുടെ പർവ്വതമായ അരാരാത്തിൽ നിന്നു തുടങ്ങി, അനുസരണത്തിന്റെ മലയാകുന്ന മോറിയായിൽക്കൂടി കയറി, തുടർന്ന് നിയമത്തിന്റെ പർവ്വതമാകുന്ന സീനായിൽ കയറുകയും വീണ്ടും തീ കത്തിയുള്ള ആരാധനയുടെ പർവ്വതമാകുന്ന കർമ്മേലിൽ കയറേണ്ടതുമാകുന്നു.

യിസ്രായേലിന്റെ രാജാവായിരുന്ന ആഹാബിന്റെ കാലത്ത് തനിക്ക് മുമ്പ് ഭരിച്ചിരുന്ന എല്ലാ രാജാക്കന്മാരേക്കാളും യഹോവക്ക് അനിഷ്ടമായത് പ്രവൃത്തിക്കയും സീദോന്യാദേശക്കാരിയായ തന്റെ ഭാര്യ ഈസബേലിന്റെ പ്രേരണയാൽ ബാലിന് ക്ഷേത്രങ്ങൾ പണികയും അശേരപ്രതിഷ്ഠകൾ സ്ഥാപിക്കയും ചെയ്തു. കൂടാതെ രാജകൊട്ടാരത്തിന്റെ ചിലവിൽ കഴിയുന്ന ബാലിന്റെ 450 പ്രവാചകന്മാരും 400 അശേര പ്രവാചകന്മാരും നിമിത്തം യഹോവയായ ഏകദൈവത്തെ ആരാധിച്ചു വന്ന അബ്രഹാമിന്റെ കൊച്ചുമക്കളായ യിസ്രായേൽജനത്തിൽ, 7001 പേരൊഴികെ, ബാക്കിയുള്ള യിസ്രായേൽ രാജ്യത്തിലെ ജനങ്ങളെല്ലാം ബാലിന്റെ മുമ്പിൽ മുട്ടു മടക്കുന്നവരും, ബാലിനെ ചെന്നു സേവിക്കുന്നവരും ആയിത്തീർന്നു. ഇതിൽ ഏഴായിരം പേർ ആഹാബിന്റെ വാളിനെ ഭയപ്പെട്ട് പരസ്യമായി ഇതിനെ എതിർത്തു മുമ്പോട്ടു വരാതെ രഹസ്യമായി ദൈവത്തെ മാത്രം സേവിച്ച് ജീവിച്ചു.

എന്നാൽ ഗിലയാദിലെ തിശ്ബിയിൽ നിന്നുള്ള തിശ്ബ്യനായ ഏലിയാവ് എന്ന പ്രവാചകൻ ഈ കാര്യത്തിൽ ഭാരപ്പെടുകയും ഇതിൽ നിന്ന് രാജ്യത്തിനൊരു വിടുതലുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കയും ചെയ്തു കൊണ്ടിരുന്നു. ഈ വിഷയം സംബന്ധിച്ച് താൻ തിരുവചനം പരിശോധിച്ചപ്പോൾ, മോശ മുഖാന്തരം ദൈവം അരുളിച്ചെയ്ത വചനം തന്റെ ദൃഷ്ടിയിൽപെടുകയും, താൻ ആ വാക്യ

ത്തെ മുറികെപ്പിടിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. താൻ തിരുവചനത്തിൽ നിന്നും മനസ്സിലാക്കിയ വേദഭാഗം ആവർത്തനം 11:16,17 ആയിരുന്നു.

“നിങ്ങളുടെ ഹൃദയത്തിന് ഭോഷത്വം പറ്റുകയും നിങ്ങൾ നേർവഴി വിട്ട് അന്യദൈവങ്ങളെ സേവിച്ച് നമസ്ക്കരിക്കയും ചെയ്യാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. അല്ലാഞ്ഞാൽ യഹോവയുടെ ക്രോധം നിങ്ങളുടെ നേരെ ജ്വലിച്ചിട്ട് മഴ പെയ്യാതിരിക്കേണ്ടതിന് അവൻ ആകാശത്തെ അടച്ചുകളകയും ഭൂമി അനുഭവം തരാതിരിക്കയും യഹോവ നിങ്ങൾക്കു തരുന്ന നല്ല ദേശത്തു നിന്ന് നിങ്ങൾ വേഗം നശിച്ചു പോകയും ചെയ്യും.”

ഏലിയാവു നമുക്ക് സമസ്വഭാവമുള്ള മനുഷ്യനായിരുന്നു. മഴ പെയ്യാതിരിക്കേണ്ടതിന് അവൻ പ്രാർത്ഥനയിൽ ദൈവത്തോട് അപേക്ഷിച്ചു; (യാക്കോ. 5:17,18). എത്ര നാൾ അവൻ പ്രാർത്ഥിച്ചു എന്ന് നമുക്കറിയില്ല. എന്നാൽ വിഗ്രഹാരാധനയോടുള്ള തന്റെ വെറുപ്പും, ജനം തെറ്റിപ്പോകുന്നതിലുള്ള തന്റെ ആത്മഭാരവും, ജീവനുള്ള ദൈവത്തെ രാജ്യത്ത് വെളിപ്പെടുത്തേണമെന്നുള്ള തന്റെ അഭിലാഷവും ദൈവം മനസ്സിലാക്കി. തന്റെ പ്രാർത്ഥന ആകാശമണ്ഡലത്തെ കീറിമുറിച്ച് ദൈവസന്നിധിയിലെത്തി എന്നുള്ള ഉറപ്പ് പ്രാപിച്ചപ്പോൾ താനെഴുന്നേറ്റ് നേരെ രാജകൊട്ടാരത്തെ ലക്ഷ്യമാക്കി യാത്ര തുടരുകയും, ആഹാബിന്റെയും ഈസബേലിന്റെയും വാളിനെ ഭയപ്പെടാതെ, കൊട്ടാരത്തിൽ തിന്നു കുടിച്ച് വ്യാജപ്രവചനം നടത്തി ജനത്തെ വഴി തെറ്റിക്കുന്ന 850 പ്രവാചകന്മാരെ കണ്ട് പിൻതിരിയാതെ, താൻ സേവിച്ചു നില്ക്കുന്ന യിസ്രായേലിന്റെ യഹോവയായ ദൈവത്തിൽ ആശ്രയിച്ചു. താൻ യിസ്രായേലിന്റെ രാജാവിനെയാണ് കാണാൻ പോകുന്നതെങ്കിലും തന്നെ അയച്ചത് രാജാധിരാജാവാണെന്നുള്ള തന്റെ ഉറപ്പും, ധൈര്യവും സംഭരിച്ചു കൊണ്ട് വാതിൽക്കാവല്ക്കാരെ ആരെയും ഭയപ്പെടാതെ, നേരെ രാജാവിന്റെ അടുക്കൽ ച്ചെന്ന് രാജാവിനോടു പറഞ്ഞു, “ഞാൻ സേവിച്ചു നില്ക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണ, ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകുകയില്ല” (1രാജ.17:1).

രാജകൊട്ടാരത്തിൽ കയറിച്ചെന്ന് ആരുടെയും മുഖം നോക്കാതെ ദൈവത്തിന്റെ ആലോചന വ്യക്തമായും ശക്തമായും അറിയിച്ചപ്പോൾ എന്റെ അഭിപ്രായത്തിൽ രാജകൊട്ടാരത്തിലുള്ളവർ ഇതു കേട്ട് നടുങ്ങിപ്പോയിരിക്കും. കൊട്ടാരത്തെ ഈ ദൂത് പ്രകമ്പനം കൊള്ളിച്ചു.

യോശുവയുടെ കാലത്ത് യോശുവാ യിസ്രായേൽമക്കൾ കേൾക്കെ “സൂര്യാ നീ ഗിബെയോനിലും. ചന്ദ്രാ നീ അയ്യാലോൻ താഴ്വരയിലും നില്ക്ക” എന്നു കല്പ്പിച്ചപ്പോൾ (യോശു. 10:12-14) ഭൂമി അതിന്റെ ഭ്രമണപഥത്തിലുള്ള കറക്കം ഒരു ദിവസത്തേക്ക് നിർത്തിവെച്ചതു പോലെ ഏലിയാവു മഴ പെയ്യത്തില്ല എന്നു പറഞ്ഞ സമയം,

ഞാൻ വിചാരിക്കുന്നു മഴ പെയ്യുവാനായി കാറ്റു കൊണ്ടു വന്ന കാർമേഘങ്ങൾ, ഏലിയാവിന്റെ വാക്കനുസരിച്ച് പിന്മാറുകയും, ഗതി മാറിപ്പോയി മറ്റു സ്ഥലങ്ങളിൽ പെയ്യുകയും ചെയ്തു; ഏലിയാവ് യിസ്രായേലിന്റെ നേരെയുള്ള മഴമേഘങ്ങളെ അടച്ചുപൂട്ടി സീൽ ചെയ്ത് താക്കോൽ തന്റെ കയ്യിൽ കൊണ്ടു നടക്കയാണ്. ഇനിയും താൻ പറയാതെ ദൈവത്തിനു പോലും മഴ പെയ്യിക്കുവാൻ കഴിയുകയില്ല.

തുടർന്ന് ദൈവം ഏലിയാവിനെ സുരക്ഷിതത്വത്തിനായി കെരീത്തു തോട്ടിനരികെ അയക്കുകയും, കാക്കകളെക്കൊണ്ട് പുലർത്തുകയും ചെയ്തു. പിന്നീട് സാരഫാത്തിലെ വിധവയുടെ ഭാരം അറിഞ്ഞ ദൈവം അവളേയും സംരക്ഷിക്കേണ്ടതിനായി ഏലിയാവിനെ അവിടേയും പറഞ്ഞയച്ചു.

ഏറിയ നാൾ കഴിഞ്ഞ ശേഷം മൂന്നു സംവത്സരവും ആറു മാസവുമായപ്പോൾ (യാക്കോ. 5:17) ഭൂതലത്തിൽ മഴ പെയ്യിക്കുവാൻ ദൈവം ആഗ്രഹിച്ചു. എന്നാൽ ഏലിയാവ് അവിടെച്ചെന്ന് അതിനുള്ള ക്രമീകരണം ചെയ്യേണ്ടതിനായി, ദൈവം ഏലിയാവിനെ വീണ്ടും ആഹാബിന്റെ അടുക്കലയച്ചു. ഏലിയാവിന്റെ വാക്കിനെ മാനിച്ച് മഴ പെയ്യാതെ ആകാശം അടച്ചു കളഞ്ഞ ദൈവം ഏലിയാവിൽക്കൂടെ തന്നെ മഴ വീണ്ടും പെയ്യിക്കേണ്ടതിനായുള്ള നിർദ്ദേശങ്ങളും നൽകി അവനെ അതിനായി നിയോഗിച്ചു.

ഏലിയാവ് ആഹാബിനോട് ചില നിർദ്ദേശങ്ങളറിയിച്ചു. ഇപ്പോൾ ആളയച്ച് എല്ലാ യിസ്രായേലിനെയും, ബാലിന്റെയും, അശേരയുടെയും എണ്ണൂറ്റിയൻപത് (850) പ്രവാചകന്മാരെയും കർമ്മേൽ പർവ്വതത്തിൽ എന്റെ അടുക്കൽ കൂട്ടി വരുത്തുക. ഏലിയാവ് നിർദ്ദേശിച്ചതനുസരിച്ച് രാജാവ് എല്ലാവരേയും കർമ്മേൽ പർവ്വതത്തിൽ കൂട്ടി വരുത്തി. തുടർന്ന് ഏലിയാവ് ജനത്തോടു വിളിച്ചു പറഞ്ഞു "നിങ്ങൾ എത്രത്തോളം രണ്ടു തോണിയിൽ കാൽ വെക്കും? യഹോവ ദൈവമെങ്കിൽ അവനെ അനുഗമിപ്പിൻ, ബാൽ എങ്കിലോ അവനെ അനുഗമിപ്പിൻ." അതിനുശേഷം രണ്ടു കാളകളെ കൊണ്ടു വന്ന് ഒരു കാളയെ ബാലിന്റെ പ്രവാചകന്മാരുടെ കയ്യിൽ ഏല്പ്പിച്ചിട്ട് നിങ്ങൾ ഇതിനെ ഖണ്ഡം ഖണ്ഡമായി തീ ഇടാതെ വിറകിന്മീതെ വെക്കുക. ഒരു കാളയെ ഞാനും ഒരുക്കി തീ ഇടാതെ വിറകിന്മീതെ വെക്കാം. നിങ്ങൾ നിങ്ങളുടെ ദേവന്റെ നാമത്തെ വിളിച്ചപേക്ഷിപ്പിൻ. ഞാൻ യഹോവയുടെ നാമത്തെ വിളിച്ചപേക്ഷിക്കാം. തീ കൊണ്ട് ഉത്തരമരുളുന്ന ദൈവം തന്നെ ദൈവമെന്നിരിക്കട്ടെ എന്നുള്ള തീരുമാനം അറിയിച്ചു. കൂടി വന്ന ജനം സമ്മതമറിയിക്കുകയും ചെയ്തു. അതിൻപ്രകാരം ബാലിന്റെ പ്രവാചകന്മാർ അവർ തിരഞ്ഞെടുത്ത കാളയെ ഒരുക്കി. ബാലേ, ഉത്തരമരുളേണമേ എന്ന് രാവിലെ മുതൽ ഉച്ച തിരിഞ്ഞ് ഭോജനയാഗം കഴിക്കുന്ന സമയം വരെയും, വാൾ കൊണ്ടും കുന്തം കൊണ്ടും തങ്ങളെത്തന്നെ മുറിവേല്പ്പിച്ച് ഉറക്കെ

നിലവിളിച്ചിട്ടും യാതൊരു ശബ്ദമോ, ഉത്തരമോ അവർക്ക് ലഭിച്ചില്ല. തുടർന്ന് ഏലിയാവ് സർവ്വജനത്തോടും തന്റെ അടുക്കൽ വരുവാൻ നിർദ്ദേശിക്കുകയും, അവിടെ ഇടിഞ്ഞു കിടന്ന യഹോവയുടെ യാഗപീഠം നന്നാക്കുകയും ചെയ്തു.

തീ കത്തിയുള്ള ആരാധനയുടെ ആദ്യപടി ഇടിഞ്ഞുകിടക്കുന്ന യാഗപീഠം നന്നാക്കുക എന്നുള്ളതാണ്. ഇന്ന് ആരാധന പല സ്ഥലങ്ങളിലും കെങ്കേമമായി നടക്കുന്നു എന്ന് പറയുന്നുണ്ടെങ്കിലും ഇടിവുകൾ പഴയതു പോലെ തുടരുന്നു എന്നുള്ളത് ദുഃഖകരമാണ്. എനിക്ക് പരിചയമുള്ള എന്റെയൊരു ആത്മീയസ്നേഹിതൻ പലപ്പോഴും എന്നോടു പറയും, ഇന്ന് ഞങ്ങളുടെ സഭയിൽ നല്ല ആരാധനയായിരുന്നു. എല്ലാവരും ആത്മനിറവിൽ ദൈവത്തെ ആരാധിച്ചു. വളരെ സന്തോഷമായിരുന്നു എന്ന്. എന്നാൽ എനിക്കറിയാം അവരിൽ പലരും തമ്മിൽതമ്മിൽ സഹകരണമില്ലാത്തവരും, ഹൃദയം തുറന്ന് സ്നേഹിക്കാത്തവരും ആണെന്നുള്ള വസ്തുത. ഇത് ദൈവം അംഗീകരിക്കുന്ന ആരാധനയല്ല. മനുഷ്യർ ഒരു പക്ഷേ പുറമേയുള്ള കാഴ്ചപ്പാടിൽ അംഗീകരിച്ചു എന്നു വരാം.

ഏലിയാവ് യാഗപീഠത്തിന്റെ ഇടിവുകൾ പണിയുമ്പോൾ തനിക്കു ബോധിച്ചതു പോലുള്ള പണിയല്ല നടത്തിയത്. പിന്നെയോ യാക്കോബിന്റെ പുത്രന്മാരുടെ ഗോത്രസംഖ്യക്ക് ഒത്തവണ്ണം പന്ത്രണ്ടു കല്ലെടുത്തു വെച്ച് വ്യവസ്ഥാപിതമായ ഒരു പണിയാണ് നടത്തിയത്; ശലോമോന്റെ മരണശേഷം പന്ത്രണ്ടു ഗോത്രങ്ങളും ഉൾക്കൊണ്ട യിസ്രായേൽ രാജ്യം വിഭജിക്കപ്പെട്ടു. ഇപ്പോൾ ഏലിയാവ്, ആഹാബിന്റെ അധീനതയിലുള്ള പത്തു ഗോത്രങ്ങൾ ഉൾക്കൊള്ളുന്ന സ്ഥലത്താണ് ആരാധനയുടെ ക്രമീകരണം ചെയ്തിരിക്കുന്നത്. തനിക്കു വേണമെങ്കിൽ ഇപ്പോഴുള്ള പത്തു ഗോത്രങ്ങളെ പ്രതിനിധീകരിച്ച് പത്തു കല്ലെടുത്തു വെച്ചാൽ മതിയായിരുന്നു; എന്നാൽ തനിക്കറിയാം ദൈവഹിതപ്രകാരമാണ് രാജ്യം വിഭാഗിക്കപ്പെട്ടതെങ്കിലും, ദൈവജനം ഒന്നാണ്. രക്ഷിക്കപ്പെട്ട് വിശ്വാസസ്നാനം സ്വീകരിച്ച് മുമ്പോട്ടു വന്ന ദൈവജനം വിവിധ കൂടി വരവുകളിലും വിവിധ പേരുകളിലും അറിയപ്പെടുന്നു എങ്കിലും കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവജനം ഒന്നാണെന്നുള്ള കാഴ്ചപ്പാടും ദർശനവും നമുക്കുണ്ടാകണം. ആദിമ അപ്പൊസ്തലിക സഭ, അവർ ഒരുമനപ്പെട്ടു പ്രാർത്ഥന കഴിച്ചു വന്നു (പ്രവൃത്തി 1:14) എല്ലാവരും ഒരുമിച്ചിരുന്നു, (2:45) ഒരുമനപ്പെട്ടു ദിനമ്പ്രതി ദൈവാലയത്തിൽ കൂടി വന്നു (2:46) ഒരുമനപ്പെട്ടു ദൈവത്തോടു നിലവിളിച്ചു (4:26)

വിശ്വസിച്ചവരുടെ കൂട്ടം ഏകഹൃദയവും ഏകമനസ്സും ഉള്ളവരായിരുന്നു (4:32). ദൈവീക പ്രവൃത്തി വെളിപ്പെടുവാൻ ദൈവജനത്തിന്റെ ഐക്യത അത്യന്താപേക്ഷിതമാണ്.

കർത്താവായ യേശുക്രിസ്തു പറഞ്ഞു, “നിന്റെ വഴിപാട് യാഗ

പീഠത്തിങ്കൽ കൊണ്ടു വരുമ്പോൾ സഹോദരന് നിന്റെ നേരെ വല്ല തുമുണ്ടെന്ന് അവിടെ വെച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ച് ഒന്നാമത് ചെന്ന് സഹോദര നോട് നിരന്നു കൊൾക. പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക," (മത്താ. 5:23–24). പ്രാർത്ഥനയുടെ വ്യവസ്ഥയിൽപ്പോലും കർത്താവു പറഞ്ഞു, "ഭൂമിയിൽ വെച്ച് നിങ്ങളിൽ രണ്ടു പേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അത് സ്വർഗ്ഗസ്ഥനായ എന്റെ പിതാ വിൽ നിന്ന് നിങ്ങൾക്ക് ലഭിക്കും." (മത്താ.18:19).

ഇന്ന് ക്രിസ്തീയഗോളത്തിൽ ഐക്യത വളരെ നഷ്ടപ്പെട്ടു കൊ ണ്ടിരിക്കുന്നു എന്നുള്ളത് ദുഃഖത്തോടെ സ്മരിക്കുന്നു. സ്ഥാനമാന ങ്ങൾക്കു വേണ്ടി, നിലനില്പ്പിനു വേണ്ടി ഏതു നീചകാര്യവും ചെയ്യു ന്നതിനും പറയുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും മടിയില്ലാത്ത, കുറ്റബോധമില്ലാത്ത അവസ്ഥയിലേക്ക് ആത്മീയർ താണുകൊണ്ടി രിക്കുന്നു; ചിലർ നിരപ്പു പ്രാപിച്ചു എന്നു പറഞ്ഞാലും ആഴമായ ആത്മാർത്ഥമായ നിരപ്പല്ല പ്രാപിക്കുന്നത്. പണ്ടൊരിക്കൽ ഒരു സ ഹോദരൻ തന്റെ വീട്ടിൽ ചക്കയില്ലാത്തതു കൊണ്ട് ജ്യേഷ്ഠന്റെ വീട്ടിൽ രാത്രിയിൽ ചെന്ന് അവിടെയുള്ള പ്ലാവിൽ നിന്ന് ചക്ക മോ ഷ്ടിച്ചു കൊണ്ടു വന്ന് ഭക്ഷിക്കുമായിരുന്നു. ഒരിക്കൽ ഒരു ഉപവാ സപ്രാർത്ഥനയിൽ തനിക്ക് ഈ വിഷയത്തിൽ കുറ്റബോധമുണ്ടാ യി. ഉടനെ പാസ്റ്ററോടു പറഞ്ഞു, പാസ്റ്ററേ, ഞാൻ ജ്യേഷ്ഠന്റെ വീട്ടിൽ നിന്നും നിരന്തരമായി ചക്ക മോഷ്ടിച്ച് തിന്നുമായിരുന്നു. ഉടനെ പാസ്റ്റർ പറഞ്ഞു, എത്രയും വേഗം ജ്യേഷ്ഠനെ കണ്ട് കുറ്റം ഏറ്റു പറഞ്ഞ് ക്ഷമ ചോദിക്കണം. അതിൻപ്രകാരം ജ്യേഷ്ഠന്റെ വീട്ടിൽ ച്ചെന്ന അനുജൻ ജ്യേഷ്ഠനോട് "എന്തെല്ലാമാണ് വിശേഷങ്ങൾ, ഈ പ്രാവശ്യം ചക്ക എല്ലായിടത്തും ധാരാളമുണ്ടായി. ഞാനും അവി ടുന്നും ഇവിടുന്നും ചക്ക ധാരാളം തിന്നുകയുണ്ടായി, മറ്റു വിശേഷ ങ്ങളൊന്നുമില്ലല്ലോ, എന്നാൽ ഞാൻ പോകട്ടെ" എന്നു പറഞ്ഞു. നോക്കുക, തന്റെ തന്ത്രം. തന്റെ മനഃസ്സാക്ഷിയെ തൃപ്തിപ്പെടുത്തു വാൻ, തെറ്റു സമ്മതിച്ച് ഏറ്റു പറയാതെ ഇവിടുന്നും ഞാൻ ചക്ക തിന്നു എന്നു പറയുന്ന ആത്മവഞ്ചന. ഇതു പോലെ തന്നെയാണ് നമ്മിൽ പലരും. സഹോദരന്റെ നേരെ തന്റെ ആവനാഴിക എല്ലാം തുറന്ന് ചെയ്യാവുന്ന ദ്രോഹങ്ങളെല്ലാം ചെയ്തിട്ട് എന്നോട് വല്ലതു മുണ്ടെങ്കിൽ ക്ഷമിച്ചേക്കു എന്നു പറയുന്നത് ശരിയായ ഒരു നിരപ്പോ ക്രമീകരണമോ അല്ല; നമ്മിൽ ഇടിവുകൾ വന്നു പോയി എങ്കിൽ നാം നിശ്ചയമായും ഇടിവുകൾ പണിയേണ്ടതുണ്ട്.

നമ്മുടെ പണികൾ മോശ ചെയ്തതുപോലെ പർവ്വതത്തിൽ വെച്ച് ദൈവം കാണിച്ച മാതൃകപ്രകാരം തന്നെ പണിയേണ്ടിയിരിക്കുന്നു, എസ്രായുടെ കാലത്ത് അവർ യാഗപീഠത്തെ അതിന്റെ പണ്ടത്തെ നിലയിൽ പണിതു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (എസ്ര 3:3). നെഹെമ്യാവിന്റെ കാലത്ത് ഇടിഞ്ഞു കിടന്നിരുന്ന യരുശലേമിന്റെ

മതിൽ പണിയുവാൻ ക്രമീകരണം ചെയ്തപ്പോൾ അവരവരുടെ ഭാഗത്തുള്ള മതിൽ അവരവർ തനിയെ പണിതു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (നെഹ 3:23, 28).

ഇന്നു പലർക്കും അവരവരുടെ ഇടിവുകൾ മറഞ്ഞിരിക്കയാണ്. കർത്താവു പറഞ്ഞു, "സ്വന്തകണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരട് നോക്കുന്നത് എന്ത്, അല്ല സ്വന്തകണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോട്, നില്ക്ക നിന്റെ കണ്ണിലെ കരട് എടുത്തു കളയട്ടെ എന്നു പറയുന്നത് എങ്ങനെ? കപടഭക്തിക്കാരാ, മുമ്പെ സ്വന്ത കണ്ണിൽ നിന്ന് കോൽ എടുത്തു കളയുക, പിന്നെ സഹോദരന്റെ കണ്ണിൽ നിന്ന് കരട് എടുത്തു കളയുവാൻ വെടിപ്പായി കാണും" (മത്താ. 7:1-5).

പഴയകാലത്ത് രണ്ടു കാലും മന്തുള്ള ചിലർ തങ്ങളുടെ മന്തു ബാധിച്ച കാൽ മണ്ണിൽ കുഴിയുണ്ടാക്കി അതിൽ മറച്ചു വെച്ചിട്ട് ഒരു കാലിൽ മന്തുള്ളവനെ കാണുമ്പോൾ 'മന്തോ' എന്നു വിളിക്കാറുണ്ട് എന്നു കേട്ടിട്ടുണ്ട്. മറ്റുള്ളവരെ വിധിക്കുന്നതിനു മുമ്പായി നമ്മേത്തന്നെ വിധിക്കുവാൻ കഴിഞ്ഞാൽ നാം കൃതാർത്ഥരാകും.

വ്യഭിചാരക്കുറ്റത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിയുവാനായി, വലിയ കല്ലുകളുമായി യേശുവിനെ സമീപിച്ച്, യേശുവിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ, നിങ്ങളിൽ പാപമില്ലാത്തവൻ ഇവളെ കല്ലെറിയട്ടെ എന്ന തന്റെ ആജ്ഞയിൽ കുറ്റബോധമുള്ളവരായി, മനസാക്ഷിയുടെ ആക്ഷേപം ഹേതുവായി, കല്ലുകൾ താഴെയിട്ട് നടന്നകന്നതു പോലെ നമ്മുടെ സഹോദരന്മാർക്ക് നേരെയുള്ള നമ്മുടെ ആയുധങ്ങൾ താഴെ വെച്ച് ദൈവത്തിന് കീഴടങ്ങാം. അതാണ് ദൈവം നമ്മിൽനിന്നാഗ്രഹിക്കുന്നത്.

നമ്മുടെ ആരാധനക്കു മുമ്പായി നമ്മുടെ ഇടിവുകളെ പണിയേണം. ആഹാസ് രാജാവിന്റെ കാലത്ത് ഇളക്കി മാറ്റി വെച്ച യാഗപീഠം (2രാജ.16:14) തന്റെ മകൻ ഹിസ്ക്കിയാവിന്റെ കാലത്ത് യഥാസ്ഥാനപ്പെടുത്തി. ആഹാസ് കെടുത്തിയ ദൈവാലയത്തിലെ നിലവിളക്കും അശുദ്ധമാക്കിയ കാഴ്ചയപ്പത്തിന്റെ മേശയും, സ്ഥാനം മാറ്റി വെച്ച താമ്രത്തൊട്ടിയും ധൂപപീഠത്തിന്മേൽ ധൂപം കാണിക്കാതിരുന്ന അവഗണനയും എല്ലാം ഹിസ്ക്കിയാവ് യഥാസ്ഥാനത്താക്കി.

നെഹമ്യാവിന്റെ കാലത്ത് തന്റെ അസാന്നിദ്ധ്യത്തിൽ ദൈവാലയത്തിന്റെ പ്രാകാരത്തിലുള്ള അറയിൽ നിന്ന് വിശുദ്ധ വസ്തുക്കൾ നീക്കം ചെയ്തിട്ട് തോബിയാവിന്റെ വീട്ടുസാമാനങ്ങൾക്കൊണ്ട് നിറച്ചിരുന്നത് നെഹെമ്യാവ് പുറത്തെറിഞ്ഞു കളഞ്ഞ് പഴയവിശുദ്ധ വസ്തുക്കൾ തിരികെ കൊണ്ടു വന്ന് യഥാസ്ഥാനപ്പെടുത്തിയതു പോലെയും (നെഹ.13:6-9) തലമുറ തലമുറയായി പുരാതന ശൂന്യമായിക്കിടക്കുന്ന അടിസ്ഥാനങ്ങളെ നമുക്ക് കെട്ടിപ്പൊക്കാം (യെശ.58:12).

ശത്രു നികത്തിയ കിണറുകളെ വീണ്ടും കുഴിച്ച് പഴയപേരിൽ അറിയപ്പെടാം (ഉല്പ. 26:18). നഷ്ടപ്പെട്ട കോടാലി തിരികെ പ്രാപിക്കാം (2 രാജ.6:7). വീണു പോയ കൂടാരങ്ങളെ വീണ്ടും നിവർത്താം (ആമോ. 9:12) കീറിയ വലകൾ നന്നാക്കാം (മത്താ.4:21) തുള്ളനും, വെട്ടുക്കിളിയും, വിട്ടിലും, പച്ചപ്പുഴുവും തിന്നു നശിപ്പിച്ചിരിക്കുന്നത് ഉപവാസത്താലും പ്രാർത്ഥനയാലും തിരികെ പ്രാപിക്കാം (യോവേ. 2:25). ശത്രു അടിമയാക്കി വെച്ചിരിക്കുന്ന തലമുറകളെ അവന്റെ കോട്ടയിൽ കയറി നമുക്ക് യുദ്ധം ചെയ്ത് തിരികെ പ്രാപിക്കാം (1ശമു. 30:3). നമുക്ക് നഷ്ടപ്പെട്ടിരിക്കുന്ന രാമോത്ത് (ഉന്നതസ്ഥാനം) തിരികെ നേടാം (1രാജ. 22:3). ഇയ്യോബിന് നഷ്ടമായതെല്ലാം മടക്കിക്കൊടുത്ത ദൈവം നമുക്കും നഷ്ടമായത് മടക്കിത്തരുവാൻ ശക്തനാണ്. നമുക്ക് നഷ്ടപ്പെട്ട സന്തോഷം, സമാധാനം, ഐക്യത, സ്നേഹം, ദൈവശക്തി, കൃപാവരങ്ങൾ താലന്തുകൾ എല്ലാം മടക്കി പ്രാപിക്കാം. അതിനായി നമുക്ക് മുട്ടിന്മേൽ നിന്ന് ദൈവത്തോട് നിലവിളിക്കുകയും, നമ്മുടെ ഇടിവുകളെ പണിയുകയും നമുക്ക് തന്നെ ആദ്യം യഥാസ്ഥാനം കൈവരിക്കുകയും ചെയ്യാം. അങ്ങനെയെങ്കിൽ ഒരു ആത്മീക അഗ്നി നമ്മിൽ ആളിക്കത്തുമെന്നുള്ളത് നിശ്ചയമായ കാര്യമാണ്.

ഏലിയാവ് ഇടിഞ്ഞുകിടന്ന യഹോവയുടെ യാഗപീഠം യാക്കോബിന്റെ പുത്രന്മാരുടെ ഗോത്രസംഖ്യക്ക് ഒത്തവണ്ണം പന്ത്രണ്ട് കല്ല് എടുത്ത്വെച്ച് നന്നാക്കുകയും തുടർന്ന് താൻ തിരെഞ്ഞെടുത്ത കാളയെ ഖണ്ഡം ഖണ്ഡമാക്കി വിറകിൽ മീതെ വെയ്ക്കുകയും ചെയ്തു. മോശ മുഖാന്തിരം ദൈവം തന്റെ ജനത്തിന് യാഗപ്രമാണം കൊടുത്തപ്പോൾ അതിൽ നിർദേശിച്ചിരുന്ന കാര്യങ്ങൾ എല്ലാം തന്നെ ഏലിയാവ് ഇവിടെ ചെയ്തിരിക്കും എന്നുള്ളതിന് സംശയം ഇല്ല. ആദ്യമെ യാഗമൃഗത്തിന്റെ തലയിൽ കൈവെച്ച് തെറ്റുകളും കുറ്റങ്ങളും അതിൽമേൽ ചുമത്തേണം. അങ്ങനെ മനുഷ്യന് പകരമായി പാപം ഏല്ക്കുന്ന യാഗമൃഗം, പാപം ചെയ്യുന്ന ദേഹിമരിക്കേണം എന്നുള്ള മാറ്റമില്ലാത്ത ദൈവവിധിപ്രകാരം, അറുക്കപ്പെടേണം. യാഗമൃഗം അറുക്കപ്പെടുന്നതുപോലെ നാമും ദൈവസന്നിധിയിൽ ആരാധനയ്ക്കായി അടുത്ത് ചെല്ലുമ്പോൾ എനിക്ക് പകരമായി എന്റെ പാപത്തിന് വേണ്ടി യേശുക്രിസ്തു മരിച്ചു എന്നുള്ള ചിന്ത ഓരോ ദൈവ പൈതലിനെയും ഭരിക്കുകയും അവൻ തന്നെത്താൻ താഴ്ത്തി, അവന്റെ ശരീരത്തെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമാക്കി സമർപ്പിക്കയും ചെയ്യേണം. തന്നെയുമല്ല അപ്പോസ്തോലനായ പൗലൂസ് പറയുന്നു. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാ 6:14). ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. (ഗലാ 2:20). ആകയാൽ ഞാൻ മരിക്കയും ക്രിസ്തു എന്നിൽ ജീവിക്കയും ചെ

യ്യുന്ന അനുഭവം നമുക്ക് ഉണ്ടാകേണം. എന്നാൽ ഇന്ന് പലരിലും പഴയ ഞാൻ അതിന്റെ ശക്തിയോടു കൂടെ ജീവിക്കുന്നു എന്നുള്ളത് എത്രയോ ഖേദകരമാകുന്നു. പാപത്തിന് ഇംഗ്ലീഷിൽ കൊടുത്തിരിക്കുന്നവാക്ക്. SIN എന്നാണ്. ഈ വാക്കിന്റെ മദ്ധ്യഭാഗത്ത് വന്നിരിക്കുന്നത് ഐ എന്നാണ് എന്നാൽ ഐ അവിടെ വരാതെ യു വന്നിരുന്നെങ്കിൽ SUN (സൂര്യൻ) ആയി മാറിയേനെ. തന്നെയുമല്ല ഐയുടെ സ്ഥാനത്ത് ഒ വന്നിരുന്നു എങ്കിൽ SON പുത്രൻ ആയി മാറുമായിരുന്നു. എന്നാൽ ഐ വന്നതുകൊണ്ട് ആ വാക്കുതന്നെ SIN പാപമായി മാറുകയായിരുന്നു. എന്നാൽ ഈ ഐ യുടെ പുറത്ത് ദൈവവചനമാകുന്ന ചുറ്റികകൊണ്ട് ശക്തമായി അടിച്ചാൽ ഐ വളഞ്ഞ് ഒ ആയിതീരും. അങ്ങനെ രൂപാന്തരം പ്രാപിക്കുമ്പോൾ യോഹന്നാൻ സ്നാപകനെപ്പോലെ പറയുവാൻ കഴിയും, അവനോ വളരേണം ഞാനോ കുറയേണം എന്ന്.

കാളയെ അറുത്തശേഷം തുടർന്ന് അതിന്റെ തോൽ ഉരിയേണം. യാഗത്തിന് വേണ്ടി കൊണ്ടുവരുന്ന കാളകൾ വിവിധ നിറങ്ങളോടുകൂടിയവ ആയിരിക്കും, എന്നാൽ തോൽ ഉരിഞ്ഞുകളഞ്ഞാൽ പിന്നെ നിറം അറിയുവാൻ കഴിയുകയില്ല എല്ലാത്തിനും രക്തത്തിന്റെ നിറമാണ് ഉള്ളത്. കർത്താവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ജനം ആരാധനയ്ക്കായി വരുമ്പോൾ നിറവ്യത്യാസമോ, ഭാഷാവ്യത്യാസമോ, ജാതിവ്യത്യാസമോ, സമ്പത്തിന്റെ ഏറ്റക്കുറച്ചിലോ വിദ്യാഭ്യാസത്തിന്റെ ഏറ്റക്കുറച്ചിലോ നോക്കുവാൻ പാടില്ല. നാം എല്ലാവരും ക്രിസ്തുവിൽ ഒന്നാണ്.

"നിങ്ങളെ വിളിച്ചപ്പോൾ ഏകപ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെ ഉള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" (എഫേ. 4:4-6). ഇതിനെക്കുറിച്ച് അപ്പോസ്തോലനായ യാക്കോബ് പറയുന്നത്. "സഹോദരന്മാരെ തേജസ്സുള്ളവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ മുഖപക്ഷം കാണിക്കരുത്. നിങ്ങളുടെ പള്ളിയിൽ മോടിയുള്ള വസ്ത്രം ധരിച്ചും പൊന്മോതിരം ഇട്ടുകൊണ്ട് ഒരുത്തനും മുഷിഞ്ഞ വസ്ത്രം ധരിച്ചോരു ദരിദ്രനും വന്നാൽ നിങ്ങൾ മോടിയുള്ള വസ്ത്രം ധരിച്ചവനെ നോക്കി. ഇവിടെ സുഖേന ഇരുന്നാലും എന്നും ദരിദ്രനോട് നീ അവിടെ നില്ക്ക അല്ലങ്കിൽ എന്റെ പാദപീഠത്തിങ്കൽ ഇരിക്ക എന്നും പറയുന്നു എങ്കിൽ നിങ്ങൾ ഉള്ളിൽ പ്രമാണം ഇല്ലാതെ ന്യായരഹിതമായി വിധിക്കുന്നവരായില്ലയോ?" (യാക്കോ. 2:1-4).

ഇന്നും ആത്മീയത്തിന്റെ ഉന്നതങ്ങളിൽ നില്ക്കുന്ന പലരും അവരവർ ഉൾക്കൊണ്ട് നില്ക്കുന്ന കൂട്ടായ്മകളിൽ സംബന്ധിച്ചാൽ മാത്രമെ ആരാധന വെളിപ്പെടുകയുള്ളു. അതിനെല്ലാം മാറ്റം വരേ

ണം, സ്വർഗ്ഗത്തിൽ സംഘടനകൾക്ക് സ്ഥാനം ഇല്ല. കർത്താവിന്റെ രക്തത്താൽ വീണ്ടെടുപ്പു പ്രാപിച്ച് ഉപദേശ ഐക്യത്തിൽ നിലനില്ക്കുന്ന എല്ലാ ദൈവജനത്തേയും നാം ഒന്നായി കാണേണം. കർത്താവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ഇപ്രകാരം താൻ പ്രാർത്ഥിച്ചു. “നീ എന്നെ അയച്ചിരിക്കുന്നു എന്ന് ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന് പിതാവേ, നീ എന്നിലും, ഞാൻ നിന്നിലും അകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന് തന്നേ” (യോഹ. 17:21).

യാഗമൃഗത്തിന്റെ തോൽ ഉരിച്ചശേഷം യാഗമൃഗത്തെ ഖണ്ഡം ഖണ്ഡമായി നുറുക്കേണം, നുറുക്കപ്പെടാത്തടത്ത് ദൈവത്തിന്റെ തീകത്തുകയില്ല. എവിടെല്ലാം നുറുക്കലും തകർച്ചയും ഉണ്ടായിട്ടുണ്ടോ അവിടെല്ലാം അനുഗ്രഹവും നടന്നിട്ടുണ്ട്. ഒരുവലിയ പാറ ഉടഞ്ഞ് തകർന്ന് നദിയിൽ കൂടെ ഉരുണ്ട് ഉരുണ്ട് വന്ന് നല്ലതുപോലെ മിനുസപ്പെടുമ്പോൾ ആണ് അതു അനേകർക്ക് പ്രയോജനകരമായിതീരുന്നത്. അങ്ങനെ മിനുസമായിവന്ന കല്ലുകൊണ്ടാണ് ദാവീദ് ഗോല്യാത്തിനെ എറിഞ്ഞു വീഴ്ത്തിയത് (1 ശമു. 17:40). തകർന്ന പാറയിൽ നിന്ന് ഒഴുകിയ ജലമാണ് യിസ്രായേൽ മക്കൾ മരുഭൂമിയിൽ പാനം ചെയ്തത് (സങ്കീ. 78:15,16). ഗിദെയോനും തന്നോടു കൂടെയുള്ളവരും യുദ്ധത്തിന് പോയപ്പോൾ അവരുടെ കൈയ്യിലുള്ളകുടം ഉടയ്ക്കുകയും കുടത്തിനകത്ത് ഉണ്ടായിരുന്ന പന്തം കത്തിക്കുകയും ചെയ്തു. കുടം ഉടയാത്തിടത്തോളം കാലം പന്തത്തിന് പ്രകാശിക്കുവാൻ കഴിയുകയില്ല (ന്യായാ 7:16-21). ദൈവത്തിന്റെ തീയ് നമ്മിൽ കത്തേണമെങ്കിൽ നാം നമ്മെത്തന്നെ തകർക്കുവാനായി ഏല്പിച്ച് കൊടുക്കേണം.

യേശുക്രിസ്തു കഫർന്നഹൂമിൽ ആയിരുന്നപ്പോൾ താൻ ചെന്ന ഭവനത്തിന്റെ ഉടമ തന്റെ പുരയുടെ മേല്പുര പൊളിയപ്പെടുവാൻ അനുവദിച്ചതിനാൽ ഒരുപക്ഷവാതരോഗി സൗഖ്യമാകുവാൻ ഇടയായി (മർക്കോ.2:1-12).

നാമും ഇന്ന് പലവിധ മേല്പുരകളുടെ കീഴിൽ സുഖമായും സ്വസ്ഥമായും കഴിയുന്നവരാണ്. നമ്മുടെ കുടുംബ മഹിമ, നമ്മുടെ പാരമ്പര്യം, നമ്മുടെ ധനം, നമ്മുടെ കഴിവ്, വിദ്യാഭ്യാസം, ആദിയായി നാം അഭിമാനം കൊള്ളുന്ന ചില മേല്പുരകൾ പൊളിയുവാൻ നാം അനുവദിച്ചാൽ നമ്മിൽക്കൂടെ പലർക്കും വിടുതലുകൾ ലഭിക്കുവാൻ ഇടയാകും.

കർത്താവിന്റെ പരസ്യശുശ്രൂഷാകാലത്ത് വലിയ പുരുഷാരത്തെ തൃപ്തിപ്പെടുത്തുവാൻ ബാലന്റെ കയ്യിൽ നിന്ന് ലഭിച്ച അഞ്ച് അപ്പവും രണ്ട് മീനും യേശു നുറുക്കി എന്ന് നാം തിരുവെഴുത്തിൽ നിന്ന് വായിക്കുന്നു (മർക്കോ. 6:41). യേശുക്രിസ്തു അതു നുറുക്കാതെ കൊടുത്തിരുന്നു എങ്കിൽ അഞ്ച് അപ്പം അഞ്ചുപേർക്കേ ലഭിക്കുകയുള്ളായിരുന്നു. എന്നാൽ യേശു അപ്പം നുറുക്കുന്തോറും അത്

വർദ്ധിച്ച് വർദ്ധിച്ച് വന്നു. ഇതുപോലെ നാം നമ്മെത്തന്നെ ഒന്ന് നുറുക്കുവാനായി ഏല്പിച്ച് കൊടുത്താൽ അനേകർ നമ്മളാൽ തൃപ്തി പ്രാപിപ്പാൻ ഇടയാകും.

യേശുക്രിസ്തു ബഥാന്യയിൽ കുഷ്ഠരോഗിയായ ശീമോന്റെ വീടിന്റെ പന്തിയിൽ ഇരിക്കുമ്പോൾ ലാസറിന്റെ സഹോദരി മറിയ മുന്നൂറിലധധികം വെള്ളിക്കാശ് വിലയുള്ള സ്വച്ഛജടമാംസി തൈലം കൊണ്ടുവന്ന്, ഭരണിപൊട്ടിച്ച് അവന്റെ തലയിൽ ഒഴിച്ചു (മർക്കോ. 14:1-9, യോഹ. 12:1-8). അപ്പോൾ തൈലത്തിന്റെ സൗരഭ്യം കൊണ്ട് വീട് നിറഞ്ഞു. ഭരണിപൊട്ടിക്കാത്തിടത്തോളം കാലം സൗരഭ്യം പുറത്ത് വരികയില്ല. ഇന്ന് ചിലർ സൗരഭ്യ വാസനയുള്ള തൈലം ഭരണിയോടുകൂടെ എടുത്തുകൊണ്ടുവരും, പൊട്ടിക്കാതെ തിരിച്ച് കൊണ്ട് പോകയും ചെയ്യും. എന്നു വെച്ചാൽ വിവിധ കൃപാവര ങ്ങൾ ഉള്ള അനേക ദൈവമക്കൾ ഉണ്ട് അവരുടെ താലന്ത് പൊതു പ്രയോജനത്തിനായി ഉപയോഗിക്കുന്നില്ലങ്കിൽ അതുകൊണ്ട് പ്രയോ ജനം ഇല്ല.

ചില സഭകളിൽ പ്രാർത്ഥിച്ച് തുടങ്ങുന്നതു മുതൽ ആശിർവാദം പറയുന്നതുവരെ എല്ലാ ശുശ്രൂഷകളും ശുശ്രൂഷകൻ മാത്രം ചെയ്യുന്ന രീതികണ്ടിട്ടുണ്ട്. കഴിവുള്ളവരെ അടുപ്പിക്കുകയില്ല. താലന്ത് ഉള്ള വരുടെ ശുശ്രൂഷകൾ ദൈവസഭയ്ക്ക് പ്രയോജനപ്പെടേണം. യേശു ഭരണിപൊട്ടിക്കുവാൻ അനുവദിച്ചതുപോലെ നാമും അവസരങ്ങൾ മറ്റുള്ളവർക്ക് ഉണ്ടാക്കികൊടുക്കേണം. പാടുവാൻ കൃപയുള്ളവർ പാടട്ടെ. പ്രസംഗിക്കുവാൻ വരം ലഭിച്ചവർ പ്രസംഗിക്കട്ടെ; പ്രവചി ക്കുവാൻ ലഭിച്ചവർ പ്രവചിക്കട്ടെ; എല്ലാം സുഗന്ധം പുറപ്പെടുവിക്കും വണ്ണം ആത്മീക വർദ്ധനവിനായി ഉപകരിക്കട്ടെ.

അതുപോലെ തന്നെ നിലത്തുവീണ് ചത്ത ഗോതമ്പ് മണിക്ക് മാത്രമേ അനേക ഗോതമ്പ് മണികളെ സൃഷ്ടിക്കുവാൻ സാധിക്കു കയുള്ളു (യോഹ. 12:24).

“ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്. തകർ ന്നു നുറുങ്ങിയിരിക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കുകയില്ല (സങ്കീ. 51:17).

നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും, നമ്മുടെ (യെശ 53:5) അകൃത്യങ്ങൾ നിമിത്തം തകർന്നും തന്നെത്താൻ നമുക്ക് വേ ണ്ടി ഏല്പിച്ചുകൊടുത്ത യേശുവിനാണ് നമ്മെ വീണ്ടെടുക്കുവാൻ കഴിഞ്ഞത്. ആകയാൽ യാഗ മൃഗത്തെ ഖണ്ഡം ഖണ്ഡമായി നുറു ക്കുന്നതുപോലെ നമ്മേയും, നുറുക്കുവാനും, തകരുവാനും ദൈവ കരങ്ങളിൽ ഏല്പിച്ച് കൊടുക്കാം. അങ്ങനെ ചെയ്യുമ്പോൾ നാമും നമ്മളാൽ മറ്റുപലരും അനുഗ്രഹിക്കപ്പെടും.

ഏലിയാവ് ഇടിഞ്ഞുകിടന്നിരുന്ന യഹോവയുടെ യാഗപീഠം ഗോത്രസംഖ്യക്ക് ഒത്തവണ്ണം പന്ത്രണ്ട് കല്ലെടുത്തു വെച്ച് നന്നാ

ക്കുകയും യാഗപീഠത്തിന്മീതെ വിറകടുക്കി കാളയെ ഖണ്ഡം ഖണ്ഡമായി നുറുക്കി വിറകിന്മീതെ വെക്കുകയും ചെയ്തു. തുടർന്ന് നാലു തൊട്ടിയിൽ വെള്ളം നിറച്ച് മൂന്നു പ്രാവശ്യമായി, പന്ത്രണ്ടു തൊട്ടി വെള്ളം ഹോമയാഗത്തിന്മേലും, വിറകിന്മീതെയും ഒഴിച്ചു.

പന്ത്രണ്ടു കല്ല് പന്ത്രണ്ടു ഗോത്രങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഇപ്പോൾ താൻ പന്ത്രണ്ടു തൊട്ടി വെള്ളവും അതിന്മീതെ ഒഴിക്കുന്നു. തീ കത്തുന്നതിനു മുമ്പ് ഓരോ കല്ലിനും ഒരു നനവ് ആവശ്യമാണ്. ഈ നനവ് നമ്മുടെ അനുതാപത്തെയും, കണ്ണുനീരിനെയുമാണ് കാണിക്കുന്നത്. ഹൃദയത്തകർച്ചയില്ലാതെ ദൈവസന്നിധിയിൽ തന്നെത്താൻ താഴ്ത്താതെ, വിനയപ്പെടുത്താതെ, കണ്ണുനീരിന്റെ അനുഭവമില്ലാതെ ഉന്നതഭാവത്തോടും, നിഗള ഹൃദയത്തോടും, അഹംഭാവത്തോടും കൂടെ അടുത്തു വരുന്നവർക്ക് ദൈവീക അനുഗ്രഹം പ്രാപിക്കുവാൻ കഴിയുന്നതല്ല. അറുപത്തിയഞ്ചാം സങ്കീർത്തനത്തിൽ മരുഭൂമി പുല്പ്പുറങ്ങളായി പുഷ്ടിപൊഴിക്കുന്നതിന്റെ പിന്നിലെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്.

നമ്മുടെ ജീവിതമാകുന്ന മരുഭൂമിയിലെ തരിശുനിലങ്ങൾ നാം ആദ്യമേ തന്നേ ഉഴുതു മറിക്കേണം. തുടർന്ന് അതിലെ കട്ടകളെ ഉടച്ചു നിരത്തണം. അപ്പോൾ ദൈവം അതിന്റെ ഉഴവുചാലുകളെ തന്റെ ആത്മാവിനാൽ നനക്കും. കൂടാതെ അതിലെ വിത്തിനെ മഴയാൽ കുതിർക്കും. തുടർന്ന് അതിലെ മുളയെ അനുഗ്രഹിക്കും.

മരുഭൂമികളെല്ലാം പുല്പ്പുറങ്ങളും, ഉദ്യാനങ്ങളുമായി രൂപാന്തരപ്പെടും. പുല്പ്പുറങ്ങളെല്ലാം പുഷ്ടി പൊഴിക്കും. കുന്നുകൾ ഉല്ലാസം ധരിക്കും. തുടർന്ന് പുല്പ്പുറങ്ങളെല്ലാം ആട്ടിൻകൂട്ടങ്ങൾ കൊണ്ട് നിറയും. താഴ്‌വരകൾ ധാന്യം കൊണ്ടു മൂടും. ഒടുവിൽ അവ ആർക്കുകയും പാടുകയും ചെയ്യുന്ന അവസ്ഥയിലേക്ക് മാറ്റപ്പെടും.

യോവേൽ പ്രവാചകൻ മുഖാന്തരം ദൈവം തന്റെ ജനത്തോടരുളിച്ചെയ്തു, "ഇപ്പോഴെങ്കിലും, നിങ്ങൾ പൂർണ്ണഹൃദയത്തോടും, ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടും കൂടെ എങ്കലേക്ക് തിരിവിൻ. വസ്ത്രങ്ങളെ അല്ല, ഹൃദയങ്ങളെത്തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക് തിരിയുവിൻ. അങ്ങനെ ചെയ്താൽ ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും.നിങ്ങളുടെ യൗവ്വനക്കാർ ദർശനങ്ങളെ ദർശിക്കും. ദാസന്മാരുടെ മേലും ദാസിമാരുടെ മേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും" (യോവേ. 2:12-30).

ഏലിയാവ് ചെയ്യുന്ന ശുശ്രൂഷയിൽ യാതൊരു കാപട്യവും മറഞ്ഞിരിക്കുന്നില്ല എന്നുള്ളത് ജനത്തിന് ബോദ്ധ്യം വരത്തക്ക രീതിയിൽ ഏലിയാവ് അവിടെ കൂടിയിരുന്ന ജനം കാൺകെ പ്രവർത്തിച്ചു. തുടർന്ന് ചുരുക്കം വാചകങ്ങളിൽ തന്റെ ആവശ്യം പ്രാർത്ഥന

യിലൂടെ ദൈവത്തെ അറിയിച്ചു. ഉടനെ യഹോവയുടെ തീ ഇറങ്ങി ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ചു.

രഹസ്യ പ്രാർത്ഥനയിൽ സമയം ചിലവഴിക്കുന്നവർക്ക് പരസ്യ പ്രാർത്ഥനയുടെ ദൈർഘ്യം കുറവായിരിക്കും. എന്നാൽ രഹസ്യ പ്രാർത്ഥന ഇല്ലാത്തവരാണ് സമയം ലഭിക്കുമ്പോൾ ഉല്പത്തി മുതൽ വെളിപ്പാടു വരെ പറഞ്ഞ് ദൈവത്തെ ബൈബിൾക്ലാസ് പഠിപ്പിച്ച് പ്രാർത്ഥിക്കുന്നത്. നമ്മുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കണമെങ്കിൽ നാമും ദൈവവുമായുള്ള ബന്ധം എല്ലായ്പ്പോഴും കാത്തു പാലിക്കേണ്ടതുണ്ട്. ദാനിയേലിന്റെ പ്രാർത്ഥനക്ക് ഉത്തരവുമായി വന്ന ഗബ്രിയേൽ ദൂതൻ ദാനിയേലിനോടു പറഞ്ഞത് "നീ ഏറ്റവും പ്രീയനാകയാൽ നിന്റെ യാചനയുടെ ആരംഭത്തിൽ തന്നേ കല്പന പുറപ്പെട്ടു; നിന്നോട് അറിയിപ്പാൻ ഞാൻ വന്നുമിരിക്കുന്നു"(ദാനി. 9:23).

യെശയ്യാ പ്രവാചകൻ വന്നു ഹിസ്ക്കിയാവിനോട്, "നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക, നീ മരിച്ചു പോകും, സൗഖ്യമാകയില്ല" എന്നു പറഞ്ഞപ്പോൾ ദൈവീക അരുളപ്പാടിന്റെ മുമ്പിൽ പതറിപ്പോയ ഹിസ്ക്കിയാവ് ദൈവത്തോട് കരഞ്ഞു കൊണ്ട് ഇപ്രകാരം പ്രാർത്ഥിച്ചു. "അയ്യോ യഹോവേ ഞാൻ വിശ്വസ്തതയോടും ഏകാഗ്രഹൃദയത്തോടും തിരുമുമ്പിൽ നടന്ന് നിനക്ക് പ്രസാദമുള്ളത് ചെയ്തിരിക്കുന്നു എന്ന് ഓർക്കേണമേ". ഇത്രയും പ്രാർത്ഥിച്ച മാത്രയിൽ തന്നെ ദൈവം പ്രാർത്ഥന കേട്ടു. എന്റെ അഭിപ്രായത്തിൽ ദൈവം ഉടനെ തന്നെ ഹിസ്ക്കിയാവിനെക്കുറിച്ചുള്ള ഓർമ്മയുടെ പുസ്തകം പരിശോധിക്കുകയോ അല്ലെങ്കിൽ ദൂതന്മാരെക്കൊണ്ട് പരിശോധിപ്പിക്കയോ ചെയ്തു. അവൻ പറഞ്ഞ കാര്യം ശരിയാണെന്ന് ദൈവത്തിനു ബോദ്ധ്യമായി. തൽക്ഷണം യെശയ്യാവ് കൊട്ടാരത്തിന്റെ നടുമുറ്റം വിട്ടു പോകുന്നതിനു മുമ്പായി ഹിസ്ക്കിയാവിന്റെ ആയുസ് നീട്ടിക്കൊടുക്കുന്ന ഉത്തരവ് പുറപ്പെടുവിച്ചു (2രാജ. 20:1–5).

ഞാൻ ശുശ്രൂഷിച്ച ഒരു സഭയിൽ ഒരു സഹോദരന് ദീർഘനാളുകൾ ജോലിയില്ലാതെ ഭാരപ്പെട്ടു. ആ വിഷയത്തിനായി സഭയായി ഞങ്ങൾ മുട്ടിപ്പായി ദൈവത്തോട് പ്രാർത്ഥിച്ചു. എന്നിട്ടും ജോലി ലഭിച്ചില്ല. അദ്ദേഹത്തിനു വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുമ്പോൾ അദ്ദേഹം യോഗത്തിനു വരികയില്ല; സഭായോഗത്തിനു മാത്രം വല്ലപ്പോഴും വന്നു സംബന്ധിക്കും. താൻ വീട്ടിലിരുന്നിട്ടും യോഗത്തിനു വരാത്തതിന്റെ കാരണം ഞാൻ അന്വേഷിച്ചപ്പോൾ എനിക്കു കിട്ടിയ വിവരം, താൻ സിനിമാ കസെറ്റ് എടുത്തു കൊണ്ടു വന്ന് ലഭിക്കുന്ന സമയങ്ങളിൽ അതു കണ്ടു രസിക്കയാണ്.

എനിക്ക് അതിൽ നിന്ന് തോന്നിയത്, സഭ പ്രാർത്ഥിക്കുമ്പോൾ ദൈവം കേൾക്കാതെയിരിക്കയില്ല, പ്രാർത്ഥന ദൈവസന്നിധിയിൽ ചെല്ലുമ്പോൾ ദൈവം അവനെക്കുറിച്ച് അന്വഷിക്കുവാൻ ദൂതനെ അയക്കും. ദൂതൻ വന്നു നോക്കുമ്പോൾ അവന് അതിന്റെ ആവശ്യകത ഉടനെ ഇല്ലന്നുള്ള റിപ്പോർട്ട് ദൈവത്തിനു നൽകും. അതു

കൊണ്ട് ദൈവം അവന്റെ ഫയൽ തൽക്കാലം അവിടെ വെക്കും.

ഞാനിത്രയും എഴുതിയതിന്റെ കാരണം ദൈവത്തിൽ നിന്ന് ഉത്തരം ലഭിക്കണമെങ്കിൽ നാമും ദൈവവുമായുള്ള ബന്ധവും ദൃഢമായിരിക്കണം.

ഏലിയാവ് കഴിച്ച യാഗത്തിൽ ദൈവത്തിന്റെ തീ കത്തിയപ്പോൾ മുകളിൽ നിന്ന് താഴോട്ടാണ് കത്തിയത്. എന്നാൽ മനുഷ്യൻ കത്തിക്കുന്ന തീ താഴെ നിന്ന് മുകളിലോട്ടാണ് കത്തുന്നത്. ഇവിടെ തീയാൽ നടന്ന ദഹനത്തെപ്പറ്റി പറയുമ്പോൾ ഹോമയാഗവും, വിറകും, മണ്ണും ദഹിപ്പിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (1രാജ.18:38).

നമുക്ക് ഈ നാളുകളിൽ വേണ്ടിയത് ഉയരത്തിലെ തീയാണ്. ഉയരത്തിൽ നിന്ന് തീ കത്തിയപ്പോൾ ഏലിയാവിന്റെ യാഗം ദൈവം അംഗീകരിച്ചു എന്നുള്ളതിന്റെ ഉറപ്പ് ഏലിയാവിനും അവിടെ കൂടിയിരുന്ന ജനത്തിനും ബോദ്ധ്യമായി.

തിരുവചനം നാം പഠിക്കുമ്പോൾ ആറു പ്രാവശ്യം പ്രത്യക്ഷമായും ഒരു പ്രാവശ്യം പരോക്ഷമായും യാഗത്തിൽ തീ കത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്; പരോക്ഷമായി തീ കത്തിയെന്നുള്ളത് ഹാബേലിന്റെ യാഗത്തിൽ നിന്നാണ് നാം മനസ്സിലാക്കുന്നത്. യാഗത്തെക്കുറിച്ചുള്ള പരാമർശം മോശ മുഖാന്തരമാണ് ദൈവം നൽകിയത്. എന്നാൽ ആദാമിന്റെ കാലത്ത് ദൈവം ഈ പ്രമാണം ആദമിനു നൽകുകയും, അതു തലമുറകളോട് ആദാം പങ്കു വെക്കുകയും പിന്നീട് തലമുറകൾ, തലമുറകളായി ഇത് ആചരിച്ചു വരികയും ചെയ്തിരുന്നു. ബൈബിളിൽ ആദ്യമേ യാഗം കഴിച്ചത് കയീനും ഹാബേലുമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അവർ യാഗം കഴിക്കണമെങ്കിൽ ന്യായമായി നമുക്കനുമാനിക്കാം, അവരുടെ മാതാപിതാക്കളായ ആദമും ഹവ്വയും യാഗം കഴിച്ചിരിക്കണം. ആദമും ഹവ്വയും യാഗം കഴിക്കണമെങ്കിൽ അതവരെ ഉപദേശിച്ചത് ദൈവമാണെന്നുള്ളതിന് രണ്ടു പക്ഷമില്ല.

പാപത്താൽ നഗ്നരായ ആദിമ മനുഷ്യരെ ദൈവം ഇറങ്ങിവന്ന് തോലു കൊണ്ട് ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും, അവർക്കു വേണ്ടി ഒരു മൃഗം അറുക്കപ്പെട്ടു എന്നു നാം അറിയുന്നു. വെളിപ്പാട് 13:8-ൽ ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട് എന്ന് കാണുന്നതിനാൽ ദൈവം ഇറങ്ങി വന്ന് പാപത്താൽ അകന്നു പോയ മനുഷ്യനെ യാഗത്താൽ തന്നോട് നിരപ്പിക്കേണ്ടതിനായി ആദിമ മനുഷ്യരായ ആദമിനേയും ഹവ്വയേയും യാഗം കഴിക്കേണ്ട വിധങ്ങൾ ചെയ്തു കാണിച്ചു കൊടുക്കയും, തുടർന്ന് അതിന്റെ തോലു കൊണ്ട് അവരെ ഉടുപ്പിക്കയും ചെയ്തു. ഇപ്രകാരം ദൈവത്തിൽ നിന്നാണ് യാഗപ്രമാണം ആദാം മനസ്സിലാക്കിയതും, തുടർന്ന് തന്റെ മക്കൾക്ക് ഉപദേശിച്ചു കൊടുക്കയും ചെയ്തത്.

## ഹാബേലിന്റെ യാഗത്തിൽ ദൈവത്തിന്റെ തീ

യാഗത്തെക്കുറിച്ചുള്ള പ്രമാണം ദൈവത്തിൽ നിന്നു ആദാമും ഹവ്വയും പ്രാപിക്കയും തുടർന്ന് അവരിൽനിന്ന് കയീനും ഹാബെലും മനസ്സിലാക്കുകയും ചെയ്തു. എല്ലാ യാഗങ്ങളും സ്ത്രീയുടെ സന്ത തിയായി ജനിച്ച് കാൽവരിക്രൂശിൽ രക്തം ചിന്തി, മാനവജാതിയുടെ ഉദ്ധാരണത്തിനായി സാത്താന്റെ തലയെ തകർത്ത യേശുക്രിസ്തു വിന്റെ പരമയാഗത്തിലേക്കാണ് വിരൽചൂണ്ടുന്നത്. രക്തം ചൊരി ഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല. കയീനും ഹാബേലും ദൈവപ്രമാണ ത്തെ ഒരുപോലെയാണ് മനസ്സിലാക്കിയതെങ്കിലും, പ്രമാണം അനു സരിച്ച് യാഗം കഴിച്ചത് ഹാബേൽ ആണ്. വേണെങ്കിൽ കയീന് പറയാം എന്റെ കൈവശം ആട് ഇല്ല; ഞാൻ കൃഷിക്കാരനാണ്, എന്റെ കൈവശം ഉള്ളതിനെ മാത്രമേ എനിക്ക് നൽകാൻ കഴിയുകയുള്ളൂ. അന്നത്തെ കാലത്ത് നാണയ വിനിമയം ഇല്ലാതിരുന്നതിനാൽ കയീൻ തന്റെ കൃഷിസാധനങ്ങൾ ഹാബേലിന് കൊടുത്തിട്ട് ഹാബേലിൽ നിന്ന് പകരമായി ഒരാടിനെ വാങ്ങി യാഗം അർപ്പിക്കണമായിരുന്നു. എന്നാൽ ദൈവിക പ്രമാണത്തിന് വിലകല്പിക്കാതെ കയീൻ തന്റെ മനസ്സിനു ബോധിച്ചതുപോലെ, തനിക്ക് ഇഷ്ടമുള്ളതുപോലെ ആരാ ധിക്കാനാണ് താല്പര്യപ്പെട്ടത്.

ദൈവം എന്നും, എപ്പോഴും, എവിടെയും പ്രമാണത്തിൽ നിൽക്കു ന്നവനാണ്, മനുഷ്യന്റെ പ്രമാണം അനുസരിച്ച് നിയമങ്ങൾ മാറ്റുന്ന വനല്ല ദൈവം. ഏദെൻതോട്ടത്തിൽ ദൈവവുമായുള്ള കൂട്ടായ്മയിൽ ആദമും ഹവ്വയും മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ അവർ അനു സരണക്കേട് കാണിച്ചപ്പോൾ, ഇനിയും കൂട്ടായ്മയ്ക്ക് മറ്റാരുമില്ല എന്ന് വിചാരിച്ച് എങ്ങനെയെങ്കിലും അവരെ അവിടെ പിടിച്ചുനിർത്തുവാൻ ആഗ്രഹിച്ച് പ്രമാണത്തിൽ നിന്ന് അയഞ്ഞില്ല. കൂട്ടായ്മയ്ക്ക് ആരും ഇല്ലെങ്കിലും ദൈവത്തിന് പ്രമാണപ്രകാരം കൂട്ടായ്മയിൽ നില്ക്കു ന്നവരെയാണ് ആവശ്യം.

ഇപ്പോൾ കയീൻ നിലത്തിലെ അനുഭവത്തിൽനിന്ന് കുറച്ചു കൃഷി സാധനങ്ങൾ കൊണ്ടുവന്ന് ദൈവത്തിന് യാഗമർപ്പിക്കുന്നു. ഞാൻ ബോംബെയിൽ താനെ സഭയുടെ ശുശ്രൂഷയിൽ ആയിരുന്നകാലം. ഞാൻ താമസിച്ചിരുന്ന സ്ഥലത്ത് ചില സമുദായസ്ഥരായ കുഞ്ഞു ങ്ങളെ സൺഡേസ്കൂൾ പഠിപ്പിച്ചിരുന്നു. ഞാൻ അന്ന് ആ കുഞ്ഞുങ്ങ ളോട് ചോദിച്ചു, എന്തുകൊണ്ടാണ് കയീന്റെ യാഗത്തിൽ ദൈവം പ്രസാദിക്കാഞ്ഞത്? ഉടൻ അവർ മറുപടി പറഞ്ഞു, എലികടിച്ച കപ്പ യും, മുണ്ടൻ വെണ്ടയ്ക്കയും, കേടുപിടിച്ച സാധനങ്ങളും കയീൻ കൊടുത്തതുകൊണ്ടാണ്. അതു ശരിയല്ല; ബൈബിൾ പറയുന്നു കയീൻ കൊടുത്തത് ഉത്തമമായ സാധനങ്ങൾ ആയിരുന്നു.

എബ്രായർ 11:4-ൽ പറയുന്നത് വിശ്വാസത്താൽ ഹാബേൽ ദൈവ ത്തിന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു എന്നാണ്. കയീ

ന്റേതിലും എന്ന് പറയുന്നതിനാൽ കയീന്റെ യാഗം ഉത്തമമാണെന്ന് തെളിയുന്നു.

കയീൻ അർപ്പിച്ച യാഗം എല്ലാംകൂടെ ഇടിച്ചുപിഴിഞ്ഞ് എടുത്താലും ഒരുതുള്ളി രക്തംപോലും കിട്ടുകയില്ല. രക്തച്ചൊരിച്ചിലുള്ള യാഗം വേണം ഒരാൾ ആദ്യമേ കഴിക്കേണ്ടത്.

എന്നാൽ ഹാബേൽ തന്റെ പിതാവിൽനിന്ന് കേട്ട ദൈവീകപ്രമാണത്തിൽ നിന്ന് വ്യതിചലിക്കാതെ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽ നിന്ന് അവയുടെ മേദസ്സിൽ നിന്നുതന്നെ ഒരു വഴിപാട് കൊണ്ടുവന്നു. യഹോവ ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു (ഉല്പ.4:4).

ഇന്ന് എവിടെനോക്കിയാലും ആരാധനക്കാരുടെ ബഹളമാണ്. പല സ്ഥലങ്ങളിലും പുരുഷാരം തിങ്ങിക്കൂടുകയാണ്. എല്ലാവർക്കും അത്ഭുതങ്ങൾ മതി. സമ്പന്നതയുടെ സുവിശേഷം എല്ലാവർക്കും താല്പര്യമായി മാറിക്കഴിഞ്ഞു. വേർപാടും വിശുദ്ധിയും മുഖവിലയ്ക്ക് എടുക്കുന്നില്ല, ഉപദേശത്തിൽ നിലനിൽക്കുന്നില്ല; അവരവർ ഉൾക്കൊണ്ടു നില്ക്കുന്ന കൂട്ടായ്മകളിൽ തുടർന്ന് പോകുകയും, കന്യകാമറിയാം ആദിയായ മദ്ധ്യസ്ഥരോടുള്ള പ്രാർത്ഥനകൾ തുടരുകയും, കൊന്തചൊല്ലുകയും, വിഗ്രഹങ്ങളെ വണങ്ങുകയും, പാപമോചനത്തിനായി കുർബാനകളിൽ സംബന്ധിക്കുകയും, കർത്താവ് നീക്കിക്കളഞ്ഞ പൗരോഹിത്യത്തിൽ ഉറച്ച് വിശ്വസിക്കുകയും, കുരിശിനെ വണങ്ങുകയും, പുരോഹിതന്മാരുടെ കൈമുത്തുകയും, തിരുവചനത്തിൽ ഇല്ലാത്ത ഉപദേശങ്ങളെ മുറുകെ പിടിക്കുക്കയും ചെയ്യുന്ന പലരും ഇന്ന്, ആരാധനാകൂട്ടായ്മകൾ എന്നു പറഞ്ഞ് രൂപംകൊണ്ടിട്ടുള്ള കൂടിവരവുകളിൽ സംബന്ധിച്ചുകൊണ്ടിരിക്കുന്നു. ആരാധിച്ചാൽ മാത്രം മതി എല്ലാ കാര്യങ്ങളും നേടിയെടുക്കാം, വീട് വേണ്ടിയവർക്ക് വീട്, വാഹനം വേണ്ടിയവർക്ക് വാഹനം, മക്കളുടെ ഉയർച്ച എന്നുവേണ്ട എല്ലാം നേടിയെടുക്കാം. എന്നാൽ ഇങ്ങനെയുള്ളവർ ഒരുകാര്യം അറിഞ്ഞിരിക്കണം. ദൈവം ജനക്കൂട്ടത്തിൽ മാത്രം പ്രസാദിക്കുന്നവനല്ല. എല്ലാവരുടേയും ആരാധന ദൈവം അംഗീകരിക്കുന്നില്ല. ദൈവീക വ്യവസ്ഥ പാലിക്കുന്നവന്റെ ആരാധനയിൽ ആണ് ദൈവത്തിന്റെ അംഗീകാരം ഉള്ളത്. ബൈബിൾ പറയുന്നു: "വിട്ട് പോരുവീൻ, വിട്ട് പോരുവീൻ, അവിടെനിന്ന് പുറപ്പെട്ട് പോരുവീൻ, അശുദ്ധമായതൊന്നും തൊടരുത്, അതിന്റെ നടുവിൽ നിന്ന് പുറപ്പെട്ട് പോരുവീൻ, യഹോവയുടെ ഉപകരണങ്ങളെ ചുമക്കുന്നവരെ നിങ്ങളെത്തന്നെ നിർമ്മലീകരിപ്പിൻ" (യെശ.52:11).

കയീനും ഹാബേലും യാഗവസ്തു ദൈവമുമ്പാകെ സമർപ്പിച്ച് നോക്കിക്കൊണ്ടിരിക്കുമ്പോൾ ഇതാ ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രസാദിക്കുന്നു. ഇത് എങ്ങനെ കയീനു മനസ്സിലായി എന്നു ചോദിച്ചാൽ, ദൈവത്തിന്റെ തീയ് ഉയരത്തിൽ നിന്ന് ഇറങ്ങിവന്ന് ഹാബെലിന്റെ യാഗത്തിൽ കത്തുന്നത് കയീൻ കണ്ടു.

കയീനും ഹാബെലും അവരവരുടെ യാഗത്തിൽ തീ കത്തിച്ചിരുന്നു എങ്കിൽ കയീന്റെ യാഗം ആദ്യമേ ദഹിക്കുമായിരുന്നു. കാരണം മാംസ ഭാഗങ്ങൾ കത്തി ചാരമാകുവാൻ സമയം എടുക്കും. ദൈവത്തിന്റെ തീയ് കത്തിയതുകൊണ്ടാണ് ദൈവം ഹാബെലിന്റെ യാഗത്തിൽ പ്രസാദിച്ചു എന്ന് കയീന് ബോദ്ധ്യമായത്.

എ.ഡി. 68–ലാണ് എബ്രായലേഖനം എഴുതിയത്. ഹാബേലിന് മുപ്പതു വയസ്സായപ്പോൾ യാഗം കഴിച്ചു എന്ന് നാം അനുമാനിച്ചാൽ, ഹാബേലിന്റെ യാഗം കഴിഞ്ഞ് ഏകദേശം നാലായിരത്തി മുപ്പത്തിയെട്ട് (4038) വർഷങ്ങൾ കഴിഞ്ഞാണ് എബ്രായ ലേഖനം എഴുതിയത്. അപ്പോൾ ദൈവാത്മാവ് ഇങ്ങനെ എഴുതി: വിശ്വാസത്താൽ ഹാബേൽ ദൈവത്തിന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവന് നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു. ദൈവം അവന്റെ വഴിപാടിന് സാക്ഷ്യം കല്പിച്ചു. മരിച്ചശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു(എബ്രാ. 11:4).

ഇതിൽനിന്ന് ഒരുകാര്യം വ്യക്തമാകുന്നു. പ്രമാണം തെറ്റിച്ച് നാലായിരത്തി മുപ്പത്തെട്ട് ആരാധന കഴിക്കുന്നതിനെക്കാൾ പ്രമാണപ്രകാരം ഒരു ആരാധനയേ കഴിച്ചുള്ളൂ എങ്കിലും, അതിലാണ് ദൈവത്തിന്റെ അംഗീകാരം ലഭിക്കുന്നത്.

ആരാധനയിൽ തീ കത്തുക എന്നു പറഞ്ഞാൽ പരിശുദ്ധാത്മാവിന്റെ നിറവിൽ ദൈവത്തെ ആരാധിക്കുക എന്നാണ് അർത്ഥം. പെന്തെക്കോസ്തുനാളിൽ ഏകദേശം നൂറ്റി ഇരുപതുപേർ കൂടിയിരുന്ന് പ്രാർത്ഥിച്ചും, ദൈവത്തെ ആരാധിച്ചുംകൊണ്ട് ഇരുന്ന ആ കൂടിവരവിന്മേൽ ഉയരത്തിൽ നിന്ന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് ശക്തിയോടും മുഴക്കത്തോടും കൂടെ ഇറങ്ങിവന്ന് അവർ ഇരുന്നിരുന്ന വീട് മുഴുനും നിറെച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷയിൽ സംസാരിച്ചു തുടങ്ങി (പ്രവൃ. 2:1–4).

യേശുക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ പറഞ്ഞു: “ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു. അത് ഇപ്പോഴെ കത്തിയെങ്കിൽ കൊള്ളാമായിരുന്നു” (ലൂക്കോ.12:49).

യിസ്ഹാക്ക് അബ്രഹാമിനോട് ചോദിക്കുന്നു: “അപ്പാ, യാഗത്തിന് തീയും വിറകും ഉണ്ട്, എന്നാൽ യാഗമൃഗം എവിടെ?” (ഉല്പ. 22:7).

അതേ ആരാധനയിൽ തീയ്ക്ക് വളരെ പ്രാധാന്യത ഉള്ളതുപോലെ പുതിയനിയമത്തിൽ കർത്താവ് പറഞ്ഞു: “ദൈവം ആത്മാവാകുന്നു. അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം”. നമ്മുടെ ആരാധനയിൽ ദൈവത്തിന്റെ തീയ് കത്തേ

ണം (യോഹ. 4: 24). ആത്മനിറവിലുള്ള ആരാധനയിലാണ് ദൈവ പ്രസാദം ഉള്ളത്.

**യാഗത്തിൽ കത്തേണ്ടത് ഉയരത്തിലെ തീ**

ഹാബേലിന്റെ യാഗത്തിൽ ഉയരത്തിൽ നിന്ന് ദൈവത്തിന്റെ തീ കത്തിയവിധം നാം മനസ്സിലാക്കി. തുടർന്ന് തിരുവചനം പഠിക്കുമ്പോൾ വിശ്വാസികളുടെ പിതാവായ അബ്രഹാം കഴിച്ച യാഗത്തിൽ താൻ നോക്കി നില്ക്കുമ്പോൾ പുകയുന്ന ഒരു തീച്ചൂളയും അതിനു മദ്ധ്യേ കൂടെ കടന്നു പോകുന്ന ജ്വലിക്കുന്ന ഒരു പന്തവും താൻ കാണുകയുണ്ടായി (ഉല്പ 15:9-17). അങ്ങനെ അബ്രഹാമിന്റെ യാഗത്തിൽ ഉയരത്തിലെ തീ കത്തി.

വീണ്ടും നാം തിരുവചനം പരിശോധിക്കുമ്പോൾ സമാഗമന കൂടാരത്തിലെ യാഗപീഠത്തിൽ മോശ നിർദ്ദേശിച്ചതനുസരിച്ച് അഹരോൻ ഹോമയാഗം അർപ്പിക്കുകയും തുടർന്ന് അഹരോനും മോശയും പുറത്തു വന്ന് ജനത്തെ ആശിർവദിക്കുന്ന വേളയിൽ യഹോവയുടെ സന്നിധിയിൽ നിന്ന് തീ പുറപ്പെട്ട് യാഗപീഠത്തിന്മേലുള്ള യാഗവസ്തുവിനെ ദഹിപ്പിക്കുകയുമുണ്ടായി. ജനമെല്ലാം അതു കണ്ടപ്പോൾ ആർത്തു സാഷ്ടാംഗം വീണ് ദൈവത്തെ മഹത്വപ്പെടുത്തി (ലേവ്യ: 9:21-24). അന്നു യാഗപീഠത്തിൽ കത്തിയ ദൈവത്തിന്റെ തീ അവർ കെടാതെ സൂക്ഷിക്കുകയും തുടർന്നുള്ള അവരുടെ യാഗങ്ങളിൽ ഈ തീയായിരുന്നു അവർ ഉപയോഗിച്ചിരുന്നത്.

എന്നാൽ അഹരോന്റെ പുത്രന്മാരായ നാദാബും അബിഹൂവും ഓരോ ധൂപകലശമെടുത്ത് അതിൽ തീയിട്ട് അതിന്മേൽ ധൂപവർഗ്ഗമിട്ടു. അങ്ങനെ തങ്ങളോട് കല്പ്പിച്ചതല്ലാത്ത അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടു വന്നതിനാൽ യഹോവയുടെ സന്നിധിയിൽ നിന്ന് തീ പുറപ്പെട്ട് അവരെ ദഹിപ്പിച്ചു കളഞ്ഞു (ലേവ്യ.10:1 -2).

ന്യായാധിപന്മാരുടെ കാലത്ത് ഗിദയോൻ ദൈവത്തിന് കഴിച്ച വഴിപാടിൽ ദൈവം പ്രസാദിക്കയും തനിക്ക് പ്രത്യക്ഷനായ യഹോവയുടെ ദൂതൻ തന്റെ കയ്യിലുള്ള വടിയുടെ അറ്റം കൊണ്ട് മാംസവും പുളിപ്പില്ലാത്ത വടകളും തൊട്ടു. ഉടനെ പാറയിൽ നിന്ന് തീ പുറപ്പെട്ട് മാംസവും പുളിപ്പില്ലാത്ത വടകളും ദഹിപ്പിച്ചു (ന്യായ 6:18-22).

ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദ് ദൈവാലോചന കൂടാതെ ജനത്തെ എണ്ണുകയും തുടർന്ന് ദൈവത്തിന്റെ ന്യായവിധി ജനത്തിന്മേൽ ഉണ്ടാകുകയും ചെയ്തു. അതിന്റെ പ്രായശ്ചിത്തമായി ദൈവത്തിന്റെ ദൂതൻ പ്രത്യക്ഷനായ ഒർന്നാന്റെ കളത്തിന്റെ സ്ഥലത്ത് ദാവീദ് ഒരു യാഗപീഠം പണി ഹോമയാഗങ്ങളും സമാധാന യാഗങ്ങളും അർപ്പിച്ച് പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ ആകാശത്തു നിന്ന് ഹോമയാഗപീഠത്തിന്മേൽ ദൈവം തീയിറക്കി ദാവീദിന് ഉത്തരമരുളി (1ദിന.21:22-27).

ശലോമോൻ ദൈവത്തിനു വേണ്ടി വലിയ ഒരു ദൈവാലയം പണിയുകയും തുടർന്ന് താൻ താമ്രം കൊണ്ട് ഒരു പീഠമുണ്ടാക്കി അതിൽ കയറിനിന്ന് യിസ്രായേലിന്റെ സർവ്വസഭക്കും മുമ്പാകെ മുട്ടു കുത്തി ആകാശത്തേക്ക് കൈ മലർത്തി ദൈവത്തോട് പ്രാർത്ഥിക്കയും തുടർന്ന് യാഗപീഠത്തിന്മേൽ ഹോമയാഗവും ഹനനയാഗവും ദഹിപ്പിക്കയും ചെയ്തു. യഹോവയുടെ തേജസ്സും യഹോവയുടെ ആലയത്തിൽ ഇറങ്ങി (2ദിന.6:12-42, 7:1-2).

ദൈവം മോശ മുഖാന്തരം യിസ്രായേലിന് പ്രമാണം നൽകിയപ്പോൾ (പുറ.22:6) പ്രത്യേകം നിർദ്ദേശിച്ചിരുന്ന "തീ വീണ് കാടു കത്തിയിട്ട് കറ്റക്കൂട്ടമോ വിളവോ നിലമോ വെന്തു പോയെങ്കിൽ തീ കത്തിച്ചവൻ പകരം കൊടുക്കണം". പെന്തെക്കോസ്തിന്റെ തീ നമ്മുടെ ഭാരതക്കരയിൽ അല്ലെങ്കിൽ കേരളത്തിൽ നമ്മുടെ ആദിമ പെന്തെക്കോസ്ത് മാതാപിതാക്കളിൽ കത്തിയതിനാൽ അവർക്ക് വലിയ കഷ്ടങ്ങളും നഷ്ടങ്ങളുമുണ്ടായി. പലരും വീടുകളിൽ നിന്ന് പുറന്തള്ളപ്പെട്ടു. അർഹമായ വീതങ്ങൾ അവർക്ക് ലഭിച്ചില്ല. അവർ അപമാനിതരായിത്തീർന്നു. എന്നാൽ തീ കത്തിച്ചവൻ പകരം കൊടുക്കണമെന്ന് പ്രമാണം കല്പ്പിച്ച ദൈവം അവരുടെ നഷ്ടങ്ങളെല്ലാം നികത്തുകയും നൂറു മടങ്ങായി പ്രതിഫലം നൽകി ഉയർത്തുകയും അപമാനിതരായവരെ മാനിക്കയും ചെയ്തു.

പെന്തെക്കോസ്ത് സഭകളിലേക്ക് ജനത്തെ ആകർഷിച്ച വസ്തുത പരിശുദ്ധാത്മ നിറവിലുള്ള ആരാധനയായിരുന്നു. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയ സാത്താൻ, ജനത്തെ യഥാർത്ഥ പെന്തെക്കോസ്ത് അനുഭവത്തിലേക്ക് വിടാതിരിക്കേണ്ടതിനായി വ്യാജ ഉണർവ്വ് കാണിച്ച് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് എന്നു പേരു പറഞ്ഞ് തെറ്റിദ്ധരിപ്പിച്ച് ജനത്തെ വഞ്ചിച്ചു കളയുന്നു.

കർത്താവു പറയുന്നു: "സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും" (യോഹ.16:13). നിന്റെ വചനം സത്യമാകുന്നു (യോഹ.17:17).

ഒരു വ്യക്തിയിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് പ്രവർത്തിക്കുന്നതെങ്കിൽ അവൻ ദൈവവചനത്തിന്റെ സത്യങ്ങൾ അംഗീകരിക്കയും, അത് അനുസരിക്കയും ചെയ്യും. അതു പോലെ തന്നെ ഒരു കൂടിവരവിൽ വലിയ ഉണർവ്വ് നടക്കുന്നു, അത്ഭുതങ്ങൾ നടക്കുന്നു, രോഗശാന്തി നടക്കുന്നു എന്നുള്ളത് മാത്രമല്ല നാം മാനദണ്ഡമായി എടുക്കേണ്ടത്, അവിടെ മാറ്റമില്ലാത്ത ദൈവവചനം അല്ലെങ്കിൽ പൂർണ്ണസുവിശേഷം പ്രഘോഷിക്കപ്പെടുന്നുണ്ടോ? അടിസ്ഥാന ഉപദേശങ്ങളായ രക്ഷ, സ്നാനം, പരിശുദ്ധാത്മാവ്, അപ്പം നുറുക്ക്, വേർപാട്, വിശുദ്ധി, പ്രാർത്ഥന, കർത്താവിന്റെ വരവ്, ആദിയായ കാര്യങ്ങൾ മായം കലർത്താതെ പരസ്യമായി പ്രസ്താവിക്കപ്പെടുന്നുണ്ടോ? ക്രിസ്തീയസഭയിൽ ഇല്ലാത്ത അനാചാര പ്രവണതകൾ

ക്കെതിരെ ജനത്തെ ബോധവത്ക്കരിക്കുന്നുണ്ടോ? ഉദാഹരണം പറഞ്ഞാൽ കന്യാമറിയാമിനോടും മറ്റു മദ്ധ്യസ്ഥന്മാരോടുമുള്ള പ്രാർത്ഥനകൾ, വിഗ്രഹാരാധനകൾ, മരണാനന്തരമുള്ള കൂദാശകൾ, കൊന്ത ചൊല്ലിയുള്ള പ്രാർത്ഥനകൾ, പെരുന്നാളുകൾ, വ്യക്തികളെ ദൈവത്തിന്റെ പദവി നൽകി പരിശുദ്ധന്മാരാക്കിത്തീർക്കുന്നത്, കൈമുത്ത്, തിരുശേഷിപ്പ് വണക്കം ആദിയായി ദൈവം വെറുക്കുന്ന കാര്യങ്ങൾക്ക് മാറ്റങ്ങൾ വരുന്നുണ്ടോ എന്നെല്ലാം നാം വിലയിരുത്തിയിട്ടു വേണം അവിടെ പ്രവർത്തിക്കുന്നത് ദൈവത്തിന്റെ ആത്മാവാണോ അതോ വ്യാജ ആത്മാവാണോ എന്നു തീരുമാനിക്കേണ്ടത്.

ഇന്ന് പരിശുദ്ധാത്മാവിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന വികൃതികൾ തള്ളിയിടുക, ഊതി വീഴ്ത്തുക, വിശുദ്ധ ചിരി, വിശുദ്ധ ശർദ്ദിൽ, വിശുദ്ധ കുര, ആദിയായ കാര്യങ്ങൾക്ക് തിരുവചനത്തിൽ യാതൊരു അടിസ്ഥാനവുമില്ല. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഒരാളിൽ വന്നാൽ വിവിധ നിലയിൽ ആ വ്യക്തിയിൽ നിന്ന് പ്രതികരണം ഉണ്ടായി എന്നു വരാം. ചിലർ നിലത്തു വീണു എന്നു വരാം. ചിലർ നിലവിളിച്ച് ദൈവത്തെ മഹത്വപ്പെടുത്തും. ചിലർ കൈകൾ നല്ലതു പോലെ ചലിപ്പിച്ച് ശക്തിയോടെ സ്തുതിച്ചു എന്നു വരാം.

എന്നാൽ വീഴ്ത്തൽ എന്നു പറയുന്ന ഒരു മിനിസ്ട്രി ഒരു കൃപാവരമായി ഉള്ളതായി തിരുവചനം പറയുന്നില്ല. പൗലൂസ് പറയുന്നു, ആത്മാവിനെ കെടുക്കരുത്, പ്രവചനം തുച്ഛീകരിക്കരുത്. സകലവും ശോധന ചെയ്ത് നല്ലതു മുറുകെപ്പിടിപ്പിൻ (1തെസ്സ.5:19-21). കർത്താവു പറഞ്ഞു: "കള്ളപ്രവാചകന്മാരെ സൂക്ഷിച്ചു കൊൾവിൻ. അവർ ആടുകളുടെ വേഷം പൂണ്ട് നിങ്ങളുടെ അടുക്കൽ വരുന്നു. അകമെയോ കടിച്ചു കീറുന്ന ചെന്നായ്ക്കൾ ആകുന്നു" (മത്താ. 7:15). "പ്രീയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്ന് ശോധന ചെയ്വിൻ" (1. യോഹ.4:1). "കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റ്, കഴിയും എങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. നിങ്ങളോ സൂക്ഷിച്ചു കൊൾവിൻ" (മർക്കോ. 13:22,23). "പ്രവാചകന്മാർ വ്യാജമായി പ്രവചിക്കുന്നു. പുരോഹിതന്മാരും അവരോട് ഒരു കയ്യായി നിന്ന് അധികാരം നടത്തുന്നു. എന്റെ ജനത്തിനോ അത് ഇഷ്ടമാകുന്നു. എന്നാൽ ഒടുക്കം നിങ്ങൾ എന്തു ചെയ്യും". (യിര.5:31) "കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും വളരെ വീര്യപ്രവർത്തികൾ ചെയ്തില്ലയോ എന്ന് പലരും അന്നാളിൽ എന്നോട് പറയും, അന്ന് ഞാൻ അവരോട്, ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല, അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്ന് തീർത്തു പറയും" (മത്താ. 7:22).

കഴിഞ്ഞ ഒരു ദിവസം നാട്ടിൽ നടന്ന ഒരു ക്രിസ്തീയ ഉണർവ്വ് യോഗത്തിൽ (സാധാരണ എല്ലാവരും റ്റി.വി.യിൽ കാണാറുള്ളതാണ്). അതിലെ പ്രധാന ശുശ്രൂഷകൻ മൈക്രോഫോൺ കയ്യിലെടുത്ത് അതിൽക്കൂടെ ശക്തമായി ഊതുന്നു. ഉടനെ ഹോളിൽ ഉള്ളവർ എല്ലാം കൂട്ടത്തോടെ നിലത്തു വീഴുന്നു; പാവം ജനങ്ങൾ തെറ്റിദ്ധരിക്കപ്പെടുന്നു. ഇത് ദൈവാത്മാവിന്റെ പ്രവർത്തനമാകുന്നുവെന്ന്. ദയവായി വഞ്ചിക്കപ്പെടരുത്. ഇത് ദൈവത്തിന്റെ പേരിൽ വ്യാജാത്മാവിന്റെ പ്രവർത്തനങ്ങളാണ്. ജനത്തെ യഥാർത്ഥ സത്യത്തിലേക്ക് വിടാതിരിക്കുവാനുള്ള സാത്താന്റെ തന്ത്രങ്ങൾ.

യേശുക്രിസ്തു ശമര്യാക്കാരി സ്ത്രീയെ വിവേചിച്ചു (യോഹ.4:18). ആഭിചാരം ചെയ്ത് ശമര്യാജാതിയെ ഭ്രമിപ്പിച്ച ശീമോനെ പത്രോസ് വിവേചിച്ചു (പ്രവൃ. 8:20).

പൗലൊസ് ബർയേശു എന്ന പേരെടുത്ത് കള്ളപ്രവചനം നടത്തുന്നവനെ വിവേചിച്ച് ശാസിച്ചു (പ്രവൃ.13:6-11). പൗലൊസ് അത്യുന്നതനായ ദൈവത്തിന്റെ ദാസൻ ആണെന്ന് വെളിച്ചപ്പാടത്തി സംസാരിച്ചെങ്കിലും അവളിലുള്ളത് ദുരാത്മാവാണെന്ന് മനസ്സിലാക്കുവാൻ പൗലൊസിന് കഴിഞ്ഞു (പ്രവൃ. 16:16-18). ആകയാൽ സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നു എന്ന് പൗലൊസ് മുന്നറിയിപ്പ് തന്നിരിക്കുന്നതിനാൽ (2കൊരി.11:13,14) എല്ലാ ഉണർവ്വും, വിടുതലുകളും, ബന്ധനം അഴിക്കലും, സൗഖ്യങ്ങളും, ശാപം മുറിക്കലും, ആദിയായ എല്ലാ കാര്യങ്ങളും ദൈവീകമാണെന്ന് തെറ്റിദ്ധരിച്ച് അതിന്റെ പുറകെ ദൈവജനം പോകരുത്. ദൈവവചനത്തിന്റെ വ്യവസ്ഥക്ക് നിരക്കാത്ത ഒരു കാര്യത്തോടും അനുകൂലിക്കരുത്.

എന്നാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവാകുന്ന തീ കെട്ടു പോകാതെ നിരന്തരം കത്തിക്കൊണ്ടിരിക്കയും ആത്മനിറവിൽ ദൈവത്തെ ആരാധിക്കയും ചെയ്യണം. അതാണ് ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്. ആകയാൽ കർമ്മേൽ മലയാകുന്ന ദൈവത്തിന്റെ തീ കത്തിയുള്ള ആരാധനക്കായി നമ്മെയും ഏല്പ്പിച്ചു കൊടുക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

# 5

## ഒലിവു മല

## (പ്രാർത്ഥനയുടെ മല)

**ദൈ**വത്തിന്റെ പർവ്വതമായ സീയോനെ ലക്ഷ്യമാക്കി യാത്ര തിരിച്ചിട്ടുള്ള ഒരു ദൈവപൈതൽ ആദ്യമേ രക്ഷയുടെ പർവ്വതമാകുന്ന അരാരാത്തിലും, തുടർന്ന് അനുസരണത്തിന്റെ മലയാകുന്ന മോറിയായിലും, പിന്നീട് ഉപദേശത്തിന്റെയും നിയമത്തിന്റെയും മലയാകുന്ന സീനായിയലും, അതിനെത്തുടർന്ന് അഗ്നി കത്തിയുള്ള ആരാധനയുടെ പർവ്വതമാകുന്ന കർമ്മേലിലും കയറിയശേഷം തുടർന്നു കയറി വാസം ചെയ്യേണ്ട ഒരു മലയാണ് പ്രാർത്ഥനയുടെ മലയാകുന്ന ഒലിവു മല.

യേശുക്രിസ്തു ഭൂമിയിലായിരുന്ന അവസരം, അവൻ ദിവസേന പകൽ ദൈവാലയത്തിൽ ഉപദേശിച്ചശേഷം രാത്രി ഒലിവു മലയിൽ പോയി പാർക്കും (ലൂക്കോ.21:37). “അങ്ങനെ ഓരോരുത്തൻ താന്താന്റെ വീട്ടിൽ പോയി. യേശുവോ ഒലിവു മലയിലേക്ക് പോയി” (യോഹ.7:53, 8:1).

“അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ട് പ്രാർത്ഥിപ്പാൻ തനിയെ മലയിൽ കയറിപ്പോയി” (മത്താ.14:23).

യേശുക്രിസ്തുവിന്റെ ഉപദേശം കേട്ട് അനുഗ്രഹം പ്രാപിച്ച ദൈവജനം വീടുകളിൽ ചെന്ന് വിശ്രമിക്കുമ്പോൾ യേശുക്രിസ്തു ഒലിവുമലയിൽ പോയി ദൈവത്തോട് പ്രാർത്ഥിക്കുമായിരുന്നു. ഒലിവു മല കാണിക്കുന്നത് പ്രാർത്ഥനാ അനുഭവത്തെയാണ്.

പ്രാർത്ഥന സ്വർഗ്ഗം തുറക്കുന്ന താക്കോലും, സാത്താൻ നടുങ്ങുന്ന ആയുധവുമാകുന്നു. ദൈവമുമ്പാകെ മുട്ടു മടക്കി പ്രാർത്ഥിക്കുന്നവന് മറ്റുള്ളവരുടെ മുമ്പിൽ മുട്ടു കുത്തേണ്ടി വരികയില്ല. ദൈവമുമ്പാകെ കൈ ഉയരത്തിലേക്ക് മലർത്തി പ്രാർത്ഥിക്കുന്നവന് മറ്റുള്ളവരുടെ മുമ്പിൽ കൈ നീട്ടേണ്ട ആവശ്യമുണ്ടാകയില്ല. ദൈവമു

മ്പാകെ കരയുന്നവന് മറ്റുള്ളവരുടെ മുമ്പിൽ കരയേണ്ടി വരികയില്ല. ദൈവമുമ്പാകെ യാചിക്കുന്നവന് ആരുടെയും മുമ്പിൽ യാചിക്കേണ്ടി വരികയില്ല. പ്രാർത്ഥന ദൈവത്തോടുള്ള നമ്മുടെ നിരന്തര സമ്പർക്കമാണ്.

ദൈവത്തോടുള്ള നമ്മുടെ അപേക്ഷയും യാചനയും ആണ് പ്രാർത്ഥന. ഇന്നു നടക്കുന്ന പല പ്രാർത്ഥനകളും പ്രാർത്ഥനയല്ല, പിന്നെയോ ദൈവത്തോടുള്ള തട്ടിക്കയറ്റമാണ്.

അബ്രഹാം ദൈവസന്നിധിയിൽ നിന്നു കൊണ്ട് സോദോമിനു വേണ്ടി പക്ഷവാദം കഴിച്ച തന്റെ അപേക്ഷയുടെ രീതി ദൈവജനം മനസ്സിലാക്കണം.

താൻ ദൈവത്തോടു പറയുന്ന ചില വാചകങ്ങൾ; "പൊടിയും വെണ്ണീറുമായ ഞാൻ കർത്താവിനോട് ചോദിപ്പാൻ തുനിഞ്ഞുവല്ലോ" (ഉല്പ.18:27). "ഞാൻ പിന്നെയും സംസാരിക്കുന്നു. കർത്താവു കോപിക്കരുതേ" (18:30). "ഞാൻ ഇനിയും ഒരു പ്രാവശ്യം കൂടി മാത്രം സംസാരിക്കും" (18:32).

അതുപോലെ തന്നെ ദാനിയേലിന്റെ പ്രാർത്ഥന നാം ശ്രദ്ധിച്ചാൽ (ദാനി. 9:18,19) "നിന്റെ മഹാകരുണയിൽ അത്രേ ആശ്രയിച്ചു കൊണ്ട് ഞങ്ങളുടെ യാചനകളെ തിരുസന്നിധിയിൽ ബോധിപ്പിക്കുന്നു. കർത്താവേ കേൾക്കേണമേ: കർത്താവേ ക്ഷമിക്കേണമേ, കർത്താവേ ചെവിക്കൊണ്ട് പ്രവർത്തിക്കണമേ. എന്റെ ദൈവമേ നിന്നെത്തന്നെ ഓർത്ത് താമസിപ്പിക്കരുതേ".

നോക്കുക, എത്ര താഴ്മയോടും വിനയത്തോടും, സൗമ്യതയോടും, ഭയഭക്തിയോടും കൂടെയാണ് അവർ പ്രാർത്ഥിക്കുന്നത്.

കർത്താവായ യേശുക്രിസ്തു പോലും തന്റെ ഐഹിക ജീവകാലത്ത് തന്നെ മരണത്തിൽ നിന്നു രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു (എബ്രാ 5:7) ദാവീദ് പറയുന്നത്, "എന്റെ രാജാവും എന്റെ ദൈവവുമായുള്ളോവേ എന്റെ സങ്കടയാചന കേൾക്കേണമേ (സങ്കീ.5:2), പൗലോസ് പറയുന്നത്: "എന്റെ പ്രാർത്ഥനയിൽ എപ്പോഴും യാചിക്കുന്നു" (റോമർ 1:9).

കർത്താവായ യേശുക്രിസ്തു പ്രാർത്ഥനയെക്കുറിച്ച് "യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും" എന്നാണ് നമ്മോട് പറയുന്നത് (ലൂക്കോ. 11:9).

ആകയാൽ ദൈവത്തെ പ്രാർത്ഥനയിൽക്കൂടെ ചോദ്യം ചെയ്യുവാനോ, ദൈവത്തോടു കല്പിക്കുവാനോ, നിർദ്ദേശിക്കുവാനോ ഒന്നും നമുക്ക് അധികാരമില്ല എന്നു നാം അറിഞ്ഞ് വളരെ താഴ്മയോടും, വിനയത്തോടും, ഭയത്തോടും ഭക്തിയോടും കൂടെ പ്രാർ

ത്ഥനയിൽ അപേക്ഷിക്കുവാൻ മാത്രമേ നമുക്ക് അവകാശമുള്ളു. ചിലർ പ്രാർത്ഥനയിൽ ദൈവത്തെ നിയന്ത്രിക്കുന്നവരാണ്. നമ്മുടെ പല സ്റ്റേജുകളിലും, ചെറിയവർ മുതൽ വലിയവർ വരെ പ്രാർത്ഥിക്കുന്ന ഒരു വാചകമാണ്, "ദൈവമേ അവിടുത്തെ പരിശുദ്ധാത്മാവ് ചന്തമായി ഞങ്ങളുടെ മദ്ധ്യേ നട കൊള്ളുമാറാകേണമെയെന്ന് അപേക്ഷിക്കുന്നു."

ഈ പറയുന്നതിന്റെ അർത്ഥം ഗ്രഹിച്ചിട്ടാണോ ഇപ്രകാരം പറയുന്നത്. പരിശുദ്ധാത്മാവ് ദൈവമാണ്. ദൈവത്തോടു പറയുകയാണ് ഞങ്ങളുടെ മദ്ധ്യേ ചന്തമായിട്ട് (എന്നു വെച്ചാൽ ചൊവ്വേ നേരെ ഞങ്ങളുടെ മദ്ധ്യേ നട കൊള്ളേണം) ഞങ്ങളുടെ മദ്ധ്യേ നട കൊള്ളേണം എന്ന്. ദൈവദാസന്മാർ ഇങ്ങനെ പ്രാർത്ഥിക്കുവാൻ തുടങ്ങിയാൽ പിന്നെ വിശ്വാസികളുടെ കാര്യം പറയേണ്ടതുണ്ടോ. ജീവിതത്തിൽ വേണ്ടവണ്ണം ചന്തവും ക്രമവും ഇല്ലാത്ത മനുഷ്യൻ ദൈവത്തെ ചന്തവും ക്രമവും പഠിപ്പിക്കുവാൻ നോക്കുന്നു. പൗലൂസ് കൃപാവരങ്ങൾ സഭയിൽ എങ്ങനെ പ്രയോജനപ്പെടുത്തണമെന്നുള്ള കാര്യത്തിൽ നമുക്ക് ബുദ്ധിയുപദേശം തരുമ്പോൾ സകലവും ക്രമവും ഉചിതവുമായി നടക്കട്ടെ എന്നു നമ്മെ ഉപദേശിക്കുകയാണ് ചെയ്യുന്നത് (1കൊരി.14:26-39).

ശ്വാസോച്ഛ്വാസം നമ്മുടെ ജീവന്റെ നിലനില്പ്പിന് ആധാരമായിരിക്കുന്നതു പോലെ ഒരു ദൈവപൈതലിന് പ്രാർത്ഥന അവന്റെ ആത്മീക നിലനില്പ്പിന് അത്യന്താപേക്ഷിതമാണ്. ദാവീദ് പറയുന്നു: "ഞാൻ വൈകുന്നേരത്തും കാലത്തും ഉച്ചക്കും സങ്കടം ബോധിപ്പിച്ച് കരയും" (സങ്കീ.55:17).

ദാനിയേൽ തന്റെ ഔദ്യോഗിക ജോലിയിൽ വളരെ തിരക്കുള്ളവൻ ആയിരുന്നിട്ടും പ്രാർത്ഥനക്ക് മുടക്കം വരുത്തിയിരുന്നില്ല. എന്നാൽ തനിക്കെതിരെ രേഖ എഴുതിയിരിക്കുന്നു എന്ന് ദാനിയേൽ അറിഞ്ഞപ്പോൾ അവൻ വീട്ടിൽച്ചെന്ന്, അവന്റെ മാളികമുറിയുടെ കിളിവാതിൽ യെരുശലേമിനു നേരെ തുറന്ന്, താൻ മുമ്പെ ചെയ്തു വന്നതു പോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടു കുത്തി ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ച് സ്തോത്രം ചെയ്തു (ദാനി. 6:10).

നമുക്ക് എല്ലാറ്റിനും മാതൃക കർത്താവായ യേശുക്രിസ്തുവാണ്. യേശുക്രിസ്തു ദൈവമായിരുന്നിട്ടും, തന്റെ ഓരോ പ്രവർത്തനങ്ങളിലും പിതാവായ ദൈവത്തോട് ആലോചന ചോദിക്കുമായിരുന്നു. കർത്താവ് അതികാലത്ത് ഇരുട്ടോടെ എഴുന്നേറ്റ് പുറപ്പെട്ട് ഒരു നിർജ്ജനസ്ഥലത്ത് ചെന്ന് പ്രാർത്ഥിച്ചു (മർക്കോ.1:35).

അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ട് പ്രാർത്ഥിപ്പാൻ തനിയെ മലയിൽ കയറിപ്പോയി. വൈകുന്നേരം ആയപ്പോൾ ഏകനായി അവിടെ ഇരുന്നു (മത്താ.14:23). കർത്താവ് തന്റെ ശിഷ്യന്മാരെ തിര

ഞ്ഞെടുക്കുന്നതിനു മുമ്പ് ഒരു മലയിൽ ചെന്ന് ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി കഴിച്ചു (ലൂക്കോ.6:12,13). ഒരിക്കൽ യേശുവിന്റെ പരസ്യശുശ്രൂഷാ കാലയളവിൽ വളരെ പുരുഷാരം വചനം കേൾക്കേണ്ടതിനും തങ്ങളുടെ വ്യാധികൾക്ക് സൗഖ്യം കിട്ടേണ്ടതിനും കൂടി വന്നു. എന്നാൽ യേശുവോ ഒരു നിർജ്ജനദേശത്ത് വാങ്ങിപ്പോയി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. (ലൂക്കോ.5:15,16) നോക്കുക, ഒരു വലിയ പുരുഷാരം തന്റെ ശുശ്രൂഷ അനുഭവിക്കുവാൻ കൂടി വന്നിട്ടും, താൻ അതിൽ നിന്ന് ഒഴിഞ്ഞു മാറി പ്രാർത്ഥിക്കുവാൻ സമയം വേർതിരിച്ചത് ഒരു നല്ല മാതൃകയാണ്. ഈ കാര്യം പ്രാർത്ഥനയുടെ പ്രാധാന്യത നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

ഒരു മരത്തിന്റെ തടിയും, ശാഖകളും ഇലകളും ഫലങ്ങളും എല്ലാം ഏതൊരു വ്യക്തിക്കും ദൂരെ നിന്ന് കാണാവുന്നതാണ്. എന്നാൽ അതിനെ താങ്ങി നിർത്തുന്ന തായ്‌വേരും, മറ്റു വേരുകളും മണ്ണിന്റെ അടിയിലാണ്. ഇതു പോലെ നമ്മുടെ പരസ്യശുശ്രൂഷകൾ ജനത്തിന് കാണത്തക്കവണ്ണം ചെയ്യുമ്പോൾ അത് നിലനില്ക്കണമെങ്കിൽ മറ്റാരും അറിയാത്ത രഹസ്യപ്രാർത്ഥന ജീവിതത്തിൽ ഉണ്ടായിരിക്കണം.

രഹസ്യപ്രാർത്ഥന ഇല്ലാത്തവന്റെ ജീവിതവും ശുശ്രൂഷകളും പരാജയമായിരിക്കും.

ആകയാൽ പ്രാർത്ഥനക്കു വേണ്ടി അധികം സമയം ഉപയോഗിക്കുകയും ഏലിയാവിനേപ്പോലെ പ്രാർത്ഥനയാൽ ശുശ്രൂഷകൾ വിജയകരമായിത്തീർക്കുകയും ചെയ്യാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

## പ്രാർത്ഥനയുടെ വ്യവസ്ഥകൾ

### *1.) ശുദ്ധഹൃദയത്തോടെ പ്രാർത്ഥിക്കണം*

പ്രാർത്ഥനക്കായി നാം ദൈവമുമ്പാകെ അടുത്തു ചെല്ലുമ്പോൾ നമ്മുടെ പ്രാർത്ഥന കേട്ട് ഉത്തരം നൽകിത്തരണമെങ്കിൽ ഒരു ശുദ്ധ ഹൃദയം നമുക്ക് ഉണ്ടായിരിക്കണം. ഞാൻ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു. എന്നാൽ ദൈവം കേട്ടിരിക്കുന്നു. എന്റെ പ്രാർത്ഥനാ ശബ്ദം ശ്രദ്ധിച്ചിരിക്കുന്നു (സങ്കീ. 66:18,19)

യോസഫിന്റെ സഹോദരന്മാർ യാതൊരു മനസ്സാക്ഷിയുമില്ലാതെ സ്വന്തം സഹോദരനെ 20 വെള്ളിക്കാശിനു വിറ്റവരും, തങ്ങളുടെ കാപട്യം മറച്ചു വെച്ച് പിതാവിനെ ദുഃഖിപ്പിച്ചവരും ആണ്. ഇപ്പോഴും കുറ്റബോധമില്ലാതെ യോസഫിന്റെ അടുക്കൽ ചെന്ന് ധാന്യം യാചിക്കുകയും ചെയ്യുന്നു. എന്നിട്ട് അവർ സ്വയം നീതീകരിക്കുന്നു. ഞങ്ങൾ പരമാർത്ഥികൾ ആണെന്ന്. ഇതു കേട്ട യോസഫ് അവരോട് പറഞ്ഞു, അല്ല നിങ്ങൾ ഒറ്റുകാരാണ് എന്ന്. ഇതു പോലെ

യാണ് നാമും പലപ്പോഴും നമ്മുടെ അപേക്ഷകളുമായി ദൈവസന്നിധിയിൽ ചെല്ലുന്നത്. അപ്പൊസ്തലനായ പൗലോസ് ന്യായാധിപസംഘത്തിന്റെ മുമ്പിൽ പറഞ്ഞു, "സഹോദരന്മാരേ, ഞാൻ ഇന്നേ ദിവസത്തോളം, കേവലം നല്ല മനസ്സാക്ഷിയോടു കൂടെ ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നു" (പ്രവൃത്തി 23:1).

"ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്ക് ദൈവത്തോട് പ്രാഗത്ഭ്യം ഉണ്ട്." (1യോഹ.3:21) ആകയാൽ പൗലോസ് പറയുന്നതു പോലെ ശുദ്ധഹൃദയം, നല്ല മനസ്സാക്ഷി, നിർവ്യാജവിശ്വാസം എന്നിവയിൽ ഉളവാകുന്ന സ്നേഹത്തോടു കൂടെ ദൈവത്തോടു നമുക്ക് അടുത്തു ചെല്ലാം (1തിമൊ.1:5).

***2) പൂർണ്ണഹൃദയത്തോടുകൂടെ അടുത്തു ചെല്ലണം***

യിരെമ്യാവ് മുഖാന്തിരം ദൈവം തന്റെ ജനത്തോട് അരുളിച്ചെയ്തു. "നിങ്ങൾ എന്നോട് അപേക്ഷിച്ച് എന്റെ സന്നിധിയിൽ വന്ന് പ്രാർത്ഥിക്കുകയും ഞാൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയും ചെയ്യും. നിങ്ങൾ എന്നെ അന്വേഷിക്കും, പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും" (യിരെ.29:12,13). ദൈവം യെശയ്യാവിൽ കൂടെ തന്റെ ജനത്തോടു പറഞ്ഞു, "ഈ ജനം അടുത്തു വന്നു വായ് കൊണ്ടും, അധരം കൊണ്ടും എന്നെ ബഹുമാനിക്കുന്നു, എങ്കിലും അവരുടെ ഹൃദയത്തെ എന്നിൽ നിന്ന് ദൂരത്ത് അകറ്റി വെച്ചിരിക്കുന്നു. എന്നോടുള്ള അവരുടെ ഭക്തി മനപ്പാഠമാക്കിയ മാനുഷ കല്പനയത്രെ" (യെശ.29:13).

"സംഘം കൂടി വരുന്നതു പോലെ അവർ നിന്റെ അടുക്കൽ വന്ന് എന്റെ ജനമായിട്ട് നിന്റെ മുമ്പിലിരുന്ന് നിന്റെ വചനങ്ങളെ കേൾക്കുന്നു. എന്നാൽ അവർ അവയെ ചെയ്യുന്നില്ല. വായ് കൊണ്ട് അവർ വളരെ സ്നേഹം കാണിക്കുന്നു. ഹൃദയമോ ദുരാഗ്രഹത്തെ പിന്തുടരുന്നു" (യെഹ. 33:31). ഹന്നാ ദൈവമുമ്പാകെ ഹൃദയം പകർന്നതു പോലെ പ്രാർത്ഥനയിൽ പൂർണ്ണഹൃദയത്തോടെ അടുത്തു ചെല്ലണം.

***3) ഹൃദയത്തകർച്ചയോടെ പ്രാർത്ഥനയിൽ ജാഗരിക്കണം***

ദാവീദ് പറയുമ്പോൾ "ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ് തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കയില്ല" (സങ്കീ.51:7).

***4.) വിശ്വാസത്തോടു കൂടി പ്രാർത്ഥിക്കണം***

കർത്താവു പറഞ്ഞു, "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ. എന്നാൽ അതു നിങ്ങൾക്ക് ഉണ്ടാകും എന്നു ഞാൻ നിങ്ങളോട് പറയുന്നു" (മർക്കോ.11:24, മത്തായി 21:22).

"ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും

തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ" (എബ്രാ.11:6).

"വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവുമാകുന്നു" (എബ്രാ.11:1).

എബ്രായലേഖനം 11-ാം അദ്ധ്യായം വിശ്വാസവീരന്മാരെ എല്ലാവരെയും അണിയിച്ച് ഒരുക്കിയിരിക്കുന്ന വലിയ ഒരു സ്റ്റേജാണ്. ആ ഭാഗങ്ങൾ നാം ശ്രദ്ധിച്ച് വായിക്കുമ്പോൾ നമുക്കും നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുവാൻ ഇടയാകും.

യാക്കോബ് പറയുന്നു, "എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കണം. സംശയിക്കുന്നവൻ കാറ്റടിച്ച് അലയുന്ന കടൽത്തിരക്ക് സമൻ. ഇങ്ങനെയുള്ള മനുഷ്യൻ കർത്താവിങ്കൽ നിന്നും വല്ലതും ലഭിക്കും എന്ന് നിരൂപിക്കരുത്" (യാക്കോ. 1:6,7).

പണ്ടൊരിക്കൽ ഒരു സ്ഥലത്ത് ദീർഘനാളുകൾ വരൾച്ച അനുഭവപ്പെട്ടു. അതിന്റെ അവസ്ഥക്ക് മാറ്റം ഉണ്ടാകേണ്ടതിന് അവിടെയുള്ള ദൈവജനം ഒരു ഉപവാസ പ്രാർത്ഥന പ്രസിദ്ധം ചെയ്തു. മഴക്കു വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കേണ്ടതിനായി ഒരു ദിവസം ക്രമീകരിച്ചു. യോഗത്തിന് ഒന്നിച്ചു കൂടി. തദവസരം ഒരു ഭവനത്തിൽ നിന്ന് ആ വീട്ടിലുള്ളവർ യോഗസ്ഥലത്തേക്ക് ഇറങ്ങിപ്പുറപ്പെടുവാൻ തുടങ്ങിയപ്പോൾ ഒരു ബാലിക ഒരു കുട കൂടെ കയ്യിൽ കരുതി. ഇതു കണ്ട് കുപിതനായ കുടുംബനാഥൻ പെൺകുട്ടിയുടെ തലക്ക് ഒരു അടി കൊടുത്തിട്ട് പറഞ്ഞു, ഇത്രയും ചൂടുകാലത്ത് എവിടാടി മഴ പെയ്യാൻ പോകുന്നത്, കുട മടക്കിക്കൊണ്ടുപോയി വെക്കുവാൻ. ഉടനെ പെൺകുട്ടി ഇപ്രകാരം മറുപടി പറഞ്ഞു, നാം മഴയ്ക്കു വേണ്ടി പ്രാർത്ഥിക്കുവാനാണ് പോകുന്നത്. പ്രാർത്ഥന കേട്ട് ദൈവം ഇന്നു മഴ പെയ്യിക്കും. നനഞ്ഞ് തിരിച്ചു വരണ്ടാ എന്നു കരുതിയാണ് കുട എടുത്തത്. ഈ പെൺകുട്ടിയുടെ വിശ്വാസമാണ് ശരിയായ വിശ്വാസം.

അനേക വർഷങ്ങൾക്കു മുമ്പ് മല മാറിക്കിട്ടുവാൻ പ്രാർത്ഥിച്ച അമ്മച്ചി, പ്രാർത്ഥന കഴിഞ്ഞ് കണ്ണു തുറന്നപ്പോൾ മല പഴയ സ്ഥലത്തു തന്നെ നില്ക്കുന്നതു കണ്ട് ഇപ്രകാരം പറഞ്ഞു "എനിക്ക് നേരത്തെ അറിയാമായിരുന്നു ഈ മല മാറത്തില്ലെന്ന്". അമ്മച്ചിയേപ്പോലെ ചഞ്ചല ഹൃദയത്തോടെ പ്രാർത്ഥിച്ചാൽ നമുക്ക് ദൈവത്തിൽ നിന്ന് ഒന്നും പ്രാപിപ്പാൻ കഴികയില്ല. ആകയാൽ നാം അപേക്ഷിക്കുന്ന കാര്യങ്ങൾ ലഭിച്ചു എന്ന് വിശ്വസിച്ചു കൊണ്ട് പ്രാർത്ഥിക്കണം.

***5) യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവായ ദൈവത്തോട് പ്രാർത്ഥിക്കണം***

കർത്താവ് പ്രാർത്ഥനയുടെ ഒരു മാതൃക തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചപ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിനെ സംബോധന ചെയ്തു കൊണ്ട് തുടങ്ങുവാനാണ് ഉപദേശിച്ചത് (മത്തായി 6:9-15).

പിന്നീട് കർത്താവ് തന്റെ ശിഷ്യന്മാരോട് പറഞ്ഞു "നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തു തരും. നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നത് ഒക്കെയും ഞാൻ ചെയ്തു തരും" (യോഹ. 14:13,14).

***6) ദൈവ ഇഷ്ടപ്രകാരം നാം പ്രാർത്ഥിക്കണം.***

അപ്പൊസ്തലനായ യോഹന്നാൻ ഇതിനെക്കുറിച്ച് പറയുമ്പോൾ ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു, "അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്ത് അപേക്ഷിച്ചാലും നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നു എങ്കിൽ അവനോട് കഴിച്ച അപേക്ഷ നമുക്ക് ലഭിച്ചു എന്നും അറിയുന്നു" (1യോഹ.5:14,15).

കർത്താവായ യേശുക്രിസ്തു പോലും തന്റെ അന്ത്യസമയത്ത് ഗത്സെമെനാ തോട്ടത്തിൽ വെച്ച് കഴിച്ച പ്രാർത്ഥനയിൽ, "പിതാവേ കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീങ്ങിപ്പോകണമേ: എങ്കിലും ഞാൻ ഇച്ഛിക്കും പോലെയല്ല, നീ ഇച്ഛിക്കും പോലെയാകട്ടെ" എന്നാണ് അപേക്ഷിച്ചത് (മത്താ.26:39). തിരുവചനപഠനത്തിൽ നിന്ന് ദൈവഹിതം എന്താണെന്ന് തിരിച്ചറിയുവാൻ ഓരോ ദൈവപൈതലിനും കഴിയും. ആകയാൽ നമ്മുടെ പ്രാർത്ഥന ദൈവഹിതപ്രകാരമായിരിക്കട്ടെ.

***7) കർത്താവിൽ വസിച്ചു കൊണ്ട് പ്രാർത്ഥിക്കണം***

കർത്താവു പറഞ്ഞു: "നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും". (യോഹ. 15:7). യേശു ദൈവപുത്രൻ എന്നു സ്വീകരിക്കുന്നവനിൽ ദൈവവും, അവൻ ദൈവത്തിലും വസിക്കുന്നു. (1യോഹ.4:15)

"നാം അന്യോന്യം സ്നേഹിക്കുന്നു എങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു. അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു" (1യോഹ.4:12).

കർത്താവു പറയുന്നു, "എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിലും വസിക്കും. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ

അവൻ വളരെ ഫലം കായിക്കും" (യോഹ.15:5) സങ്കീർത്തനക്കാരൻ പറയുമ്പോലെ "അത്യുന്നതന്റെ മറവിൽ വസിച്ചും, സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർത്തും കൊണ്ട് (സങ്കി.91:1) നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം. ഒടുവിൽ ദൈവം പറയുന്നു: "അവൻ എന്നോട് പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും" (91:14). ആകയാൽ കർത്താവിൽ വസിച്ചു കൊണ്ട് നമുക്ക് പ്രാർത്ഥിക്കാം.

### *8) തന്നെത്താൻ താഴ്ത്തി വേണം പ്രാർത്ഥിക്കുവാൻ*

തിരുവചനം പറയുന്നു, "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച്, എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും" (2ദിന.7:14).

പ്രാർത്ഥിക്കുവാൻ പോയ രണ്ടു പേരെക്കുറിച്ച് കർത്താവു പറഞ്ഞ ഉപമയിൽ (ലൂക്കോ.18:9-14) സ്വയനീതീകരണം നടത്തി തന്നെത്താൻ ഉയർത്തി പ്രാർത്ഥിച്ച പരീശന്റെ പ്രാർത്ഥന ദൈവം അംഗീകരിച്ചില്ല. അതേസമയം സ്വർഗ്ഗത്തേക്കു നോക്കുവാൻ പോലും തുനിയാതെ "പാപിയായ എന്നോട് കരുണ തോന്നേണമേ" എന്ന് മാറത്തടിച്ചു നിലവിളിച്ച് താഴ്ത്തി പ്രാർത്ഥിച്ച പാപിയായ മനുഷ്യന്റെ പ്രാർത്ഥന സ്വർഗ്ഗം അംഗീകരിക്കുകയും അവന് നീതീകരണം ദൈവത്തിൽ നിന്ന് ലഭിക്കുകയും ചെയ്തു.

തുടർന്ന് കർത്താവു പറഞ്ഞു: "തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും. കർത്താവായ യേശുക്രിസ്തു ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി, തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ അനുസരണമുള്ളവനായിത്തീർന്നു" (ഫിലി.2:5-8). ആകയാൽ കർത്താവിലുള്ള ഭാവം തന്നെ നമ്മളിലും ഉണ്ടായിരിക്കണം.

പിതാക്കന്മാരുടെ അവകാശം കൈമാറാതെ സൂക്ഷിച്ച നിഷ്കളങ്കനായ നാബോത്തിനെ ചതിവിൽക്കൂടെ കൊന്നുകളഞ്ഞ ആഹാബിന്റെ മേലുള്ള വലിയ ന്യായവിധി പ്രവാചകനായ ഏലിയാവ് ധൈര്യത്തോടെ വിളിച്ചു പറഞ്ഞപ്പോൾ, ആ വാക്കിന്റെ മുമ്പിൽ തന്നെത്താൻ താഴ്ത്തി വിനയപ്പെടുത്തിയ ആഹാബിന്റെ മേലുള്ള ന്യായവിധി, അവന്റെ ജീവകാലത്ത് വരുത്താതെ അവന്റെ മകന്റെ കാലത്തേക്ക് ദൈവം മാറ്റിക്കളഞ്ഞു. ആഹാബ് ചെയ്തതെല്ലാം ദൈവീക പ്രവർത്തനത്തിനെതിരായിരുന്നെങ്കിലും തന്നെത്താൻ താഴ്ത്തുന്നവരെ ദൈവം പരിഗണിക്കുന്നു എന്ന് നാം (1രാജ.21:1-29) ഇതിൽക്കൂടി മനസ്സിലാക്കുന്നു. രെഹബയാം രാജാവും തന്നോടു കൂടെയുള്ള യിസ്രായേല്യരും ന്യായപ്രമാണം ഉപേക്ഷിച്ച് യഹോ

വയോട് ദ്രോഹം ചെയ്തെങ്കിലും ശെമയ്യാ പ്രവാചന്റെ വാക്കിങ്കൽ തന്നെത്താൻ താഴ്ത്തിയതിനാൽ (2ദിന.12:1–12) യഹോവയുടെ കോപം അവനെ വിട്ടു മാറി. മനശ്ശെ രാജാവ് ജാതികൾ ചെയ്തതിലും അധികം വഷളത്വം പ്രവർത്തിപ്പാൻ തക്കവണ്ണം യഹൂദയേയും യരുശലേം നിവാസികളേയും അനുവദിച്ചതിന്റെ ഫലമായി ദൈവം അവനെ കൈവിടുകയും അവനെ ചങ്ങലകളാൽ ബന്ധിച്ച് ബാബേലിലേക്ക് കൊണ്ടു പോകയും ചെയ്തു. എന്നാൽ അവന്റെ കഷ്ടതയിൽ അവൻ തന്നെത്താൻ ഏറ്റവും താഴ്ത്തി ദൈവത്തോട് പ്രാർത്ഥിച്ചതിനാൽ ദൈവം അവനെ വീണ്ടും യരുശലേമിൽ മടക്കി വരുത്തുകയും രാജത്വം നൽകുകയും ചെയ്തു (2ദിന.33:1–13).

പിതാക്കന്മാർ ദൈവീക പ്രവർത്തനങ്ങൾക്ക് എതിരായി പ്രവർത്തിച്ചു എങ്കിലും എട്ടാമത്തെ വയസ്സിൽ രാജ്യഭാരം ഏറ്റ യോശിയാവ് തന്റെ പിതാമഹനായ ദാവീദിന്റെ വഴികളിൽ വലത്തോട്ടോ ഇടത്തോട്ടോ മാറാതെ നടക്കുകയും ദൈവമുമ്പാകെ തന്നെത്താൻ താഴ്ത്തി, വസ്ത്രം കീറി, കരഞ്ഞപേക്ഷിക്കയും ചെയ്തതിനാൽ ദൈവം അവനെ മാനിച്ച് ഉയർത്തി (2ദിന.34:1–28).

ദൈവമുമ്പാകെ തന്നെത്താൻ താഴ്ത്തി പ്രാർത്ഥിച്ച ദാനിയേലും (ദാനി. 10:12), യെഹിസ്ക്കിയാ രാജാവും (2ദിന.32:26) 'ഇതാ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കു പോലെ എനിക്ക് ഭവിക്കട്ടെ എന്നു താഴ്ത്തി' ഏല്പ്പിച്ചു കൊടുത്ത യേശുവിന്റെ അമ്മ മറിയയും (ലൂക്കോ.1:38) യോനയുടെ പ്രസംഗം കേട്ട് രാജസിംഹാസനത്തിൽ നിന്ന് എഴുന്നേറ്റ് രാജവസ്ത്രം നീക്കി വെച്ച് രട്ടു പുതച്ച് വെണ്ണീറിലിരുന്ന നിനവേ രാജാവും (യോന 3:6), ഒക്കെ നമുക്ക് മാതൃകയാണ്. എന്നാൽ തന്നെത്താൻ താഴ്ത്തുവാൻ മനസ്സു വെക്കാത്ത ഫറവോന്റെയും (പുറ.10:3) ആമോൻ രാജാവിന്റെയും (2ദിന.33:23) യിരമ്യാവിന്റെ വാക്കിന്റെ മുമ്പിൽ തന്നെത്താൻ താഴ്ത്താത്ത സിദെക്കിയാവിന്റെയും (2ദിന.36:12) ബാബിലോൻ രാജാവായ ബെൽശസ്സറിന്റെയും, (ദാനി.5:22,23) മേൽവന്ന ന്യായവിധികളും നമുക്ക് ഗുണപാഠമായിരിക്കേണ്ടതാണ്.

കർത്താവായ യേശുക്രിസ്തു തന്നെ പറഞ്ഞു: "തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും." (മത്താ. 23:12) വീണ്ടും യേശു പറഞ്ഞു: "ശിശുവിനേപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗത്തിൽ ഏറ്റവും വലിയവനാകും." യാക്കോബു പറഞ്ഞു: "കർത്താവിന്റെ സന്നിധിയിൽ താഴുവിൻ എന്നാൽ അവൻ നിങ്ങളെ ഉയർത്തും" (യാക്കോ.4:10). ദൈവം നിഗളികളോട് എതിർത്തു നില്ക്കയും, താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നു (യാക്കോ. 4:6). പത്രോസ് അപ്പൊസ്തലനും നമ്മെ ഉപദേശിക്കുന്നത് എല്ലാവരും തമ്മിൽത്തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചു കൊൾവിൻ എന്നാണ്. അതു

കൊണ്ട് അവൻ തക്ക സമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ. (1പത്രോ. 5:5,6) “താഴ്മക്കും യഹോവ ഭക്തിക്കും ഉള്ള പ്രതിഫലം ധനവും, മാനവും, ജീവനും ആകുന്നു” (സദൃശ്യ: 22:4). ഉന്നതനും, ശാശ്വതവാസിയും, പരിശുദ്ധൻ എന്നു നാമവുമുള്ള ദൈവം താഴ്മയുള്ളവരോടും മനോവിനയമുള്ളവരോടും കൂടെയാണ് വസിക്കുന്നത് (യെശ.57:15).

ദൈവം മനുഷ്യരോട് ന്യായം പ്രവർത്തിപ്പാനും, ദയാതല്പ്പരായിരിപ്പാനും ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനുമാണ് ആവശ്യപ്പെടുന്നത് (മീഖാ 6:8)

ആകയാൽ നാം പ്രാർത്ഥിക്കുമ്പോൾ സ്വയം നീതീകരിക്കാതെയും തന്നെത്താൻ ഉയർത്തിക്കാണിക്കാതെയും, ദൈവമുമ്പാകെ തന്നെത്താൻ താഴ്ത്തി പ്രാർത്ഥിക്കേണ്ടതാകുന്നു.

### *9) സന്തോഷത്തോടു കൂടി പ്രാർത്ഥിക്കണം*

അപ്പൊസ്തലനായ പൗലോസ് പറയുന്നു: “ഞാൻ നിങ്ങൾക്ക് എല്ലാവർക്കും വേണ്ടി കഴിക്കുന്ന സകല പ്രാർത്ഥനയിലും എപ്പോഴും സന്തോഷത്തോടെ പ്രാർത്ഥിച്ചും” (ഫിലി.1:3).

നാം മറ്റുള്ളവർക്കു വേണ്ടി ഇടിവിൽ നിന്ന് മദ്ധ്യസ്ഥതയണച്ച് പ്രാർത്ഥിക്കുന്നത് ഞരങ്ങിക്കൊണ്ടോ നിർബ്ബന്ധത്താലോ, ശമ്പളം തന്ന് പ്രാർത്ഥനാ മന്ദിരത്തിൽ ആക്കിയതിനാൽ സമയം ചിലവഴിക്കാൻ വേണ്ടി മാത്രം പ്രാർത്ഥിക്കുന്നവരോ ആകാതെ സന്തോഷത്തോടെ പ്രാർത്ഥിക്കുന്നവർ ആയിരിക്കണം.

ദൈവീകകാര്യങ്ങളൊന്നും നാം ഞരങ്ങിക്കൊണ്ടല്ല, പ്രത്യുത, സന്തോഷത്തോടെയായിരിക്കണം ചെയ്യേണ്ടത്. സന്തോഷത്തോടു കൂടി ചെയ്യേണ്ട കാര്യങ്ങൾ നാം തിരുവചനത്തിൽ നിന്ന് അറിഞ്ഞിരിക്കുന്നത് നല്ലതാണ്. ദൈവത്തെ സേവിക്കുന്നത് സന്തോഷത്തോടെയായിരിക്കണം. (സങ്കീ.100:2, ആവ. 28:47)

ദൈവവചനം കൈക്കൊള്ളുന്നത് സന്തോഷത്തോടു കൂടി വേണം (1തെസ്സ.1;6) നാം പരപ്രേരണയാലോ നിർബ്ബന്ധത്താലോ ദൈവത്തെ സ്തുതിക്കുന്നവർ ആകാതെ സന്തോഷത്തോടു കൂടി ദൈവത്തെ സ്തുതിക്കയും, സ്തോത്രം ചെയ്യുകയും ചെയ്യേണം. (സങ്കീ.63:5,6, കൊലോ. 1:13, 2ദിന.29:30). ദൈവത്തിനു കൊടുക്കുന്നതും സന്തോഷത്തോടു കൂടിയായിരിക്കണം.

പൗലോസ് അതിനെക്കുറിച്ച് പറയുന്നത്, സങ്കടത്തോടെ അരുത്, നിർബ്ബന്ധത്താലുമരുത്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു. (2കൊരി.9:7, 1ദിന.29:9) സമ്പത്തുകളുടെ അപഹാരം സന്തോഷത്തോടു കൂടെ സഹിക്കുക (എബ്രാ. 10:34) അപമാനങ്ങളും കഷ്ടങ്ങളും സന്തോഷത്തോടു കൂടി അംഗീകരിക്കുക (പ്രവൃ. 5:41, 1പത്രോ. 4:13)

ദൈവം തിരഞ്ഞെടുത്തവരുടെ നന്മയിലും, ഉയർച്ചയിലും, അവരുടെ സന്തോഷത്തിലും നാം സന്തോഷത്തോടു കൂടെ സഹകരിക്കുക (സങ്കീ.106:4)

നമ്മുടെ ദൈവത്തെ സന്തോഷത്തോടു കൂടെ സ്വീകരിക്കുക, ദാവീദ് ദൈവത്തിന്റെ പെട്ടകം സന്തോഷത്തോടു കൂടെ കൊണ്ടു വന്നു (2ശമു. 6:12). ഏല്പ്പിച്ച ദൗത്യം സന്തോഷത്തോടു കൂടെ തികെക്കുക. പൗലോസ് പറയുന്നത്. "എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന് സാക്ഷ്യം പറയേണ്ടതിന് കർത്താവായ യേശു തന്ന ശുശ്രൂഷയും സന്തോഷത്തോടെ (ഇംഗ്ലീഷിൽ)തികെക്കേണം എന്നേ എനിക്കുള്ളു." (പ്രവർത്തി 20:24, 2തിമൊ.4:6-8, ഫിലി. 1:4)

ഇപ്രകാരം ദൈവീക കാര്യങ്ങൾ സന്തോഷത്തോടെ ചെയ്യുന്നവർ സന്തോഷത്തോടു കൂടെ സീയോനിലേക്ക് മടങ്ങി വരും.

അങ്ങനെ യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ മടങ്ങി ഉല്ലാസഘോഷത്തോടെ സീയോനിലേക്ക് വരും. നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും. അവർ ആനന്ദവും സന്തോഷവും പ്രാപിക്കും. ദുഃഖവും നെടുവീർപ്പും ഓടിപ്പോകും (യെശ.35:10)

ആകയാൽ നമ്മുടെ പ്രാർത്ഥനയും പൗലോസിനേപ്പോലെ സന്തോഷത്തോടു കൂടി ചെയ്യാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

### *10) സ്തോത്രത്തോടുകൂടെ പ്രാർത്ഥിക്കുക*

നാം പലപ്പോഴും പ്രാർത്ഥിക്കുമ്പോൾ വേണ്ടവണ്ണം ദൈവത്തിന് മഹത്വം കൊടുക്കാതെ നമ്മുടെ ആവശ്യങ്ങളുടെ ഒരു ലിസ്റ്റ് ദൈവത്തിന് സമർപ്പിക്കുകയാണ് ചെയ്യുന്നത്. അതിനു മാറ്റം വരുത്തിയിട്ട് ആദ്യമേ തന്നെ ദൈവത്തെ മഹത്വപ്പെടുത്തുവാൻ നാം തയ്യാറാകണം. ചില ഉദാഹരണങ്ങൾ ഞാൻ സൂചിപ്പിക്കട്ടെ. "ദൈവമേ അവിടുത്തെ പുത്രനെ ഞങ്ങൾക്കായി തന്നതിന് സ്തോത്രം. പുത്രനിൽ കൂടെ തന്ന പുത്രത്വത്തിനായും, നീതികരണത്തിനായും, വീണ്ടെടുപ്പിനായും, രക്ഷക്കായും സ്തോത്രം, ആത്മീയ അനുഗ്രഹങ്ങൾക്കായും, ഭൗതിക നന്മകൾക്കായും, ശാരീരിക സൗഖ്യങ്ങൾക്കായും, മാനസിക അനുഗ്രഹങ്ങൾക്കായും സ്തോത്രം; അവിടുന്നു ഞങ്ങൾക്ക് നൽകിത്തന്നു കൊണ്ടിരിക്കുന്ന സന്തോഷം, സമാധാനം, പ്രത്യാശ, ദൈവകൃപ എല്ലാറ്റിനും നന്ദി. അവിടത്തെ നാമം നിമിത്തം ലഭിച്ച സ്ഥാനം, മാനം, ഉയർച്ച, അനുഗ്രഹങ്ങൾ എല്ലാറ്റിനും സ്തോത്രം. ഓരോ ദിവസവും ദാനമായി നൽകിത്തരുന്നതിൽ നന്ദി. പാർക്കുവാൻ ഭവനം, ധരിപ്പാൻ വസ്ത്രം, ഭക്ഷിക്കുവാൻ ആഹാരം, ഇതെല്ലാം നൽകിത്തരുന്നതിൽ സ്തോത്രം. ഞങ്ങൾക്ക് തക്ക അളവായി മഴ പെയ്യിക്കുന്നതിലും പ്രകൃതിയെ അനുകൂലമായി നിയന്ത്രിക്കുന്നതിനും സ്തോത്രം. പറഞ്ഞു തീരാത്ത ദാനങ്ങൾ നിമിത്തം സ്

തോത്രം. ആദിയായ നിലയിൽ പ്രാത്ഥനയുടെ ആരംഭത്തിൽ തന്നെ നാം ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടു വേണം പ്രാർത്ഥന ആരം ഭിക്കേണ്ടത്."

പൗലോസ് ഫിലേമോന് ലേഖനം എഴുതിയപ്പോൾ ഇപ്രകാരം എഴുതി, 'എന്റെ പ്രാർത്ഥനയിൽ നിന്നെ ഓർത്ത് എപ്പോഴും എന്റെ ദൈവത്തിന് സ്തോത്രം ചെയ്യുന്നു" (ഫിലേ.6).

പഴയനിയമ ഭക്തനായ ദാനിയേൽ, തന്റെ പ്രാർത്ഥനയിൽ അവ ന്റെ മാളിക മുറിയുടെ കിളിവാതിൽ യെരുശലേമിനു നേരെ തുറന്നി രുന്നു. താൻ മുമ്പെ ചെയ്തു വന്നതു പോലെ ദിവസം മൂന്നു പ്രാ വശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ച് സ്തോത്രം ചെയ്തു. (ദാനി. 6:10.)

നെഹമ്യാവിന്റെ പുസ്തകത്തിൽ യെരുശലേമിൽ പാർത്ത സം സ്ഥാന തലവന്മാരുടെ പേരു വിവരം രേഖപ്പെടുത്തിയപ്പോൾ നെ ഹെ.11:17-ൽ ആസാഫിന്റെ മകനായ സബ്ദിയുടെ മകനായ മീഖ യുടെ മകനായി പ്രാർത്ഥനയിൽ സ്തോത്രം ആരംഭിക്കുന്ന തലവ നായ മത്ഥന്യാവും എന്ന് കാണുന്നു. പ്രാർത്ഥനയിൽ സ്തോത്രം ആരംഭിക്കുവാനായി തന്നെ ചിലരെ ചുമതലപ്പെടുത്തിയിരുന്നു. പൗലോസ് കൊലൊസ്യലേഖനം എഴുതിയപ്പോൾ ഇപ്രകാരം എഴു തി (കൊലൊ. 1:4,5) "ഞങ്ങൾ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്ക യിൽ എപ്പോഴും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാ വായ ദൈവത്തിന് സ്തോത്രം ചെയ്യുന്നു."

"പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ, സ്തോത്രത്തോടെ അതിൽ ജാഗ രിപ്പിൻ" (കൊലൊ.4:2).

"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥന യാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്" (ഫിലി.4:6).

ആകയാൽ നമ്മുടെ എല്ലാ പ്രാർത്ഥനയിലും സ്തോത്രത്തിൽ ജാഗരിക്കുന്ന കാര്യം നാം മറന്നു പോകരുത്.

***11) ശ്രദ്ധയോടു കൂടെ പ്രാർത്ഥിക്കണം***

നമ്മുടെ പ്രാർത്ഥനയിൽ അശ്രദ്ധ വരുവാൻ പാടില്ല. പ്രാർത്ഥന യിലുള്ള ഏകാഗ്രത നഷ്ടപ്പെടുവാൻ ഇടയാകരുത്. പത്രോസ് തന്റെ ലേഖനത്തിൽ നമ്മെ ഓർപ്പിക്കുന്നത്, "എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു. ആകയാൽ പ്രാർത്ഥനക്ക് സുബോധമുള്ളവരും, നിർമ്മദരുമായിരിപ്പിൻ (1 പത്രോ 4:7) ചിലർ വിചാരിക്കുന്നത് വായിൽ വരുന്നതെല്ലാം പറയുന്നതാണ് പ്രാർത്ഥന എന്നാണ്. പ്രാർത്ഥനക്ക് നാം ഒരുങ്ങുമ്പോൾ, ആരോടാണ് ഞാൻ പ്രാർത്ഥിക്കുന്നതെന്നും നാം ആരാണ് എന്നുമുള്ള അറിവ് നമ്മെ ഭരിക്കണം.

പുട്ടിനു തേങ്ങാപ്പീര ഇടുന്നതു പോലെ ഓരോ വാക്കിലും, പ്രീയ കർത്താവേ, പ്രീയ കർത്താവേ എന്നു പറയുന്ന ഒരാൾ പ്രാർത്ഥിക്കുന്നത് കേൾക്കയുണ്ടായി. ഹോസ്പിറ്റലിൽ അഡ്മിറ്റു ചെയ്ത ഒരു മത്തായിച്ചായന്റെ വിടുതലിനു വേണ്ടിയായിരുന്നു പ്രാർത്ഥിച്ചത്; പ്രാർത്ഥിച്ചപ്പോൾ ഇങ്ങനെയാണ് പ്രാർത്ഥിച്ചത് “ഹോസ്പിറ്റലിൽ അഡ്മിറ്റായിരിക്കുന്ന പ്രീയ കർത്താവേ, മത്തായിച്ചായനു വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവിടുന്ന് വിടുവിക്കേണമേ.”

കേട്ടവർ വിചാരിച്ചു കർത്താവിനെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തിരിക്കയാണെന്ന്. എനിക്ക് നേരിട്ട് ഒരു അച്ചായനെ അറിയാം. അദ്ദേഹം വളരെ പരമാർത്ഥിയും ആത്മീയനുമാണ്. വാക്യങ്ങൾ ഉദ്ധരിച്ചാണ് പ്രാർത്ഥിക്കുന്നത്. എന്നാൽ വാക്യങ്ങൾ നല്ലതു പോലെ ഓർമ്മയുമില്ല. അദ്ദേഹം പ്രാർത്ഥിക്കുന്നത് ഇങ്ങനെയാണ്, “ദൈവമേ സ്വർഗ്ഗം നിന്റെ സിംഹാസനവും ഭൂമി നിന്റെ എന്തോന്നുമാണെന്നുണ്ടല്ലോ” പല പ്രാവശ്യം തിരുത്തിക്കൊടുത്താലും അച്ചായൻ അങ്ങനെയേ പ്രാർത്ഥിക്കയുള്ളു.

എന്നെ ദൈവവചനം പഠിപ്പിച്ച പരേതനായ പാസ്റ്റർ സി.കെ.ദാനിയേൽ പറയുന്നതു കേട്ടിട്ടുണ്ട്. ഒരു അപ്പച്ചൻ പ്രാർത്ഥിക്കുമ്പോൾ ദൈവമേ നിന്നെ ഞാൻ അനുഗ്രഹിക്കുന്നു എന്ന് എപ്പോഴും പറയാറുണ്ടത്രേ.

എ) ശ്രദ്ധയോടുകൂടെ പ്രാർത്ഥിക്കുക

യാക്കോബ് തന്റെ ലേഖനത്തിൽ യാക്കോ.5:16-ൽ നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു എന്നും പ്രവൃത്തി 12:5-ൽ പത്രോസിന്റെ വിടുതലിനു വേണ്ടി സഭ ശ്രദ്ധയോടു കൂടെ പ്രാർത്ഥിച്ചു എന്നും, കർത്താവായ യേശുക്രിസ്തു തന്റെ ഗത്സെമെന തോട്ടത്തിലെ പ്രാർത്ഥനയിൽ ലൂക്കോ.22:44-ൽ, പിന്നെ അവൻ പ്രാണവേദനയിലായി താൻ ശ്രദ്ധയോടു കൂടി പ്രാർത്ഥിച്ചു എന്നും നാം കാണുന്നു. നാമും പ്രാർത്ഥിക്കുമ്പോൾ ശ്രദ്ധയോടു കൂടി ത്തന്നെ പ്രാർത്ഥിക്കണം. ഒരു ആത്മീക ശുശ്രൂഷയിലും ഉദാസീനതയോടു കൂടി ഇടപെടുവാൻ പാടുള്ളതല്ല. തിരുവചനം നാം പഠിക്കുമ്പോൾ ശ്രദ്ധയോടു കൂടി ചെയ്യേണ്ട പല കാര്യങ്ങളും നമ്മെ ഓർപ്പിച്ച് ഉണർത്തുന്നുണ്ട്.

ബി) ദൈവ വചന കേഴ്വി ശ്രദ്ധയോടു കൂടിയായിരിക്കണം

(ആവർ. 28:1, പുറ.15:26, പ്രവൃ. 16:14 ഇയ്യോ. 13:17, 21:2, യെശ.55:2, സെഖ.6:15)

സി) ആരാധന ശ്രദ്ധയോടു കൂടിയായിരിക്കണം (പ്രവർത്തി 26:7)

പഴയനിയമത്തിലെ പന്ത്രണ്ട് ഗോത്രങ്ങളും രാപ്പകൽ ശ്രദ്ധയോടു കൂടെയാണ് ആരാധിച്ചത്.

ഡി) യേശുവിങ്കലേക്ക് നാം നോക്കുന്നതും ശ്രദ്ധയോടു കൂടി വേണം. (എബ്രാ. 3:1)

ഇ) പ്രസംഗം ശ്രദ്ധയോടു കൂടി ആയിരിക്കണം (സംഖ്യ 23:12)

ബിലയാം പറയുന്നു യഹോവ എന്റെ നാവിന്മേൽ തന്നതു പറവാൻ ഞാൻ ശ്രദ്ധിക്കണ്ടായോ?

എഫ്) നാം നമ്മുടെ ദൈവത്തെ അന്വേഷിക്കേണ്ടതും ശ്രദ്ധയോടു കൂടെ ആയിരിക്കണം. (ഇയ്യോ.8:5)

ജി) സംഭവങ്ങൾ കാണുമ്പോൾ ന്യായവിധി അടുത്തു എന്ന് ബഹുശ്രദ്ധയോടെ നാം ശ്രദ്ധിക്കണം എന്നും ഓർമ്മപ്പെടുത്തുന്നു (യെശ. 21:7)

***12) പ്രാർത്ഥിക്കുക കൈകളെ ദൈവമുമ്പാകെ ഉയർത്തിയും*** (1തിമൊ.2:8) കഴിയും എങ്കിൽ നമ്മുടെ കൈകളെ ദൈവമുമ്പാകെ മലർത്തിയും (സങ്കീ.141:2) പ്രാർത്ഥിക്കുന്നതും നല്ലതാണ്; കൈകളെ മലർത്തുന്നത് നമ്മുടെ ഒന്നുമില്ലായ്മയെ ദൈവമുമ്പാകെ വെളിപ്പെടുത്തുന്നതിനായും, കൈ ഉയർത്തുന്നത് ദൈവമുമ്പാകെ കീഴടങ്ങുന്നതിന്റെ ലക്ഷണമായും, അതിനോടൊപ്പം ശത്രുവിന്മേൽ നമുക്കുള്ള ജയത്തിന്റെയും ലക്ഷണങ്ങളാണ്. മോശ കൈ ഉയർത്തിയിരിക്കുമ്പോൾ യിസ്രായേൽ ജയിക്കും. കൈ താണിരിക്കുമ്പോൾ അമാലേക്ക് ജയിക്കും. അമാലേക്ക് നമ്മുടെ ജഡശരീരത്തെയാണ് കാണിക്കുന്നത്. ആകയാൽ ജഡശരീരത്തിന്മേലുള്ള ജയ ലക്ഷണമായും പ്രാർത്ഥനയിൽ കൈ ഉയർത്തുന്നത് നല്ലതാണ്.

***13) മടുത്തു പോകാതെ എപ്പോഴും പ്രാർത്ഥിക്കണം ലൂക്കോ.18:1-8***

കർത്താവായ യേശുക്രിസ്തു തന്നെ പറഞ്ഞു മടുത്തു പോകാതെ എപ്പോഴും പ്രാർത്ഥിക്കണമെന്ന്; ഈ ലോകജീവിതത്തിൽ ചിലപ്പോൾ ദൈവമുമ്പാകെ തന്നെയിരുന്ന് സദാസമയവും പ്രാർത്ഥനയിൽ ജാഗരിക്കുവാൻ എല്ലാവർക്കും കഴിഞ്ഞെന്നു വരികയില്ല. ഒരു ദിവസം രണ്ടോ അതോ മൂന്നോ പ്രാവശ്യമെങ്കിലും സമയം കണ്ടെത്തി പ്രാർത്ഥിക്കുന്നവർ ധാരാളം പേരുണ്ട്. എന്നാൽ പ്രാർത്ഥനയെന്നുള്ളത് നമ്മുടെ ദൈവത്തോടുള്ള സംസാരം അല്ലെങ്കിൽ അപേക്ഷ ആയതിനാൽ ഏതു സമയത്തും അതു ചെയ്യുവാൻ സാധിക്കും.

ഒരു വീട്ടിൽ ജോലി ചെയ്തിരുന്ന ഒരു വിശ്വാസിയായ വേലക്കാരിയെക്കുറിച്ച് ഒരിക്കൽ കേൾക്കുകയുണ്ടായി. വീട്ടിലെ ജോലിയുടെ ബദ്ധപ്പാടിൽ പലപ്പോഴും പ്രാർത്ഥിക്കാൻ സമയം കിട്ടാറില്ല; എന്നാൽ അവൾ എപ്പോഴും പ്രാർത്ഥിക്കുമായിരുന്നു: അവൾ അടുപ്പിൽ തീ ഊതിക്കത്തിക്കുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കും, കർത്താവേ ഞാൻ ഈ ചെയ്യുന്നതു പോലെ ചാരം മൂടിയിരിക്കുന്ന ചില ജീവിതങ്ങളെ അവിടുന്ന് ഊതിക്കത്തിക്കേണമേ! പാത്രങ്ങൾ

കഴുകുമ്പോൾ കർത്താവേ ചില ജീവിതങ്ങളെ അവിടുന്ന് കഴുകി വെടിപ്പാക്കേണമേ. മുറ്റം തൂക്കുമ്പോൾ, കർത്താവേ, ചിലരുടെ ജീവിതത്തെ ഇതു പോലെ ശുദ്ധീകരിക്കണമേ! ഇങ്ങനെ എന്തു ചെയ്താലും പ്രാർത്ഥിക്കുമായിരുന്നു. ഇതു പോലെ നമുക്കും നമ്മുടെ പ്രവർത്തന മണ്ഡലങ്ങളിലെല്ലാം എല്ലായ്പ്പോഴും ദൈവവുമായി ബന്ധപ്പെട്ടിരിക്കുവാൻ കഴിയും. ഇങ്ങനെ നാം ചെയ്യുമെങ്കിൽ മറ്റ് ജഢീക ചിന്തകൾക്ക് അവസരം ലഭിക്കയില്ല. നമുക്ക് ദൈവവിഷയമായി ഉയർച്ച പ്രാപിക്കുവാൻ സാധിക്കും. ആകയാൽ ജോലി ചെയ്യുമ്പോഴും ഡ്രൈവ് ചെയ്യുമ്പോഴും, മറ്റ് പ്രവർത്തികളിൽ ഏർപ്പെടുമ്പോഴും മടുത്തു പോകാതെ ദൈവത്തോട് പ്രാർത്ഥിക്കാം. ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ലാത്ത ന്യായാധിപൻ വിധവയുടെ നിരന്തര ആവശ്യത്തിനു മുമ്പിൽ പ്രവർത്തിച്ചു എങ്കിൽ തന്നോട് നിരന്തരം നിലവിളിക്കുന്ന വൃതന്മാരുടെ കാര്യത്തിൽ വേഗത്തിൽ പ്രതിക്രിയ നടത്തി രക്ഷിക്കും എന്ന് കർത്താവു തന്നെ നമുക്ക് ഉറപ്പു നൽകിയിട്ടുണ്ട്. പൗലോസ് എഫെസോസിലെ വിശ്വാസികൾക്കെഴുതുമ്പോൾ (എഫെ.1:16) നിങ്ങൾക്കു വേണ്ടി ഇടവിടാതെ സ്തോത്രം ചെയ്ത് എന്റെ പ്രാർത്ഥനയിൽ നിങ്ങളെ ഓർത്തും കൊണ്ട് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ (റോമർ 12:13) എന്നും സ്തോത്രത്തോടെ ജാഗരിപ്പിൻ എന്നും (കൊലോ. 4:12) നമ്മെ പ്രബോധിപ്പിക്കുന്നു.

***14) അവന്റെ കല്പനകളെ പ്രമാണിച്ച് അവന് പ്രസാദമുള്ളത് ചെയ്തു കൊണ്ട് പ്രാർത്ഥിക്കണം (1യോഹ. 3:22).***

ഇന്ന് പല വിശ്വാസികളും ധരിച്ചു വെച്ചിരിക്കുന്നത്, രക്ഷിക്കപ്പെടുക, സ്നാനപ്പെടുക, വേണമെങ്കിൽ  പരിശുദ്ധാത്മ നിറവും പ്രാപിക്കുക, ഇത്രയും ചെയ്തു കഴിഞ്ഞാൽ കർത്താവിന്റെ കല്പനകളെല്ലാം പ്രമാണിച്ചു തികഞ്ഞവരായി എന്നാണ്. രക്ഷയും, സ്നാനവും, പരിശുദ്ധാത്മാഭിഷേകവും എല്ലാം നമ്മുടെ ജീവിതത്തിന്റെ ആദി പാഠങ്ങൾ മാത്രമാണ്. നമ്മെ ക്രിസ്തുവിൽ തികഞ്ഞവനാക്കേണ്ടതിന് ഇനിയും ധാരാളം ഉപദേശങ്ങൾ നാം പ്രവർത്തി പഥത്തിൽ കൊണ്ടു വരേണ്ടതുണ്ട്.

നാലു സുവിശേഷങ്ങളിൽ ഏതെങ്കിലും ഒന്ന് മനസ്സിരുത്തി വായിച്ചാൽ ഒരുവൻ രക്ഷിക്കപ്പെടും. ഒരാൾ രക്ഷിക്കപ്പെടുവാൻ രണ്ടു കാര്യങ്ങളറിഞ്ഞാൽ മതി. ഒന്ന് അവൻ പാപിയാണെന്നുള്ള അറിവ് അവനുണ്ടാകണം. രണ്ട്: എന്റെ പാപപരിഹാരത്തിനു വേണ്ടിയാണ് യേശുക്രിസ്തു ക്രൂശിൽ മരിച്ചത് എന്ന അറിവ് ഒരാളിൽ ഉണ്ടാകുമ്പോൾ അവൻ യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കും. അങ്ങനെ രക്ഷിക്കപ്പെട്ടവൻ അപ്പൊസ്തലപ്രവർത്തികൾ ശ്രദ്ധയോടു കൂടി ധ്യാനിച്ചാൽ അവൻ വിശ്വാസ സ്നാനം സ്വീകരിക്കുകയും, തുടർന്ന് പരിശുദ്ധാത്മ നിറവിൽ ദൈവത്തെ ആരാധിച്ച്

വേർപെട്ട് ദൈവ സഭയിൽ ദൈവത്തെ ആരാധിക്കയും ചെയ്യും. ഈ അനുഭവത്തിൽക്കൂടെ വരുന്ന ഒരു ദൈവപൈതൽ ഇത്രയും കൊണ്ട് അവസാനിപ്പിക്കാതെ തുടർന്ന് റോമർ മുതൽ യൂദയുടെ ലേഖനം വരെ ശ്രദ്ധയോടെ വായിക്കയും അതിലുപദേശിച്ചിരിക്കുന്നത് ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യണം. അങ്ങനെ വിജയിക്കുന്നവനാണ് വെളിപ്പാടിൽ പറഞ്ഞിരിക്കുന്ന അനുഗ്രഹങ്ങൾ പ്രാപിക്കുന്നത്.

***15) പാപങ്ങളെ ഏറ്റു പറഞ്ഞു കൊണ്ട് പ്രാർത്ഥിക്കണം.***

പ്രാർത്ഥിക്കേണ്ടത് എങ്ങനെയെന്ന് യാക്കോബ് വിശദീകരിക്കുമ്പോൾ:

“എന്നാൽ നിങ്ങൾക്ക് രോഗശാന്തി വരേണ്ടതിന് തമ്മിൽ പാപങ്ങളെ ഏറ്റു പറഞ്ഞ് ഒരുവനു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു” (യാക്കോ.5:13-18).

“നമുക്ക് പാപം ഇല്ലായെന്നു നാം പറയുന്നു എങ്കിൽ നമ്മേത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി, നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു” (1യോഹ.1:8,9).

ദാവീദ് പറയുന്നു: “ഞാൻ എന്റെ അകൃത്യത്തെ ഏറ്റു പറയുന്നു. എന്റെ പാപത്തെക്കുറിച്ച് ദുഃഖിക്കുന്നു” (സങ്കീ.38:18) ദൈവമേ, നിന്റെ ദയെക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകണമേ: നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചുകളയേണമേ. എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ, എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ, എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു. നിന്നോടു തന്നെ ഞാൻ പാപം ചെയ്തു. നിനക്ക് അനിഷ്ടമായുള്ളത് ഞാൻ ചെയ്തിരിക്കുന്നു” (സങ്കീ.51:1-7).

***16. മറ്റുള്ളവരുടെ പിഴകളെ ക്ഷമിച്ചിട്ട് പ്രാർത്ഥിക്കണം.***

കർത്താവു പറഞ്ഞു, “നിങ്ങൾ പ്രാർത്ഥിപ്പാൻ നില്ക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിന് നിങ്ങൾക്ക് ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവരോട് ക്ഷമിപ്പിൻ. നിങ്ങൾ ക്ഷമിക്കാഞ്ഞാലോ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല” (മർക്കോ. 11:25,26).

കർത്താവു പറഞ്ഞ ഉപമയിൽ: (മത്താ. 18:24-35).

പതിനായിരം താലന്ത് കടംപെട്ട ഒരുത്തനോട് അവന് വീട്ടുവാൻ വകയില്ലാത്തതിനാൽ അവന്റെ നിലവിളിയുടെ മുമ്പിൽ

അവന്റെ കടം ഇളെച്ചു കൊടുത്തു. എന്നാൽ, ഇപ്രകാരം ഇളവു പ്രാപിച്ചവൻ മടങ്ങിപ്പോകുമ്പോൾ അവന് നൂറു വെള്ളിക്കാശ് കടം പെട്ടവനെ കാണുകയും, അവന്റെ തൊണ്ടയ്ക്ക് പിടിച്ച് ഞെക്കുകയും ചെയ്തു. ഉടനെ കടക്കാരൻ ക്ഷമിക്കണമേ, ഞാൻ തന്നു തീർക്കാം എന്ന് അപേക്ഷിച്ചിട്ടും അവന്റെ അപേക്ഷയുടെ മുമ്പിൽ കനിവു തോന്നാതെ അവനെ തടവിലാക്കുകയും ചെയ്തു. ഈ വിവരമറിഞ്ഞ അവന്റെ മുൻ യജമാനൻ ഇവനോട്, ദുഷ്ടദാസനെ എനിക്ക് നിന്നോട് കരുണ തോന്നിയതു പോലെ നിനക്കും നിന്റെ കടക്കാരനോട് കരുണ തോന്നേണ്ടതായിരുന്നു, എന്നാൽ നീ അങ്ങനെ ചെയ്യാഞ്ഞതിനാൽ കടം വാങ്ങിയത് തന്നു തീർക്കുവോളം നിന്നെ ദണ്ഡിപ്പിക്കുന്നവരുടെ കയ്യിൽ ഏല്പ്പിക്കുന്നു എന്നു പറഞ്ഞു. നമ്മുടെ കഴിഞ്ഞകാല പാപങ്ങളും, അകൃത്യങ്ങളും, പിഴകളും, എല്ലാം നാം ഏറ്റു പറഞ്ഞ മാത്രയിൽ കർത്താവ് ക്ഷമിച്ചതു പോലെ നാമും മറ്റുള്ളവരുടെ പിഴകളെ ഹൃദയപൂർവ്വം ക്ഷമിക്കേണ്ടതാകുന്നു.

***17) ഐക്യമത്യപ്പെട്ട് പ്രാർത്ഥിക്കണം***

കർത്താവു പറഞ്ഞു: "ഭൂമിയിൽവെച്ച് നിങ്ങളിൽ രണ്ടു പേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐക്യമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്ന് അവർക്ക് ലഭിക്കും" (മത്താ.18:19). ആദിമ സഭ കൂടി വന്നപ്പോൾ അവർ ഒരുമനപ്പെട്ട് പ്രാർത്ഥന കഴിച്ചു വന്നു എന്നും (പ്രവൃ. 1:14) ഒരുമനപ്പെട്ട് ദൈവത്തോട് നിലവിളിച്ചു എന്നും, (പ്രവൃ. 4:24) വിശ്വസിച്ചവരുടെ കൂട്ടം ഏകമനസ്സും ഏക ഹൃദയവുമുള്ളവരായിരുന്നു (പ്രവൃ. 4:32) എന്നും നാം തിരുവെഴുത്തുകളിൽ നിന്നും മനസ്സിലാക്കുന്നു. അങ്ങനെ പ്രാർത്ഥിച്ചാൽ വിജയം നിശ്ചയമാണെന്ന് അറിയാവുന്ന സാത്താൻ ഭിന്നതയുടെ ആത്മാവിനെ ദൈവമക്കളുടെയിടയിൽ അയച്ച് കുടുംബങ്ങളിലും സഭകളിലും ഭിന്നതയുണ്ടാക്കി, പ്രാർത്ഥനയുടെ ശക്തിയെ കെടുത്തിക്കളയുന്നു. ആകയാൽ ഭിന്നതകൾ വെടിഞ്ഞ് നമുക്ക് ഒന്നിക്കാം. ഐക്യതയോടെ പ്രാർത്ഥിക്കാം. വിജയം നിശ്ചയമാണ്.

***18. നിർമ്മലതയോടു കൂടെ പ്രാർത്ഥിക്കണം***

ഇയ്യോബ് പറയുന്നു: "സാഹസം എന്റെ കൈകളിൽ ഇല്ല. എന്റെ പ്രാർത്ഥന നിർമ്മലമത്രേ" (ഇയ്യോ.16:17).

ദാവീദ് പറയുന്നു: "യഹോവേ, ന്യായത്തെ കേൾക്കേണമേ, എന്റെ നിലവിളിയെ ശ്രദ്ധിക്കേണമേ, കപടമില്ലാത്ത അധരങ്ങളിൽ നിന്നുള്ള എന്റെ പ്രാർത്ഥനയെ ചെവിക്കൊള്ളേണമേ" (സങ്കീ.17:1).

നേരുള്ളവരുടെ പ്രാർത്ഥനയോ അവന് പ്രസാദം (സദൃ.15:8).

നീതിമാന്മാരുടെ പ്രാർത്ഥനയോ അവൻ കേൾക്കുന്നു (സദൃ. 15:29).

***19. സ്ത്രീകൾ തലയിൽ മൂടുപടം ഇട്ടു കൊണ്ടും പുരുഷൻ തലയിൽ മൂടുപടം ഇടാതെയും പ്രാർത്ഥിക്കണം (1കൊരി.11:1-16)***

സ്ത്രീയുടെ തല പുരുഷൻ, പുരുഷന്റെ തല ക്രിസ്തു, ക്രിസ്തുവിന്റെ തല ദൈവം.

പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുമ്പോൾ സ്ത്രീ തലയിൽ മൂടുപടം ഇടുന്നില്ലെങ്കിൽ പുരുഷന്റെ തലയെ അപമാനിക്കുന്നു. പുരുഷൻ തല മൂടിക്കൊണ്ട് പ്രാർത്ഥിച്ചാൽ ക്രിസ്തുവിന്റെ തലയെ അപമാനിക്കുന്നു.

***20. പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കണം (യൂദാ 20)***

"നിങ്ങളോ പ്രീയമുള്ളവരേ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നെ ആത്മിക വർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും" (എഫെ.6:18). "സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ'' (1കൊരി.14:14,15). "ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എങ്കിൽ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു. എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു. ആകയാൽ എന്ത് ഞാൻ ആത്മാവു കൊണ്ടും പ്രാർത്ഥിക്കും, ബുദ്ധി കൊണ്ടും പ്രാർത്ഥിക്കും, ആത്മാവു കൊണ്ടു പാടും ബുദ്ധി കൊണ്ടും പാടും." ആകയാൽ നമുക്കും ആത്മാവിൽ പ്രാർത്ഥിക്കാം.

**ആർക്കും എന്തിനെല്ലാം വേണ്ടിയും പ്രാർത്ഥിക്കണം**

ഒരു ദൈവപൈതലിന്റെ ശക്തിയുടെ രഹസ്യം പ്രാർത്ഥനയാണ്. പ്രാർത്ഥനയില്ലാത്ത ജീവിതം നിർജ്ജീവമാണ്. പ്രാർത്ഥിക്കുന്ന ദൈവപൈതൽ ദൈവകരങ്ങളിലെ ഇണങ്ങിയ ഉപകരണമാണ്. ഒരിക്കൽ പ്രവാചകനായ ശമുവേൽ പറഞ്ഞു: "ഞാനോ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാതിരിക്കുന്നതിനാൽ യഹോവയോട് പാപം ചെയ്‌വാൻ ഇടവരരുതേ" എന്ന് (1ശമു.12:23).

നാം പലപ്പോഴും നമ്മെയും, നമുക്കുള്ളവരെയും മാത്രം ഓർത്ത് പ്രാർത്ഥിക്കുന്നവരായി തീരാറുണ്ട്. എന്നാൽ അതിനു വ്യത്യാസങ്ങൾ വരുത്തി നമ്മുടെ പ്രാർത്ഥനാ അതിരുകളെ വിശാലമാക്കേണ്ടതുണ്ട്. ഇന്ന് പലർക്കും പ്രാർത്ഥിക്കുവാൻ താല്പ്പര്യമില്ല. സഭകളിൽ നടക്കുന്ന യോഗങ്ങളിൽ ഏറ്റവും കുറച്ച് ആളുകൾ വരുന്നത് പ്രാർത്ഥനായോഗങ്ങളിലാണ്. ഇന്നു ചിലർ പ്രാർത്ഥന ഉടമ്പടിക്ക് ഏറ്റെടുത്തിരിക്കയാണ്. പ്രാർത്ഥനാഗോപുരങ്ങൾ പണിത് ഇരുപത്തിനാലു മണിക്കൂറും നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാം, ഞങ്ങളെ അറിയിച്ചാൽ മതി എന്നുള്ള പരസ്യങ്ങൾ കാണാറുണ്ട്. ആത്മാർത്ഥതയിൽ ചെയ്യുന്ന പ്രവർത്തനങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ. എന്നാൽ അല്പസ്വൽപ്പം ഭൗതിക നന്മകൾ നല്കി ചിലരെ അതി

നായി നിയമിച്ച്, മാസപ്പടി വാങ്ങി ഒരു ജോലി എന്ന നിലയിൽ അതു ചെയ്യുന്നതിൽ എത്രത്തോളം ആത്മാർത്ഥത ആ പ്രാർത്ഥന യിൽ ഉണ്ടായിരിക്കുമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇതു പോലെ തന്നെയാണ് കൺവൻഷനുകളിൽ നേരത്തെ തുക പറഞ്ഞു സമ്മതിച്ച് പാട്ടു പാടുവാൻ വരുന്ന ചില ഗായസംഘങ്ങളും. എല്ലാ ഗ്രൂപ്പിന്റെയും കാര്യമല്ല. അതിൽ ഉപകരണങ്ങൾ വായിക്കുന്ന പലരും രക്ഷിക്കപ്പെട്ടവർ പോലുമല്ല എന്നുള്ളത് എത്രയോ ദുഃഖക രമാണ്. നാം മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ അവരുടെ വിഷയങ്ങൾ നമ്മുടെ വിഷയങ്ങളായി ഏറ്റെടുക്കുമ്പോഴാണ് അതിൽ ആത്മാർത്ഥതയുണ്ടാകുന്നത്.

പരേതനായ പാസ്റ്റർ പി.എം.ഫിലിപ്പ് സാർ പറഞ്ഞ കാര്യം ഓർമ്മയിൽ വരുന്നു. അദ്ദേഹം ഏതോ ഒരു ഫെയ്ത്ത് ഹോമിൽ വിശ്രമിക്കുമ്പോൾ രാത്രിയുടെ യാമങ്ങളിൽ അടുത്ത റൂമിൽ നിന്ന് നെടുവീർപ്പോടുകൂടിയുള്ള ഒരു പ്രാർത്ഥന ഉയർന്നു. ആ സഭയുടെ പാസ്റ്ററാണ് പ്രാർത്ഥിക്കുന്നത്. ആ സഭയിൽപ്പെട്ട ഒരു സഹോദരൻ രോഗം ബാധിച്ച് അത്യാസന്നനിലയിൽ കിടക്കയാണ്. അദ്ദേഹത്തിന് ഭാര്യയും നാലഞ്ചു മക്കളുമുണ്ട്. ഈ വിവരമറിഞ്ഞ പാസ്റ്റർ ഇപ്ര കാരമാണ് പ്രാർത്ഥിക്കുന്നത്, "കർത്താവേ അവിടുന്ന് ആ സഹോ ദരനെ സൗഖ്യമാക്കേണമേ. അതല്ല അദ്ദേഹത്തെ വിളിക്കാനാണ് ഉദ്ദേശമെങ്കിൽ ഞാൻ വരാം. എനിക്ക് മക്കളില്ല. അദ്ദേഹത്തിന് നാലഞ്ചു മക്കളുണ്ട്. അവർ പ്രായപൂർത്തിയായിട്ടില്ല. ദൈവമേ ആ കുഞ്ഞുങ്ങളോട് കരുണ കാണിക്കേണമേ." നോക്കുക ആത്മാർത്ഥ തയിലുള്ള പ്രാർത്ഥന. ദൈവം തന്റെ ദാസന്റെ പ്രാർത്ഥന കേട്ട് ആ സഹോദരനെ സൗഖ്യമാക്കി. നാം ദൈവത്തിനു വേണ്ടി ഒരു കാര്യം ചെയ്യുന്നതിലല്ല, പിന്നെയോ ചെയ്യുന്നതിനു പിന്നിലുള്ള ആത്മാർത്ഥതയാണ് ദൈവം അംഗീകരിക്കുന്നത്.

**ആർക്കൊക്കെ വേണ്ടി പ്രാർത്ഥിക്കണം**

1. പ്രാർത്ഥിക്കുമ്പോൾ സകല വിശുദ്ധന്മാർക്കു വേണ്ടിയും പ്രാർത്ഥിക്കണം. (എഫെ.6:18, യോഹ. 17:20, റോമർ 1:9, എഫെ. 1:16, 3:14-19, ഫിലി. 1:4-11 കൊലോ. 1:4-13, 4:12, 1തെ സ്സ.1:2, 2തെസ്സ 1:11,12).
2) നാം ശത്രുക്കളെ സ്നേഹിക്കയും, ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കയും ചെയ്യണം. (മത്താ. 5:44). കൂടാതെ നമ്മെ ശപിക്കുന്നവരെ അനുഗ്രഹിക്കയും, ദുഷിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കയും ചെയ്യണം. (ലൂക്കോ.6:28).

   കർത്താവും സ്തേഫാനോസും തങ്ങളെ ഉപദ്രവിച്ചവർക്കു വേണ്ടി പ്രാർത്ഥിച്ചതു പോലെ (ലൂക്കോ. 23:34, പ്രവൃ. 7:60) നാമും ചെയ്യേണ്ടതാകുന്നു.

3) ഇയ്യോബ് തന്റെ സ്നേഹിതന്മാർക്കു വേണ്ടി പ്രാർത്ഥിച്ചതു പോലെ നാമും നമ്മുടെ സ്നേഹിതന്മാർക്കു വേണ്ടി പ്രാർത്ഥിക്കണം (ഇയ്യോ.42:8-10).
4) കർതൃദാസന്മാർക്കായി പ്രാർത്ഥിക്കണം (എബ്രാ. 13:18, 1തെസ്സ. 5:25).
5) ഭരണകർത്താക്കൾക്കു വേണ്ടി പ്രാർത്ഥിക്കണം (1തിമൊ.2:1,2).
6) രക്ഷിക്കപ്പെടുവാനുള്ള നമ്മുടെ സഹോദരവർഗ്ഗങ്ങൾക്കായി പ്രാർത്ഥിക്കണം (റോമ. 10:1).
7) ദിനംപ്രതിയുള്ള ആഹാരത്തിനായി പ്രാർത്ഥിക്കണം (ലൂക്കോ. 11:3, ഉല്പ. 28:10, സദൃശ്യ. 30:8).
8) പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ (മത്താ.26:41, ലൂക്കോ.22:46).
9) കൊയ്ത്തിന്റെ യജമാനനോട് കൊയ്ത്തിലേക്ക് വേലക്കാരെ അയക്കേണ്ടതിന് പ്രാർത്ഥിക്കണം (മത്താ. 9:38, ലൂക്കോ. 10:2).
10) വചനം പൂർണ്ണപ്രാഗത്ഭ്യത്തോടെ പ്രസംഗിക്കപ്പെടേണ്ടതിന് (എഫെ.6:19,20, പ്രവൃ. 4:31,32).
11) വിശ്വാസികളുടെ വിശ്വാസം പൊയ്പ്പോകാതിരിക്കുവാൻ (ലൂക്കോ.22:31,32).
12) യാത്രയിൽ ദൈവസഹായം ലഭിക്കുവാൻ (റോമ. 15:30,31, എസ്രാ. 8:21).
13) നാം താമസിക്കുന്ന രാജ്യത്തിന്റെ നന്മക്കായി (യിര.29:7).
14) യെരുശലേമിന്റെ സമാധാനത്തിനായി (സങ്കീ.122:6).
15) വിശുദ്ധന്മാരുടെ വിശ്വാസത്തിന്റെ കുറവു തീർക്കുവാനായി (1തെസ്സ.3:10).
16) സംഭവിക്കുവാനുള്ള എല്ലാറ്റിൽ നിന്നും ഒഴിഞ്ഞു പോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നിൽപ്പാൻ പ്രാപ്തരാകേണ്ടതിനും പ്രാർത്ഥിക്കണം (ലൂക്കോ.21:36).
17) അന്യഭാഷയിൽ സംസാരിക്കുന്നവൻ വ്യാഖ്യാന വരത്തിനായി പ്രാർത്ഥിക്കണം. (1കൊരി 14:13).
18) ദൈവമക്കൾ ഒരു ദോഷവും ചെയ്യാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കണം (2കൊരി 13:7).
19) നാം തികഞ്ഞവരായി ദൈവമുമ്പാകെ കാണപ്പെടുവാൻ (കൊലൊ.4:12).
20) കർത്താവിന്റെ വരവ് എപ്പോഴാണ് സംഭവിക്കുന്നത് എന്നറിയായ്ക കൊണ്ട്നാം ഉണർന്നും പ്രാർത്ഥിച്ചു കൊണ്ടിരിക്കണം (മർക്കോ.13:33).

കൂടാതെ ആഗോളവ്യാപകമായി ഒരു ഉണർവ്വിനായി നമുക്ക് പ്രാർത്ഥിക്കണം. സുവിശേഷം നിമിത്തം കഷ്ടതയനുഭവിക്കുന്ന ദൈവജനത്തിനായും സുവിശേഷത്തിന്റെ വാതിൽ എല്ലാ രാജ്യങ്ങളിലും തുറന്നു കിട്ടേണ്ടതിനായും നമുക്ക് പ്രാർത്ഥിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

**"ദൈവം പ്രാർത്ഥന കേൾക്കാത്തതിന്റെ കാരണങ്ങൾ"**

നാം പ്രാർത്ഥിക്കുവാൻ തുടങ്ങുന്നതിനു മുമ്പായി എന്റെ പ്രാർത്ഥന ദൈവം കേട്ട് അംഗീകരിക്കുവാൻ സാദ്ധ്യത ഉണ്ടോ? എന്ന് ഒരു സ്വയശോധന നടത്തുന്നതു നല്ലതാണ്. അനേകരുടെ പ്രാർത്ഥന കേട്ട് ഉത്തരം നൽകിയ ദൈവം ചിലരുടെ പ്രാർത്ഥന അംഗീകരിക്കുന്നില്ല എന്നും തിരുവചനം പറയുന്നു.

1. പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നും ദൈവഭക്തനായിരുന്ന് അവന്റെ ഇഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന കേൾക്കുന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു (യോഹ.9:31). എന്നാൽ പാപി തന്റെ പാപവഴികളെക്കുറിച്ച് പശ്ചാത്താപത്തോടു കൂടി അനുതപിച്ച് പ്രാർത്ഥിക്കുന്നു എങ്കിൽ ദൈവം പ്രാർത്ഥന കേൾക്കും എന്നുള്ളത് നിശ്ചയമായ കാര്യമാണ്.

2. "ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നു എങ്കിൽ കർത്താവ് കേൾക്കയില്ലായിരുന്നു. എന്നാൽ ദൈവം കേട്ടിരിക്കുന്നു. എന്റെ പ്രാർത്ഥനാശബ്ദം ശ്രദ്ധിച്ചിരിക്കുന്നു. എന്റെ പ്രാർത്ഥന തള്ളിക്കളയാതെയും തന്റെ ദയ എങ്കൽ നിന്ന് എടുത്തു കളയാതെയും ഇരിക്കുന്ന ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ" (സങ്കീ.66:18). ഹൃദയത്തിൽ അകൃത്യം വെച്ചു കൊണ്ട് പ്രാർത്ഥിച്ചാൽ ദൈവം പ്രാർത്ഥന കേൾക്കുകയില്ല. "തന്റെ ലംഘനങ്ങളെ മറെക്കുന്നവന് ശുഭം വരികയില്ല. അവയെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും" (സങ്കീ.32:5, സദൃശ്യ. 28:13).

3) ന്യായപ്രമാണം കേൾക്കാതെ ചെവി തിരിച്ചു കളഞ്ഞാൽ അവന്റെ പ്രാർത്ഥന തന്നെയും വെറുപ്പാകുന്നു; ഈ ഭാഗം ശ്രദ്ധിച്ചു പഠിച്ചാൽ പ്രാർത്ഥന കേൾക്കയില്ല എന്നു മാത്രമല്ല, പിന്നെയോ ആ പ്രാർത്ഥന ദൈവത്തിന് വെറുപ്പുളവാക്കുകയും ചെയ്യും (സദൃശ്യ. 28:9).

4) ദൈവം ഇസ്രായേൽ മക്കളോടു പറഞ്ഞു, "നിങ്ങളുടെ കൈകൾ രക്തം കൊണ്ട് നിറഞ്ഞിരിക്കുന്നു; തിന്മ ചെയ്യുന്നത് മതിയാക്കുവിൻ, നിങ്ങളെത്തന്നെ കഴുകി വെടിപ്പാക്കുവിൻ" (യെശ. 1:15,16). അതു ചെയ്യാതെ നിങ്ങൾ കൈ മലർത്തി എത്ര തന്നെ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കയില്ല. ശുദ്ധീകരണം കൂടാതെയുള്ള പ്രാർത്ഥന ദൈവം കേൾക്കുന്നില്ല (2 ദിന.7:14). ദൈവത്തിന്റെ മുഖം അന്വേഷിച്ച് നാം നമ്മുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയേ

ണം; “നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതെവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്ക് മറെക്കുമാറാക്കിയത്” (യെശ.59:2).

“അന്ന് അവർ യഹോവയോട് നിലവിളിക്കും എന്നാൽ അവൻ അവർക്ക് ഉത്തരം അരുളുകയില്ല. അവർ ദുഷ്പ്രവൃത്തികളെ ചെയ്തതിനൊത്ത വണ്ണം അവൻ ആ കാലത്ത് തന്റെ മുഖം അവർക്ക് മറെക്കും” (മീഖാ 3:4).

5) നാം പലപ്പോഴും വളരെ ഇടുങ്ങിയ മനസ്സുള്ളവരായി, നമുക്കും, നമ്മുടെ ആവശ്യങ്ങൾക്കു വേണ്ടിയും മാത്രം പ്രാർത്ഥിക്കുന്നവരായിത്തീർന്നു പോകാറുണ്ട്. യാക്കോബ് പറയുന്നു, നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചിലവിടേണ്ടതിന് വല്ലാതെ യാചിക്ക കൊണ്ട് ഒന്നും ലഭിക്കുന്നില്ല; ആകയാൽ നാം നമുക്കു വേണ്ടി തന്നെ പ്രാർത്ഥിക്കാതെ മറ്റുള്ളവരുടെ നന്മയ്ക്കും, അനുഗ്രഹത്തിനുമായി പ്രാർത്ഥിക്കേണ്ടതാകുന്നു (യാക്കോ. 4:3).

6. പ്രാർത്ഥനയിൽ സംശയം വരുവാൻ പാടില്ല “അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കേണം. സംശയിക്കുന്നവൻ കാറ്റടിച്ച് അലയുന്ന കടൽത്തിരയ്ക്ക് സമൻ, ഇങ്ങനെയുള്ള മനുഷ്യൻ കർത്താവിങ്കൽ നിന്ന് വല്ലതും ലഭിക്കും എന്ന് നിരൂപിക്കരുത്” (യാക്കോ. 1:6-8). യിസ്രായേൽ മക്കൾ പറഞ്ഞു, “അവൻ പാറയെ അടിച്ചു; തോടുകളും കവിഞ്ഞൊഴുകി സത്യം, എന്നാൽ അപ്പം കൂടെ തരുവാൻ അവന് കഴിയുമോ? തന്റെ ജനത്തിന് അവൻ മാംസം വരുത്തി കൊടുക്കുമോ? മരുഭൂമിയിൽ മേശ ഒരുക്കുവാൻ ദൈവത്തിനു കഴിയുമോ?” സങ്കീ.78:19,20. ഇപ്രകാരം സംശയമുണ്ടായി നാം നമ്മുടെ ദൈവത്തെ പരിമിതപ്പെടുത്തുവാൻ പാടുള്ളതല്ല.

7. അനുസരണക്കേടുള്ളതിനാൽ ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നില്ല. ദൈവം മോശ മുഖാന്തിരം തന്റെ ജനത്തോടു പറഞ്ഞു, “നിങ്ങൾ ഇപ്പോൾ യുദ്ധത്തിനായി പുറപ്പെടരുത്, നിങ്ങൾ ശത്രുക്കളോട് തോറ്റു പോകും. എന്നാൽ അവർ ദൈവത്തെ അനുസരിക്കാതെ യഹോവയുടെ കല്പന മറുത്തു കൊണ്ട് അഹമ്മതിയോടെ പർവ്വതത്തിൽ കയറി പരാജയം ഏറ്റു വാങ്ങേണ്ടി വന്നു. വീണ്ടും അവർ മടങ്ങി വന്ന് യഹോവയുടെ മുമ്പാകെ കരഞ്ഞു നിലവിളിച്ചു. എന്നാൽ ദൈവം അവരുടെ നിലവിളി കേട്ടില്ല: അവരുടെ അപേക്ഷക്ക് ചെവി കൊടുത്തതുമില്ല” (ആവ.1:41-45). യിസ്രായേലിന്റെ രാജാവായ ശൗൽ അനുസരണക്കേട് കാണിച്ചിട്ട് ദൈവത്തോട് നിലവിളിച്ചിട്ടും അവന്റെ പ്രാർത്ഥന ദൈവം തള്ളിക്കളഞ്ഞു (1ശമു.28:6).

8. ഉടമ്പടി ലംഘനം നടത്തിയിട്ടു പ്രാർത്ഥിച്ചാൽ ദൈവം പ്രാർത്ഥന കേൾക്കുന്നില്ല. ശൗലിന്റെ കാലത്ത് സന്ധ്യക്ക് മുമ്പ് ശത്രുക്കളോട് പ്രതികാരം ചെയ്യുവോളം ആഹാരം കഴിക്കുന്നവൻ ശപിക്കപ്പെട്ടവനാണെന്ന് ജനത്തെക്കൊണ്ട് ദൈവമുമ്പാകെ സത്യം

ചെയ്യിച്ചു. ഇതറിയാത്ത യോനാഥാൻ തേൻകട്ട കണ്ട് ആസ്വദിച്ചു; പിന്നീട് ശൗൽ ഫെലിസ്ത്യരെ പിന്തുടരണമോ എന്ന് ദൈവത്തോട് ആലോചന ചോദിച്ചിട്ട് ദൈവം ഉത്തരം നൽകിയില്ല. (1ശമു. 14:37)

നാം എത്രയോ ഉടമ്പടി ലംഘനങ്ങളാണ് ദൈവത്തോട് ചെയ്യാറുള്ളത്. ദൈവമുമ്പാകെ ചെയ്യുന്ന ഉടമ്പടികൾ ചെയ്യുവാൻ നാം ബാദ്ധ്യസ്ഥരാണ്. (സഭാപ്ര. 5:5, സംഖ്യ 30:2, സങ്കീ.22:25, 50:14, 56:12, 76:11, 116:14,19).

9. ദൈവവിളി നിരാകരിച്ചിട്ട് നാം ദൈവത്തെ വിളിച്ചാൽ അവൻ നമ്മുടെ വിളിയേയും നിരാകരിക്കും. “ആകയാൽ ഞാൻ വിളിച്ചിട്ടും അവർ കേൾക്കാതിരുന്നതു പോലെ തന്നേ അവർ നിലവിളിക്കും, ഞാൻ കേൾക്കയില്ല താനും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു” (സെഖ.7:13). “ഞാൻ വിളിച്ചിട്ട് ശ്രദ്ധിക്കാതെയും, ഞാൻ കൈ നീട്ടിയിട്ട് ആരും കൂട്ടാക്കാതെയും ഇരുന്നതു പോലെ അവർ എന്നെ വിളിക്കും, ഞാൻ ഉത്തരം പറയുകയില്ല, എന്നെ ജാഗ്രതയോടെ അന്വേഷിക്കും, കണ്ടെത്തുകയില്ല” (സദൃശ്യ. 1:24-28) ആകയാൽ ശമുവേലിനേപ്പോലെ ‘യഹോവേ അരുളിച്ചെയ്യണമേ, ഞാൻ കേൾക്കാം’ എന്നുള്ള മനോഭാവം നമുക്ക് ഉണ്ടാകണം.

10) “എളിയവന്റെ നിലവിളിക്ക് ചെവി പൊത്തി കളയുന്നവൻ താനും വിളിച്ചപേക്ഷിക്കും, ഉത്തരം ലഭിക്കയില്ല.” (സദൃ.21:13). എളിയവൻ നിലവിളിക്കുമ്പോൾ അവന്റെ ആവശ്യമറിഞ്ഞ് നമ്മളാൽ കഴിവുള്ളത്തോളം അവന് സഹായം ചെയ്യണം, അതു ചെയ്യാതെ നമ്മുടെ ആവശ്യത്തിന് നിലവിളിച്ചാൽ ദൈവം ഉത്തരം നൽകിത്തരികയില്ല (സദൃശ്യ. 28:27, 19:17, 3:27,28, ഗലാ.6:10).

11. മറ്റുള്ളവരുടെ പിഴകളെ നാം ക്ഷമിക്കാതെ നമ്മുടെ പിഴകളെ ക്ഷമിച്ചു കിട്ടേണ്ടതിനായി സ്വർഗ്ഗസ്ഥനായ പിതാവിനോട് പ്രാർത്ഥിച്ചാൽ അവൻ നമ്മുടെ പ്രാർത്ഥന കേൾക്കയില്ല (മർക്കോ. 11:25,26).

12. സ്വന്തം തെറ്റുകളെ സമ്മതിക്കാതെ സ്വയം നീതീകരിച്ചും, ഞാൻ മാത്രം വിശുദ്ധനാണ്, മറ്റുള്ളവർ എല്ലാം തെറ്റുകാരുമാണ് എന്നു ധാരണയോടു കൂടെ പ്രാർത്ഥിച്ചാൽ അവൻ നമ്മുടെ പ്രാർത്ഥന കേൾക്കയില്ല. (മർക്കോ.18:9-14).

13. മനുഷ്യർക്ക് വിളങ്ങുവാൻ വേണ്ടി മാത്രം പ്രാർത്ഥിക്കുന്നവരുണ്ട്. അവരുടെ പേര് പരസ്യമായി വിളിച്ചു പറഞ്ഞാൽ മാത്രമേ പ്രാർത്ഥിക്കയുള്ളു. ചില കൺവൻഷനുകളിൽ നേരത്തെ ചിലരോട് പ്രാർത്ഥിക്കണമെന്നു പറഞ്ഞാലും, അവർ ഇരിക്കുന്ന സ്ഥലത്തു തന്നെ ഇരിക്കും. തനിക്കു മുമ്പെ പ്രാർത്ഥിച്ച വ്യക്തി തന്റെ സീറ്റിൽ ചെന്നിരുന്ന ശേഷമേ താൻ എഴുന്നേറ്റ് സ്റ്റേജിലേക്ക് ചെല്ലുകയുള്ളു. കാരണം എല്ലാവരും തന്നെയൊന്ന് ശ്രദ്ധിക്കണം. ചിലർ വീഡി

യോ ക്യാമറ ഉള്ളിടത്ത് മാത്രം പ്രാർത്ഥിക്കുവാൻ താല്പ്പര്യം കാണിക്കും. അങ്ങനെ മനുഷ്യരുടെ മുൻപിൽ വിളങ്ങുവാൻ പ്രാർത്ഥിക്കുന്നവരുടെ പ്രാർത്ഥനയും ദൈവം അംഗീകരിക്കുകയില്ല. (മത്താ.6:5).

14. ഉപായരൂപേണ പ്രാർത്ഥിക്കുന്നതും ദൈവം അംഗീകരിക്കുന്നില്ല (മത്താ.23:13) ചിലർ ഇന്നും പരീശന്മാരെപ്പോലെ ഉപായരൂപേണ ദീർഘമായി പ്രാർത്ഥിക്കുന്നവരും , പ്രസംഗകൻ ഏതെങ്കിലും കാരണവശാൽ വിട്ടു പോയ പോയിന്റുകൾ കൂട്ടി ചേർത്തു പ്രാർത്ഥിക്കുകയും, ദൈവവചനം തന്ന ദൈവത്തെ ബൈബിൾക്ലാസ് പഠിപ്പിക്കുന്നവരും ആണ്. ഇങ്ങനെയുള്ള പ്രാർത്ഥനകൾ ഒന്നും മേലോട്ട് കയറിപ്പോകയില്ല. എന്നാൽ ഹൃദയത്തിന്റെ ആത്മാർത്ഥതയിലുള്ള പ്രാർത്ഥന മേഘമണ്ഡലങ്ങളേയും നക്ഷത്രമണ്ഡലങ്ങളേയും താണ്ടി സ്വർഗ്ഗാധിസ്വർഗ്ഗത്തിൽ ചെന്നു ചേരും.

**ദൈവം നിരസിച്ചു കളഞ്ഞ പ്രാർത്ഥനകൾ**

എല്ലാ പ്രാർത്ഥനകളും ദൈവം കേൾക്കുന്നു എന്ന് വരികിലും ചില പ്രാർത്ഥനകൾ ദൈവം നിരസിച്ചു കളഞ്ഞിട്ടുണ്ട്.

ഒരു ചെറുബാലകൻ തന്റെ അമ്മയുടെ അടുക്കൽ നിലവിളിച്ചു കൊണ്ട് അമ്മയുടെ കയ്യിലിരിക്കുന്ന കറിക്കത്തിക്കു വേണ്ടി കരഞ്ഞ് അപേക്ഷിച്ചാലും അത് നൽകുകയില്ല. കാരണം വിവേചനശക്തിയുള്ള അമ്മ ആ കത്തി അവന്റെ കയ്യിൽ കൊടുത്താലുണ്ടാകുന്ന അനന്തര ഫലങ്ങളെ വിലയിരുത്തുമ്പോൾ അതു ഗുണമല്ല, പിന്നെയോ വലിയ അപകടമുണ്ടാകും എന്ന് മനസ്സിലാക്കിയിട്ടാണ്. കണ്ണുനീരിന്റെ മുമ്പിൽ മനസ്സലിയാഞ്ഞിട്ടല്ല. പിന്നെയോ കുഞ്ഞിന്റെ നന്മയെ മുൻകണ്ട് കൊടുക്കാതിരിക്കുന്നതു പോലെ നാമും ചില കാര്യങ്ങൾ ദൈവത്തോട് കരഞ്ഞപേക്ഷിച്ചാലും നമ്മുടെ ഭാവിയെ സംബന്ധിച്ച് എല്ലാം നന്നായി അറിയുന്ന ദൈവം ചിലപ്പോൾ നൽകിത്തന്നു എന്ന് വരികയില്ല.

തിരുവചനം പഠിക്കുമ്പോൾ ദൈവം ചിലരുടെ പ്രാർത്ഥന നിരസിച്ചു കളഞ്ഞതായി കാണാം. പഴയനിയമത്തിൽ മദ്ധ്യസ്ഥനും, യിസ്രായേൽ ജനത്തെ നീണ്ട നാല്പ്പതു സംവത്സരം നല്ല നേതൃത്വം നൽകി മരുഭൂമിയിൽ കൂടി നടത്തിയവനും പഴയനിയമത്തിലെ അഞ്ചു പുസ്തകങ്ങൾ തന്റെ ജനത്തിനായി എഴുതി നൽകിയവനും, ഭൂമിയിലുള്ള എല്ലാ മനുഷ്യരിലും അതീവ സൗമ്യനുമായ മോശ ദൈവത്തോടു പറഞ്ഞു: "ദൈവമേ അങ്ങയുടെ തേജസ് എനിക്ക് കാണിച്ചു തരണമേ!" എന്നാൽ ദൈവം പറഞ്ഞു, നിനക്കെന്റെ മുഖം കാണ്മാൻ കഴികയില്ല. ഒരു മനുഷ്യനും എന്നെക്കണ്ട് ജീവനോടിരിക്കയില്ല; എങ്കിലും മോശയെ നിരാശനാക്കാതെ ഒരു പാറയുടെ പിളർപ്പിൽ നിർത്തിയശേഷം ദൈവതേജസ് കടന്നു പോയപ്പോൾ ദൈവം തന്റെ കൈ കൊണ്ട് മോശയെ മറെക്കുകയും, തുടർന്ന് കൈ നീക്കിയപ്പോൾ മോശ ദൈവതേജസ്സിന്റെ പിൻഭാഗം ദർശിക്കുകയും ചെയ്തു.

എന്നാൽ മോശ ആഗ്രഹിച്ച നിലയിൽ ദൈവത്തിന്റെ മുഖം കാണ്മാൻ കഴിഞ്ഞില്ല (പുറ.33:17-23).

രണ്ടാമതായി മോശ തന്റെ അന്ത്യസമയത്ത് ദൈവത്തോട് ഞാൻ ചെന്ന് യോർദ്ദാനക്കരെയുള്ള നല്ല ദേശവും മനോഹരമായ പർവ്വതവും ലെബാനോനും ഒന്നു കണ്ടു കൊള്ളട്ടെ എന്നു പറഞ്ഞു. എന്നാൽ ദൈവം ആ അപേക്ഷ നിരസിച്ചു. എന്നാൽ പിസ്ഗായുടെ മുകളിൽ കയറി നിന്ന് തല പൊക്കി ഈ സ്ഥലങ്ങൾ കാണുവാൻ മാത്രം അനുവദിച്ചു (ആവർ. 3:25-27, 34:1-4, സംഖ്യ 20:12).

ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ദാവീദ് രാജാവ് ഊരിയാവിനെ പടയിൽ വെച്ച് ചതിയിൽ കൊല്ലിക്കുകയും തുടർന്ന് അവന്റെ ഭാര്യയായ ബത്ശേബയെ തന്റെ ഭാര്യയാക്കുകയും ചെയ്തു. ദാവീദ് ഈ കാര്യം ചെയ്തത് യഹോവക്ക് അനിഷ്ടമായിരുന്നു. തുടർന്ന് ദാവീദിന് ബത്ത്ശേബയിൽക്കൂടെ ഒരു കുഞ്ഞ് ജനിച്ചു.യഹോവ ആ കുഞ്ഞിനെ ബാധിച്ചതു നിമിത്തമായി കുഞ്ഞ് കഠിനരോഗിയായിത്തീർന്നു. ഈ വിവരം അറിഞ്ഞ ദാവീദ് കുഞ്ഞിനു വേണ്ടി ഉപവസിക്കുകയും രാത്രി മുഴുവൻ നിലത്തു കിടന്ന് നിലവിളിച്ചിട്ടും ദൈവം വിടുതൽ കൊടുത്തില്ല. കുഞ്ഞു മരിച്ചു പോയി (2ശമു.12:15-23). ദൈവം ദാവീദിന്റെ ഈ പ്രാർത്ഥന തള്ളിക്കളഞ്ഞു.

ഇയ്യോബ് തന്റെ രോഗത്തിന്റെ കാഠിന്യത്തിൽ ഭാരപ്പെടുമ്പോൾ ദൈവത്തോട് ഇപ്രകാരം അപേക്ഷിച്ചു, “അയ്യോ എന്റെ അപേക്ഷ സാധിച്ചെങ്കിൽ, എന്റെ വാഞ്ച ദൈവം എനിക്ക് നൽകിയെങ്കിൽ, എന്നെ തകർക്കാൻ ദൈവം പ്രസാദിച്ചെങ്കിൽ, തൃക്കൈ നീട്ടി എന്നെ ഖണ്ഡിച്ചു കളഞ്ഞെങ്കിൽ, അങ്ങനെയെനിക്ക് ആശ്വാസം ലഭിക്കുമായിരുന്നു” (ഇയ്യോ. 6:8-10). ഇയ്യോബിന്റെ ഈ അപേക്ഷ ദൈവം നിരസിക്കുകയും അവനെ സൗഖ്യമാക്കി നഷ്ടപ്പെട്ടതെല്ലാം ഇരട്ടിയായി മടക്കി നൽകി അവനെ മാനിച്ച് ഉയർത്തുകയും ചെയ്തു. ദൈവകരങ്ങളിൽ ശക്തമായി ഉപയോഗിക്കപ്പെട്ട ഏലിയാവ് ഇസബേലിന്റെ വാക്കിന്റെ മുമ്പിൽ പതറിപ്പോയി. ഇസബേലിന്റെ വാൾ തന്നെ കൊല്ലാതെ ഒരു സ്വാഭാവിക മരണം ആഗ്രഹിച്ച് മരുഭൂമിയിൽ ചൂരച്ചെടിയുടെ തണലിൽ ഇരുന്നു കൊണ്ട് ദൈവത്തോട് ഇങ്ങനെ അപേക്ഷിച്ചു: “ഇപ്പോൾ മതി യഹോവേ, എന്റെ പ്രാണനെ എടുത്തു കൊള്ളേണമേ, ഞാൻ എന്റെ പിതാക്കന്മാരെക്കാൾ നല്ലവനല്ലല്ലോ എന്നു പറഞ്ഞു.” ഏലിയാവിന്റെ ആ പ്രാർത്ഥന ദൈവം കേട്ടിരുന്നു എങ്കിൽ തന്റെ ശരീരം കഴുകന്മാർ കൊത്തിപ്പറിക്കയും കുറുക്കന്മാർ തിന്നുകയും ചെയ്യും. ഇതറിയുന്ന ഇസബേൽ പെരുമ്പറ കൊട്ടി ദേശമെല്ലാം ആ വാർത്ത വിളംബരം ചെയ്യും. “ബാൽ ദൈവം ഏലിയാവിനോട് പ്രതികാരം ചെയ്തു” എന്ന്. ഇത് ദൈവനാമത്തിന് ആക്ഷേപമായേനേ. ഇതറിയാവുന്ന ദൈവം ഏലിയാവിന്റെ പ്രാർത്ഥനയെ നിരസിക്കുകയും അവനെ പിന്നീട് സ്വർഗ്ഗ

ത്തിലേക്ക് ഉടലോടെ കൊണ്ടു പോകുകയും ചെയ്തു (1രാജ.19:1-4, 2രാജ 2:1-11).

നിനവേ രാജാവിന്റെയും അവിടെത്തെ ജനത്തിന്റെയും മാന സാന്തരം കണ്ടറിഞ്ഞ ദൈവം അവർക്കു വരുത്തുമെന്ന് യോനപ്രവാ ചകൻ മുഖാന്തരം അരുളിച്ചെയ്ത പ്രവചനം നിവൃത്തിക്കാതെ അ വരെ ന്യായവിധിയിൽ നിന്ന് വിടുവിച്ചു. എന്നാൽ തന്റെ പ്രവചനം നിവൃത്തിയാകയില്ല എന്നു കണ്ട് യോനാ ദൈവത്തോട് "എന്റെ പ്രാണനെ എടുത്തു കൊള്ളേണമേ, ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നത് എനിക്ക് നന്ന് എന്നപേക്ഷിച്ചു." ആ പ്രാർത്ഥനയും ദൈവം നിരസിക്കയും തന്റെ ആശ്വാസത്തിനായി ഒരു ആവണക്ക് കല്പ്പിച്ച് ഉണ്ടാക്കുകയും ചെയ്തു (യോന.4:1-6).

സ്വയനീതീകരണം നടത്തി പ്രാർത്ഥിച്ച പരീശന്റെ പ്രാർത്ഥന തള്ളപ്പെട്ടു. എന്നാൽ സ്വർഗ്ഗത്തേക്ക് നോക്കുവാൻ പോലും തുനി യാതെ മാറത്തടിച്ച് "ദൈവമേ ഈ പാപിയായ എന്നോട് കരുണ തോന്നേണമേ" എന്നുള്ള ആത്മാർത്ഥതയിൽ നിന്നുള്ള നിലവിളി ദൈവം അംഗീകരിക്കയും അവൻ നീതീകരിക്കപ്പെട്ടവനായി തിരി കെപ്പോകയും ചെയ്തു. (ലൂക്കോ.18:9-14).

അപ്പൊസ്തലനായ പൗലോസ് തന്നെ ബാധിച്ചിരുന്ന അസുഖം മാറിപ്പോകേണ്ടതിനായി മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചു. എങ്കിലും ദൈവം അതു നിരസിച്ചു. എന്നാൽ "എന്റെ കൃപ നിനക്ക് മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്നു പറഞ്ഞ് അവനെ ബലപ്പെടുത്തി" (2 കൊരി.12:7-9).

പിതാവായ ദൈവത്തിന്റെ പ്രീയ പുത്രൻ ഗത്സെമെനാ തോട്ട ത്തിൽ പ്രാണവേദനയിലായി നിലവിളിച്ചു കൊണ്ട് നിലത്തു വീണു കിടന്നു, കഴിയും എങ്കിൽ ആ നാഴിക നീങ്ങിപ്പോകണമെന്നും നിനക്ക് മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നും നീക്കേ ണമേ എന്നും പ്രാർത്ഥിച്ചു (മർക്കോ. 14:35, ലൂക്കോ.22:41-43). ഏക ജാതനായ പുത്രന്റെ പ്രാർത്ഥനയും ദൈവം നിരസിച്ചു. ദൈവം നോക്കി, പാപത്തിന്റെ ശമ്പളമായ മരണം എന്റെ പുത്രൻ ഏറ്റെടു ക്കേണം, അല്ലായെങ്കിൽ ദൈവത്തിന് മനുഷ്യവർഗ്ഗത്തെ വീണ്ടെടു ക്കുവാൻ കഴിയുകയില്ല. ആയതിനാൽ പുത്രന്റെ പ്രാർത്ഥന ദൈവം തള്ളിക്കളയുകയാണുണ്ടായത്. എന്നാൽ പിതാവിന്റെ ഹിതമറിഞ്ഞ പുത്രൻ "എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെയാകട്ടെ" എന്നു തിരുത്തി പ്രാർത്ഥിച്ചു". ഏതെങ്കിലും പ്രാർത്ഥനകൾ ദൈവം നിരസിച്ചാലും ഭാരപ്പെടരുത്. അതിലെല്ലാം ദൈവത്തിന് വഴികളുണ്ട് എന്നു നാം മനസ്സിലാക്കിയിരിക്കണം. യേശു പ്രാർത്ഥിച്ചതു പോലെ നമുക്കും പ്രാർത്ഥിക്കാം, ദൈവമേ എന്റെ ആവശ്യങ്ങളെല്ലാം ഞാൻ അങ്ങയോട് അറിയിച്ചു എങ്കിലും അവിടുത്തെ ഹിതം മാത്രം

എന്നിൽ നിവൃത്തിയാകണമേ. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ..

## പ്രാർത്ഥനക്ക് ഉത്തരം ലഭിച്ചവർ

വിശുദ്ധ ബൈബിൾ പരിശോധിച്ചാൽ പ്രാർത്ഥനക്ക് ഉത്തരം ലഭിച്ച അനേകരെക്കുറിച്ച് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. “യഹോവ എന്റെ പ്രാർത്ഥനയും യാചനകളും കേട്ടതു കൊണ്ട് ഞാനവനെ സ്നേഹിക്കുന്നു” (സങ്കീ.116:1). അപ്പൊസ്തലനായ യോഹന്നാനും പറയുന്നു: “അവന്റെ ഇഷ്ടപ്രകാരം നാമെന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനോടുള്ള ധൈര്യമാകുന്നു” (1യോഹ.5:14). അബ്രഹാം ഗരാർ രാജാവായ അബിമേലെക്കിനു വേണ്ടി പ്രാർത്ഥിച്ചപ്പോൾ അബിമേലെക്കിനെയും അവന്റെ ഭാര്യയെയും അവന്റെ ദാസിമാരെയും ദൈവം സൗഖ്യമാക്കി (ഉല്പ.20:17).

മോശയുടെ നിലവിളിയുടെ മുമ്പിൽ ചെങ്കടലിൽ കൂടി ദൈവം വഴി തുറന്നു (പുറ. 14:15,16). മാറയിലെ വെള്ളം മധുരമാക്കേണ്ടതിന് യഹോവ ഒരു വൃക്ഷം മോശക്ക് കാണിച്ചു കൊടുത്തു (പുറ.15:25). യിസ്രായേൽ ജനത്തിന്റെ പാളയത്തിന്റെ മദ്ധ്യത്തിൽ കത്തിയ ദൈവത്തിന്റെ ന്യായവിധിയുടെ തീയ് മോശ പ്രാർത്ഥിച്ചതിന്റെ ഫലമായി കെട്ടുപോയി (സംഖ്യ 11:1-2). അഗ്നി സർപ്പത്തിന്റെ കടിയേറ്റവർക്ക് മോശയുടെ പ്രാർത്ഥനയാൽ ഉദ്ധാരണത്തിനുള്ള വഴി ദൈവം പറഞ്ഞു കൊടുത്തു (സംഖ്യ 21:7-8).

മോശയുടെ നിലവിളിയുടെ മുമ്പിൽ ജ്വലിക്കപ്പെട്ട ദൈവകോപത്തിനു ശമനമുണ്ടായി (ആവ. 9:18-25, 10:10, സങ്കീ.106:23). ഹന്നയുടെ പ്രാർത്ഥനക്ക് ഉത്തരമായി അടച്ചിരുന്ന അവളുടെ ഗർഭം ദൈവം തുറക്കയും അവൾക്ക് ശമുവേൽ ബാലനെ നല്കുകയും ചെയ്തു. (1ശമു.1:10-26).

ശമുവേൽ പ്രാർത്ഥിച്ചതിനാൽ ഇസ്രായേൽ ജനതക്ക് എതിരായി വന്ന ഫെലിസ്ത്യരുടെ മേൽ വലിയ ഇടി മുഴക്കി അവരെ ഭ്രമിപ്പിച്ചു (1ശമു.7:9-10).

ഏലിയാവ് സാരാഫാത്തിലെ വിധവയുടെ മകനു വേണ്ടി പ്രാർത്ഥിച്ചതിനാൽ അവനെ ജീവനോടെ തിരികെ ലഭിച്ചു (1രാജ 17:19-24). ഏലിശാ ശൂനേംകാരത്തിയുടെ മരിച്ചു പോയ മകനു വേണ്ടി പ്രാർത്ഥിച്ച് ജീവനോടെ തിരികെ പ്രാപിച്ചു (2രാജ.4:32-37).

പത്രോസ് അപ്പൊസ്തലൻ മരിച്ചു പോയ തബീഥക്ക് വേണ്ടി മുട്ടു കുത്തി ദൈവത്തോട് പ്രാർത്ഥിച്ചതിനാൽ അവൾ ജീവിച്ച് എഴുന്നേല്ക്കുവാൻ ഇടയായി (പ്രവൃ.9:36-41). എലീശാ ഗേഹസിക്കു വേണ്ടി പ്രാർത്ഥിച്ചതിനാൽ ദൈവത്തിന്റെ സംരക്ഷണം മനസ്സിലാക്കുവാൻ തക്കവണ്ണം അവന്റെ കണ്ണു തുറന്നു (2രാജ 6:17).

ഏലിയാവ് മഴ പെയ്യാതിരിക്കേണ്ടതിന് ദൈവത്തോട് പ്രാർത്ഥിച്ചു. തന്റെ പ്രാർത്ഥനയുടെ ഫലമായി മൂന്നു സംവത്സരവും ആറു മാസവും ദേശത്തു മഴ പെയ്തില്ല. എന്നാൽ വീണ്ടും പ്രാർത്ഥിച്ചപ്പോൾ മഴ പെയ്തു (യാക്കോ.5:17-18).

ദാനിയേലിന്റെയും കൊർന്നൊല്യോസിന്റെയും മനോഹയുടെയും സെഖര്യാവിന്റെയും പ്രാർത്ഥനക്ക് ഉത്തരമായി ദൈവദൂതൻ പ്രത്യക്ഷനായി (ദാനി. 9:20-21, പ്രവൃ.10:2-4, ന്യായ.13:8-10, ലൂക്കോ.1:13).

ക്രമീകരണവും ശുദ്ധീകരണവും പ്രാപിക്കാതെ പ്രമാണം തെറ്റിച്ച് പെസഹ എടുത്തതിനാൽ രോഗികളായി തീർന്ന ജനത്തിനു വേണ്ടി ഹിസ്ക്കിയാവ് പ്രാർത്ഥിക്കയും തൽഫലമായി ദൈവം അവരെ സൗഖ്യമാക്കുകയും ചെയ്തു (2ദിന.30:18-20).

വ്യസനത്തിന്റെ പുത്രൻ എന്നർത്ഥം വരുന്ന യബ്ബേസ് വളരെ ചുരുക്കം വാചകങ്ങളിൽ മാത്രം പ്രാർത്ഥിച്ചു എങ്കിലും ദൈവം അവന്റെ പ്രാർത്ഥന കേട്ട് അവൻ അപേക്ഷിച്ചത് അവന് നൽകി (1ദിന 4:10). ശലോമോനും ഏലിയാവും പ്രാർത്ഥിച്ചപ്പോൾ യഹോവയുടെ തീ യാഗപീഠത്തിന്മേൽ ഇറങ്ങി വന്നു (2ദിന 7:1, 1രാജ.18:36-38)

ഹിസ്ക്കിയാ രാജാവ് യിസ്രായേലിന്റെ ദൈവത്തെ നിന്ദിച്ചു കൊണ്ട് അശൂർ രാജാവ് കൊടുത്തയച്ച കത്തുമായി ദൈവാലയത്തിൽ ചെന്ന് ദൈവമുമ്പാകെ അതു വിടർത്തി ദൈവത്തോട് പ്രാർത്ഥിച്ചതിനാൽ അന്നു രാത്രി യഹോവയുടെ ദൂതൻ അശൂർ പാളയത്തിൽ 1,85,000 പേരെ കൊന്ന് യിസ്രായേലിന് ജയം നൽകി (2രാജ 19:14-35).

പ്രവാചകനായ യെശയ്യാവ് വന്ന് ഹിസ്ക്കിയാവേ നീ മരിച്ചു പോകും, നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക എന്നുള്ള ദൈവീക ആലോചന അറിയിച്ചെങ്കിലും താൻ ദൈവത്തോട് കരഞ്ഞു പ്രാർത്ഥിച്ചതിനാൽ തന്റെ ആയുസ്സിനോട് 15 സംവത്സരം കൂടെ ലഭിക്കുവാൻ ഇടയായി (യെശ.38:1-5).

രാജാവായ മനശെയെ ചങ്ങലയിട്ട് ബാബിലോണിലേക്ക് കൊണ്ടു പോയി എങ്കിലും അവൻ തന്നെത്താൻ താഴ്ത്തി പ്രാർത്ഥിച്ചതിനാൽ അവനെ യെരുശലേമിൽ രാജസ്ഥാനത്തേക്ക് ദൈവം മടക്കിക്കൊണ്ടു വന്നു (2ദിന 33:11-13).

എസ്രാ പ്രാർത്ഥിച്ചതിനാൽ ജനത്തിന്റെയിടയിൽ ഒരുണർവ്വുണ്ടായി. ജനം അവന്റെ അടുക്കൽ കൂടി വന്നു (എസ്രാ 10:1).

നെഹമ്യാവിന്റെ പ്രാർത്ഥനക്കുത്തരമായി മതിലുപണിക്കു വേണ്ടി എല്ലാ ക്രമീകരണങ്ങളും രാജാവ് ചെയ്തു കൊടുത്തു. (നെഹ.1:4, 2:2-8). യോന മഹാ മത്സ്യത്തിന്റെ വയറ്റിൽ കിടന്നു കൊണ്ട് അയ്യം വിളിച്ച് ദൈവത്തോട് പ്രാർത്ഥിച്ചതിനാൽ മത്സ്യം അവനെ

കരക്ക് ശർദ്ദിച്ചു (യോന 2:1-10).

അപ്പൊസ്തലന്മാർ ഒന്നിച്ച് പ്രാർത്ഥിച്ച് നിലവിളിച്ചപ്പോൾ അവർ ഇരുന്നിരുന്ന സ്ഥലം കുലുങ്ങി. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായിത്തീർന്നു (പ്രവൃ.4:24-31).

സഭയുടെ പ്രാർത്ഥനാ ഫലമായി പത്രോസിന് വേണ്ടി കാരാഗ്രഹത്തിന്റെ വാതിൽ തുറന്നു. (പ്രവൃ. 12:5-10). പൗലോസിന്റെയും ശീലാസിന്റെയും പ്രാർത്ഥനയുടെ ഫലമായി അവർക്കു വേണ്ടി കാരാഗ്രഹത്തിന്റെ വാതിൽ ദൈവം തുറന്നു കൊടുത്തു (പ്രവ.16:25 -27).

പനിയും അതിസാരവും പിടിച്ച് കിടപ്പിലായിരുന്ന പുബ്ലിയോസിന്റെ അപ്പനുവേണ്ടി പൗലോസ് പ്രാർത്ഥിച്ചപ്പോൾ സൗഖ്യം ലഭിച്ചു (പ്രവൃ.28:7-9).

പത്രോസും യോഹന്നാനും ശമര്യയിൽ ദൈവവചനം കൈക്കൊണ്ടവർക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ അവർക്ക് പരിശുദ്ധാത്മാവ് ലഭിച്ചു (പ്രവൃ.8:14-17).

കല്ലേറു കൊണ്ട് കഷ്ടത അനുഭവിച്ച സ്തേഫാനോസിന്റെ പ്രാർത്ഥനക്ക് ഉത്തരമായി സ്വർഗ്ഗം തുറന്നു (പ്രവൃ. 7:54-60).

കാട്ടുപോത്തുക്കളുടെ കൊമ്പുകൾക്കിടയിൽ ഉത്തരമരുളുന്നവനാണ് എന്റെ ദൈവം. തീയുടെ നടുവിലും, സിംഹത്തിന്റെ ഗുഹയിലും, അലറുന്ന കടലിലും, മത്സ്യത്തിന്റെ വയറ്റിലും, മരണനിഴലിൻ താഴ്‌വരയിലും കാരാഗൃഹത്തിനുള്ളിലും എല്ലാ പ്രതിസന്ധികളിലും മനുഷ്യരെല്ലാം നമ്മെ ഉപേക്ഷിക്കുമ്പോഴും, എല്ലാം പ്രതികൂലമായി തീരുമ്പോഴും നാം നിരാശരാകരുത്. നമ്മുടെ ദൈവം ജീവിക്കുന്നു. അവൻ ജീവനുള്ള ദൈവമാണ്. ഇന്നലെയും ഇന്നും നാളെയും എന്നും എന്നേക്കും പ്രവർത്തിക്കുന്നവനാണ്. മടുത്തു പോകാതെ ദൈവത്തോട് പ്രാർത്ഥിക്കാം, നമ്മുടെ പിതാക്കന്മാരുടെ പ്രാർത്ഥനകളും യാചനകളും കേട്ട് പ്രവർത്തിച്ച ദൈവം നമുക്ക് വേണ്ടിയും പ്രവർത്തിക്കും. ഈ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കയും വിശ്വസിക്കയും ചെയ്യാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

# 6

## ഗോൽഗോഥാ
## (കഷ്ടതയുടെ മല)

സീയോൻ പർവ്വതം ലക്ഷ്യമാക്കി യാത്ര പുറപ്പെട്ട ഒരു ദൈവ പൈതൽ ആദ്യമേ രക്ഷയുടെ പർവ്വതമായ അരാരാത്ത് പർവ്വതത്തിലും തുടർന്ന് അനുസരണത്തിന്റെ മലയാകുന്ന മോറിയായിലും പിന്നീട് ഉപദേശത്തിന്റെ പർവ്വതമായ സീനായിലും അതിനേത്തുടർന്ന് തീ കത്തിയുള്ള ആരാധനയുടെ പർവ്വതമായ കർമ്മേലിലും, അനന്തരം പ്രാർത്ഥനയുടെ പർവ്വതമായ ഒലിവു മലയിലും കയറിയ ശേഷം അടുത്തു കയറേണ്ട മല ഗോൽഗോഥയാകുന്നു.

നമ്മുടെ കർത്താവും രക്ഷിതാവുമാകുന്ന യേശുക്രിസ്തു നമ്മുടെ വീണ്ടെടുപ്പിനായി ഗത്സെമെനാ തോട്ടം മുതൽ ഗോൽഗോഥാ മല വരെ അനുഭവിച്ച കഷ്ടതകളും, ത്യാഗങ്ങളും, വേദനയും നിന്ദയും പരിഹാസങ്ങളും നമ്മുടെ വാക്കുകൾക്ക് അതീതമാണ്. ഗത്സെമനാ തോട്ടത്തിൽ നിന്ന് യേശുവിനെ പിടിച്ചവർ മഹാപുരോഹിതനായ കയ്യഫായുടെ അടുക്കൽ വിസ്താരത്തിനായി കൊണ്ടു പോകയും, വിസ്താര ശേഷം അവർ യേശുവിന്റെ മുഖത്ത് തുപ്പുകയും മുഷ്ടി ചുരുട്ടി കുത്തുകയും കരണത്ത് അടിക്കുകയും ചെയ്തു. തുടർന്ന് പീലാത്തോസ് യേശുക്രിസ്തുവിനെ വിസ്തരിക്കയും യേശുക്രിസ്തുവിൽ യാതൊരു കുറ്റവുമില്ലെന്ന് തനിക്ക് ബോധ്യപ്പെട്ടിട്ടും യഹൂദന്മാരുടെ പ്രീതിക്കായി യേശുവിനെ ചമ്മട്ടി കൊണ്ട് അടിപ്പിച്ച് ക്രൂശിപ്പാൻ ഏല്പ്പിക്കയും ചെയ്തു (മത്ത.27:24,26). റോമൻ പടയാളികൾ യേശുവിന്റെ വസ്ത്രം അഴിച്ച് ഒരു ചുവന്ന മേലങ്കി ധരിപ്പിച്ചു. തുടർന്ന് മുള്ളു കൊണ്ട് ഒരു കിരീടം മെടഞ്ഞ് അവന്റെ തലയിൽ വെച്ച് കോലു കൊണ്ട്  അതു തലയിൽ അടിച്ചുറപ്പിച്ചു. അവന്റെ മുഖത്തെ രോമങ്ങളെല്ലാം അവർ പറിച്ചെടുത്തു.

എന്റെ പ്രീയൻ വെണ്മയും ചുവപ്പുമുള്ളവൻ എന്ന് ശൂലേമി പാടുമ്പോൾ ഇപ്പോൾ കർത്താവിനെ കണ്ടു കൊണ്ട് പ്രവാചകന്മാർ മുമ്പു

കൂട്ടി പ്രവചിക്കുന്നു. അവനെ കണ്ടാൽ ആളല്ല എന്നു തോന്നുമാറ് അവൻ നമുക്ക് വേണ്ടി വിരൂപനായിത്തീർന്നു. ഈയ്യക്കട്ടി, അസ്ഥി ക്കഷണം, ചൂണ്ട തുടങ്ങിയ സാധനങ്ങൾ തോലിൽ പിരിച്ചുണ്ടാ ക്കിയ ചാട്ടവാറു കൊണ്ട് യേശുവിന്റെ പുറമെല്ലാം ഉഴവുചാലുകൾ കണക്കെ അവർ നീളത്തിൽ അടിച്ചു കീറി, ഭാരമേറിയ ഒരു മരക്കു രിശും അവന്റെ തോളിൽ വെച്ചു. യേശുക്രിസ്തുവിന് തന്റെ ശരീര ത്തിന്റെ ക്ഷീണം നിമിത്തം അതു വഹിച്ചു കൊണ്ടു പോകുവാൻ കഴിയാത്തതിനാൽ കുറേനക്കാരനായ ശീമോനെ കൊണ്ട് അവർ ക്രൂശിന്റെ ഒരു ഭാഗം ചുമപ്പിച്ച് യേശുവിന്റെ പിന്നാലെ നടത്തി. ഗോൽഗോഥാ മലമുകളിൽ ചെന്ന് യേശുക്രിസ്തുവിനെ ക്രൂശിന്മേൽ വിരിച്ചു കിടത്തി. ഒന്നാമത്തെ ആദം പഴം പറിക്കുവാൻ മരത്തി ന്മേൽ കൈ നീട്ടിയതിന്റെ ഫലമായി, ഒടുക്കത്തെ ആദം മരത്തി ന്മേൽ ആണിയടിക്കുവാനായി തന്റെ കരം ഏൽപ്പിച്ചു കൊടുത്തു. തുടർന്ന് ശക്തന്മാരാകുന്ന പടയാളികൾ പാറയിൽ വെട്ടിയ കുഴി യിൽ ക്രൂശിട്ട് ഉറപ്പിച്ചപ്പോൾ യേശുക്രിസ്തുവിന്റെ ശരീരം ആടിയു ലഞ്ഞു. അവന്റെ അസ്ഥികളെല്ലാം ബന്ധം വിട്ടു പോയി. കടന്നു പോകുന്നവരും തല കുലുക്കി അവനെ ദുഷിച്ചു. അവനോട് കൂടെ ക്രൂശിച്ചിരുന്ന കള്ളന്മാരും അവനെ നിന്ദിച്ചു. (മത്താ. 27:39-44). മ ഹാപുരോഹിതന്മാരും, ശാസ്ത്രിമാരും, മൂപ്പന്മാരും അവനെ പരി ഹസിച്ചു. നിന്ദ യേശുവിന്റെ ഹൃദയത്തെ തകർത്തു കളഞ്ഞു. നമുക്ക് കുടിക്കുവാൻ നല്ല ജലാശയങ്ങൾ തന്ന ദൈവത്തിന് ദാഹിക്കുന്നു എന്നു പറഞ്ഞപ്പോൾ അവർ അവന് പുളിച്ച വീഞ്ഞാണ് നൽകിയ ത്. സമ്പന്നനായ ദൈവം നമ്മെ ക്രിസ്തുവിൽ കൂടെ സമ്പന്നരാ ക്കേണ്ടതിന് ക്രിസ്തു നമുക്ക് വേണ്ടി ദരിദ്രനായിത്തീർന്ന ദൈവ കൃപ നാം അറിയേണം. തേജസ്സിലിരുന്ന ദൈവം നമ്മെ തേജസ്സു ള്ളവരായി മാറ്റേണ്ടതിന് വിരൂപനായിത്തീർന്ന ആ കാഴ്ച നാം മന സ്സിലാക്കേണം. ഉന്നതനായ ദൈവം നമ്മെ ഉന്നതന്മാരാക്കേണ്ടതിന് താഴ്ച അനുഭവിച്ച ആ താഴ്ച നാം അറിയാതിരിക്കരുത്. ദൈവ സ്നേഹം വിളംബരം ചെയ്യുന്ന ദൈവത്തിന്റെ പ്രദർശന ശാലയാണ് ഗോൽഗോഥ! സകലത്തിനും ലാക്കും സകലത്തിനും കാരണഭൂത നുമായവൻ അനേകം പുത്രന്മാരെ തേജസ്സിലേക്ക് നടത്തുമ്പോൾ അവരുടെ രക്ഷാ നായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാ ക്കുന്നത് ദൈവത്തിന് യുക്തമായിരുന്നു (എബ്രാ.2:10). ഒടുവിൽ യേശുക്രിസ്തു ക്രൂശിൽ കിടന്നു കൊണ്ട് നിവൃത്തിയായി എന്നു പറയുകയും തുടർന്ന് അത്യുച്ചത്തിൽ പിതാവേ ഞാൻ എന്റെ ആത്മാ വിനെ തൃക്കയ്യിൽ ഏൽപ്പിക്കുന്നു എന്നു നിലവിളിച്ച് പ്രാണനെ വിട്ടു.

ഈ കാഴ്ച കണ്ട സൂര്യൻ നട്ടുച്ചക്ക് ഇരുണ്ടു പോയി. ദേശ ത്തൊക്കെയും അന്ധകാരമുണ്ടായി. ഭൂമിക്ക് ഇതു കണ്ടു കൊണ്ടിരി ക്കാൻ കഴിഞ്ഞില്ല. ഭൂമി കുലുങ്ങി, പാറകൾ പിളർന്നു, കല്ലറകൾ

തുറന്നു. ദൈവാലയത്തിന്റെ തിരശ്ശീല മേൽ തൊട്ടു അടിയോളം രണ്ടായി ചിന്തിപ്പോയി. ഗോൽഗോഥാ മല യേശുക്രിസ്തു നമുക്കു വേണ്ടി കഷ്ടതയനുഭവിച്ച് സ്വന്തജീവനെ ഏല്പ്പിച്ചു തന്ന ദൈവ സ്നേഹത്തെ വിളംബരം ചെയ്യുന്നു.

കർത്താവു ശിഷ്യന്മാരോട് പറഞ്ഞു, “ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ” (മത്ത.16:24). “തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല” (മത്ത.10:38). ഇവിടെ തന്റെ ക്രൂശ് എന്നു പറഞ്ഞിരിക്കുന്നത് കർത്താവ് എടുത്ത ക്രൂശിന്റെ കാര്യമല്ല. നാം ഓരോരുത്തരും അവരവരുടെ ക്രൂശ് എടുത്ത് കർത്താവിനെ അനുഗമിക്കണമെന്നാണ്. കർത്താവെടുത്ത ക്രൂശ് നമുക്കാർക്കും എടുക്കുവാൻ ഒരിക്കലും സാധിക്കയില്ല. ഇവിടെ ക്രൂശ് എന്ന് കർത്താവ് പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം തടി കൊണ്ടോ, ഇരുമ്പു കൊണ്ടോ, വെള്ളി കൊണ്ടോ, പൊന്നു കൊണ്ടോ ഉള്ള ഒരു ക്രൂശിന്റെ രൂപം ധരിക്കുക എന്നുള്ളതല്ല. പിന്നെയോ കഷ്ടതയിൽ കൂടെ കർത്താവിനെ പിൻപറ്റുക എന്നതത്രേ.

അപ്പൊസ്തലനായ പൗലോസ് പറയുന്നു, തനിക്ക് കർത്താവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ അനുഭവിച്ചറിയണം എന്ന് (ഫിലി. 3:11). “ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല, അവനു വേണ്ടി കഷ്ടമനുഭവിപ്പാനും കൂടെ നിങ്ങൾക്ക് വരം നൽകിയിരിക്കുന്നു” (ഫിലി.1:29) എന്നും താൻ നമ്മെ ഓർമ്മിപ്പിക്കുന്നു. കൂടാതെ കഷ്ടമനുഭവിപ്പാൻ നാം നിയമിക്കപ്പെട്ടിരിക്കുന്നു (1തെസ്സ.3:3).

തിരുവചനം നാം പരിശോധിച്ചാൽ അനുഗ്രഹീതരായ ദൈവദാസീദാസന്മാർ എല്ലാവരും കഷ്ടതയിൽ കൂടി കടന്നു പോയവരാണ്. ദൈവം യെശയ്യാവിൽ കൂടി പറയുന്നു: “ഇതാ ഞാൻ നിന്നെ ഊതിക്കഴിച്ചിരിക്കുന്നു. വെള്ളിയേപ്പോലെ അല്ലതാനും. ഞാൻ നിന്നെ കഷ്ടതയുടെ ചൂളയിലാകുന്നു ശോധന കഴിച്ചത്” (യെശ.48:10). ഒരിക്കൽ പൊന്ന്, തന്നെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന തട്ടാനോട് ചോദിച്ചു, എത്രത്തോളം അവിടുന്നെന്നെ ഉരുക്കിക്കൊണ്ടിരിക്കും. ഉടനെ തട്ടാൻ പറഞ്ഞു, നിന്നിലുള്ള കീടങ്ങൾ മുഴുവൻ നീക്കുകയും എന്റെ രൂപം നോക്കിയാൽ നിന്നിൽ കാണാം എന്ന് ഉറപ്പു വരുത്തുന്നതു വരെയും ഉരുക്കിക്കൊണ്ടിരിക്കും എന്ന്. അതേ! കർത്താവിന്റെ രൂപവും ഭാവവും നിന്നിൽ വിളങ്ങിക്കാണുവാൻ ആഗ്രഹിക്കുന്നതു കൊണ്ടാണ് അവൻ നമ്മെ പലപ്പോഴും കഷ്ടതയുടെ ചൂളയിൽ കൂടെ ഉരുക്കുന്നത് എന്നു മനസ്സിലാക്കി ദൈവത്തോട് പിറു പിറുക്കാതെയും മത്സരിക്കാതെയും സന്തോഷത്തോടെ ദൈവം തരുന്ന കഷ്ടതകൾ നമുക്കനുഭവിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ

കഷ്ടതയുടെ നെല്ലിപ്പടിയിൽ കൂടെ കയറിയിറങ്ങിയ ഭക്തനായ

ഇയ്യോബ് പറയുന്നത് (ഇയ്യോ. 14:1) “സ്ത്രീ പ്രസവിച്ച മനുഷ്യൻ അല്പ്പായുസുള്ളവനും കഷ്ടസമ്പൂർണ്ണനും ആകുന്നു.”

കർത്താവു പറഞ്ഞു: ”ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു” (യോഹ.16:33). ദൈവജനത്തിനു വരുന്ന കഷ്ടതകളും, പ്രയാസങ്ങളും, ദുഃഖങ്ങളും എല്ലാം പിന്നീട് അത് നന്മക്കായി ദൈവം തീർക്കും എന്നുള്ള കാര്യം മറന്നു പോകരുത്. “എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു”(റോമ. 8:28). ഇതിന് ഉത്തമ ഉദാഹരണമാണ് ജോസഫിന്റെ ചരിത്രം. യാക്കോബിന്റെ വാത്സല്യ പുത്രനായി വളർന്നു വന്ന യോസഫ് ചെറുപ്രായത്തിൽ തന്നെ ദൈവീക ദർശനങ്ങൾ കണ്ടതിനാൽ സ്വന്ത സഹോദരന്മാരുടെ അപ്രീതിക്ക് കാരണമായി ത്തീർന്നു. സഹോദരന്മാരുടെ ക്ഷേമം അന്വഷിച്ചു ചെന്ന യോസഫിനെ അവർ പൊട്ടക്കിണറ്റിൽ ഇടുകയും, തുടർന്ന് ഒരു അടിമയായി ഇരുപത് വെള്ളിക്കാശിന് വില്ക്കയും ചെയ്തു. യോസഫിനെ കൊണ്ടുപോയ മിദ്യാന്യ കച്ചവടക്കാർ അവനെ ഫറവോന്റെ അകമ്പടി നായകനായ പോത്തിഫറിന് വിറ്റു; ആ വീട്ടിലും യോസഫിന് സ്വസ്ഥതയുണ്ടായില്ല. ചെയ്യാത്ത തെറ്റ് തന്റെ മേൽ ആരോപിച്ച് വിശുദ്ധനായ യോസഫിനെ പൊത്തിഫേറിന്റെ ഭാര്യയുടെ അപേക്ഷപ്രകാരം കാരാഗൃഹത്തിലടച്ചു; “യഹോവയുടെ വചനം നിവൃത്തിയാകയും അവന്റെ അരുളപ്പാടിനാൽ അവന് ശോധന വരികയും ചെയ്യുവോളം, അവർ അവന്റെ കാലുകളെ വിലങ്ങു കൊണ്ട് ബന്ധിക്കുകയും അവൻ ഇരുമ്പു ചങ്ങലയിൽ കുടുങ്ങുകയും ചെയ്തു” (സങ്കീ.105:17-19). തന്റെ കഷ്ടതയിൽ തന്നെ ഓർക്കേണ്ട പലരും തന്നെ മറന്നു പോയി. നാം ഒരു കാര്യം അറിഞ്ഞിരിക്കണം. യോസഫ് എന്നും കാരാഗൃഹത്തിൽ അല്ല; അവന് ഒരു കൊട്ടാരവാസവും ദൈവം ഒരുക്കിയിട്ടുണ്ട്. അവനു വേണ്ടി ദൈവം വിടുതൽ ഒരുക്കിയപ്പോൾ മാനുഷീക കണ്ണുകൾ അത്ഭുതംകൂറത്തക്കനിലയിൽ ദൈവം മാനിച്ച്, ഫറവോന് പിതാവായും മിസ്രയിം ദേശത്തിനൊക്കെയും അധിപതിയായും ഉയർത്തി. തനിക്ക് ദൈവം മക്കളെ നൽകിയപ്പോൾ, തന്റെ ആദ്യജാതന്, ദൈവം എന്റെ സകല കഷ്ടതയും മറക്കുമാറാക്കി എന്നു പറഞ്ഞ് മനശ്ശെ എന്നു പേരിട്ടു.

പൗലോസ് പറയുന്നു: “കഷ്ടത സഹിഷ്ണതയെയും, സഹിഷ്ണത സിദ്ധതയെയും, സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്ന് അറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു” (റോമ. 5:3,4).

പ്രത്യാശക്കോ ഭംഗം വരുന്നില്ല. ഇയ്യോബിന്റെ പുസ്തകം കഷ്ടതയിൽ കൂടെ കടന്നു പോകുന്ന ഏതൊരു ദൈവപൈതലിനും ആശ്വാസവും പ്രത്യാശയും നൽകുന്നതാണ്. ദൈവത്താലും, സാത്താനാ

ലും, ദേശക്കാരാലും, സ്വന്തഭാര്യയാലും, സ്നേഹിതന്മാരാലും നല്ല സാക്ഷ്യം പ്രാപിച്ചവൻ ആയിരുന്നു ഇയ്യോബ്. എന്നാൽ വളരെ പെട്ടെന്നാണ് കാർമേഘപടലങ്ങൾ തന്നെ മൂടിയത്. തന്റെ സമ്പത്തുകൾ എല്ലാം അപഹരിക്കപ്പെട്ടു. എന്നാൽ താൻ ഒരു പരിഭവവും ദൈവത്തോട് പറഞ്ഞില്ല. തുടർന്ന് ഭവനത്തിന്മേൽ വലിയ കൊടുങ്കാറ്റടിച്ച് മക്കൾ പത്തു പേരും മരിച്ചു പോയി. ഇപ്പോൾ തന്റെ മുമ്പിൽ പത്തു ശവപ്പെട്ടികൾ. ഏതിന്റെ മുമ്പിൽ പോയി വേണം താൻ കരയേണ്ടത്? മാതാപിതാക്കൾ ജീവനോടു കൂടെയിരിക്കുമ്പോൾ മക്കളുടെ മരണം താങ്ങുവാൻ പ്രയാസമുള്ള കാര്യമാണ്. താൻ എഴുന്നേറ്റ് വസ്ത്രം കീറി, തല ചിരച്ച്, സാഷ്ടാംഗം വീണ് ദൈവത്തെ നമസ്ക്കരിച്ചു. തുടർന്ന് താൻ പറഞ്ഞു. "നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽ നിന്ന് പുറപ്പെട്ടു വന്നു, നഗ്നനായിത്തന്നെ മടങ്ങിപ്പോകും, യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ" (ഇയ്യോ. 1:13-22). പിന്നീട് സാത്താൻ തന്റെ ദേഹത്തെ പരുക്കളാൽ ബാധിച്ചു. ഉള്ളങ്കാൽ മുതൽ നെറുക വരെ വല്ലാത്ത പരുക്കളാൽ താൻ വളരെ കഷ്ടമനുഭവിച്ചു. തന്റെ ദേഹത്തുള്ള പരുക്കളുടെ പുൺവായ്ക്കൾ അടഞ്ഞു വീണ്ടും പഴുത്തു പൊട്ടുന്നു. അതിനകത്ത് പുഴുക്കളും; മൺകട്ടയും നിറഞ്ഞിരിക്കുന്നു ഇയ്യോബ് 7:5, 17:14. ഇയ്യോബ് തന്റെ ദേഹത്ത് ചാരം വാരിയിട്ടിട്ട്; ഓട്ടിൻകഷണമെടുത്ത് ചുരണ്ടിക്കൊണ്ടിരിക്കയാണ് (ഇയ്യോ. 2:8).

താൻ പറയുന്നു, "കഷ്ടകാലം എന്നെ പിടിച്ചിരിക്കുന്നു. രാത്രി എന്റെ അസ്ഥികളെ, തുളച്ചെടുത്തു കളയുന്നു, എന്നെ കടിച്ചു കാരുന്നവർ ഉറങ്ങുന്നതുമില്ല" (ഇയ്യോ. 30:16,17). "എന്റെ ത്വക്ക് കറുത്തു പൊളിഞ്ഞു വീഴുന്നു. എന്റെ അസ്ഥി ഉഷ്ണം കൊണ്ട് കരിഞ്ഞിരിക്കുന്നു. എന്റെ കിന്നരനാദം വിലാപമായും എന്റെ കുഴലൂത്ത് കരിച്ചിലായും തീർന്നിരിക്കുന്നു" (30:30,31).

"എന്റെ ശ്വാസം എന്റെ ഭാര്യക്ക് അസഹ്യവും, എന്റെ യാചന എന്റെ ഉടപ്പിറന്നവർക്ക് അറെപ്പും ആയിരിക്കുന്നു. പിള്ളേരും എന്നെ നിരസിക്കുന്നു. ഞാൻ എഴുന്നേറ്റാൽ അവർ എന്നെ കളിയാക്കുന്നു. എന്റെ പ്രാണസ്നേഹിതന്മാർ ഒക്കെയും എന്നെയും വെറുക്കുന്നു" (ഇയ്യോ.19:17-19).

"എന്റെ ബന്ധുജനം ഒഴിഞ്ഞു മാറി, എന്റെ ഉറ്റസ്നേഹിതന്മാർ എന്നെ മറന്നു കളഞ്ഞു. എന്റെ വീട്ടിൽ പാർക്കുന്നവരും, എന്റെ ദാസികളും, എന്നെ അന്യനായെണ്ണുന്നു. ഞാൻ എന്റെ ദാസനെ വിളിച്ചു. അവൻ വിളി കേൾക്കുന്നില്ല; എന്റെ വായ് കൊണ്ട് ഞാൻ അവനോട് യാചിക്കേണ്ടി വരുന്നു" (ഇയ്യോ.19:14-16).

"എന്നിലും പ്രായം കുറഞ്ഞവർ എന്നെ നോക്കി ചിരിക്കുന്നു. ഞാൻ അവരുടെ പാട്ടായിരിക്കുന്നു, അവർക്ക് പഴഞ്ചൊല്ലായി

ത്തീർന്നിരിക്കുന്നു, അവർ എന്നെ അറച്ച് അകന്നു നില്ക്കുന്നു. എന്നെകണ്ട് തുപ്പുവാൻ ശങ്കിക്കുന്നില്ല." (ഇയ്യോ. 30:1,9,10,17:6). ആശ്വസിപ്പിപ്പാനായി വന്ന സ്നേഹിതന്മാർ തനിക്ക് എതിരായി അപവാദങ്ങൾ നിരത്തുന്നു; അവർ എല്ലാവരും വ്യസനിപ്പിക്കുന്ന ആശ്വാസകന്മാരായി മാറി" (16:1,2).

"വ്യർത്ഥമാസങ്ങൾ എനിക്ക് അവകാശമായി വന്നു. കഷ്ടരാത്രികൾ എനിക്ക് ഓഹരിയായിത്തീർന്നു. കിടക്കുന്നേരം എപ്പോൾ എഴുന്നേല്ക്കും എന്നു പറയുന്നു. രാത്രിയോ ദീർഘിച്ചു കൊണ്ടിരിക്കുന്നു വെളുക്കുവോളം എനിക്ക് ഉരുളുക തന്നെ പണി" (ഇയ്യോ.7:3,4).

ഇത്രയും കഠിനശോധനയിൽ കൂടെ കടന്നു പോയിട്ടും തന്റെ പ്രത്യാശ താൻ കൈ വിട്ടില്ല. താൻ പറയുന്നു "ഞാൻ നടക്കേണ്ടുന്ന വഴി അവൻ അറിയുന്നു. എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നു പോലെ പുറത്തു വരും" (23:10). "അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും. ഞാൻ എന്റെ നടപ്പ് അവന്റെ മുമ്പാകെ തെളിയിക്കും" (13:15). "എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നില്ക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ച ശേഷം ഞാൻ ദേഹസഹിതനായി (ഇംഗ്ലീഷിൽ) ദൈവത്തെ കാണും. ഞാൻ തന്നെ അവനെ കാണും. അന്യനല്ല, എന്റെ സ്വന്ത കണ്ണ് അവനെ കാണും."

ഇപ്രകാരം പ്രത്യാശയുള്ള ഇയ്യോബിനു വേണ്ടി ദൈവം പ്രവർത്തിച്ചു. അവനെ ദൈവം സൗഖ്യമാക്കി. അവന്റെ സ്ഥിതിക്ക് ഭേദം വന്നു. നഷ്ടമായതെല്ലാം ഇരട്ടിയായി മടക്കി നൽകി. വീണ്ടും അവന് ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും ഉണ്ടായി. അവന്റെ പിൻകാലത്തെ മുൻകാലത്തെക്കാൾ ദൈവം അനുഗ്രഹിച്ചു. അതിന്റെ ശേഷം ഇയ്യോബ് 140 സംവത്സരം ജീവിച്ചിരുന്നു. അവൻ മക്കളെയും മക്കളുടെ മക്കളെയും നാലു തലമുറയോളം കണ്ടു. അങ്ങനെ താൻ വൃദ്ധനും കാലസമ്പൂർണ്ണനുമായി മരിച്ചു (ഇയ്യോ.42:10-17). യാക്കോബ് പറയുന്നു, "സഹിഷ്ണത കാണിച്ചവരെ നാം ഭാഗ്യവാന്മാരെന്നു പുകഴ്ത്തുന്നു. ഇയ്യോബിന്റെ സഹിഷ്ണത നിങ്ങൾ കേട്ടും കർത്താവു വരുത്തിയ അവസാനം കണ്ടുമിരിക്കുന്നു. കർത്താവ് മഹാകരുണയും മനസ്സലിവുള്ളവനുമല്ലോ"(യാക്കോ.5:11).

ആകയാൽ കഷ്ടത വരുമ്പോൾ പിറുപിറുക്കാതെ സഹിഷ്ണതയോടെ അതിനെ നമുക്ക് അഭിമുഖീകരിക്കാം. ഇയ്യോബിന്റെ അവസ്ഥക്ക് മാറ്റം വരുത്തിയ ദൈവം, യോസഫിനെ സഹായിച്ച ദൈവം നമ്മെയും സഹായിക്കും നിശ്ചയം

ദൈവമക്കളുടെ ജീവിതത്തിൽ കടന്നു വരുന്ന കഷ്ടതയുടെ ദൈവീക ഉദ്ദേശമറിയുവാൻ നമുക്ക് സാധിച്ചാൽ നാം കഷ്ടതയിൽ

പിറുപിറുക്കാതെ കഷ്ടതയിലും സന്തോഷിക്കുവാൻ ഇടയായിത്തീരും. ഇന്ന് പല സ്റ്റേജുകളിലും സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവർ ദൈവജനത്തെ വഴി തെറ്റിച്ചു കളയുന്നു. അവർ പറയുന്നത് ദൈവമക്കൾക്ക് കഷ്ടത വരുവാൻ പാടില്ല. അസുഖങ്ങൾ വരരുത്. എല്ലായ്പ്പോഴും ഐശ്വര്യങ്ങളും സമ്പൽ സമൃദ്ധിയും മാത്രമാണ് ലഭിക്കുന്നത് എന്നാണ്. അവർ തിരുവചനത്തിന്റെ ആദിപാഠങ്ങൾ പഠിച്ചവരല്ല.

ദൈവം പലപ്പോഴും തന്നെത്തന്നെ പരിചയപ്പെടുത്തുമ്പോൾ ഞാൻ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവം എന്നാണ് പറയുന്നത്. എന്നാൽ യിസ്ഹാക്കിന്റെ അവസാന നാളുകൾ തന്റെ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട് എത്രയോ ക്ലേശങ്ങൾ, കഷ്ടങ്ങൾ, പ്രയാസങ്ങൾ, മനോദുഃഖങ്ങൾ താൻ അനുഭവിച്ചു. അന്ധന്മാർക്ക് ഇന്നുള്ളതു പോലെയുള്ള ക്രമീകരണങ്ങൾ ഇല്ലാതെയിരുന്ന ആ കാലത്ത് താൻ എത്രയോ പ്രയാസങ്ങൾ തരണം ചെയ്യേണ്ടി വന്നു; സ്വന്ത മക്കളേപ്പോലും തിരിച്ചറിയാൻ സാധിക്കാത്ത നിലയിൽ താനെത്തിച്ചേർന്നു.

മോശയുടെ മരണസമയത്തും അവന്റെ കണ്ണ് മങ്ങാതെയും അവന്റെ ദേഹബലം ക്ഷയിക്കാതെയുമിരുന്നുവെന്ന് തിരുവചനം പറയുമ്പോൾ (ആവർ.34:7) എന്തു കൊണ്ട് ഈ ദൈവത്തിന് ഇസ്ഹാക്കിന്റെ കണ്ണു മങ്ങാതെ കാക്കുവാൻ കഴിഞ്ഞില്ല. ഇവിടെയാണ് ദൈവത്തിന്റെ പദ്ധതി നാം തിരിച്ചറിയേണ്ടത്. ദൈവം തന്റെ പുത്രനെ ലോകത്തിന് പ്രദാനം ചെയ്യേണ്ടതിന് തിരഞ്ഞെടുത്തത് അബ്രഹാമിനെയും, അബ്രഹാമിൽ കൂടെ യിസ്ഹാക്കിനെയും, യിസ്ഹാക്കിൽ കൂടെ യാക്കോബിനെയുമാണ്. ദൈവത്തിന്റെ തിരഞ്ഞെടുപ്പും അംഗീകാരവും ഉള്ളപ്പോൾത്തന്നെ യാക്കോബിന് അപ്പന്റെ അംഗീകാരവും അനുഗ്രഹവും ആവശ്യമായിരുന്നു. യിസ്ഹാക്കിന്റെ കണ്ണിന് കാഴ്ചയുണ്ടായിരുന്നു എങ്കിൽ ഒരിക്കലും താൻ യാക്കോബിനെ അനുഗ്രഹിക്കയില്ലായിരുന്നു. ഇതറിയാവുന്ന ദൈവം തന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി യിസ്ഹാക്കിന്റെ അന്ത്യസമയങ്ങളിൽ അവനെ അന്ധനാക്കി മാറ്റി. ഈ വിഷയം ഗ്രഹിക്കുന്ന നാമും ഇപ്പോൾ യിസ്ഹാക്കിനെ അന്ധനാക്കി മാറ്റിയതിൽ ദൈവത്തിന് സ്തോത്രം ചെയ്യും.

അതു പോലെ തന്നെ യാക്കോബിന്റെ ജീവിത സായാഹ്നത്തിലും താൻ തന്റെ ജീവിതത്തെ കയ്പ്പോടു കൂടിയാണ് തള്ളി നീക്കിയത്. താൻ ഏറ്റവും സ്നേഹിച്ച തന്റെ മകൻ ജോസഫ് മരിച്ചു എന്നുള്ള വ്യാജ വർത്തമാനം മറ്റു മക്കൾ വന്നു പറയുകയും തന്റെ മകന്റെ കീറിപ്പറിഞ്ഞ രക്തം പുരണ്ട വസ്ത്രം തിരിച്ചറിഞ്ഞ് അത് സ്ഥിരീകരിക്കയും ചെയ്തു. യാക്കോബ് എത്രയോ വർഷങ്ങൾ തന്റെ മകന്റെ അങ്കി വെച്ചു കൊണ്ട് നെടുവീർപ്പോടെ കരഞ്ഞു. താൻ തന്നെ പറ

യുമ്പോൾ "സകലവും എനിക്ക് പ്രതികൂലം." യാക്കോബു വസ്ത്രം കീറി അരയിൽ രട്ടുശീല ചുറ്റി ഏറിയ നാൾ തന്റെ മകനെ ചൊല്ലി ദുഃഖിച്ചു കൊണ്ടിരുന്നു. തന്റെ പുത്രന്മാരും പുത്രിമാരുമെല്ലാം അവനെ ആശ്വസിപ്പിപ്പാൻ വന്നു. അവനോ ആശ്വാസം കൈക്കൊൾവാൻ മനസ്സില്ലാതെ "ഞാൻ ദുഃഖത്തോടെ പാതാളത്തിൽ ഇറങ്ങുമെന്ന്" പറഞ്ഞ് കരഞ്ഞു കൊണ്ടിരുന്നു (ഉല്പ. 37:31–35). ഇതിനു മുമ്പ് എത്രയോ പ്രാവശ്യം ദൈവം യാക്കോബിനോട് സംസാരിച്ചിട്ടുണ്ട്. യാബോക്ക് കടവിൽ വെച്ച് ദൈവവുമായി സംസാരിച്ച് കരഞ്ഞപേക്ഷിച്ച് അനുഗ്രഹം വാങ്ങിയ യാക്കോബിന് എന്തു കൊണ്ടീ ഗതി വന്നു? ദൈവത്തിന് യാക്കോബിനോടു പറയരുതോ, "യാക്കോബേ, നിന്റെ മക്കൾ നിന്നെ പറ്റിച്ചതാണ്, ജോസഫ് ജീവനോടെയുണ്ട്." കൊർന്നോല്യോസിനോട് പത്രോസ് അപ്പൊസ്തലൻ താമസിക്കുന്നിടത്തെ വഴി പറഞ്ഞു കൊടുത്തതു പോലെ ജോസഫ് ഉള്ള സ്ഥലത്തേക്കുള്ള വഴി പറഞ്ഞു കൊടുക്കാഞ്ഞത് എന്തു കൊണ്ട്? യാക്കോബിനെ എന്തു കൊണ്ടാണ് ഇത്രയും പരിശോധനയിൽ കൂടി ദീർഘവർഷങ്ങൾ കടത്തി വിട്ടത്? ഇവിടെയാണ് ദൈവീക പ്ലാനുകൾ നാം തിരിച്ചറിയേണ്ടത്. ജോസഫ് ജീവനോടു കൂടെയുണ്ടെന്ന് യാക്കോബറിഞ്ഞാൽ താനെന്തു ത്യാഗം സഹിച്ചും, എന്തു വില കൊടുത്തും ജോസഫിനെ മടക്കി കൊണ്ടു വരും. ജോസഫ് കണ്ട സ്വപ്നം നിവൃത്തിക്കുകയില്ല, അബ്രഹാമിനോടു പറഞ്ഞ വാഗ്ദത്തം നിറവേറുകയുമില്ല. ഇതറിയാവുന്ന ദൈവം കുറച്ചു നാളത്തേക്ക് യാക്കോബിന് കാര്യം ഗ്രഹിപ്പിക്കാതെ മറച്ചു വെക്കുകയും അതിനാൽ യാക്കോബ് മനോദുഃഖത്തിൽ കൂടെ കടന്നു പോകയും ചെയ്തു. എന്നാൽ പില്ക്കാലത്ത് യാക്കോബ് ജോസഫിനെ കാണുകയും തനിക്ക് ചൈതന്യം വരികയും, യാക്കോബിന്റെ മരണസമയത്ത് ജോസഫ് തന്റെ കണ്ണ് തിരുമ്മിയടക്കുകയും ചെയ്തു (ഉല്പ.46:4).

ജോൺ ബനിയൻ ദീർഘവർഷങ്ങൾ സുവിശേഷം നിമിത്തം തടവറയിൽ കിടക്കേണ്ടി വന്നു. ആ സമയങ്ങളിൽ താനെഴുതിയ പുസ്തകമാണ് "പരദേശി മോക്ഷയാത്ര" വേദപുസ്തകത്തോടൊപ്പം തന്നെ പല ഭാഷകളിലും പ്രചരിച്ചു കൊണ്ടിരിക്കുന്ന ഈ പുസ്തകത്തിന്റെ പിന്നിലെ ചരിത്രവും ജോൺ ബനിയന്റെ കഷ്ടതയാണ്. അനേക ദൈവമക്കൾ പാടി ആശ്വാസം പ്രാപിക്കുന്ന "എന്റെ ദൈവം സ്വർഗ്ഗസിംഹാസനം തന്നിൽ എന്നിൽ കനിഞ്ഞെന്നെ ഓർത്തിടുന്നു". എന്ന വരികളോടു കൂടി ആരംഭിക്കുന്ന ഈ ഗീതം മൂത്താമ്പാക്കൽ കൊച്ചു കുഞ്ഞുപദേശിയുടെ ജീവിതത്തിലെ അഗ്നി പരിശോധനയിൽ ഉരുത്തിരിഞ്ഞ പ്രത്യാശയുടെ കിരണങ്ങളായിരുന്നു. അദ്ദേഹത്തിന്റെ ഒരു കുട്ടി മരിച്ചു, മറ്റൊരു കുട്ടി മരണാസന്നനായി അവന്റെ അമ്മയുടെ വീട്ടുകാരുടെ ശുശ്രൂഷയിൽ കിടക്കുന്നു. തനിക്ക് ശാരീരിക പീഡയും സാമ്പത്തിക ക്ലേശവും മാനസിക പ്രയാ

സവും തീവ്രമായി അലട്ടിക്കൊണ്ടിരിക്കുന്ന വേളയിൽ പല പ്രിയപ്പെട്ടവരും, സ്നേഹിതരും കണ്ടും കാണാതെയും മാറിക്കടന്നു പോയപ്പോഴും തന്റെ വീട്ടുകാരും നാട്ടുകാരും പരിഹാസവർഷം ചൊരിഞ്ഞപ്പോഴും താൻ ദൈവത്തിൽ ആശ്രയം വെച്ചു കൊണ്ട് പാടി.

"ആരും സഹായമില്ലെല്ലാവരും പാരിൽ
കണ്ടും കാണാതെയും പോകുന്നവർ
എന്നാലെനിക്കൊരു സഹായകൻ വാനിൽ
ഉണ്ടെന്നറിഞ്ഞതിലുല്ലാസമേ."

നോക്കുക, ഭക്തന്മാരായ ദൈവദാസന്മാർ അവർ കടന്നു പോയ കഷ്ടതയുടെ തീച്ചൂളയിൽ പാടി ആശ്വസിച്ച മനോഹരങ്ങളായ ഗാനങ്ങൾ ഇന്നും ജീവനുള്ള ഗാനങ്ങളായി അനേകർക്ക് അവരവരുടെ കഷ്ടതകളിൽ പാടി ആശ്വാസം പ്രാപിക്കുവാൻ ഇടയാകുന്നു. അവരെല്ലാവരും കഷ്ടതയിൽ കൂടി കടന്നു പോയില്ലായിരുന്നു എങ്കിൽ ഇപ്രകാരമുള്ള പാട്ടുകൾ ഉടലെടുക്കുകയില്ലായിരുന്നു. ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് ദൈവമക്കളുടെ കഷ്ടതക്ക് ദൈവത്തിന് ഒരുദ്ദേശം ഉണ്ട് എന്നതാണ്.

**കഷ്ടതയുടെ ഫലങ്ങൾ**

1. യിസ്രായേലിന്റെ മധുരഗായകനും, രാജാവുമായിരുന്ന ദാവീദ് ഇപ്രകാരം പറയുന്നു, "നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയിരുന്നത് എനിക്ക് ഗുണമായി" (സങ്കീ.119:71). കഷ്ടതയിൽ ഇരിക്കമ്പോൾ നാമതിന്റെ ഗുണം അറിയുകയില്ല. എന്നാൽ കഷ്ടത കഴിയുമ്പോൾ നമുക്കതിന്റെ ശ്രേഷ്ഠത മനസ്സിലാക്കുവാൻ സാധിക്കും. ആകയാൽ നമുക്ക് വരുന്ന കഷ്ടത ദൈവീക ചട്ടങ്ങൾ പഠിക്കുവാൻ ഉതകണം.

കാട്ടിൽ സ്വൈരവിഹാരം നടത്തിക്കഴിയുന്ന ആനയെ മനുഷ്യൻ വലിയ കുഴിയിലകപ്പെടുത്തി, താപ്പാനകളുടെ സഹായത്തോടു കൂടെ കോന്നിയിലുള്ള ആനക്കൂട്ടിൽ കൊണ്ടു വരും. ആരംഭസമയങ്ങളിൽ ഈ ആന ബന്ധനത്തിൽ കൂടെ വളരെ കഷ്ടതകളും ഉപദ്രവങ്ങളുമൊക്കെ സഹിക്കേണ്ടി വരും. ഈ ആന ഒരു പക്ഷേ മനസ്സിൽ ചിന്തിച്ചു കാണും, സ്വതന്ത്രമായി നടന്ന എന്നെ എന്തിനാണ് ഈ പീഡനങ്ങളിൽ കൂടി കടത്തി വിടുന്നതെന്ന്. എന്നാൽ കുറെ കാലങ്ങൾ കഴിയുമ്പോൾ ആനയുടെ തുമ്പിക്കയ്യുടെ വലിപ്പമുള്ള ഒരു മനുഷ്യൻ നിന്നു കൊണ്ട് ഇടത്തിയാനേ, വലത്തിയാനേ, എന്നൊക്കെ പറയുമ്പോൾ ആന ചട്ടം പഠിച്ച് അനുസരിക്കുവാൻ തുടങ്ങും. എന്നാൽ ബുദ്ധിജീവിയായ മനുഷ്യൻ പലപ്പോഴും കഷ്ടതയിൽ കൂടി കടന്നു പോയിട്ടും ദൈവീക ഉദ്ദേശങ്ങൾ മനസ്സിലാക്കി ചട്ടം പഠിക്കാത്തത് ദുഃഖകരമാണ്. കഷ്ടതയിൽ ദൈവീക ചട്ടങ്ങൾ പഠിക്കാത്തവർക്ക് കഷ്ടത ഗുണകരമാകയില്ല.

പാസ്റ്റർ കെ.ജോയി പറഞ്ഞ ഒരു ഉദാഹരണം ഞാനോർക്കുന്നു, ഒരിക്കൽ ഒരാശ്ശാരി ഒരു കെട്ടിടത്തിന്റെ മുകളിലിരുന്ന് വെയിലത്ത് പണിയുകയായിരുന്നു. അവിടെ താഴെ കുറെ കുട്ടികൾ കളിച്ചുകൊണ്ടിരുന്നു. ആശാരിക്ക് ദാഹിച്ചിട്ട് വെള്ളത്തിനായി പല പ്രാവശ്യം ഈ കുട്ടികളെ വിളിച്ചു എങ്കിലും അവർ ശ്രദ്ധിച്ചില്ല. ഈ കുട്ടികളെ എങ്ങനെയെങ്കിലും ഒന്നാകർഷിക്കണം എന്നു കരുതി തന്റെ കയ്യിലുള്ളചില നാണയത്തുട്ടുകൾ താഴേക്കെറിഞ്ഞു. എന്നാൽ നാണയത്തുട്ടുകൾ കണ്ട കുട്ടികൾ ഇതെവിടെ നിന്നു വന്നുവെന്നോ, അത് ഇട്ടതാരാണെന്നൊ ഒന്നുമന്വേഷിക്കാതെ അതെടുത്തു കൊണ്ട് മിഠായി വാങ്ങിക്കുവാൻ കടയിലേക്കോടി, വീണ്ടും തിരിച്ചു വന്ന് കളി തുടർന്നു കൊണ്ടിരുന്നു. അപ്പോൾ ആശാരി ഒരു ചെറിയ ആണിയെടുത്ത് അവരിലൊരുവന്റെ തലയിലേക്കെറിഞ്ഞു. ആണി കൊണ്ടു വേദനിച്ച പയ്യൻ ഉടനെ മേല്പ്പോട്ടു നോക്കി. ഉടനെ ആശാരി പറഞ്ഞു, കുഞ്ഞേ വേദനിപ്പിക്കാൻ എറിഞ്ഞതല്ല. കാശിട്ടു തന്നിട്ട് നിങ്ങൾ മേല്പ്പോട്ടു നോക്കിയില്ല. വേദനിക്കുമ്പോഴെങ്കിലും മേല്പ്പോട്ട് നോക്കും എന്നു കരുതി ചെയ്തതാണ്. ആശാരി പറഞ്ഞത് ശരിയാണ്, കഴിഞ്ഞ കാലങ്ങളിൽ ദൈവം ധാരാളം അനുഗ്രഹങ്ങളും നന്മകളും നമ്മുടെ മേൽ ചൊരിഞ്ഞു തന്നിട്ടും ആരോഗ്യമുള്ള ഭർത്താവിനെയും, സൗന്ദര്യമുള്ള ഭാര്യയെയും, വിദ്യാസമ്പന്നരായ കുഞ്ഞുങ്ങളെയും താമസിക്കുവാൻ ഭവനവും ധരിക്കുവാൻ നല്ല വസ്ത്രവും ഭക്ഷിക്കുവാൻ നല്ല ആഹാരസാധനങ്ങളുമൊക്കെ തന്നിട്ടും ഇതെവിടെ നിന്ന് ലഭിച്ചു എന്നോ, ഇതിന്റെ ഉറവിടം എവിടെ നിന്നാണന്നോ അന്വഷിക്കുവാനോ ഇതു നൽകിത്തന്ന ദൈവത്തിന് നന്ദി കരേറ്റുവാനോ നാം പലപ്പോഴും സമയം കണ്ടെത്തിയില്ല. ആയതിനാൽ ഒരു പക്ഷേ നിങ്ങൾ ദൈവത്തെ അന്വേഷിക്കേണ്ടതിനും, ദൈവത്തിനായി ജീവിക്കേണ്ടതിനും, ദൈവീക ചട്ടങ്ങൾ പഠിക്കേണ്ടതിനും വേണ്ടിയായിരിക്കാം കഷ്ടതയിൽ കൂടെ നിങ്ങളെ നടത്തിയത്.

യഹൂദ രാജാവായ ഹിസ്ക്കിയാവ് തന്റെ രോഗത്തിന്റെ കാഠിന്യത്തിൽ മരണത്തെ മുഖാമുഖം കണ്ട വ്യക്തിയായിരുന്നു. എന്നാൽ തനിക്ക് സൗഖ്യം വന്ന ശേഷം താൻ പറഞ്ഞു, സമാധാനത്തിനായി എനിക്ക് അത്യന്തം കയ്പ്പായത് ഭവിച്ചു (യെശ.38:17). കയ്പ്പ് ആരും ഇഷ്ടപ്പെടുന്നില്ല. മധുരത്തെ മാധുര്യമാക്കിയത് കയ്പ്പുള്ളതു കൊണ്ടാണ് എന്നുള്ള കാര്യം നാം മറന്നു പോകരുത്. ഒരിക്കൽ നവോമി എന്നു പറയുന്ന അനുഗ്രഹീത വനിത പറഞ്ഞു. നിങ്ങൾ എന്നെ നവോമി എന്നു വിളിക്കണ്ട. കാരണം നവോമിയെന്ന വാക്കിന്റെയർത്ഥം സന്തോഷമെന്നാണ് സർവ്വശക്തൻ എന്നോട് അത്യന്തം കയ്പ്പായത് പ്രവർത്തിച്ചിരിക്കുന്നു. ആയതിനാൽ മാറാ എന്നു വിളിച്ചാൽ മതി. മാറാ എന്ന വാക്കിന് 'കയ്പ്പ്' എന്നാണർത്ഥം (രൂത്ത് 1:20,21).

അപ്പത്തിന്റെ ഭവനമായ ബേത്‌ലഹേമിൽ ക്ഷാമം നേരിട്ടപ്പോൾ അവൾ ഭർത്താവിനോടും തന്റെ രണ്ട് ആൺമക്കളോടും കൂടെ ഇറങ്ങിപ്പോയത് മോവാബ് ദേശത്തേക്കായിരുന്നു. ലോത്തിന് തന്റെ ഒരു മകളിൽക്കൂടി ജനിച്ച മകനായിരുന്നു മോവാബ് (ഉൽപ്പത്തി 19:32-38). കൂടാതെ ഇവരുടെ പത്താം തലമുറ പോലും യഹോവയുടെ സഭയിൽ പ്രവേശിക്കരുതെന്ന് ദൈവീക നിയമവുമുണ്ടായിരുന്നു (ആവ.23:3). ഇതൊന്നും ശ്രദ്ധിക്കാതെയാണ് ഇവർ മോവാബിലേക്കിറങ്ങിപ്പോയത്. തുടർന്ന് അവർ അവിടെയുള്ള ജാതികളുമായി ഇടപഴകുകയും ആൺമക്കൾക്ക് രണ്ടു മോവാബ്യസ്ത്രീകളെ ഭാര്യമാരായി എടുക്കയും ചെയ്തു. തുടർന്നുള്ള അവരുടെ നാളുകൾ അന്ധകാരത്തിന്റെ നാളുകളായിരുന്നു. ഭർത്താവും രണ്ടാൺമക്കളും മരിച്ചു. മൂന്നു വിധവമാരുടെ വസതിയായി ആ ഭവനം തീർന്നു. എന്നാൽ പിന്നീട് നവോമിയുടെ ചരിത്രം പഠിച്ചാൽ തന്റെ കഴിഞ്ഞ കാല കഷ്ടതകളെല്ലാം മറക്കത്തക്കവിധത്തിൽ അനുഗ്രഹത്തിന്റെ കവാടം ദൈവം തുറന്നു. തന്നോടു കൂടെ ഇറങ്ങിപ്പുറപ്പെട്ട രൂത്ത് മുഖാന്തരം അന്യാധീനപ്പെട്ട വസ്തുവകകൾ ബോവസിനാൽ വീണ്ടെടുക്കുവാനും ധനവാനായ ബോവസ് രൂത്തിനെ വിവാഹം കഴിക്കുവാനും അതിൽക്കൂടെ ഓബേദ് ജനിക്കുവാനും ഇടയായി. ഓബേദ് യിശ്ശായിയെ ജനിപ്പിച്ചു. യിശായി ദാവിദിനെ ജനിപ്പിച്ചു. ദാവീദിന്റെ വംശാവലിയിൽ നിന്ന് യേശുക്രിസ്തു ജനിക്കുവാനും ദൈവമിടയാക്കി.(മത്താ 1:5). നോക്കുക, കഷ്ടതയുടെ താഴ്‌വരയിൽ കൂടെ നടന്നു പോയ നവോമി ഇപ്പോൾ യേശുക്രിസ്തുവിന്റെ വല്യമ്മച്ചിയായിത്തീരുവാനിടയായി.

യിസ്രായേൽ മക്കൾ ചെങ്കടൽ കടന്നു മരുഭൂമിയിൽ കയറിയ ശേഷം മൂന്നു ദിവസം വെള്ളം കിട്ടാതെ വിഷമിച്ചു. എന്നാൽ മാറായിലെത്തിയപ്പോൾ അവിടുത്തെ വെള്ളം കയ്പ്പുള്ളതായതു കൊണ്ട് കുടിപ്പാൻ കഴിഞ്ഞില്ല. എന്നാലതിന്റെ അടുത്തു തന്നെ കയ്പ്പിനെ മധുരമാക്കി മാറ്റുന്ന വൃക്ഷമുണ്ടായിരുന്നു. അവർക്കത് അറിയുവാൻ കഴിഞ്ഞില്ല. എന്നാൽ ദൈവം നിർദ്ദേശിച്ചതനുസരിച്ച് മോശ വൃക്ഷത്തിന്റെ കൊമ്പ് വെള്ളത്തിലിട്ടപ്പോൾ അത് മധുരമുള്ളതായിതീർന്നു (പുറ. 15:22-25). നമ്മുടെ കയ്പ്പിന്റെയടുത്തു തന്നെ മധുരത്തിന്റെ അനുഭവവും ദൈവമൊരുക്കിയിട്ടുണ്ട്. ചിലപ്പോൾ അതു നമ്മുടെ കണ്ണിന് മറഞ്ഞിരിക്കുന്നുവെന്നു വരാം. നാം ദൈവത്തോട് പ്രാർത്ഥിച്ചാൽ ദൈവം നമുക്കത് വെളിപ്പെടുത്തിത്തരും.

നമ്മുടെ കറുത്തവാവിന്റെ അനുഭവത്തിനു പിന്നാലെ ഒരു വെളുത്തവാവും ഉണ്ടെന്ന് മറക്കരുത്.

ഒരു ലോകമനുഷ്യന് കഷ്ടതകൾ വരുമ്പോൾ അവൻ പിറുപിറുക്കയും ദൈവത്തിൽ നിന്ന് അകലുകയും ചെയ്യുന്നു. എന്നാൽ ഒരു ദൈവപൈതൽ തന്റെ കഷ്ടതയിലും പ്രശംസിക്കുന്നവനാണ്.

പൗലോസ് ഇതിനെക്കുറിച്ച് പറയുമ്പോൾ “കഷ്ടത സഹിഷ്ണത യെയും, സഹിഷ്ണത സിദ്ധതയെയും, സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടതയിലും പ്രശംസിക്കുന്നു” (റോമർ 5:3-4). കഷ്ടത നമ്മെ സ്ഥിരതയിലേക്ക് നയിക്കുവാൻ ഇടയാകും.

ഒരു തൂണ് മണ്ണിൽ കുഴിച്ചിടുമ്പോൾ ഒരു പ്രാവശ്യം മാത്രം ശക്തിയോടെ മണ്ണിൽ ഇടിച്ചുറപ്പിച്ചാൽ അത് നല്ലതു പോലെ ഉറെക്കുകയില്ല. അനേക പ്രാവശ്യം അത് ആവർത്തിക്കയും വീണ്ടും വീണ്ടും ഊരുകയും ഉറപ്പിക്കയും ചെയ്യുമ്പോൾ ആണ് അത് നല്ല വണ്ണം ഉറയ്ക്കുന്നത്. ഇതു പോലെ നമ്മെ ഇളക്കി മറിക്കുന്ന ചില സംഭവങ്ങൾ, അല്ല കഷ്ടതകൾ ജീവിതത്തിൽ വരുമ്പോൾ നിന്നെ പറിച്ചു കളയുവാനല്ല, പിന്നെയോ നിന്നെ വിശ്വാസത്തിൽ ഉറപ്പിക്കേണ്ടതിനാണെന്ന് കരുതിക്കൊള്ളേണം. ഏറ്റവും കൂടുതൽ കാറ്റടിക്കുന്ന സ്ഥലത്ത് നില്ക്കുന്ന വൃക്ഷങ്ങളുടെ വേരാണ് ഏറ്റവും കൂടുതൽ ആഴത്തിലേക്ക് പോകുന്നത്.

അപ്പൊസ്തലന്മാരിൽ വെച്ച് ഏറ്റവും കൂടുതൽ കഷ്ടങ്ങളും, പ്രയാസങ്ങളും, ബുദ്ധിമുട്ടുകളും അനുഭവിച്ചത് പൗലോസായിരുന്നു. തന്റെ കഷ്ടതയിൽ താൻ പതറിയില്ല. കഷ്ടതയുടെ ദൈവോദ്ദേശം മനസ്സിലാക്കിയ താൻ അതെല്ലാം സന്തോഷത്തോടെ സഹിച്ചു. പൗലോസ് അധികം പ്രാവശ്യം തടവിലായി. അനവധി അടി കൊണ്ടു. പല പ്രാവശ്യം പ്രാണഭയത്തിലായി. യഹൂദന്മാരാരാൽ ഒന്നു കുറയെ നാല്പ്പതടി അഞ്ചു വട്ടം കൊണ്ടു. മൂന്നു വട്ടം കോലിനാൽ അടി കൊണ്ടു. ഒരിക്കൽ കല്ലേറു കൊണ്ടു. മുന്നു വട്ടം കപ്പൽച്ഛേദത്തിലകപ്പെട്ടു. ഒരു രാപ്പകൽ വെള്ളത്തിൽ കഴിച്ചു. നദികളിലെ ആപത്ത്, കള്ളന്മാരാലുള്ള ആപത്ത്. ജാതികളാലുള്ള ആപത്ത്, പട്ടണത്തിലെ ആപത്ത് കാട്ടിലെ ആപത്ത്, കടലിലെ ആപത്ത്, കള്ള സഹോദരന്മാരാലുള്ള ആപത്ത്, അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പ്, പൈദാഹം, പലവട്ടം പട്ടിണി, ശീതം, നഗ്നത ആദിയായ എല്ലാ പ്രതികൂലങ്ങളിൽ കൂടെയും കടന്നു പോയി (2കൊരി.11:23-28). എങ്കിലും താൻ പറയുന്നത് “ക്രിസ്തുവിന്റെ സനേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ? നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു. അറുപ്പാനുള്ള ആടുകളേപ്പോലെ ഞങ്ങളെ എണ്ണുന്നു. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മരണത്തിനോ, ജീവനോ, ദൂതന്മാർക്കോ, വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ, ഉയരത്തിനോ, ആഴത്തിനോ, മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നും നമ്മെ വേർതിരി

പ്പാൻ കഴിയുകയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു" (റോമ.8:35-39). താൻ പിന്നെയും പറയുന്നത് യേശുക്രിസ്തുവിന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയണമെന്നാണ് (ഫിലി.3:10,11). യാക്കോബ് പറയുമ്പോൾ "നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരതയുളവാക്കുന്നു എന്നറിഞ്ഞ് അശേഷം സന്തോഷം എന്നെണ്ണുവിൻ" (യാക്കോ. 1:2,3).

ഒരാത്മീകന്റെ ജീവിതത്തിൽ വരുന്ന കഷ്ടതകൾ അവനെ പിന്നെയും വിശുദ്ധിയിലേക്ക് നയിക്കുവാൻ ഇടയായിത്തീരും. നമ്മുടെ ജീവിതത്തിൽ വെറുതെയൊന്നും സംഭവിക്കയില്ല. ഏതിനും ഒരു ദൈവോദ്ദേശമുണ്ട്. തിരുവചനം പറയുന്നു "നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന് നമ്മുടെ ഗുണത്തിനായിത്തന്നെ ശിക്ഷിക്കുന്നത്" (എബ്രാ. 12:10-11). "ദൈവത്തിന്റെ ഇഷ്ടം നമ്മുടെ ശുദ്ധീകരണം തന്നെയാണ്" (1തെസ്സ.4:3). "നമ്മുടെ ദൈവം വിശുദ്ധനാകയാൽ നാമും വിശുദ്ധരായിരിക്കേണ്ടത് ആവശ്യമാണ്" (1പത്രോ.1:16).

വീണ്ടും പൗലോസ് കഷ്ടത നമുക്ക് വരുന്നതിന്റെ ഉദ്ദേശത്തെക്കുറിച്ച് പറയുമ്പോൾ (2കൊരി 1:4,5). കഷ്ടത അനുഭവിക്കുന്ന അനേകരെ നാം പോയി ആശ്വസിപ്പിക്കണമെങ്കിൽ നമ്മുടെ ജീവിതത്തിൽ കഷ്ടതകൾ വരികയും അതിൽ നിന്നുള്ള വിടുതലും ആശ്വാസവും നാം ദൈവത്തിങ്കൽ നിന്ന് പ്രാപിക്കയും ചെയ്തുവെങ്കിൽ മാത്രമേ സാധിക്കയുള്ളു.

പട്ടിണി കിടക്കാത്ത ഒരാൾക്ക് വിശപ്പ് എന്താണ് എന്നറികയില്ല. അനുഭവസ്ഥർക്കു മാത്രമേ അനുഭവങ്ങൾ അതിന്റേതായ നിലയിൽ പങ്കു വെക്കുവാൻ കഴിയുകയുള്ളു. ആകയാൽ കഷ്ടതയിൽ പതറിപ്പോകാതെ ദൈവത്തിലാശ്രയിച്ച് ഉറെച്ചു നിന്നു കൊള്ളേണം.

യെശയ്യാവു പറയുന്നു, "കർത്താവു നിങ്ങൾക്കു കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനിയും നിന്റെ ഉപദേഷ്ടാവ് മറഞ്ഞിരിക്കയില്ല. നിന്റെ കണ്ണ് നിന്റെ ഉപദേഷ്ടാവിനെ കണ്ടു കൊണ്ടിരിക്കും" (യെശ.30:20). കോരഹ് പുത്രന്മാർ പാടി "ദൈവം നമ്മുടെ സങ്കേതവും ബലവുമാകുന്നു. കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയായിരിക്കുന്നു" (സങ്കീ.46:1). കഷ്ടകാലത്ത് കൂടുതൽ സമയം പ്രാർത്ഥനക്കായി നാം മാറ്റി വെക്കണം. ദൈവം പറയുന്നു, "കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക, ഞാൻ നിന്നെ വിടുവിക്കയും, നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും"(സങ്കീ.50:15). യാക്കോബ് പറയുന്നത് "നിങ്ങളിൽ കഷ്ടമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. സുഖമനുഭവിക്കുന്നവൻ പാട്ടു പാട

ട്ടെ" (യാക്കോ.5:13). അപ്പൊസ്തലനായ പൗലോസും ശീലാസും കാരാഗ്രഹത്തിൽ കഷ്ടമനുഭവിച്ചപ്പോൾ അവർ ആദ്യം ചെയ്തത് പ്രാർത്ഥിക്കയായിരുന്നു. നാം കഷ്ടതയിൽ പ്രാർത്ഥിക്കുമ്പോൾ പാടുവാനുള്ള ദൈവകൃപ നമുക്ക് ദൈവം നൽകിത്തരും. (പ്രവൃത്തി 16:25). നെഹമ്യാവ് പറയുമ്പോൾ ആകയാൽ നീ അവരെ അവരുടെ ശത്രുക്കളുടെ കയ്യിൽ ഏല്പിച്ചു. അവർ അവരെ പീഡിപ്പിച്ചു. അവരുടെ കഷ്ടകാലത്ത് അവർ നിന്നോട് നിലവിളിച്ചപ്പോൾ നീ സ്വർഗ്ഗത്തിൽ നിന്നു കേട്ട് നിന്റെ മഹാകരുണ നിമിത്തം അവർക്ക് രക്ഷകന്മാരെ കൊടുത്തു (നെഹ.9:27) . ദൈവം ആസാഫിൽ കൂടി പറയുമ്പോൾ "കഷ്ടകാലത്ത് നീ വിളിച്ചു, ഞാൻ നിന്നെ വിടുവിച്ചു. ഇടിമുഴക്കത്തിന്റെ മറവിൽ നിന്ന് ഞാൻ നിനക്ക് ഉത്തരമരുളി " (സങ്കീ. 81:7). "അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോട് നിലവിളിച്ചു, അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽ നിന്നു വിടുവിച്ചു" (സങ്കീ.107:6). "യഹോവ നല്ലവനും കഷ്ടദിവസത്തിൽ ശരണവുമാകുന്നു. തങ്കൽ ആശ്രയിക്കുന്നവരെ അവൻ അറിയുന്നു" (നഹൂം 1:7). "യിസ്രായേലിന്റെ പ്രത്യാശയും കഷ്ടകാലത്ത് അവന്റെ രക്ഷിതാവും ആയുള്ളോവേ" (യിര.14:8). എന്നു ദൈവത്തെ സംബോധന ചെയ്തിരിക്കുന്നു."യഹോവ പീഡിതന് ഒരഭയസ്ഥാനം, കഷ്ടകാലത്ത് ഒരഭയസ്ഥാനം തന്നെ"(സങ്കി.9:9). നമ്മുടെ ദൈവം നമ്മുടെ കഷ്ടതയിൽ അകന്നു നില്ക്കുന്ന ദൈവമല്ല. കഷടതയിൽ ഏറ്റവും അടുത്ത തുണയായി കൂടെയിരിക്കുന്ന ദൈവമാണ്.

അപ്പൊസ്തലനായ പൗലോസിന്റെ കപ്പൽ യാത്രയിൽ 14 ദിനങ്ങൾ സൂര്യനെയോ, ചന്ദ്രനെയോ, നക്ഷത്രങ്ങളെയോ കാണാതുള്ള കറുത്ത വാവുകളായിരുന്നു. കപ്പലിന്റെ ഭാഗങ്ങൾ ഉടഞ്ഞു കൊണ്ടിരുന്നപ്പോഴും പൗലോസിന്റെ ദൈവസേവക്ക് മുടക്കം വന്നില്ല. ഉടയുന്ന കപ്പലിൽ ഉടയാത്ത ദൈവ സേവ ചെയ്ത പൗലോസിനു വേണ്ടി ദൈവം അത്ഭുതങ്ങൾ പ്രവർത്തിച്ചു (പ്രവൃത്തി 27). കഷ്ടതകൾ പൗലോസിനെ തളർത്തിയില്ല. താൻ പറയുന്നത് "ഞങ്ങൾ സകല വിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല. ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല. ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല. വീണു കിടക്കുന്നവർ എങ്കിലും നശിച്ചു പോകുന്നില്ല. യേശുവിന്റെ ജീവൻ തങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന് യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു" (2കൊരി 4:7-10). പൗലോസ് മരണത്തോളം എത്തിയ വലിയ പീഡക്ക് ശേഷം ശിഷ്യന്മാരെ കണ്ട് അവരോട് പറഞ്ഞത് "നാം വിശ്വാസത്തിൽ നില നില്ക്കേണം എന്നും അനേക കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാണെന്നും പ്രബോധിപ്പിച്ച് അവരുടെ മനസ്സിനെ ഉറപ്പിച്ചു"(പ്രവൃത്തി 14:19-22).

കർത്താവ് പിന്നെയും തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തു, "ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" (യോഹ.16:33.), പത്രോസ് പറയുന്നു, "യേശുവിന്റെ കഷ്ടങ്ങളിൽ പങ്കുള്ളവരാകും തോറും സന്തോഷിച്ചു കൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും" (1 പത്രോ. 4:13.)

സങ്കീർത്തനക്കാരൻ ദാവീദ് പറയുന്നത് "ഞാൻ കഷ്ടതയുടെ നടുവിൽ നടന്നാലും നീ എന്നെ ജീവിപ്പിക്കും" (സങ്കീ.138:7). "യഹോവേ ഞങ്ങളോട് കൃപയുണ്ടാകണമേ. ഞങ്ങൾ നിന്നെ കാത്തിരിക്കുന്നു. രാവിലെ തോറും നീ അവർക്ക് ഭുജവും, കഷ്ടകാലത്ത് ഞങ്ങൾക്ക് രക്ഷയും ആയിരിക്കണമേ" (യെശ. 33:2). "കഷ്ടമടുത്തിരിക്കയാൽ എന്നെ വിട്ട് അകന്നിരിക്കരുത്. സഹായിപ്പാൻ മറ്റാരുമില്ലല്ലോ"(സങ്കീ.22:11). "നീ എനിക്ക് മറവിടമാകുന്നു. നീ എന്നെ കഷ്ടത്തിൽ നിന്ന് സൂക്ഷിക്കും. രക്ഷയുടെ ഉല്ലാസഘോഷം കൊണ്ട് നീ എന്നെ ചുറ്റിക്കൊള്ളും" (സങ്കീ.32:7.). "നീതിമാന്മാരുടെ രക്ഷ യഹോവയിങ്കൽ നിന്ന് വരുന്നു. കഷ്ടകാലത്ത് അവൻ അവരുടെ ദുർഗ്ഗമാകുന്നു" (സങ്കീ.37:39.). "അവൻ മുറിവേല്പ്പിക്കയും മുറിവ് കെട്ടുകയും ചെയ്യുന്നു. അവൻ ചതക്കയും തൃക്കൈ പൊറുപ്പിക്കയും ചെയ്യുന്നു. ആറു കഷ്ടത്തിൽ നിന്ന് അവൻ നിന്നെ വിടുവിക്കും. ഏഴാമത്തേതിലും തിന്മ നിന്നെ തൊടുകയില്ല" (ഇയ്യോ. 5:18,19.). അവൻ എന്നോട് പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും. അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും. അവൻ എന്നെ വിളിച്ചപേക്ഷിക്കും. ഞാൻ അവന് ഉത്തരമരുളും. കഷ്ടകാലത്ത് ഞാൻ അവനോട് കൂടെയിരിക്കും. ഞാൻ അവനെ വിടുവിച്ച് മഹത്വപ്പെടുത്തും"(സങ്കീ.91:14,15.)

അപ്പൊസ്തലന്മാരുടെ കാലത്ത് മേശയിലെ ശുശ്രൂഷക്കായി ആത്മാവും ജ്ഞാനവും നിറഞ്ഞ് നല്ല സാക്ഷ്യമുള്ള ഏഴു പേരെ തിരഞ്ഞെടുത്തതിൽ ഒരുവനായിരുന്നു സ്തേഫാനോസ് (പ്രവൃ. 6:1-15). എന്നാൽ പിന്നീട് താൻ കൃപയും ശക്തിയും നിറഞ്ഞവനായി ജനത്തിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു. സ്തേഫാനോസിനോട് പലരും തർക്കിച്ച് വാദിച്ചു എങ്കിലും താൻ സംസാരിച്ച ജ്ഞാനത്തോടും, ആത്മാവോടും എതിർത്തു നില്പ്പാൻ അവർക്ക് കഴിഞ്ഞില്ല. പ്രവൃത്തി ഏഴാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന തന്റെ പ്രസംഗം പ്രൗഢ ഗംഭീരമായിരുന്നു. ഇതിങ്കൽ അസൂയ പൂണ്ട യഹൂദന്മാർ അവന്റെ നേരെ പാഞ്ഞു ചെല്ലുകയും അവനെ നഗരത്തിൽ നിന്ന് പുറത്താക്കി കല്ലെറിഞ്ഞ് കൊന്നു കളകയും ചെയ്തു. അവന്റെ മരണത്തിനു മുമ്പായി പരിശുദ്ധാത്മാവ് നിറഞ്ഞവനായി താൻ സ്വർഗ്ഗത്തിലേക്ക് ഉറ്റു നോക്കി. തദവസരം താൻ കണ്ട കാഴ്ച തനിക്ക് വളരെ ആശ്വാസകരമായിരുന്നു.

"ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തി

ന്റെ വലത്തു ഭാഗത്തു നില്ക്കുന്നതും ഞാൻ കാണുന്നു എന്നു വിളിച്ചു പറഞ്ഞു" (പ്രവൃ. 7:54-60.).

യേശുക്രിസ്തു ജഡശരീരത്തിൽ വന്ന് ദൈവം തനിക്ക് നൽകിയ വേല തികച്ച ശേഷം സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുകയും ദൈവസിംഹാസനത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കുകയും ചെയ്യുന്നതായിട്ടാണ് ദൈവവചനത്തിൽ നാം മനസ്സിലാക്കുന്നത്.

(എബ്രാ. 1:13, സങ്കീ.110:1, പ്രവൃ. 2:33, 1 പത്രോ. 3:22, മത്താ. 26:64, റോമ. 8:34, എബ്രാ. 12:2, കൊലോ. 3:1).

എന്നാൽ ഇപ്പോൾ തന്റെ ദാസനായ സ്തേഫാനോസ് കല്ലേറു കൊണ്ട് കഷ്ടത അനുഭവിക്കുമ്പോൾ തനിക്ക് സ്വസ്ഥമായി ഇരിക്കുവാൻ കഴിയുന്നില്ല. തന്റെ ദാസന്റെ ആത്മാവിനെ സ്വീകരിക്കേണ്ടതിനായി എഴുന്നേറ്റു നില്ക്കുന്ന കാഴ്ചയാണ് നാം ദർശിക്കുന്നത്.

പ്രീയ ദൈവമക്കളേ, നമ്മുടെ കഷ്ടതയുടെയും, പ്രയാസത്തിന്റെയും, പ്രതിസന്ധികളുടെയും മദ്ധ്യത്തിൽ നിർവ്വികാരനായിരിക്കുന്ന ഒരു യേശു അല്ല നമ്മുടെ രക്ഷകൻ. പിന്നെയോ നമ്മുടെ കഷ്ടതയിൽ നമ്മെ ആത്മാർത്ഥമായി സഹായിക്കുന്നവൻ കൂടെയാണെന്നുള്ളത് എത്രയോ ആശ്വാസകരമാണ്.

തിരുവചനം പറയുന്നു, "താൻ തന്നെ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവരെ സഹായിപ്പാൻ കഴിവുള്ളവനും ആകുന്നു" (എബ്രാ. 2:18). "ആകയാൽ വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക, തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ച് മടുക്കാതിരിപ്പാൻ പാപികളാൽ തനിക്ക് നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചു കൊൾവിൻ" (എബ്രാ. 12:1-3.)

നമ്മുടെ കഷ്ടതയുടെയും പ്രയാസത്തിന്റെയും വേളകളിൽ പതറിപ്പോകാതെ, ക്ഷീണിച്ച് പോകാതെ ചഞ്ചലപ്പെടാതെ, പിന്മാറി അകലാതെ കഷ്ടതയിൽ അടുത്ത തുണയായ ദൈവത്തിൽ ഇയ്യോബിനെപ്പോലെ ആശ്രയിക്കാം. അവൻ എന്നെ കൊന്നാലും, ഞാൻ അവനെ കാത്തിരിക്കും. അതിനായ് ദൈവം നമ്മെ സഹായിക്കട്ടെ.

# 7

# താബോർ (മറുരൂപമല) രൂപാന്തരത്തിന്റെ മല

സീയോൻപർവ്വതം ലക്ഷ്യമാക്കി യാത്ര തുടങ്ങിയ സീയോൻ സഞ്ചാരി ആദ്യമേ രക്ഷയുടെ മലയായ  അരാരാത്തിലും തുടർന്ന് അനുസരണത്തിന്റെ മലയായ മോറിയായിലും പിന്നീട് നിയമത്തിന്റെയും ഉപദേശത്തിന്റെയും മലയാകുന്ന സീനായിലും അതിനേത്തുടർന്ന് അഗ്നി കത്തിയുള്ള ആരാധനയുടെ സ്ഥലമായ കർമ്മേലിലും കൂടാതെ നിരന്തര പ്രാർത്ഥനയുടെ സ്ഥലമായ ഒലിവ് മലയിലും അതിനു ശേഷം കഷ്ടതയുടെ മലയാകുന്ന ഗോൽഗോഥായിലും കയറേണ്ടതാണ്. ഇപ്രകാരമുള്ള മലകൾ കയറുകയും താഴ്വരയിൽ കൂടെ ഇറങ്ങുകയും ചെയ്യുന്ന ഒരു ദൈവപൈതലിന് അടുത്തു കയറേണ്ട മല താബോർ ആണ്.

യേശുക്രിസ്തു പത്രോസിനെയും യോഹന്നാനെയും യാക്കോബിനെയും കൂട്ടിക്കൊണ്ട് പ്രാർത്ഥിപ്പാൻ ഒരു ഉയർന്ന മലയിലേക്ക് കൊണ്ടു പോയി (ലൂക്കോ.9:28-35, മത്താ. 17:1-8). വേദപണ്ഡിതന്മാരുടെ അഭിപ്രായം ഇത് താബോർ മലയാണെന്നാണ്. അവിടെ യേശുക്രിസ്തു പ്രാർത്ഥിക്കുമ്പോൾ തന്റെ മുഖത്തിന്റെ ഭാവം മാറി അവന്റെ മുഖം സുര്യനേപ്പോലെ ശോഭിച്ചു. അവന്റെ ഉടുപ്പ് മിന്നുന്ന വെളിച്ചം പോലെ വെള്ളയായി. യേശുക്രിസ്തു അവരുടെ മുമ്പിൽ രൂപാന്തരപ്പെട്ടു. മോശയും ഏലിയാവും തേജസ്സിൽ പ്രത്യക്ഷരായി. കർത്താവ് യെരുശലേമിൽ പ്രാപിപ്പാനുള്ള നിര്യാണത്തെക്കുറിച്ച് സംസാരിച്ചു. പ്രകാശമുള്ളൊരു മേഘം അവരുടെ മേൽ നിഴലിട്ടു. മേഘത്തിൽ നിന്ന് 'ഇവനെന്റെ പ്രീയപുത്രൻ ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു  ഇവനു ചെവി കൊടുപ്പിൻ' എന്ന ഒരു ശബ്ദവും ഉണ്ടായി. ശിഷ്യന്മാർ അതു കേട്ടിട്ട് ഏറ്റവും ഭയപ്പെട്ട് കവിണ്ണുവീണു. അവർ യേശുവിനോട് കൂടെ ചില നാളുകളായി സഞ്ചരിക്കുന്നുണ്ടെങ്കിലും ഇങ്ങനെയൊരനുഭവം ആദ്യമായിട്ടാണ് ദർശിക്കുന്നത്.

ഈ കാഴ്ച അവരെ അത്ഭുതപരതന്ത്രരാക്കി. പത്രോസ് കർത്താവിനോട് നാം ഇവിടെ ഇരിക്കുന്നത് നന്ന്. നിനക്ക് സമ്മതമെങ്കിൽ ഞാൻ ഇവിടെ മൂന്നു കുടിലുണ്ടാക്കാം. ഒന്നു നിനക്കും, ഒന്ന് മോശെക്കും, ഒന്ന് ഏലിയാവിനും എന്നു പറഞ്ഞു.

കർത്താവ് ഈ മലയിൽ വെച്ച് ശിഷ്യന്മാരുടെ മുമ്പാകെ രൂപാന്തരപ്പെട്ടതിനാൽ ഈ മലയെ മറുരൂപ മല അല്ലെങ്കിൽ രൂപാന്തരത്തിന്റെ മല എന്നു പേർ നൽകാം. കർത്താവു രൂപാന്തരപ്പെട്ടതു പോലെ തന്റെ വിശുദ്ധന്മാരും രൂപാന്തരം പ്രാപിക്കുമെന്ന് തിരുവചനം ഉറപ്പായി വാഗ്ദത്തം നമുക്ക് നൽകിത്തരുന്നു.

ദൈവം ആദാമിനെയും ഹവ്വയെയും സൃഷ്ടിച്ചത് തേജസ്സിന്റെ ശരീരത്തിലായിരുന്നു. മണ്ണു കൊണ്ട് ആദമിനെ സൃഷ്ടിച്ചുവെങ്കിലും ദൈവത്തിന്റെ ജീവശ്വാസം അവനിൽ ഊതിയപ്പോൾ അവൻ ജീവനുള്ള ദേഹിയായിത്തീർന്നു. അവർ തേജസ്സിനാൽ ഉടുപ്പിക്കപ്പെട്ടവർ ആയിരുന്നു.

എന്നാൽ അവർ അനുസരണക്കേട് കാണിച്ചതിനാൽ അവരിൽ നിന്ന് ദൈവതേജസ് നഷ്ടമായി. തൽഫലമായി സന്തോഷം. സമാധാനം, ദൈവീക കൂട്ടായ്മ, നിത്യജീവൻ, സ്വർഗ്ഗം ആദിയായതെല്ലാം അവർക്ക് നഷ്ടമായി. മനുഷ്യൻ ശാപങ്ങൾക്കും രോഗങ്ങൾക്കും അധീനനായി. പാപം ചെയ്യുന്ന ദേഹി മരിക്കും എന്നുള്ള ദൈവീക വ്യവസ്ഥപ്രകാരം മനുഷ്യൻ മരണത്തിന് കീഴ്പ്പെടേണ്ടി വന്നു.

എന്നാൽ യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി കാൽവറി ക്രൂശിൽ നമുക്ക് പകരമായി പരമയാഗമായി തീർന്നതിനാൽ യേശുക്രിസ്തുവിൽ വിശ്വസിച്ച് പാപങ്ങളെ ഏറ്റു പറയുന്ന ഏതൊരുവനും ആത്മാവിന്റെ രക്ഷ തൽക്ഷണം കൈ വരിക്കുവാൻ സാധിക്കും. ഇപ്രകാരം ആത്മാവിന്റെ രക്ഷ പ്രാപിച്ചുവെങ്കിലും അവൻ വസിക്കുന്നത് പാപമുള്ള ഈ ജഡശരീരത്തിലാണ്. അതിനെക്കുറിച്ച് പൗലോസ് പറയുമ്പോൾ എന്നിൽ എന്നു വെച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു. നന്മ ചെയ്യുവാനുള്ള താല്പ്പര്യം എനിക്കുണ്ട്. പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്യുവാൻ ഇഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ. ഇഛിക്കാത്ത തിന്മയത്രെ പ്രവർത്തിക്കുന്നത്. എന്നാൽ താൻ ഇതിലെല്ലാം യേശുക്രിസ്തു മൂലം ജയം എടുക്കുകയും ദൈവത്തിന് സ്തോത്രം ചെയ്യുകയും ചെയ്യുന്നു (റോമ.7:14-25). . രക്ഷിക്കപ്പെട്ട ഒരു ദൈവപൈതൽ ആത്മാവിനാൽ ജഡത്തിന്റെ പ്രവൃത്തികളെ ഓരോ ദിവസവും മരിപ്പിച്ചു കൊണ്ട് ജീവിക്കേണ്ടതാകുന്നു.

പൗലോസ് വീണ്ടും പറയുമ്പോൾ ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ് ഇനിയും വാഴരുത്. നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന് സമർപ്പിക്കയും അരുത്. നിങ്ങളെ തന്നെ

മരിപ്പിച്ചിട്ട് ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന് സമർപ്പിച്ചു കൊൾവിൻ (റോമ.6:12-19).

ആദാമ്യവർഗ്ഗത്തിന്റെ പാപ പരിഹാരത്തിനായി യേശുക്രിസ്തു നമുക്കു വേണ്ടി മരിച്ചതിനാൽ വിശ്വസിക്കുന്ന ഏവനും ആത്മരക്ഷ ലഭിക്കുന്നതു പോലെ ഭാവിയിൽ ശരീരത്തിന്റെ വീണ്ടെടുപ്പ് ലഭിക്കുമെന്നത് നിശ്ചയമായ കാര്യമാണ്. ആത്മാവ് എന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ വീണ്ടെടുപ്പായ പുത്രത്വത്തിന് കാത്തു കൊണ്ട് ഉള്ളിൽ ഞരങ്ങുന്നു (റോമ. 8:23). യോഹന്നാൻ ഇതിനെക്കുറിച്ച് പറയുമ്പോൾ “കാണ്മിൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു. അങ്ങനെ തന്നെ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്ക കൊണ്ട് നമ്മെയും അറിയുന്നില്ല. പ്രീയമുള്ളവരെ നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നത് ആകുമെന്ന് ഇതു വരെ പ്രത്യക്ഷമായിട്ടില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെ തന്നെ കാണുന്നതാക കൊണ്ട് അവനോട് സദൃശ്യന്മാർ ആകും എന്നു നാം അറിയുന്നു. അവനിൽ ഈ പ്രത്യാശ ഉള്ളവനെല്ലാം അവൻ നിർമ്മലനായിരിക്കുന്നതു പോലെ തന്നേത്തന്നെ നിർമ്മലീകരിക്കുന്നു” (1യോഹ.3:1-3).

അപ്പൊസ്തലനായ യോഹന്നാൻ മറുരൂപ മലയിൽ വെച്ച് യേശുക്രിസ്തുവിന്റെ രൂപാന്തരം ദർശിച്ചവനാണ്. തന്നെയുമല്ല, താൻ പത്മോസ് എന്ന ദ്വീപിൽ നാടു കടത്തപ്പെട്ടവനായി വസിക്കുമ്പോൾ (വെളി. 1:9-15). തേജസ്ക്കരിക്കപ്പെട്ട യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യവും അനുഭവിച്ചറിഞ്ഞതുമാണ്. ഈ അനുഭവം തനിക്ക് അറിയാവുന്നതു കൊണ്ടാണ് യേശുക്രിസ്തു ഇനിയും പ്രത്യക്ഷനാകുമ്പോൾ നാമും അവനേപ്പോലെ രൂപാന്തര ശരീരികളാകും എന്ന് ഉറപ്പിച്ചു പറയുവാൻ കാരണം. ആകയാൽ നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പ് അടുത്തു പോയി. യേശുക്രിസ്തു മടങ്ങി വരുവാൻ സമയമായി. അതിനായി നമുക്ക് പ്രത്യാശയോടെ കാത്തിരിക്കാം. ദൈവം നമ്മെ സഹായിക്കട്ടെ.

യേശുക്രിസ്തു മറുരൂപമലയിൽ രൂപാന്തരപ്പെട്ടതുപോലെ കർത്താവിൽ വിശ്വസിക്കുന്ന വിശുദ്ധൻമാരും രൂപാന്തരം പ്രാപിക്കും എന്നുള്ളത് നിശ്ചയമായ കാര്യം ആണ്. അത് എപ്പോൾ സംഭവിക്കും എന്ന് വിശുദ്ധ പൗലോസ് വ്യക്തമാക്കുന്നു. അന്ത്യ കാഹളത്തിങ്കൽ പെട്ടന്ന് കണ്ണിമക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും കാഹളം ധ്വനിക്കും. മരിച്ചവർ അക്ഷയരായി ഉയർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും (1 കൊരി 15: 52). ഈ വിഷയം സംബന്ധിച്ച് പൗലോസ് തെസ്സലോനിക്യ ലേഖത്തിൽ കുറേ കൂടെ വ്യക്തത നൽകിത്തരുന്നുണ്ട്. കർത്താവു തൻ ഗംഭീര നാദത്തോടും

പ്രധാനദൂതന്റെ ശബദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവനോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെയിരിക്കും (1 തെസ്സ 4:16,17).

യേശു ക്രിസ്തു വീണ്ടും മടങ്ങിവരുന്നത് തന്റെ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹള നാദത്തോടും കൂടെയാണ്. കർത്താവിന്റെ ഗംഭീര നാദത്തിൽ, അതുവരെ കർത്താവിൽ പ്രത്യാശവെച്ച് മരിച്ച സകല വിശുദ്ധന്മാരും ഉയിർത്തെഴുന്നേൽക്കും. ഹാബേൽ മുതൽ യോഹന്നാൻ സ്നാപകൻ വരെയുള്ള സകല പഴയനിയമ വിശുദ്ധന്മാരും യേശുക്രിസ്തുവിന്റെ പരമ യാഗത്തെ മുൻകണ്ടുകൊണ്ട് യാഗം കഴിച്ച് ദൈവത്തോട് നിരപ്പ് പ്രാപിച്ചവർ ആണ്. അവരും കർത്താവിൽ വിശ്വസിച്ച സകല പുതിയ നിയമ വിശുദ്ധൻമാരും തദവസരം ഉയിർത്തെഴുന്നൽക്കും.

കർത്താവ് ഭൂമിയിൽ ആയിരുന്നപ്പോൾ മരിച്ച് നാല് ദിവസം കഴിഞ്ഞ് നാറ്റം വെച്ച് തുടങ്ങിയ ലാസറിന്റെ കല്ലറയുടെ അടുക്കൽ നിന്നുകൊണ്ട് ഗംഭീര നാദത്തിൽ "ലാസറേ പുറത്ത് വരിക" എന്ന് ഉറക്കെ വിളിച്ചപ്പോൾ മരിച്ച ലാസർ പുറത്തു വന്നതായി നാം തിരുവെഴുത്തിൽ നിന്ന് മനസ്സിലാക്കുന്നു. മരിച്ച ലാസറിന്റെ മൃത ശരീരം മാത്രമേ കല്ലറയിൽ ഉണ്ടായിരുന്നുള്ളൂ തന്റെ ആത്മാവ് അബ്രഹാമിന്റെ മടി എന്നറിയപ്പെട്ടിരുന്ന അധോലോക പറുദീസയിൽ ആയിരുന്നു. കർത്താവിന്റെ ഗംഭീര നാദം ഭൂമീയെ കീറിമുറിച്ച് പാതാളത്തിൽ വരെ മുഴങ്ങി ചെന്നു. തുടർന്ന് സെക്കന്റുകൾക്കകം ലാസറിന്റെ ആത്മാവ് മടങ്ങി തന്റെ ശരീരത്തിൽ പ്രവേശിക്കുകയും ലാസറിന്റെ നിർജ്ജീവമായ ദ്രവിച്ചു തുടങ്ങിയ ശരീരം പൂർവ്വ സ്ഥിതിയെ പ്രാപിക്കുകയും ചെയ്തു.

ഇവിടെ ലാസർ ഉയർത്തെഴുന്നേറ്റത് തേജസിന്റെ ശരീരത്തിൽ അല്ല. വീണ്ടും മരണം സംഭവിക്കുന്ന ജഡശരീരത്തിലാണ്. എന്നാൽ കർത്താവിന്റെ മടങ്ങി വരവിൽ മുഴങ്ങുന്ന ഗംഭീര നാദത്തിൽ നാം തേജസ്സിന്റെ ശരീരത്തിൽ ആണ് ഉയിർത്തെഴുന്നേൽക്കുന്നത്. "കൂടാരമായ ഞങ്ങളുടെ ഭൗമഭവനം അഴിഞ്ഞു പോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായൊരു കെട്ടിടം ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ ഉണ്ടെന്നറിയുക. ഈ കൂടാരത്തിൽ ഞരങ്ങിക്കൊണ്ട് ഞങ്ങൾ നഗ്നരായിട്ടല്ല ഉടുപ്പുള്ളവരായിരിക്കുന്നു എങ്കിൽ സ്വർഗ്ഗീയമായ ഞങ്ങളുടെ പാർപ്പിടം അതിന് മീതെ ധരിപ്പാൻ വാഞ്ഛിക്കുന്നു" (2 കൊരി. 5: 1–3). ഒന്നാമത്തെ പുനരുദ്ധാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു. അവരുടെ

മേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല" (വെളി. 20:6).

യേശുഅവളോട്: "ഞാൻ തന്നെ പുനരുദ്ധാനവും ജീവനും ആകുന്നു എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ. 11: 25).

ലോകത്തിൽ അവതരിച്ചിട്ടുള്ള എല്ലാ അവതാര പുരുഷൻമാരുടെയും ചരിത്രം മരണം കൊണ്ട് അവസാനിക്കുന്നു. ലോകത്തെ വിറപ്പിച്ചിട്ടുള്ള നെപ്പോളിയനും, ഹിറ്റ്ലറും, മുസ്സോളിനിയും, അലക്സാണ്ടറും ശവക്കുഴിക്കുള്ളിൽ കെട്ടടങ്ങി. എന്നാൽ മരണത്തേയും പാതാളത്തെയും ജയിച്ച് ഉയിർത്തെഴുന്നേറ്റവൻ യേശു ക്രിസ്തു മാത്രമാണ്. യേശു ക്രിസ്തു ഉയിർത്തെഴുന്നേറ്റതിനാൽ തന്നിൽ വിശ്വസിച്ച് മരിച്ച സകല വിശുദ്ധന്മാരും ഉയിർത്തെഴുന്നേൽക്കും എന്ന് നിശ്ചയമായി പറയുവാൻ കഴിയും. "നിങ്ങളുടെ വിശ്വാസവും പ്രത്യാശയും ദൈവത്തിൽ വച്ചു കൊള്ളേണ്ടതിന് ദൈവം അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽപ്പിച്ച് അവന് തേജസ് കൊടുത്തുമിരിക്കുന്നു" (1 പത്രോ.1: 21). "യേശുവിന്റെ ശരീരം മരത്തിൽ നിന്ന് ഇറക്കി ഒരു കല്ലറയിൽ വച്ചു. ദൈവമോ അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു" (പ്രവൃ. 13:29,30).

"നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന യേശുവിനെ നിങ്ങളുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു. അതിന് ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു" (പ്രവൃ. 5:30).

"ദൈവമോ മരണപാശങ്ങളെ അഴിച്ചിട്ട് യേശുവിനെ ഉയിർത്തെഴുന്നേൽപിച്ചു. മരണം അവനെ പിടിച്ചു വയ്ക്കുന്നത് അസാദ്ധ്യമായിരുന്നു" (പ്രവൃ. 2:24).

"ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശു ക്രിസ്തുവിനെ ഓർത്തു കൊള്ളുക അതാകുന്നു എന്റെ സുവിശേഷം" (2 തിമോ 2: 8). യിസ്രായേൽ സന്ദർശിക്കുന്ന ആർക്കും തുറക്കപ്പെട്ട രണ്ട് കല്ലറകൾ ദർശിക്കുവാൻ കഴിയും. അതിൽ പ്രധാനപ്പെട്ടത് യേശു ക്രിസ്തുവിന്റെ കല്ലറയാണ്, ആ കല്ലറ വാക്കും ഭാഷണവും കൂടാതെ ഉറക്കെ വിളിച്ചു പറയുന്നു യേശുക്രിസ്തു ഇവിടെ ഇല്ല. അവൻ ഉയിർത്തെഴുന്നേറ്റ് സ്വർഗ്ഗങ്ങളിലേക്ക് ആരോഹണം ചെയ്തിരിക്കുന്നു. രണ്ടാമത്തെ കല്ലറ ലാസറിനെ ആദ്യം അടക്കിയ കല്ലറയാണ്. ഈ കല്ലറ വിളിച്ചു പറയുന്നത് കർത്താവിൽ വിശ്വസിച്ച് മരിച്ച് അടക്കപ്പെടുന്നവൻ ഉയിർത്തെഴുന്നേൽക്കും എന്നാണ്.

യേശു ക്രിസ്തു പറഞ്ഞു. യോഹ. 6:40 "നിത്യജീവൻ ഉണ്ടാകേണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേൽപ്പിക്കും." യോഹ 6:44 "എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ

വരുവാൻ കഴിയുകയില്ല. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും.”

‘‘എന്നാൽ ദൈവം കർത്താവിനെ ഉയിർപ്പിച്ചതുപോലെ നമ്മെയും തന്റെ ശക്തിയാൽ ഉയിർപ്പിക്കും’’ (1 കൊരി 6:14). “കർത്താവായ യേശുവിനെ ഉയർപ്പിച്ചവൻ ഞങ്ങളെയും യേശുവോടുകൂടെ ഉയിർപ്പിച്ച് തിരുസന്നിധിയിൽ നിറുത്തും എന്ന് ഞങ്ങൾ അറിയുന്നു” (2 കൊരി 4:14).

“യേശുവിനെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തു യേശുവിനെ മരണത്തിൽ നിന്ന് ഉയർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ട് നിങ്ങളുടെ മർത്യ ശരീരത്തെയും ജീവിപ്പിക്കും (റോമർ 8: 11).

യേശുക്രിസ്തുവിന്റെ മേഘപ്രത്യക്ഷതയിൽ വിശുദ്ധന്മാർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ അനവധിയാണ്. കർത്താവിന്റ ഗംഭീര നാദത്തിങ്കൽ അതു വരെ കർത്താവിൽ പ്രത്യാശ വെച്ച് നിദ്ര പ്രാപിച്ച സകല വിശുദ്ധന്മാരും ഉയിർത്തെഴുന്നേല്ക്കും. ദൈവത്തിന്റെ കാഹള നാദത്തിൽ ജീവനോടെ കൂടെയിരിക്കുന്ന വിശുദ്ധന്മാർക്ക് രൂപാന്തരം സംഭവിക്കുകയും ഇരുകൂട്ടരും ആകാശത്തിൽ കർത്താവിനെ എതിരേല്പ്പാൻ മേഘങ്ങളിൽ എടുക്കപ്പെടുകയും ചെയ്യും. യോഹന്നാൻ അപ്പൊസ്തലൻ അതിനെക്കുറിച്ച് പറയുമ്പോൾ “അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുമ്പോലെ കാണുന്നതാക കൊണ്ട് അവനോട് സദൃശ്യന്മാർ ആകും എന്നാണ്” (1യോഹ.3:2).

യേശുക്രിസ്തു കാൽവറി ക്രൂശിൽ നമുക്കു വേണ്ടി, കഷ്ടതകളും, പീഢയും, നിന്ദയും അനുഭവിച്ച്, കണ്ടാൽ ആളല്ല എന്നു തോന്നുമാറ് വിരൂപനായ അവസ്ഥയിലല്ല നാം ഇനി കാണുന്നത്. പിന്നെയോ തേജസ്സിൽ വരുന്ന കർത്താവിനെയാണ് നാം ദർശിക്കുവാൻ പോകുന്നത്.

യെശയ്യാവ് കർത്താവിന്റെ തേജസ് കണ്ടത്, ഉയർന്നും, പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്ന കർത്താവിന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറക്കത്തക്കരീതിയിൽ തേജസ് ഉള്ളവനായിരുന്നു (യെശ.6:1-2). ദാനിയേലിന് യഹോവയുടെ ദർശനം ഉണ്ടായപ്പോൾ അവന്റെ വസ്ത്രം ഹിമം പോലെ വെളുത്തതും, അവന്റെ തലമുടി നിർമ്മലമായ ആട്ടുരോമം പോലെയും, അവന്റെ സിംഹാസനം അഗ്നിജ്വാലയും, അവന്റെ രഥചക്രങ്ങൾ കത്തുന്ന തീയും ആയിരുന്നു (ദാനി.7:9). അപ്പൊസ്തലനായ യോഹന്നാൻ ദർശിക്കുമ്പോൾ ഏഴു പൊൻനിലവിളക്കുകളേയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ച് മാറത്ത് പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോട് സദൃശ്യനായവനെയും കണ്ടു. “അവന്റെ തലയും

തലമുടിയും വെളുത്ത പഞ്ഞി പോലെ ഹിമത്തോളം വെള്ളയും കണ്ണ് അഗ്നിജ്വാലക്ക് ഒത്തതും, കാൽ ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിന് സദൃശ്യവും, അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയുമായിരുന്നു" (വെളി.1:13-15).

ഉയർത്തെഴുന്നേല്ക്കുന്ന ശരീരത്തിന് ലഭിക്കുന്ന തേജസ് വർണ്ണനാതീതമാണ്. "കൂടാരമായ ഞങ്ങളുടെ ഭൗമ ഭവനം അഴിഞ്ഞു പോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായൊരു കെട്ടിടം ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ ഉണ്ടെന്ന് അറിയുന്നു" (2കൊരി.5:1). അപ്പൊസ്തലനായ വിശുദ്ധ പൗലോസ് ഈ കാര്യങ്ങളെക്കുറിച്ച് വളരെ വ്യക്തമായി എഴുതിയിട്ടുണ്ട്. "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു" (റോമർ 8:18).

"നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും തന്നേ; നാം അവനോടു കൂടെ തേജസ്ക്കരിക്കപ്പെടേണ്ടതിന് അവനോടു കൂടെ കഷ്ടമനുഭവിച്ചാലത്രേ" (റോമർ 8:17).

''നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു" (2കൊരി.4:17).

"ഒന്നാം മനുഷ്യൻ ഭൂമിയിൽ നിന്ന് മണ്ണു കൊണ്ടുള്ളവൻ, രണ്ടാം മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്നുള്ളവൻ, മണ്ണു കൊണ്ടുള്ളവനേപ്പോലെ മണ്ണു കൊണ്ടുള്ളവരും സ്വർഗ്ഗീയനേപ്പോലെ സ്വർഗ്ഗീയന്മാരും ആകുന്നു. നാം മണ്ണു കൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതു പോലെ സ്വർഗ്ഗീയന്റെ പ്രതിമയും ധരിക്കും" (1കൊരി.15:47-49).

"സ്വർഗ്ഗീയ ശരീരങ്ങളും ഭൗമ ശരീരങ്ങളും ഉണ്ട്. സ്വർഗ്ഗീയ ശരീരങ്ങളുടെ തേജസ് വേറെ, ഭൗമ ശരീരങ്ങളുടെ തേജസ് വേറെ; അപമാനത്തിൽ വിതക്കപ്പെടുന്നു. തേജസ്സിൽ ഉയിർക്കുന്നു; പ്രാകൃത ശരീരം വിതെക്കപ്പെടുന്നു. ആത്മീക ശരീരം ഉയിർക്കുന്നു; ദ്രവത്വമുള്ളത്-അദ്രവത്വത്തെയും, മർത്യമായത്-അമർത്യത്തെയും പ്രാപിക്കും" (1കൊരി.15:40).

വിശുദ്ധന്മാരുടെ ഉയിർത്തെഴുന്നേല്പ്പിലും വ്യത്യാസം ഉണ്ട്. അതിനെക്കുറിച്ച് വിശുദ്ധ പൗലോസ് പറയുമ്പോൾ "സൂര്യന്റെ തേജസ് വേറെ, ചന്ദ്രന്റെ തേജസ് വേറെ, നക്ഷത്രങ്ങളുടെ തേജസ് വേറെ, നക്ഷത്രവുംനക്ഷത്രവും തമ്മിൽ തേജസ്സു കൊണ്ട് ഭേദമുണ്ടല്ലോ. മരിച്ചവരുടെ പുനരുത്ഥാനവും അവ്വണ്ണം തന്നേ" എന്നാണ് (1കൊരി.15:41,42).

"മറ്റു ചിലർ ഏറ്റവും നല്ലൊരു ഉയിർത്തെഴുന്നേല്പ്പ് ലഭിക്കേണ്ടതിന് ഉദ്ധാരണം കൈക്കൊള്ളതെ ഭേദ്യം ഏറ്റു" (എബ്രാ.11:35).

ഈ വിഷയം സംബന്ധിച്ച് പരേതനായ വൈ.യെസക്കിയേൽ സാറിന്റെ അഭിപ്രായം കർത്താവിനു വേണ്ടി നന്നായി പ്രവർത്തിച്ചവർ സൂര്യനേപ്പോലെയും, ചന്ദ്രനേപ്പോലെയും ഒക്കെ ഉയർത്തെഴുന്നേല്ക്കുമ്പോൾ, ഒന്നും പ്രവർത്തിക്കാതെയിരുന്നവർ മിന്നാമിനുങ്ങു പോലെ ഉയിർത്തെഴുന്നേല്ക്കും എന്നാണ്.

നാം യേശുക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപരാകും എന്നുള്ളത് എത്രയോ ശ്രേഷ്ഠകരമാണ്. "അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു. മുന്നിയമച്ചവരെ വിളിച്ചും, വിളിച്ചവരെ നീതീകരിച്ചും, നീതീകരിച്ചവരെ തേജസ്ക്കരിച്ചുമിരിക്കുന്നു" (റോമ. 8:29,30).

ഉയിർത്തെഴുന്നേല്ക്കുന്ന എല്ലാ വിശുദ്ധന്മാരും യുവത്വ ശരീരത്തിൽ ആയിരിക്കും രൂപാന്തരപ്പെടുന്നത്. സങ്കീ.110-3-ൽ "നിന്റെ സേനാദിവസത്തിൽ നിന്റെ ജനം നിനക്ക് സ്വമേധാ ദാനമായിരിക്കുന്നു. വിശുദ്ധ വസ്ത്രാലങ്കാരത്തോടെ ഉഷസ്സിന്റെ ഉദരത്തിൽ നിന്ന് യുവാക്കൾ മഞ്ഞു പോലെ നിനക്കു വരുന്നു." (മൂലഭാഷയിൽ)

ഗർഭപാത്രത്തിൽ വെച്ചു തന്നെ മരിച്ച കുഞ്ഞുങ്ങൾ, ബുദ്ധി വളർച്ച എത്താതെ മരിച്ച കുഞ്ഞുങ്ങൾ, കൈകാലുകൾ ഇല്ലാതെ ജനിച്ച കുഞ്ഞുങ്ങൾ, കുരുടൻ, മുടന്തൻ ചെകിടൻ ഒക്കെയായി മരിച്ച വിശുദ്ധന്മാരുണ്ട്. പ്രായമായി മരിച്ച വല്യപ്പച്ചന്മാരും, വല്യമ്മച്ചിമാരും ഉണ്ട്; ഇവരെ എല്ലാവരേയും അവർ മരിച്ച നിലയിൽ തന്നെയാണ് സ്വർഗ്ഗത്തിൽ കാണുന്നതെങ്കിൽ അത് സ്വർഗ്ഗമല്ല.

സ്വർഗ്ഗത്തിൽ ശൈശവത്തിനും, വാർദ്ധക്യത്തിനും സ്ഥാനമില്ല. പിന്നെ എല്ലാവരും തേജസ്ക്കരിക്കപ്പെട്ട യുവത്വമുള്ള ശരീരത്തിലാകും സ്വർഗ്ഗത്തിൽ കാണപ്പെടുന്നത്.

വിശുദ്ധന്മാരുടെ രൂപാന്തര ശരീരം യേശുക്രിസ്തുവിന്റെ തേജസ്സിന്റെ ശരീരത്തിന് അനുരൂപമാകുന്നതിനോടൊപ്പം ദൈവീക സ്വഭാവത്തിനും നാം അനുരൂപരായിത്തീരും. ഒരു വിശുദ്ധന്റെ ഭാര്യയോ മക്കളോ രക്ഷിക്കപ്പെടാതെ മരിച്ചു പോകയും നിത്യനരകത്തിൽ വേദന അനുഭവിക്കയും ചെയ്യുമ്പോൾ ആ വ്യക്തിക്ക് എങ്ങനെ സ്വർഗ്ഗത്തിൽ സന്തോഷിക്കുവാൻ സാധിക്കും? എന്ന് പലരും പറഞ്ഞു കേട്ടിട്ടുണ്ട്. സ്വർഗ്ഗത്തിൽ നാം ചെന്നു ദുഃഖിക്കുകയാണെങ്കിൽ അതു സ്വർഗ്ഗമല്ല, നരകമാണ്. സ്വർഗ്ഗം സ്വർഗ്ഗമാകുന്നത് നരകമുള്ളതു കൊണ്ടാണ്. കയ്പ്പില്ലായിരുന്നു എങ്കിൽ മധുരം ഒരിക്കലും മധുരമാകുകയില്ലായിരുന്നു. യാതനാ സ്ഥലത്തു കിടന്ന ധനവാന്റെ ആത്മാവിന് അബ്രഹാമിന്റെ മടി എന്ന പേരിലറിയപ്പെട്ട അധോലോക പറുദീസയിലെ ആത്മാക്കളെ ദർശിക്കുവാൻ കഴിഞ്ഞു എങ്കിൽ രൂപാന്തര ശരീരികളാകുന്ന വിശുദ്ധന്മാർക്ക് പാതാളത്തിൽ വേദന അനു

ഭവിക്കുന്നവരെയും കാണുവാൻ കഴിയും, അങ്ങനെയെങ്കിൽ നമ്മുടെ വേണ്ടപ്പെട്ടവരും സ്നേഹിതരും പരിചയക്കാരും രക്ഷിക്കപ്പെടാതെ മരിച്ചു പോയാൽ അവരും നിത്യ നരകത്തിൽ യാതന അനുഭവിക്കേണ്ടി വരും. ഈ കാര്യം നമ്മെ വേദനിപ്പിക്കയില്ലയോ?

ഒരിക്കലുമില്ല, കാരണം ഉയർത്തെഴുന്നേല്ക്കുന്ന ശരീരത്തിന് രക്തമുണ്ടായിരിക്കയില്ല. ഉയർത്തെഴുന്നേറ്റ യേശുവിന്റെ ശരീരത്തിൽ രക്തമില്ലായിരുന്നു. ഇതു പോലെ തന്നെ വിശുദ്ധന്മാരുടെ രൂപാന്തര ശരീരത്തിനും രക്തം കാണുകയില്ല (യോഹ.20:27). രക്തം ഉള്ളതു കൊണ്ടാണ് നമുക്ക് പരസ്പരം ആകർഷണം വരുന്നത്. രക്തം ഇല്ലാത്തതിനാൽ ആർക്കും ആരോടും ആകർഷണം വരികയില്ല (1കൊരി.15:50). തന്നെയുമല്ല, ദൈവീക സ്വഭാവം ഏകജാതനായ യേശുക്രിസ്തുവിന്റെ കാൽവറി ക്രൂശിലെ മരണത്തിൽ വെളിപ്പെട്ടത് നാം തിരുവചനത്തിൽ നിന്നു മനസ്സിലാക്കുന്നു. ഗത്സെമന തോട്ടത്തിൽ വെച്ച് യേശുക്രിസ്തു ആദാമ്യവർഗ്ഗത്തിന്റെ പാപത്തിന്റെ വിഷസത്തു നിറഞ്ഞ പാനപാത്രം ദൈവത്തിന്റെ കയ്യിൽ നിന്നു വാങ്ങി പാനം ചെയ്തു. പാപം ഇല്ലാത്ത യേശു നമുക്ക് വേണ്ടി തന്നെത്താൻ പാപം വഹിച്ചതിനാൽ ദൈവമുമ്പാകെ കുറ്റക്കാരനായിത്തീർന്നു. പാപം ചെയ്യുന്ന ദേഹി മരിക്കേണം എന്നുള്ള ദൈവനീതിയുടെ വാൾ പുത്രന്റെ മേൽ വന്നു; അവനെ തകർത്തു കളയുവാൻ അവനിഷ്ടം തോന്നി. “എന്റെ ദൈവമേ, എന്റെ ദൈവമേ എന്നെ കൈവിട്ടത് എന്ത്” എന്ന് നിലവിളിക്കുമ്പോഴും സ്വന്തം മകനായിട്ടും തെറ്റുകാരൻ ശിക്ഷ അനുഭവിക്കണം എന്നുള്ള ദൈവീക സ്വഭാവം പിതാവിൽ നാം ദർശിക്കുന്നു. ഇതു പോലെ നമ്മുടെ സ്വന്തമായവർ നിത്യനരകത്തിൽ കിടന്നാലും നമുക്ക് ദുഃഖം വരികയില്ല. കാരണം അവർ ചെയ്തതിനു തക്കവണ്ണം അവർ പ്രാപിക്കണമെന്നുള്ള ദൈവീക സ്വഭാവത്തിന് നാം അനുരൂപരായി രൂപാന്തരപ്പെടുന്നതിനാൽ ഖേദിക്കേണ്ടി വരികയില്ല.

രൂപാന്തര ശരീരത്തിന് എല്ലാവരെയും തിരിച്ചറിയാനുള്ള കഴിവുണ്ടായിരിക്കും. എനിക്ക് അമേരിക്കയിൽ നടക്കുന്ന പല പെന്തെക്കോസ്ത് കോൺഫ്രൻസുകളിലും സംബന്ധിക്കുവാൻ ഇടയായിട്ടുണ്ട്. തമ്മിൽ തമ്മിൽ പരിചയപ്പെടേണ്ടതിനായി എല്ലാവരും അവരവരുടെ പേരുകൾ എഴുതിയ ബാഡ്ജ് ധരിക്കാറുണ്ട്. സ്വർഗ്ഗത്തിൽ അതിന്റെ ആവശ്യമില്ല. പരിചയപ്പെടുത്താതെ എല്ലാവരെയും അറിയുവാൻ കഴിയും. മറുരൂപമലയിൽ മോശയും ഏലിയാവും ഇറങ്ങി വന്നപ്പോൾ യേശു ശിഷ്യന്മാരോട് പറഞ്ഞില്ല ഇതു മോശയും ഏലിയാവുമാണെന്ന്. ശിഷ്യന്മാർ മോശയും ഏലിയാവിനെയും കുറിച്ച് കേട്ടിട്ടുള്ളതല്ലാതെ കണ്ടിട്ടില്ല. എന്നാൽ ശിഷ്യന്മാർക്ക് ദൈവം വെളിപ്പെടുത്തിയതിനാൽ പത്രോസ് പറഞ്ഞു, ഞങ്ങൾ മൂന്നു കുടിലുണ്ടാക്കാം. ഒന്ന് മോശക്ക്, ഒന്ന് ഏലിയാവിന്, ഒന്ന് യേശുവിന്.

പാതാളത്തിൽ യാതനാ സ്ഥലത്ത് കിടന്ന ധനവാൻ അബ്രഹാം പിതാവിനെയും ലാസറിനെയും തിരിച്ചറിഞ്ഞതു പോലെ രൂപാന്തര ശരീരികളാകുന്ന വിശുദ്ധന്മാർക്കും എല്ലാവരെയും തമ്മിൽത്തമ്മിൽ തിരിച്ചറിയുവാൻ കഴിയും. ഹാനോക്കിനെയും, നോഹയെയും അബ്ര ഹാമിനെയും, ഇയ്യോബിനെയും, യാക്കോബിനെയും, പൗലോസി നെയും കുറിച്ചൊക്കെ നൂറു നൂറു പ്രസംഗങ്ങൾ ഞാൻ ചെയ്തിട്ടു ണ്ട്. അവരെ നേരിൽ കാണുമ്പോഴുള്ള സന്തോഷം എത്രമാത്രം മഹത്വകരമായിരിക്കും.

യേശുക്രിസ്തു വാതിൽ അടച്ചിരിക്കെ ശിഷ്യന്മാരുടെ നടുവിൽ മുറിക്കകത്ത് പ്രത്യക്ഷപ്പെട്ടതു പോലെ (യോഹ.20:19) കല്ലറ അട ഞ്ഞിരിക്കുമ്പോൾ തന്നെ പുറത്തു വരുവാനും വാതിൽ അടച്ചിരിക്കെ അകത്തു വരുവാനും പുറത്തു പോകുവാനും കഴിയുന്ന ഒരു ശരീര മായിരിക്കും നമുക്കും ലഭിക്കുന്നത്.

കൂടാതെ നാം ഉദ്ദേശിക്കുന്ന സ്ഥലത്ത് നൊടിയിടയിൽ എത്തു വാൻ നമുക്ക് കഴിയും. യേശുക്രിസ്തുവിന്റെ കല്ലറയുടെ അരികിൽ അതിരാവിലെ എത്തിയ മഗ്ദലക്കാരത്തി മറിയയോട് യേശു "എന്നെ തൊടരുത്, ഞാൻ ഇതു വരെ പിതാവിന്റെ അടുക്കൽ കയറിപ്പോ യിട്ടില്ല" എന്നു പറഞ്ഞെങ്കിലും (യോഹ.2016,17) യേശുക്രിസ്തു വിന്റെ ഉയർപ്പ് ശിഷ്യന്മാരോട് അറിയിക്കുവാൻ അവർ ഓടിപ്പോ കുന്ന വഴിയിൽ വെച്ച് യേശു അവരെ പിന്നെയും എതിരേറ്റതായി നാം കാണുന്നു (മത്താ. 28:8,9). അപ്പോൾ അവർ അവന്റെ കാൽ പിടിച്ച് അവനെ നമസ്ക്കരിച്ചു എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഈ സംഭവങ്ങൾക്കിടയിൽ യേശു സ്വർഗ്ഗസ്ഥലങ്ങളിലേക്ക് കരേറി പ്പോകയും മരിച്ചു പോയ പഴയനിയമ വിശുദ്ധന്മാരുടെ ആത്മാക്കളെ സ്വർഗ്ഗസ്ഥലങ്ങളിൽ ആക്കുകയും ചെയ്തിട്ട് മടങ്ങി വരികയും ചെയ്തു (എഫെ.4:8-10). ഇതു പോലെ രൂപാന്തര ശരീരികളാകുന്ന വിശുദ്ധന്മാർക്കും ആഗ്രഹിക്കുന്ന സ്ഥലങ്ങളിൽ നൊടിയിടയിൽ പോയി വരുവാൻ കഴിയുന്ന ശരീരഘടനയായിരിക്കും ലഭിക്കുന്ന ത്. അന്ത്യന്യായവിധിയിൽ പ്രധാന ജഡ്ജിയാകുന്ന യേശുക്രിസ്തു വിനോടു കൂടെ (യോഹ.5:22) തന്റെ വിശുദ്ധന്മാരും ന്യായാസന ത്തിൽ തന്നോടു കൂടെ വിധി പറയുന്നവരായിരിക്കും. ഇതു സംബ ന്ധിച്ച് വിശുദ്ധ പൗലോസ് പറയുമ്പോൾ (1കൊരി.6:1-3). നാം ലോക ത്തെയും ദൂതന്മാരെയും വിധിപ്പാൻ യോഗ്യരായിത്തീരും എന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ നാം വിധി പറയണമെങ്കിൽ ഇന്നു കാ ണുന്ന ജ്ഞാനമല്ല അന്നു നമുക്കുള്ളത്. വിധിയിൽ അപാകത വരാതെ കേസ്സിന്റെ സകല വശങ്ങളും മനസ്സിലാക്കി വിധി പറയ ത്തക്ക നിലയിൽ നാം പ്രാപ്തരായിത്തീരും എന്നുള്ളത് രൂപാന്തര ശരീരത്തിന്റെ പ്രത്യേകതകൾ ആയിരിക്കും.

ദൈവത്തിന്റെ സൃഷ്ടികൾ ദൈവപുത്രന്മാരുടെ വെളിപ്പാടിനെ

ആകാംഷയോടെ കാത്തിരിക്കുന്നു. സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്വത്തിൽ നിന്നു വിടുതലും, ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായക്ക് കീഴ്പ്പെട്ടിരിക്കുന്നു. സർവ്വസൃഷ്ടിയും ഇന്നു വരെ ഒരു പോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു എന്ന് നാം അറിയുന്നുവല്ലോ. ആത്മാവ് എന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തെ കാത്തു കൊണ്ട് ഉള്ളിൽ ഞരങ്ങുന്നു.

ദൈവം നമുക്ക് നൽകിത്തന്ന രൂപാന്തരത്തിന്റെ പ്രത്യാശക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ജാതികൾക്ക് ഈ പ്രത്യാശയില്ല. ഞാൻ കുമ്പനാട്ട് ബൈബിൾ കോളജിൽ പഠിക്കുവാനായി എന്റെ സമീപ സ്ഥലമായ വള്ളക്കാലിയിൽ ബസ് കാത്തു നില്ക്കുമ്പോൾ രണ്ടു കാളകൾ കപ്പ കയറ്റിയ കാളവണ്ടി വലിച്ച് കഷ്ടപ്പെട്ട് വള്ളക്കാലി പാലത്തിന്റെ കയറ്റം കയറുന്നതു കണ്ട് എന്റെയടുത്ത് ഒരു ഹൈന്ദവ സഹോദരൻ നിന്നിരുന്നു. അദ്ദേഹം ഈ കാളകളെ കണ്ടിട്ട് ഇപ്രകാരം പറഞ്ഞു, കഴിഞ്ഞ ജന്മത്തിൽ ഈ കാളകൾ രണ്ട് മജിസ്ട്രേട്ടുമാരായിരുന്നു. അന്യായമായി വിധിച്ചതിനാൽ ഈ ജന്മത്തിൽ കാളകളായി വന്നതാണെന്ന്.

വിശുദ്ധ പൗലോസ് പറയുന്നു: “സഹോദരന്മാരെ നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരേപ്പോലെ ദുഃഖിക്കാതിരിക്കേണ്ടതിന് നിദ്ര കൊള്ളുന്നവരെക്കുറിച്ച് അറിവില്ലാത്തവരാകരുത് എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കയും ജീവിച്ചെഴുന്നേല്ക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നെ ദൈവം നിദ്ര കൊണ്ടവരെയും യേശു മുഖാന്തരം അവനോടു കൂടെ വരുത്തും. കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പ്പാൻ മേഘത്തിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും” (1തെസ്സ 4:13-18).

ആകയാൽ ദൈവമക്കളെ നമ്മുടെ രൂപാന്തരത്തിന്റെ സമയം അടുത്തു പോയി. പൗലോസ് പറയുന്നതു പോലെ “വല്ല വിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള രൂപാന്തരം പ്രാപിക്കേണ്ടതിനായി” (ഫിലി.3:10-15). ദൈവീക പ്രമാണങ്ങൾ പാലിച്ച് വിശുദ്ധിയെ തികച്ചു കൊണ്ട് കർത്താവിന്റെ വരവിനായി നോക്കിപ്പാർക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

# 8

# സീയോൻ പർവ്വതം
## (പ്രത്യാശയുടെ പർവ്വതം)

രക്ഷയുടെ പർവ്വതമാകുന്ന അരാരാത്തിൽ നിന്ന് യാത്ര തിരിക്കുന്ന ഒരു ദൈവപൈതൽ തുടർന്ന് അനുസരണത്തിന്റെ മലയാകുന്ന മോറിയായിലും പിന്നീട് നിയമത്തിന്റെയും ഉപദേശത്തിന്റെയും മലയാകുന്ന സീനായിയിലും അതിനെത്തുടർന്ന് അഗ്നി കത്തിയുള്ള ആരാധനയുടെ സ്ഥലമായ കർമ്മേലിലും, നിരന്തര പ്രാർത്ഥനയുടെ സ്ഥലമായ ഒലിവ് മലയിലും, കഷ്ടതയുടെ മലയാകുന്ന ഗോൽഗോഥായിലും അതിനെത്തുടർന്ന് രൂപാന്തരത്തിന്റെ മലയാകുന്ന താബോറിലും കയറിയ ശേഷം ഒടുവിൽ വന്നു നില്ക്കേണ്ട പർവ്വതമാണ് സീയോൻ പർവ്വതം. യഹോവയായ ദൈവം വസിക്കുന്ന സ്ഥലമാണ് സീയോൻ. അക്ഷരീകമായ ഭൂമിയിൽ സീയോനും, സീയോൻ പർവ്വതവും ഉണ്ടെങ്കിലും ഇവിടെ പ്രതിവാദിക്കുവാൻ ആഗ്രഹിക്കുന്നത് സ്വർഗ്ഗീയ സീയോനെക്കുറിച്ചാണ്. “നമ്മുടെ ദൈവത്തിന്റെ നഗരത്തിൽ അവന്റെ വിശുദ്ധ പർവ്വതത്തിൽ യഹോവ വലിയവനും അത്യന്തം സ്തുത്യനും ആകുന്നു. മഹാരാജാവിന്റെ നഗരമായ ഉത്തരഗിരിയായ സീയോൻ പർവ്വതം ഉയരം കൊണ്ട് മനോഹരവും സർവ്വഭൂമിയുടെയും ആനന്ദവുമാകുന്നു. അതിന്റെ അരമനകളിൽ ദൈവം ഒരു ദുർഗ്ഗമായി വെളിപ്പെട്ടു വന്നിരിക്കുന്നു”(സങ്കീ.48:1-3). “സീയോനിൽ വസിക്കുന്ന യഹോവക്ക് സ്തോത്രം പാടുവിൻ”(സങ്കീ.9:11). “സീയോനിൽ നിന്ന് യിസ്രായേലിന്റെ രക്ഷ വന്നെങ്കിൽ” (സങ്കി.14:7). “യഹോവ സീയോനിൽ നിന്ന് നിന്നെ താങ്ങുമാറാകട്ടെ” (സങ്കി.20:2). “എന്റെ വിശുദ്ധപർവ്വതമായ സീയോനിൽ ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു” (സങ്കീ.2:6). “അവന്റെ കൂടാരം ശാലേമിലും അവന്റെ വാസസ്ഥലം സീയോനിലും ഇരിക്കുന്നു” (സങ്കീ.76:2). “യഹോവ സീയോനിൽ വലിയവനും സകല ജാതികൾക്കും മീതെ ഉന്നതനും ആകുന്നു” (സങ്കീ.99:2). “യഹോവയിൽ ആശ്ര

യിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നില്ക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു" (സങ്കീ.125:1). "യഹോവ സീയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും" (128:5). "ഇതാ, ഞാനും യഹോവ എനിക്ക് തന്ന മക്കളും സീയോൻ പർവ്വതത്തിൽ അധിവസിക്കുന്ന സൈന്യങ്ങളുടെ യഹോവയാൽ യിസ്രായേലിൽ അടയാളങ്ങളും അത്ഭുതങ്ങളും ആയിരിക്കുന്നു" (യെശ.8:18). "വിടുവിക്കുന്നവൻ സീയോനിൽ നിന്ന് വരും" (റോമ. 11:26). "പിന്നെയോ നിങ്ങൾ വന്നിരിക്കുന്നത് സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരുശലേമിനും അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിനും" (എബ്രാ. 12:22).

ഇവിടെ പ്രസ്താവിക്കപ്പെട്ട ഈ വാക്യങ്ങളിൽ നിന്ന് സ്വർഗ്ഗീയ സീയോൻ ദൈവത്തിന്റെ വാസസ്ഥലം ആകുന്നു എന്ന് നമുക്ക് വ്യക്തമായ തെളിവുകൾ നൽകുന്നു. ആ സ്വർഗ്ഗസീയോനിൽ നിന്ന് നമ്മുടെ രക്ഷക്കായി ഇറങ്ങി വന്ന യേശുക്രിസ്തു പിതാവായ ദൈവം തനിക്ക് ഏല്പ്പിച്ചു നൽകിയ ശുശ്രൂഷ തികച്ച ശേഷം തിരികെ സ്വർഗ്ഗസീയോനിലേക്ക് മടങ്ങിപ്പോയി. (യോഹ.17:4-11). എന്നാൽ അതിന് മുമ്പായി ശിഷ്യന്മാരോട് യേശു പറഞ്ഞു: "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്: ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും" (യോഹ. 14:1-3). അതേ, കർത്താവ് വീണ്ടും വരുന്നത് തനിക്കായി കാത്തു നില്ക്കുന്ന തന്റെ വിശുദ്ധന്മാരെ സ്വർഗ്ഗസ്ഥലങ്ങളിൽ ചേർത്തു കൊള്ളേണ്ടതിനാണ്. "എല്ലാവരും സീയോനിൽ ദൈവസന്നിധിയിൽ ചെന്നെത്തുന്നു" (സങ്കീ.84:7).

"അങ്ങനെ യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ മടങ്ങി ഉല്ലാസഘോഷത്തോടെ സീയോനിലേക്ക് വരും. നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും. അവർ ആനന്ദവും സന്തോഷവും പ്രാപിക്കും. ദുഃഖവും നെടുവീർപ്പും ഓടിപ്പോകും" (യെശ.35:10). "പിന്നെ ഞാൻ സീയോൻ മലയിൽ കുഞ്ഞാടും അവനോട് കൂടെ നെറ്റിയിൽ അവന്റെ നാമവും, പിതാവിന്റെ നാമവും എഴുതിയിരിക്കുന്ന നൂറ്റിനാൽപ്പത്തിനാലായിരം പേരും നില്ക്കുന്നത് കണ്ടു" (യെശ.51:11, വെളി. 14:1). വിശുദ്ധന്മാർ സ്വർഗ്ഗസീയോനിൽ തേജസ്സിന്റെ ശരീരത്തിൽ എത്തിച്ചേരുന്നത് കർത്താവിന്റെ വരവിലാണ്. അതിനെ സംബന്ധിച്ച് വിശുദ്ധപൗലോസ് പറയുന്നത്: "കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹള

ത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും: ഇങ്ങനെ നാം എപ്പോഴും കർത്താവിനോട് കൂടെയിരിക്കും" (1 തെസ്സ.16-18).

നാം പോകുന്ന സ്ഥലത്തേക്കുറിച്ച് ശരിയായ ഒരു വെളിപ്പാട് നമുക്ക് ലഭിച്ചിട്ടില്ല. ഇപ്പോൾ നാം അംശമായി മാത്രമേ അറിയുന്നുള്ളു. എങ്കിലും ദൈവവചനം വെളിപ്പെടുത്തിത്തന്നിട്ടുള്ള യാഥാർത്ഥ്യങ്ങൾ നാം അറിയാതിരിക്കരുത്. സീയോൻ പർവ്വതം എന്നു കേൾക്കുമ്പോൾ തരിശ്ശായിക്കിടക്കുന്ന വെറും മൊട്ടക്കുന്ന് ആകുന്നുവെന്ന് ആരും ധരിക്കരുത്. ദൈവത്തിന്റെ സൃഷ്ടികളിൽ ഒരു ഗോളമായിരിക്കുന്ന ഭൂമിക്ക് വർണ്ണിക്കുവാൻ വയ്യാത്ത നിലയിലുള്ള സൗന്ദര്യം ഉണ്ടെങ്കിൽ ദൈവം വസിക്കുന്ന സ്വർഗ്ഗസീയോൻ എത്രയോ കോടി മടങ്ങ് മനോഹാരിത ഉള്ളതായിരിക്കും.

ചിലർക്കെല്ലാം സ്വർഗ്ഗത്തെക്കുറിച്ച് വികലമായ കാഴ്ചപ്പാടാണുള്ളത്. ഒരിക്കൽ ഒരുപദേശി അമ്മച്ചിയോട്: അമ്മച്ചി ഇങ്ങനെയിരുന്നാൽ മതിയോ? സ്വർഗ്ഗത്തിൽ പോകാണ്ടായോ? എന്നു ചോദിച്ചു; ഉടനെ അമ്മച്ചി ഉപദേശിയോട് പറഞ്ഞു, പോകണം എന്നുണ്ട്. എന്നാൽ അവിടെ വെറ്റില കൂട്ടി മുറുക്കാൻ കിട്ടുമോ എന്ന് ചോദിച്ചു. ഉടനെ ഉപദേശി പെട്ടെന്നിങ്ങനെ പ്രതികരിച്ചു: അമ്മച്ചിക്ക് അതു വേണമെന്ന് നിർബ്ബന്ധമാണേൽ ഒരു പക്ഷേ ദൈവം തന്നേക്കും. പക്ഷേ അവിടം അതിവിശുദ്ധമായതിനാൽ തുപ്പുവാൻ പറ്റത്തില്ല എന്ന് പറഞ്ഞു.

അനേക വർഷങ്ങൾക്കു മുമ്പ് ഒരു രാജ്യത്ത് ദീർഘനാളുകൾ മഴ പെയ്യാതിരുന്നതിനാൽ കൃഷികൾ നശിക്കുകയും, തൽഫലമായി മൃഗങ്ങൾ ചത്തൊടുങ്ങുകയും ചെയ്തു. ആ രാജ്യത്തിന്റെ സമ്പത്തായിരുന്ന കറവയുള്ള പശുക്കളെ രക്ഷിക്കുവാൻ അവർ തീരുമാനിക്കുകയും അതിനായി മഴ പെയ്യുന്നതു വരെ അവിടെയുള്ള പശുക്കളെ കപ്പലിൽ ആസ്ത്രേലിയായ്ക്ക് കൊണ്ടു പോയി രക്ഷിക്കുവാനും ക്രമീകരണം ചെയ്തു.

കപ്പലിൽ പശുക്കൾക്ക് തിന്നുവാൻ വൈക്കോൽ സംഭരിച്ചിരുന്നു. മൃഗഡോക്ടർമാരും കപ്പലിൽ ഉണ്ടായിരുന്നു. ഈ കപ്പൽ സഞ്ചരിച്ച് ഒരു സ്ഥലത്തു ചെന്നപ്പോൾ പശുക്കൾ വൈക്കോൽ തിന്നുന്നത് നിർത്തി. അതിന്റെ കാരണം അന്വേഷിച്ചപ്പോൾ അവർക്ക് ഒരു കാര്യം മനസ്സിലായി. കപ്പൽ ആസ്ത്രേലിയൻ തീരത്തോട് അടുക്കാറായി. അവിടെ നിന്നും കടലിലേക്ക് അടിച്ച കാറ്റിൽ പച്ചപ്പുല്ലിന്റെ മണം ഇതിന്റെ മൂക്കിൽ അത് ശ്വസിച്ചു; അപ്പോൾ പശുക്കൾ തീരുമാനിച്ചു. ഇനി ഉണക്കക്കച്ചി തിന്നേണ്ട കാര്യമില്ല. താമസം കൂടാതെ പച്ചപ്പുല്ല് ഭക്ഷിക്കാം എന്ന ഉറപ്പ് ലഭിച്ചു. ഇതു പോലെ

സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന പരിശുദ്ധാത്മാവ് സ്വർഗ്ഗസ്ഥലങ്ങളിലുള്ള അനുഭവങ്ങളെക്കുറിച്ചുള്ള വെളിപ്പാട് നമുക്ക് തന്നതുകൊണ്ടാണ്; ഈ ലോകക്കാർ അനുഭവിക്കുന്നത് പലതും നാം അനുഭവിക്കാത്തതും, അവർ കാണുന്നത് പലതും നാം കാണാത്തതും, അവർ കേൾക്കുന്നത് എല്ലാം നാം കേൾക്കാത്തതും, അവർ രുചിക്കുന്നത് പലതും നാം രുചിക്കാത്തതും.

ചന്ദ്രനിലും ശൂന്യാകാശത്തിലും പോകുന്നവർ അവർ പോകുന്ന സ്ഥലത്തിന് അനുസരിച്ച് എത്രയോ വർഷങ്ങൾ കഠിനമായ ട്രെയിനിംഗുകൾ നടത്തിയ ശേഷം പോകുന്നതു പോലെ നാം പോകുവാൻ പോകുന്ന സ്വർഗ്ഗസീയോനിലെ വിശുദ്ധിക്ക് അനുസരിച്ച് ഭൂമിയിൽ വെച്ചു തന്നേ നമ്മുടെ ജീവിതത്തെ ചിട്ടപ്പെടുത്തേണ്ടതുണ്ട്. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

**സ്വർഗ്ഗത്തിൽ നമുക്ക് ഉള്ളത്**

***1. പിതാവായ ദൈവം***

തിരുവചനം നാം പരിശോധിക്കുമ്പോൾ ദൈവത്തെ പിതാവായ ദൈവം എന്ന് വിളിച്ചിരിക്കുന്നത് കാണുവാൻ സാധിക്കും. “നീയല്ലോ ഞങ്ങളുടെ പിതാവ്-നീയോ യഹോവേ, ഞങ്ങളുടെ പിതാവാകുന്നു. യുഗാരംഭം മുതൽ ഞങ്ങളുടെ വിണ്ടെടുപ്പുകാരൻ എന്നാകുന്നു നിന്റെ നാമം” (യെശ.63:16).

“ഞാൻ യിസ്രായേലിന് പിതാവും എഫ്രയീം എന്റെ ആദ്യജാതനുമല്ലോ” (യിര.31:9). “മകൻ അപ്പനേയും ദാസൻ യജമാനനേയും ബഹുമാനിക്കേണ്ടതല്ലോ. ഞാൻ അപ്പൻ എങ്കിൽ എന്നോടുള്ള ബഹുമാനം എവിടെ?”(മലാ. 1:6). “നമുക്കെല്ലാവർക്കും ഒരു പിതാവല്ലോ ഉള്ളത്. ഒരു ദൈവം തന്നെയല്ലോ നമ്മെ സൃഷ്ടിച്ചത്” (മലാ. 2:10).

യേശുക്രിസ്തു ഭൂമിയിൽ വന്നപ്പോൾ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ച ആദ്യവാചകം തന്നെ ദൈവത്തെ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് സംബോധന ചെയ്യുവാനാണ് (മത്താ. 6:9). “ആകാശത്തിലോ, ഭൂമിയിലോ ദേവന്മാർ എന്ന് പേരുള്ളവർ ഉണ്ടെന്ന് വരികിലും പിതാവായ ഏകദൈവമേ നമുക്കുള്ളു; അവൻ സകലത്തിനും കാരണഭൂതനും നാം അവനായി ത്തന്നേ ജീവിക്കേണ്ടതും ആകുന്നു” (1കൊരി.8:5,6). “അതു നിമിത്തം ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടു കുത്തുന്നു”(എഫെ.3:14,15). “അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽ നിന്നത്രേ ജനി

ച്ചത്" (യോഹ.1:12,13). "ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു" (ഗലാ.3:26) . "കാൺമീൻ, നാം ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു. അങ്ങനെ തന്നേ നാം ആകുന്നു. പ്രീയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു" (1 യോഹ.3:1,2).

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ ശേഷം മഗ്ദലക്കാരത്തി മറിയയോട് പറഞ്ഞു: "നീ സഹോദരന്മാരുടെ അടുക്കൽ ചെന്ന്: എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ ഞാൻ കയറിപ്പോകുന്നു എന്ന് അവരോട് പറക എന്നു പറഞ്ഞു" (യോഹ. 20:17,18). "ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു. നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന് ദാസ്യത്തിന്റെ ആത്മാവിനെ അല്ല: നാം അബ്ബാ പിതാവേ എന്ന് വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചത്" (റോമ. 8:14,15). "നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവ് താനും നമ്മുടെ ആത്മാവോട് സാക്ഷ്യം പറയുന്നു. നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളും തന്നെ" (റോമ. 8:16,17).

"ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല: ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ട്"(2യോഹ. 9).

ഈ പിതാവായ ദൈവത്തെ മനുഷ്യന്റെ നഗ്നനേത്രങ്ങൾ കൊണ്ട് കാണുവാൻ കഴിയുകയില്ല. ഒരിക്കൽ ദൈവം മോശെയോട് പറഞ്ഞു: "നിനക്ക് എന്റെ മുഖം കാണ്മാൻ കഴികയില്ല. ഒരു മനുഷ്യനും എന്നെ ക്കണ്ട് ജീവനോടെ ഇരിക്കയില്ല" (പുറ.33:20) (1തിമൊ.6:15,16). എന്നാൽ രൂപാന്തരശരീരം പ്രാപിച്ച വിശുദ്ധന്മാർ അവനെ കാണും. "ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും; അവന്റെ ദാസന്മാർ അവനെ ആരാധിക്കും. അവർ അവന്റെ മുഖം കാണും"(വെളി.22:3,4,). നമ്മുടെ പിതാവായ ദൈവത്തെ നാം മുഖാമുഖം കാണും എന്നുള്ളത് എത്രയോ സന്തോഷകരമാണ്.

***2. യേശുക്രിസ്തുവിനെ നാം അവന്റെ മഹത്വത്തിൽ ദർശിക്കും.***

യേശുക്രിസ്തുവിന് മൂന്ന് ഔദ്യോഗികസ്ഥാനങ്ങളാണുള്ളത്. യേശു ഭൂമിയിലായിരുന്നപ്പോൾ പ്രവാചകനായും, ഇപ്പോൾ സ്വർഗ്ഗസ്ഥലങ്ങളിൽ മഹാപുരോഹിതനായും, ഭാവിയിൽ രാജാധിരാജാവായും നമുക്ക് വെളിപ്പെടും. പിതാവായ ദൈവത്തിൽ നിന്ന് പാപത്താൽ തെറ്റി അകന്നു പോയ മനുഷ്യനെ, വീണ്ടും ദൈവത്തോട് നിരപ്പിക്കേണ്ടതിന് കാൽവറി ക്രൂശിൽ നമ്മുടെ പാപത്തിന്റെ ശിക്ഷ

യായ ക്രൂശ്മരണം സ്വയം വരിച്ച് നമ്മെ വീണ്ടെടുത്ത യേശുക്രിസ്തുവിനെ അവന്റെ പൂർണ്ണമഹത്വത്തിൽ ദർശിക്കുക എന്നുള്ളത് എത്രയോ ഭാഗ്യകരമായ അവസ്ഥയാണ്.

കാൽവറി ക്രൂശിൽ കണ്ടാൽ ആളല്ല എന്ന് തോന്നുമാറ് മുഖം വിരൂപമായ യേശുവിനെ അല്ല, പിന്നെയോ നിലയങ്കി ധരിച്ച് മാറത്ത് പൊൻകച്ച കെട്ടിയവനായി തലയും തലമുടിയും വെളുത്ത പഞ്ഞി പോലെ ഹിമത്തോളം വെള്ളയും കണ്ണ് അഗ്നിജ്വാലക്ക് ഒത്തതും, കാൽ ഉലയിൽ ചുട്ട് പഴുപ്പിച്ച വെള്ളോട്ടിന് സദൃശ്യവും പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെ ശബ്ദവുമുള്ള തേജസ്ക്കരിക്കപ്പെട്ട യേശുക്രിസ്തുവിനെയാണ് നാം കാണുന്നത് (വെളി.1:12-15).

എങ്കിലും ദൈവകൃപയാൽ എല്ലാവർക്കും വേണ്ടി മരണം ആസ്വദിപ്പാൻ ദൂതന്മാരിലും അല്പം മാത്രം താഴ്ച വന്നവനായ യേശു മരണം അനുഭവിച്ചതു കൊണ്ട് അവനെ മഹത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു (എബ്രാ.2:7).

യേശുക്രിസ്തുവിന്റെ ഭൂമിയിൽ വെച്ചുള്ള മദ്ധ്യസ്ഥപ്രാർത്ഥനയിൽ ഇപ്രകാരം പ്രാർത്ഥിച്ചു "പിതാവേ, നീ ലോകസ്ഥാപനത്തിന് മുമ്പേ എന്നെ സ്നേഹിച്ചിരിക്ക കൊണ്ട് എനിക്ക് നൽകിയ മഹത്വം നീ എനിക്ക് തന്നിട്ടുള്ളവർ കാണേണ്ടതിന് ഞാൻ ഇരിക്കുന്ന ഇടത്ത് അവരും ഇരിക്കേണമെന്ന് ഞാൻ ഇച്ഛിക്കുന്നു"(യോഹ.17:24).

യേശു തന്റെ ശിഷ്യന്മാരോടായി പറഞ്ഞു: "ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും" (യോഹ.14:3). ഇപ്പോൾ നാം യേശുവിനെ വിശ്വാസക്കണ്ണാൽ കാണുന്നു. എന്നാൽ നാം ഭാവിയിൽ നമ്മുടെ കർത്താവിനെ തന്റെ മഹത്വത്തിൽ മുഖാമുഖം ദർശിക്കും.

***3) പരിശുദ്ധാത്മാവാം ദൈവം***

ദൈവീക ത്രിത്വത്തിലെ ഒരു വ്യക്തിയാണ് പരിശുദ്ധാത്മാവ്. പിതാവിനോടും പുത്രനോടും സാരാംശത്തിൽ സമത്വമുള്ള സർവ്വശക്തിയുള്ള ദൈവമായിട്ടാണ് പരിശുദ്ധാത്മാവിനെ തിരുവചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്. പഴയനിയമത്തിൽ പരിശുദ്ധാത്മാവ് ദൈവീക പ്രവർത്തനത്തോടുള്ള ബന്ധത്തിൽ ഭൂമിയിൽ ചില വ്യക്തികളുടെ അടുത്തേക്ക് വന്നും പോയും കൊണ്ടിരുന്നു. എന്നാൽ പുതിയ നിയമസഭയോടുള്ള ബന്ധത്തിൽ പെന്തെക്കോസ്ത് നാളിൽ ഇറങ്ങി വന്ന പരിശുദ്ധാത്മാവ് സഭയുടെ ഉത്പ്രാപണം വരെയും ഭൂമിയിൽ ഉണ്ടായിരിക്കും. ഇപ്പോൾ നാം പരിശുദ്ധാത്മാവിനെ അനുഭവിച്ച് അറിയുന്നു.

അന്ത്യകാലത്ത് അധർമ്മമൂർത്തി (എതിർ ക്രിസ്തു) വെളിപ്പെ

ടുന്നതിനെക്കുറിച്ച് വിശുദ്ധ പൗലോസ് എഴുതുമ്പോൾ "അവൻ സമയത്തിന് മുമ്പേ വെളിപ്പെടാതിരിക്കേണ്ടതിന് ഇപ്പോൾ തടുക്കുന്നത് എന്ത് എന്ന് നിങ്ങൾ അറിയുന്നു. അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്. ഇതുവരെ തടുക്കുന്നവൻ വഴിയിൽ നിന്ന് നീങ്ങിപ്പോകമാത്രം വേണം. അപ്പോൾ അധർമ്മമൂർത്തി വെളിപ്പെട്ടു വരും" (2തെസ്സ.2:3–8). ഈ വാക്യത്തിന്റെ അർത്ഥം അധർമ്മമൂർത്തി പെട്ടെന്ന് വെളിപ്പെടാതെയിരിക്കുന്നത് അതിനെ തടുക്കുന്ന പരിശുദ്ധാത്മാവ് ഭൂമിയിൽ ഉള്ളതു കൊണ്ടാണെന്ന്. എന്നാൽ കർത്താവിന്റെ വരവിങ്കൽ പരിശുദ്ധാത്മാവ് സഭയുമായി സ്വർഗ്ഗസ്ഥലങ്ങളിലേക്ക് കരേറിപ്പോകും. തദവസരം തന്റെ വിശുദ്ധന്മാർക്ക് ത്രിയേകദൈവത്തിന്റെ (പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്) പൂർണ്ണ മഹത്വം അവിടെ ദർശിക്കുവാൻ കഴിയും.

### *4) സ്വർഗ്ഗത്തിലുള്ള പുസ്തകങ്ങൾ*

തിരുവചനം നാം പരിശോധിക്കുമ്പോൾ സ്വർഗ്ഗസ്ഥലങ്ങളിൽ ഏറ്റവും കുറഞ്ഞത് മൂന്നു പുസ്തകങ്ങളുള്ളതായി വെളിപ്പെടുത്തിയിരിക്കുന്നു. ദാനിയേൽ തന്റെ ദർശനത്തിൽ ന്യായവിസ്താരത്തിനായിരിക്കുന്ന ദൈവത്തെയും ന്യായവിസ്താര സഭയെയും കാണുമ്പോൾ അവരുടെ മുമ്പാകെ പുസ്തകങ്ങൾ തുറക്കപ്പെടുന്നതായി കാണുന്നു (ദാനി.7:9,10).

ഈ കാര്യം തന്നെ വെളിപ്പാടിൽ യോഹന്നാൻ ദർശിക്കുമ്പോൾ പുസ്തകങ്ങൾ തുറന്നു. പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന് ഒത്തവണ്ണം ന്യായവിധി ഉണ്ടായി എന്നും കാണുന്നു (വെളി.20:12).

### *A. ജീവപുസ്തകം:*

കർത്താവ് തന്റെ 70 ശിഷ്യന്മാരോട് പറഞ്ഞു ഭൂതങ്ങൾ നിങ്ങൾക്ക് കീഴടങ്ങുന്നതിലല്ല, നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ (ലൂക്കോ.10:20).

ഈ പുസ്തകത്തിൽ പേർ എഴുതുന്നത് യഹോവയായ ദൈവം ആണ്. "യഹോവ വംശങ്ങളെ എഴുതുമ്പോൾ അവൻ അവിടെ ജനിച്ചു എന്നിങ്ങനെ എണ്ണും" (സങ്കീ.87:6). മോശ ഇതിനെക്കുറിച്ച് പറയുമ്പോൾ "എങ്കിലും നീ അവരുടെ പാപം ക്ഷമിക്കേണമേ: അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽ നിന്ന് എന്റെ പേർ മായിച്ചു കളയേണം" (പുറ.32:32;സങ്കീ.69:28).

വിശുദ്ധപൗലോസ് ഈ പുസ്തകത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ "ജീവപുസ്തകത്തിൽ പേരുള്ള ക്ലേമന്ത് മുതലായ എന്റെ കൂട്ടുവേലക്കാരുമായി ആ സ്ത്രീകൾ എന്നോട് കൂടെ സുവിശേഷഘോഷണത്തിൽ പോരാടിയിരിക്കുന്നു" (ഫിലി.4:3). "കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവനല്ലാതെ അശുദ്ധമായത് യാതൊന്നും, മ്ലേച്ഛതയും പ്രവർത്തിക്കുന്നവൻ ആരും അതിൽ കട

ക്കുകയില്ല" (വെളി 21:27). "അന്ന് നിന്റെ ജനം പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവരും തന്നേ രക്ഷപ്രാപിക്കും(ദാനി.12:1). "എങ്കിലും ഉടുപ്പ് മലിനമാകാത്ത കുറേപ്പേർ സർദ്ദീസിൽ നിനക്കുണ്ട്. അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചും കൊണ്ട് എന്നോട് കൂടെ നടക്കും... അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽ നിന്ന് മായിച്ചു കളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ  ഞാൻ ഏറ്റു പറയും" (വെളി. 3:4,5). "ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും" (വെളി.20:15).

ദൈവത്തെ വിട്ടു പോകുന്നവരുടെ പേർ മണ്ണിൽ എഴുതി വെക്കുമ്പോഴും (യിര.17:13), നാം സാമുദായിക സഭകളിൽ നിന്ന് വിശ്വാസ സത്യത്തിലേക്ക് വന്നതിനാൽ പല പള്ളികളിൽ നിന്ന് നമ്മുടെ പേർ വെട്ടിയപ്പോഴും നാം നിരാശരാകാഞ്ഞതിന്റെ കാരണം നമ്മുടെ പേർ ജീവന്റെ പുസ്തകത്തിൽ എഴുതി എന്ന് ഉറപ്പുള്ളതിനാൽ ആയിരുന്നു.

### *B. വിശുദ്ധബൈബിൾ*

"യഹോവേ നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു" (സങ്കീ 119:89). വിശുദ്ധപൗലോസ് ഇതു സംബന്ധിച്ച് പറയുമ്പോൾ: "ദൈവം യേശുക്രിസ്തു മുഖാന്തരം മനുഷ്യരുടെ രഹസ്യങ്ങളെ എന്റെ സുവിശേഷപ്രകാരം ന്യായം വിധിക്കുന്ന നാളിൽ തന്നേ" (റോമ.2:16).

യഹൂദാ രാജാവായ യെഹോയാക്കീമിന്റെ കാലത്ത് ദൈവം യിരമ്യാവിനോട് അരുളിച്ചെയ്ത വചനങ്ങൾ തന്റെ നിർദ്ദേശപ്രകാരം ബാരൂക് പുസ്തകച്ചുരുളിൽ എഴുതി. എന്നാൽ രാജാവ് ഹേമന്ത ഗൃഹത്തിൽ ഇരിക്കുമ്പോൾ ഇത് വായിച്ചു കേൾക്കയും തനിക്ക് ഇത് ഇഷ്ടപ്പെടായ്കയാൽ ഒരു കത്തി കൊണ്ട് കണ്ടിച്ച് നെരിപ്പോട്ടിലെ തീയിൽ വെന്തു പോകും വരെ ഇടുകയും ചെയ്തു; എന്നാൽ ദൈവം വീണ്ടും യിരമ്യാവിനെക്കൊണ്ട്  രാജാവ് ചുട്ടു കളഞ്ഞ ഭാഗങ്ങൾ വീണ്ടും എഴുതിക്കുകയും ചെയ്തു (യിര.36:1-32). ലോകത്തിലുള്ള എല്ലാ ബൈബിളും നശിപ്പിച്ചാലും ഇതിന്റെയൊരു യഥാർത്ഥ കോപ്പി സ്വർഗ്ഗസ്ഥലങ്ങളിൽ ഉണ്ട്. "കർത്താവിന്റെ വചനമോ എന്നേക്കും നിലനില്ക്കുന്നു. അത് ആകുന്നു നിങ്ങളോട് പ്രസംഗിച്ച വചനം"(1പത്രോ 1:25). "ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും. എന്റെ വചനങ്ങളോ ഒഴിഞ്ഞു പോകയില്ല" (മത്താ. 24:35). യേശുക്രിസ്തു പറഞ്ഞു, "സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും വരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒഴിഞ്ഞു പോകയില്ല". നാം സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ നാം വായിക്കുകയും അംഗീകരിക്കുകയും ഉപദേശിക്കുകയും പഠിപ്പിക്കുകയും

ചെയ്യുന്ന വിശുദ്ധബൈബിൾ വീണ്ടും കാണുന്നതും എത്രയോ സന്തോഷകരമായിരിക്കും; ഒരു സഭയുടെയും പ്രമാണഗ്രന്ഥം അവിടെ കാണുകയില്ല, പിന്നെയോ വിശുദ്ധബൈബിൾ പ്രകാരം ആണോ നീ ജീവിതം നയിച്ചത് എന്നായിരിക്കും ന്യായവിസ്താരത്തിൽ ദൈവം ചോദിക്കുന്നത്. ആകയാൽ ദൈവവചനത്തിന് പ്രാധാന്യത നൽകി ദൈവവചനപ്രകാരം ജീവിതം നയിക്കുക.

***C. ഓർമ്മയുടെ പുസ്തകം:***

നാം ചെയ്യുകയും പറയുകയും ചെയ്യുന്ന കാര്യങ്ങൾ രേഖപ്പെടുത്തി വെച്ചിരിക്കുന്ന പുസ്തകമാണ് ഓർമ്മയുടെ പുസ്തകം.

‘‘യഹോവഭക്തന്മാർ അന്ന് തമ്മിൽതമ്മിൽ സംസാരിച്ചു: യഹോവ ശ്രദ്ധ വെച്ചു കേട്ടു: യഹോവഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്നവർക്കും വേണ്ടി അവന്റെ സന്നിധിയിൽ ഒരു സ്മരണപുസ്തകം എഴുതി വെച്ചിരിക്കുന്നു”(മലാഖി 3:16).

യഹോവഭക്തന്മാർ തമ്മിൽ തമ്മിൽ സംസാരിക്കുന്നത് യഹോവയായ ദൈവം കേൾക്കുക മാത്രമല്ല, അതെല്ലാം അവിടെ രേഖപ്പെടുത്തുകയും ന്യായവിധി ദിവസത്തിൽ ഈ കാര്യങ്ങൾ നമ്മുടെ മുമ്പിൽനിരത്തി വെക്കുകയും ചെയ്യും. “നീ ഇരുന്ന് നിന്റെ സഹോദരന് വിരോധമായി സംസാരിക്കുന്നു. നിന്റെ അമ്മയുടെ മകനെക്കുറിച്ച് അപവാദം പറയുന്നു. ഇവ നീ ചെയ്ത് ഞാൻ മിണ്ടാതിരിക്കയാൽ ഞാൻ നിന്നേപ്പോലെയുള്ളവനെന്ന് നീ നിരൂപിച്ചു. എന്നാൽ ഞാൻ നിന്നെ ശാസിച്ച് നിന്റെ കണ്ണിൻ മുമ്പിൽ അവയെ നിരത്തി വെക്കും” (സങ്കീ. 50:20,21). ദാവീദും ദൈവത്തോട് പറയുന്നു: “എന്റെ കണ്ണുനീർ നിന്റെ തുരുത്തിയിൽ ആക്കി വെക്കേണമേ; അത് നിന്റെ പുസ്തകത്തിൽ ഇല്ലയോ”? (സങ്കീ 56:8).

യേശുക്രിസ്തു തന്നെ പറഞ്ഞു, “നിങ്ങൾ ശിഷ്യൻ എന്ന് വെച്ച് ഈ ചെറിയവരിൽ ഒരുവന് ഒരു പാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്നവന് പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു” (മത്താ. 10:42), “ദൈവം നിങ്ങളുടെ പ്രവൃത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും, ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോട് കാണിച്ച സ്നേഹവും മറന്നുകളവാൻ തക്കവണ്ണം അനീതിയുള്ളവനല്ല” (എബ്രാ.6:10.).

അഹശ്വരോശ് രാജാവ് ദിനവൃത്താന്തങ്ങൾ എഴുതിയ പുസ്തകം വായിച്ചിട്ട് മൊർദ്ദേഖായിക്ക് ചെയ്യുവാൻ മറന്നു പോയ ബഹുമാനവും പദവിയും നൽകി ആദരിച്ചതു പോലെ (എസ്ഥേർ 6:1–11) നമ്മുടെ ദൈവവും ഓർമ്മയുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിന് അനുസരിച്ച് പ്രതിഫലങ്ങൾ നൽകുന്നതായിരിക്കും.

യഹോവയായ ദൈവം ശൗൽ രാജാവിനോട് പറഞ്ഞു. യിസ്രയേൽ മിസ്രയിമിൽ നിന്ന് പുറപ്പെട്ട് വരുമ്പോൾ വഴിയിൽ വെച്ച്

അമാലേക്യർ അവരെ ആക്രമിച്ചത് ഞാൻ കുറിച്ച് വെച്ചിരിക്കുന്നു (1ശമു.15:2, ആവ.25:18,19). ദൈവം യെശയ്യാവ് മുഖാന്തിരം ഇപ്രകാരം പറഞ്ഞു: "സ്വന്ത വിചാരങ്ങളെ അനുസരിച്ച് ആകാത്ത വഴിയിൽ നടക്കുന്ന മത്സരമുള്ള ജനങ്ങൾ തെറ്റായ വഴിയിൽ നടക്കുമ്പോൾ തന്നേ; ഞാൻ മറ്റുള്ളവരേക്കാൾ ശുദ്ധൻ എന്ന് പറയുന്നതിനാൽ അവരുടെ കാര്യവും യഹോവയായ ദൈവം തന്റെ മുമ്പാകെ എഴുതിവെച്ചിരിക്കുന്നു". ആകയാൽ ഓർമ്മയുടെ പുസ്തകം ദൈവസന്നിധിയിൽ ഉള്ളതുകൊണ്ട് നാം നമ്മുടെ പ്രവാസകാലം ഭയത്തോടുകൂടി കഴിക്കുക (യെശ 65: 1-6).

5) എന്റെ പൗരത്വം സ്വർഗ്ഗത്തിലാണ് (ഫിലി.3:20,21). ഒരാൾ വീണ്ടും ജനനാനുഭവം പ്രാപിക്കുമ്പോൾ അവൻ ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്നതിനാൽ അവൻ സ്വർഗ്ഗീയ പൗരത്വത്തിന് ഓഹരിക്കാരനായി തീരുന്നു. ഈ ഭൂമിയിൽ നിങ്ങൾക്ക് പൗരത്വം ഉണ്ടെങ്കിലും യഥാർത്ഥ പൗരത്വം നമുക്കുള്ളത് സ്വർഗ്ഗത്തിലാണ്. ഇവിടെ നാം വെറും അന്യരും പരദേശികളും ആണ് (എബ്രാ. 11:9,10,13, 1ദിന 29:15). അപ്പോസ്തലന്മാരുടെ കാലത്ത് റോമാ പൗരത്വം അന്നുള്ള വിവിധ രാജ്യങ്ങളിലെ പൗരത്വത്തേക്കാൾ വിലപ്പെട്ടതായിരുന്നു. റോമാസാമ്രാജ്യത്തിൽ ജനിക്കുന്ന ഒരാൾക്ക് ജനനത്താൽ റോമാ പൗരത്വം ലഭ്യമായിരുന്നു. വിശുദ്ധപൗലോസിന് ജനനത്താൽ തന്നേ റോമാ പൗരത്വം ലഭിച്ചിരുന്നു (പ്രവൃ. 22:28). ഇതുപോലെ സ്വർഗ്ഗീയ പൗരത്വം വീണ്ടും ജനനത്താൽ ലഭിക്കും (യോഹ 3:3). തന്നെയുമല്ല ഏറിയ മുതൽ കൊടുത്ത് റോമാ പൗരത്വം സമ്പാദിപ്പാൻ കഴിയും. പൗലോസിനെ ചമ്മട്ടികൊണ്ട് അടിച്ച് ചോദ്യം ചെയ്യുവാൻ വന്ന സഹസ്രാധിപൻ ഇപ്രകാരം ഏറിയ മുതൽ കൊടുത്താണ് റോമാ പൗരത്വം നേടിയത് (പ്രവൃ. 22:28).

സ്വർഗ്ഗീയ പൗരത്വവും ഏറിയ മുതൽ കൊടുത്തു എങ്കിൽ മാത്രമേ ലഭിക്കുകയുള്ളു. സങ്കീ 49:7-9 വായിക്കുമ്പോൾ "സഹോദരൻ ശവക്കുഴി കാണാതെ എന്നെന്നേക്കും ജീവിച്ചിരിക്കേണ്ടതിന് അവനെ വീണ്ടെടുപ്പാനോ ദൈവത്തിന് വീണ്ടെടുപ്പ് വില കൊടുപ്പാനോ ആർക്കും കഴിയുകയില്ല. അവരുടെ പ്രാണന്റെ വീണ്ടെടുപ്പ് വിലയേറിയത് അത് ഒരുനാളും സാധിക്കയില്ല" (മത്താ. 16:26). "ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊള്ളുവാൻ മനുഷ്യൻ എന്ത് മറുവില കൊടുക്കും"? ഒരു മനുഷ്യന്റെ ആത്മാവിന്റെ വില സർവ്വലോകത്തേക്കാളും വിലയേറിയത് ആയതിനാൽ, നമുക്ക് വില ദൈവത്തിന് നല്കുവാൻ കഴിയാത്തതിനാൽ ദൈവപുത്രനായ യേശുക്രിസ്തു തന്റെ വിലയേറിയ രക്തം നമുക്ക് വേണ്ടി ചൊരിഞ്ഞ് നമ്മെ വിലക്ക് വാങ്ങിയതിനാൽ നമ്മുടെ പൗരത്വത്തിന്റെ പിന്നിലും വലിയ മുതൽ മുടക്കുണ്ടന്നുള്ള കാര്യം നാം

ഗ്രഹിച്ചിരിക്കണം (1 കൊരി 6:19).

റോമാ പൗരത്വം രാജാവിന് ആരോടെങ്കിലും പ്രസാദം തോന്നിയാൽ അവർക്കും ലഭിച്ചിരുന്നു. അതുപോലെ തന്നെ സ്വർഗ്ഗീയ പൗരത്വവും കർത്താവിന്റെ കൃപയാൽ നമുക്കും ലഭിക്കുന്നു (റോമർ 3:24). ഭൂമിയിൽ വെച്ചു തന്നെ സ്വർഗ്ഗീയ പൗരത്വം ലഭിച്ചവർ സ്വർഗ്ഗത്തിൽ ചെന്ന് ചേരുമ്പോൾ ഉള്ള സന്തോഷം വർണ്ണനാതീതമാണ്.

6) കൈപ്പണിയല്ലാത്ത കെട്ടിടം (2 കൊരി 5:1-4).

ഇവിടെ വിശുദ്ധ പൗലോസ് പ്രതിപാദിച്ചിരിക്കുന്നത് നമുക്ക് ലഭിക്കുവാൻ പോകുന്ന തേജസ്സിന്റെ ശരീരത്തെക്കുറിച്ചാണ്. മാംസരക്തങ്ങൾക്ക് ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴിയുകയില്ല (1 കൊരി 15:50). യേശുക്രിസ്തുവിന്റെ മടങ്ങി വരവിൽ കാഹളം ധ്വനിക്കുമ്പോൾ ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കയും പിന്നെ ജീവനോടെ ശേഷിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെടുകയും ചെയ്യും (1 തെസ്സ 4:16,17). തദവസരം നമുക്ക് തേജസിന്റെ ഒരു ശരീരം ലഭിക്കും. "മർത്യമായത് അമർത്യത്തെയും, ദ്രവത്വമുള്ളത് അദ്രവത്വത്തേയും ധരിക്കും" (1 കൊരി 15:53). "യേശുക്രിസ്തു പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ട് അവനോട് സദൃശ്യന്മാർ ആകും" (1 യോഹ 3:2). "എല്ലാവരും യുവത്വ ശരീരത്തിൽ ആയിരിക്കും ഉയിർത്തെഴുന്നേല്ക്കുന്നത്. നാം തേജസ്സോടെ സ്വർഗ്ഗീയന്റെ പ്രതിമ ധരിക്കും" (സങ്കീ 110:3).

7) എന്റെ വാസസ്ഥലങ്ങൾ

യേശു പറഞ്ഞു "എന്റെ പിതാവിന്റെ ഭവനത്തിൽ അനേക വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നേയും വന്ന് എന്നെ നിങ്ങളുടെ അടുക്കൽ ചേർത്ത് കൊള്ളും" (യോഹ 14:2,3).

"വിശ്വാസത്താൽ അബ്രഹാം വാഗ്ദത്ത ദേശത്ത് ഒരു അന്യദേശത്ത് എന്ന പോലെ ചെന്ന് വാഗ്ദത്വത്തിന് കൂട്ടവകാശികളായ യിസ്ഹാക്കിനോടും, യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനമുള്ളതുമായ നഗരത്തിനായി കാത്തിരുന്നു" (എബ്രാ 11:9,10). ഈ നഗരം സ്വച്ഛസ്ഫടികത്തിനൊത്ത തങ്കവും (വെളി 21:18) അതിന്റെ മതിൽ സൂര്യകാന്തവും അതിന്റെ അടിസ്ഥാനങ്ങൾ പന്ത്രണ്ട് തരം വജ്രകല്ലുകൾകൊണ്ട് നിർമ്മിച്ചതും പന്ത്രണ്ട് ഗോപുരങ്ങൾ പന്ത്രണ്ട് മുത്തുകൾ കൊണ്ട് ഉണ്ടാക്കീട്ടുള്ളതും ആണ് (വെളി 21:18-23). ഇന്ന് ലോകത്തിൽ കാണുന്ന വൻ സൗധങ്ങൾ നാം നോക്കിയാൽ പാരീ

സിലെ ഈഫൽ ഗോപുരത്തിന് 986 അടി ഉയരവും, ന്യൂയോർക്കിലെ എമ്പയർ സ്റ്റേറ്റ് ബിൽഡിംഗിന് 1250 അടി ഉയരവും, ചിക്കാഗോ യിലെ സീയേഴ്സ് ടവറിന് 1454 അടി ഉയരവും, മലേഷ്യയിലെ പെട്രോണസ് ടവറിന് 1476 അടി ഉയരവും, ദുബായിലെ ബുർജ് ഖലീഫായിക്ക് 160 നിലകളും 2717 അടി ഉയരവും ആണ് ഉള്ളത്.

എന്നാൽ കർത്താവ് നമുക്കായി ഒരുക്കുന്ന വാസസ്ഥലത്തെ ക്കുറിച്ച് വെളിപ്പാടിൽ യോഹന്നാൻ വിവരിക്കുമ്പോൾ ഈ നഗരം സമചതുരമാണെന്നും അതിന്റെ അളവ് 1200 (ആയിരത്തി ഇരുനൂറ്) നാഴിക ആണെന്നും കാണുന്നു. വെളി 21:16, ആയിരത്തിയിരുന്നൂറ് നാഴിക എന്നുള്ളത് ഗ്രീക്കിൽ (മൂലഭാഷയിൽ) പന്തീരായിരം (12000) സ്റ്റേഡിയൻ (STADION) എന്നാണ്. ഇംഗ്ലീഷിൽ 12000 ഫർലോഗ് എന്നും കാണുന്നു. ഇതനുസരിച്ച് 1500 മൈൽ സമചതുരമുള്ള ഒരു പട്ടണം ആയിരിക്കും.

ഇന്ത്യയുടെ തെക്കുവടക്ക് നീളം ഏകദേശം 2000 മൈലാണ്. അങ്ങനെയെങ്കിൽ ഇന്ത്യയുടെ മുക്കാൽ ഭാഗം നീളത്തിലും, അത്രയും തന്നെ വീതിയിലും, ഉയരത്തിലും ഉള്ള ഒരു വൻ നഗരം സൂര്യനെപ്പോലെ സ്വയം പ്രകാശിച്ചുകൊണ്ട് നില്ക്കുന്നത് എത്രയോ അത്ഭുതമാണ്.

8) എനിക്കുള്ള പ്രതിഫലങ്ങൾ

നമുക്ക് സ്വർഗ്ഗ സ്ഥലങ്ങളിൽ നമ്മുടെ പ്രവർത്തനങ്ങൾക്ക് അനുസരിച്ചുള്ള പ്രതിഫലങ്ങൾ ലഭിക്കും എന്ന് തിരുവെഴുത്ത് വെളി പ്പെടുത്തുന്നു (മത്താ 5:12, വെളി 22:11,12, കൊലോ 3:23,24, യെശ 49:4).

വീണ്ടും ജനനത്താൽ രാജകീയ പുരോഹിതരായിത്തീർന്നവർക്ക് **പൊൻകിരീടം** (വെളി 4:4).

ഓട്ടക്കളത്തിൽ ഓടി ജയിക്കുന്നവർക്ക് **വാടാത്ത കിരീടം** (1 കൊരി 9:23–27).

ആത്മാക്കളെ നേടുന്നവർക്ക് **പ്രശംസാ കിരീടം** (1 തെസ്സ 2:19,20, ഫിലി 4:1).

അവസാനത്തോളം വിശ്വാസം കാത്തവർക്കും ജയാളിയായി ത്തീർന്ന യോദ്ധാവിനും **നീതിയുടെ കിരീടം** (2 തിമോ 4:6–8).

പരീക്ഷ സഹിച്ചവർക്കും കഷ്ടം സഹിച്ചവർക്കും, രക്തസാക്ഷി കൾ ആയവർക്കും **ജീവകിരീടം** (വെളി 2:10, യാക്കോ 1:12).

അദ്ധ്യക്ഷന്മാർക്ക് തേജസ്സിന്റെ **വാടാത്ത കിരീടം** (1 പത്രോ 5:4) കൂടാതെ വെളിപ്പാട് രണ്ടും, മൂന്നും അദ്ധ്യായങ്ങളിൽ ജയിക്കു ന്നവർക്ക് നല്കുന്ന അവകാശങ്ങളും അനുഗ്രഹങ്ങളും വ്യക്തമാ ക്കുന്നു.

9) നിലനില്ക്കുന്ന ഉത്തമ സമ്പത്ത്

ഭൂമിയിൽ നാം നേടുന്ന സമ്പത്തെല്ലാം പുഴുവും, തുരുമ്പും ഉള്ളതും, കള്ളന്മാർ തുരന്ന് മോഷ്ടിക്കുന്നതുമാണ് (മത്താ 6:19,20). എന്നാൽ പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്ന് മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചു കൊള്ളുവാൻ കർത്താവ് തന്നെ പറഞ്ഞു.

ആദിമ യഹൂദാ ക്രിസ്ത്യാനികൾ വിശ്വാസത്തിലേക്ക് വന്നതിനാൽ അവർക്ക് ധാരാളം സമ്പത്ത് നഷ്ടമായിത്തീരുവാൻ ഇടയായി. എന്നാൽ സ്വർഗ്ഗത്തിൽ നിലനില്ക്കുന്ന ഉത്തമ സമ്പത്ത് ഉണ്ട് എന്ന അറിവിൽ അവർ സമ്പത്തുക്കളുടെ അപഹാരം സന്തോഷത്തോടെ സഹിച്ചു (എബ്രാ 10:34).

10) പഴയനിയമ വിശുദ്ധന്മാർ

സ്വർഗ്ഗ സ്ഥലങ്ങളിൽ നമുക്ക് പഴയനിയമ (യാഗം കഴിച്ച് ദൈവത്തോട് നിയമം ചെയ്തവർ) വിശുദ്ധന്മാരുടെ ഒരു വലിയ നിര കാണുവാൻ കഴിയും. ആദിമ മാതാപിതാക്കളായ ആദാമിനേയും, ഹവ്വയേയും, ആദ്യ രക്തസാക്ഷിയായ ഹാബേൽ, ദൈവത്തോടു കൂടെ മുന്നൂറ് സംവത്സരം നടന്ന ഹാനോക്ക്, ജലപ്രളയത്തിൽ പെട്ടകത്തിൽ കൂടെ രക്ഷപെട്ട നോഹ, വിശ്വാസികളുടെ പിതാവായ അബ്രഹാമിനേയും, യിസ്ഹാക്ക്, യാക്കോബ്, യോസഫ്, കഷ്ടതയിൽ കൂടെ കടന്ന് പോയ ഇയ്യോബ്, പഴയനിയമത്തിന്റെ മദ്ധ്യസ്ഥനായ മോശ, ആദ്യ മഹാപുരോഹിതനായ അഹരോൻ എന്നിവരേയും യോശുവ, കാലേബ്, യിസ്രയേലിന്റെ മധുര ഗായകനായ ദാവീദ്, തന്റെ ജനത്തിന് വേണ്ടി വാദിച്ച മൊർദ്ദെഖായി, ദാനിയേൽ, നെഹെമ്യാവ്, സെരുബ്ബാബേൽ എന്നിവരേയും പ്രവാചകന്മാരായ ഏലിയാവ്, എലീശ, യെശയ്യാവ്, യിരമ്യാവ്, മത്സ്യത്തിന്റെ വയറ്റിൽ മൂന്ന് ദിവസം കഴിച്ചു കൂട്ടിയ യോന ആദിയായവരേയും യേശുവിനെ സ്നാനപ്പെടുത്തിയ യോഹന്നാൻ സ്നാപകനെയും കൂടാതെ സാറാ, രൂത്ത്, എസ്ഥേർ ആദിയായ വിശുദ്ധ മാതാക്കളുടേയും ഒരു വലിയ നിര നമുക്ക് അവിടെ ദർശിക്കുവാൻ കഴിയും.

ഉയിർത്തെഴുന്നേറ്റ തേജസ്സിന്റെ ശരീരത്തിൽ നമുക്ക് ആരും തന്നെ ഇവരെ പരിചയപ്പെടുത്തി തരേണ്ട ആവശ്യം ഇല്ല. സ്വയമായി തന്നെ മനസ്സിലാക്കുവാൻ കഴിയും. മറുരൂപമലയിൽ വന്ന മോശയെയും ഏലിയാവിനെയും, പത്രോസും, യോഹന്നാനും, യാക്കോബും തിരിച്ചറിഞ്ഞതായി നാം കാണുന്നു. കാരണം കർത്താവ് അവർക്കത് വെളിപ്പെടുത്തിയത് കൊണ്ടാണ്. തന്നെയുമല്ല ആത്മാക്കൾക്ക് ആത്മാക്കളെ തിരിച്ചറിയുവാനുള്ള കഴിവ് ഉണ്ടായിരിക്കും. മോശയുടെ കാലത്ത് യാതനാ സ്ഥലത്ത് കിടന്ന ധനവാന്റെ ആത്മാവ്, അബ്രഹാമിന്റെ ആത്മാവിനേയും, ലാസറിന്റെ ആത്മാവിനേയും തിരിച്ചറിഞ്ഞതായി നാം കാണുന്നു (ലൂക്കോ 16:19-31).

പഴയനിയമ വിശുദ്ധന്മാരുടെ ഒരു വലിയ നിരയെ നാം നേരിൽ കാണുമ്പോൾ ഉള്ള സന്തോഷം എത്ര വലുതായിരിക്കും.

11) പുതിയനിയമ അപ്പോസ്തലന്മാരും, കർതൃശുശ്രൂഷകന്മാരും, വിശുദ്ധന്മാരും.

പന്ത്രണ്ട് സിംഹാസനത്തിൽ ഇരിക്കുന്ന പന്ത്രണ്ട് അപ്പോസ്തലന്മാർ, വിശിഷ്യ പതിനാല് ലേഖനങ്ങൾ എഴുതി ദൈവസഭയെ സംപുഷ്ടമാക്കിയ വിശുദ്ധ പൗലോസ് രക്തസാക്ഷിയായി മരിച്ച സ്തേഫാനോസ്, കേരളത്തിൽ വന്ന തോമസ് അപ്പോസത്ലൻ, യേശുവിന്റെ മാതാപിതാക്കൾ, മഗ്ദലക്കാരത്തി മറിയ, നവീകരണത്തിന്റെ കൊടുംകാറ്റായി മാറിയ മാർട്ടിൻ ലൂഥർ, ജോൺ വിക്ലിഫ്, ജോൺ ഹസ്റ്റ്, സി.എച്ച് സ്പർജൻ, ഡി.എൽ മൂഡി ആദിയായ വിശുദ്ധന്മാരേയും, കർത്താവിന് വേണ്ടി കഷ്ടം സഹിച്ച് രക്തസാക്ഷികളായ അനേകായിരം വിശുദ്ധന്മാരേയും നാം കാണും.

12) ക്രിസ്തുവിൽ മരിച്ച നമ്മുടെ മാതാപിതാക്കൾ, സഹോദരി സഹോദരന്മാർ, ബന്ധുമിത്രാതികൾ, ആത്മസ്നേഹിതർ എന്നിവരെ കാണും. നാം അവരെ കാണുമെങ്കിലും രൂപാന്തര ശരീരത്തിന് രക്തം ഇല്ലാത്തതുകൊണ്ട് ഭൂമിയിൽ വെച്ചുള്ള ശാരീരിക ബന്ധം ഉള്ളതു പോലെ അവിടെ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ നമുക്ക് എല്ലാവരേയും തിരിച്ചറിയുവാൻ കഴിയും.

13) ദൈവദൂതന്മാരുടെ വിവിധ വിഭാഗങ്ങളെ നമുക്ക് ദർശിക്കുവാൻ കഴിയും.

a) സന്ദേശവാഹകരുടെ പ്രധാനിയായ ഗബ്രിയേലിനേയും തന്നോടുകൂടെയുള്ള വലിയ ഒരു നിരയേയും കാണാം (ദാനി 9:21, ലൂക്കോ 1:9,26-28).

b) യുദ്ധവും ശിക്ഷയും നടത്തുന്ന ദൂതന്മാരുടെ പ്രധാനിയായ മിഖായേലിനേയും തന്റെ ടീമിൽ പ്രവർത്തിക്കുന്ന വലിയോരു കൂട്ടം ദൂതന്മാരേയും നമുക്ക് ദർശിക്കാം (യൂദാ.9, തെസ്സ.4:16, വെളി.12:7, ദാനി.10:13).

c) സ്വർഗ്ഗസിംഹാസനത്തെ സന്തോഷിപ്പിക്കുന്ന ആറാറ് ചിറകുള്ള ആരാധനാ ദൂതന്മാരായ സാറാഫുകൾ (യെശ 6:1-3).

d) കാവൽ ദൂതന്മാരായ വലിയൊരു കൂട്ടം കെരൂബുകൾ (ഉല്പ. 3:24).

ആർക്കും എണ്ണിത്തീർക്കുവാൻ കഴിയാത്ത സേവകാത്മാക്കളായ അസംഖ്യം ദൂതന്മാർ (വെളി.5:11, മത്താ 26:56, എബ്രാ 12:22, ദാനി 7:10).

14) തേജസ്സേറിയ ഇരിപ്പിടങ്ങൾ

കർത്താവ് പറഞ്ഞു ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേ

ണ്ടതിന് (യോഹ 14:3). ഇവിടെ ഏതെങ്കിലും പദവി ഉള്ളവർക്കേ നല്ല ഇരിപ്പിടങ്ങൾ ലഭിക്കുകയുള്ളു. എന്നാൽ അവിടെ പദവി നോക്കിയല്ല പിന്നെയോ പ്രവർത്തനം നോക്കിയായിരിക്കും. ഉദാഹരണം പറഞ്ഞാൽ ചില ഇരിപ്പിടങ്ങളിൽ കാണാം വിശ്വസ്തന്മാർക്ക്, നന്നായ് അദ്ധ്യക്ഷത ചെയ്തവർക്ക്, ജയാളികൾക്ക്, ഓട്ടം ഓടി തികച്ചവർക്ക്, വിശ്വാസം കാത്തവർക്ക് എന്നീ നിലകളിൽ ആയിരിക്കും.

15) മനോഹരമായ തോട്ടം സ്വർഗ്ഗത്തിൽ ഉണ്ട്. ദൈവം ഭൂമിയിൽ ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി അതിൽ കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ വൃക്ഷങ്ങൾ മുളപ്പിക്കുകയും ആദാമിനേയും ഹവ്വയേയും അവിടെ ആക്കി എന്നും കാണുന്നു (ഉല്പ 2:8-9).

വെളിപ്പാട് 2:7 ൽ "ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും" എന്ന് കാണുന്നതിനാൽ ഒരു മനുഷ്യനും ഇതുവരെ കണ്ടിട്ടില്ലാത്തതായ ഏറ്റവും മനോഹരവും കാണ്മാൻ ഭംഗിയുള്ളതുമായ ജീവവൃക്ഷം ഉൾപ്പെടെ വിവിധ ഫലങ്ങളോടുകൂടിയ വൃക്ഷങ്ങളും അവിടെ ഉണ്ടെന്നുള്ളത് നിശ്ചയമായ കാര്യമാണ്. ഇന്ന് ഭൂമിയിൽ വിടർന്ന് നില്ക്കുന്ന എണ്ണിത്തികക്കുവാൻ കഴിയാത്ത വിവിധ വർണ്ണങ്ങളോടുകൂടിയതും നല്ല സുഗന്ധം പുറപ്പെടുവിക്കുന്നതുമായ വൃക്ഷങ്ങൾ ദൈവീകസൃഷ്ടി ആകയാൽ സ്വർഗ്ഗം ഒരിക്കലും മരുഭൂമി ആയിരിക്കയില്ല. പിന്നെയോ കണ്ണിന് ആനന്ദം നല്കുന്ന ഫലഭൂയിഷ്ഠമായ നല്ല തോട്ടം തന്നെയായിരിക്കും.

16) ദൈവീക സിംഹാസനത്തിന്റെ മുമ്പിൽ കാണുന്ന പളുങ്കിനൊത്ത കണ്ണാടിക്കടൽ (വെളി 4:6).

ഇപ്പോൾ സ്വർഗ്ഗീയ സീയോനെക്കുറിച്ച് തിരുവചനത്തിൽ കൂടെ ലഭിച്ച ചെറിയ അറിവ് മാത്രമേ ഉള്ളൂ. "ഇപ്പോൾ ഞാൻ അംശമായി അറിയുന്നു. അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നെ അറിയും" (1 കൊരി 13:12).

നമ്മുടെ എല്ലാവരുടേയും ആഗ്രഹം സ്വർഗ്ഗ സീയോനിൽ ചെന്നുചേരണം എന്നു തന്നെയാണ്. ആകയാൽ ഭൂമിയിൽ വച്ച് തന്നെ ഒരു വിശുദ്ധൻ കയറി ഇറങ്ങേണ്ട മലകളും, താഴ്വരകളും ദൈവത്തിൽ ആശ്രയിച്ച് വിശ്വസത്താൽ നമുക്കും കയറുകയും ഇറങ്ങുകയും ചെയ്യാം. "ബലം നിന്നിൽ ഉള്ള മനുഷ്യൻ ഭാഗ്യവാൻ. ഇങ്ങനെയുള്ളവരുടെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉണ്ട്. കണ്ണുനീർ താഴ്വരയിൽ കൂടി കടക്കുമ്പോൾ അവർ അതിനെ ജലാശയമാക്കിത്തീർക്കുന്നു. മുന്മഴയാൽ അത് അനുഗ്രഹപൂർണ്ണമായിത്തീരുന്നു. അവർ മേല്ക്കുമേൽ ബലം പ്രാപിക്കുന്നു. എല്ലാവരും സീയോനിൽ ദൈവസന്നിധിയിൽ ചെന്നെത്തുന്നു" (സങ്കീ 84:5-7). ആമേൻ

# ഉപസംഹാരം

സീയോൻ സഞ്ചാരി കയറി ഇറങ്ങേണ്ട മലകളും താഴ്‌വരകളും എന്ന ഈ ഗ്രന്ഥം വായിച്ചത് താങ്കൾക്ക് അനുഗ്രഹകാരണമായി തീർന്നു എന്ന് കരുതുന്നു.

എന്റെ സ്വദേശം ആലപ്പുഴ ജില്ലയിൽ വീയപുരം എന്ന സ്ഥലത്താണ്. എന്റെ മാതാപിതാക്കൾക്ക് മൂന്ന് ആൺമക്കൾ ഉള്ളത്തിൽ ഇളയവനായ എന്നെ ദൈവം തന്റെ ശുശ്രൂഷയ്ക്കായി വിളിച്ചു എന്ന പൂർണ്ണ ബോധ്യം വന്നപ്പോൾ 1973 –74 കാലഘട്ടങ്ങളിൽ കുമ്പ നാട് ഹെബ്രോൻ ബൈബിൾ കോളേജിൽ ദൈവവ ചനം പഠിക്കുവാൻ ദൈവം അവസരം നൽകി. തുടർന്ന് കേരളത്തിലും, ബോംബേയിലും, ഷാർജ്ജയിലും, അമേ രിക്കൻ ഐക്യനാടുകളിൽ പല സ്റ്റേറ്റിലും, കർത്താ വിന്റെ മഹത്വമുള്ള ശുശ്രൂഷ ചെയ്യുവാൻ ദൈവം കൃപ ചെയ്തു. ഇപ്പോൾ ഡാളസ്സിൽ പാർത്തുകൊണ്ട് ദൈവം തന്ന കൃപയ്ക്ക് അനുസരിച്ച് കത്തൃവേലയിൽ ആയി രിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരേയും ധാരാളം അനുഗ്രഹിക്കുമാറാകട്ടെ.

എന്ന് ക്രിസ്തുവിൽ സഹോദരൻ

***വീയപുരം ജോർജ്ജുകുട്ടി***

*ഈ പുസ്തകം ആവശ്യപ്പെടേണ്ട വിലാസങ്ങൾ :*


**Hallelujah**
Post Box No. 1, Tiruvalla - 689 101
Phone: 0469 3290355

**Shobin Thomas**
Thekkekonil House, Veeyapuram P.O
Haripad, Alappuzha, Kerala - 690514

**Rev. Daniel Samuel**
4726 Forrest Springs Cove , Garland, Tx.75043, USA
Tel - 972 303 2181